

# കേരള ക്രിസ്തീയ ചിന്തകർ - 1

ഡോ. മത്തായി കടവിൽ ഒ.ഐ.സി.
(എഡിറ്റർ)

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# കേരള ക്രിസ്തീയ ചിന്തകർ

ഫാ. മത്തായി കടവിൽ ഒ.ഐ.സി

(എഡിറ്റർ)

2019

malankaralibrary.com

കേരള ക്രിസ്തീയ ചിന്തകർ
(Kerala Christeeya Chinthakar)
Ed. Mathai Kadavil OIC (editor)

© KTA

First Impression: 2019

Price Rs 150/-

KTA Publication-3
Pastoral Orientation Centre (POC)
Civil Line Rd, Palarivattom, Ernakulam
Kerala 682025

Printed @ Bethany Press, Kottayam
Ph: 0481 - 2571355
e-mail: bethanyktm@gmail.com



malankaralibrary.com

# ഉള്ളടക്കം

അവതാരിക

ഡോ.വിൻസെന്റ് കുണ്ടുകുളം v

ആമുഖം

ഡോ.മത്തായി കടവിൽ ഒ.ഐ.സി ix

സാമുവൽ രായനും ജനപക്ഷദൈവശാസ്ത്രവും

ഡോ. നിക്കോളാസ് ടി. 1

മണലേൽ ജോസഫ് കോൺസ്റ്റന്റ്റയിൻ സി.എം.ഐ.

ഇന്ത്യൻ ദൈവവിജ്ഞാനിയത്തിനൊരു മാർഗരേഖ

ഡോ. പോളച്ചൻ കോച്ചപ്പിള്ളി സി.എം.ഐ 10

മാത്യു വെള്ളാനിക്കൽ

ദൈവശാസ്ത്ര മല്പാൻ

സി. ഷിനി തെരേസ് മുതുപ്ലാക്കൽ എ. ഒ. 22

ജോസഫ് പാത്രപാങ്കൽ സി.എം.ഐ.

കർമ്മയോഗിയായ സന്യാസവര്യൻ

ഡോ. നവ്യ മരിയ സി. എം. സി 35

ജോൺ ബർക്കുമൻസ് ഒ.ഐ.സി.

ദൈവശാസ്ത്രം കർമ്മപഥത്തിൽ

ഡോ.ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. 47



malankaralibrary.com

കേരള ക്രിസ്തീയ ചിന്തകർ

ഗീവർഗീസ് ചേടിയത്ത് മല്പാൻ
പൈതൃകത്തിന്റെ പതാകവാഹകൻ
ഫാ. ജോസഫ് വള്ളിയാട്ട് 60

ഫാ. സിപ്രിയൻ ഇല്ലിക്കമുറി
ദൈവശാസ്ത്രത്തിന്റെ സൗമ്യവിപ്ലവം
ഡോ. ജിജോ കുര്യൻ കപ്പുച്ചിൻ 67

ജോർജ് തേറുകാട്ടിൽ എം.സി.ബി.എസ്
കരുണാർദ്ര സ്നേഹത്തിന്റെ ധാർമികത
ഡോ. ജേക്കബ് നാലുപറയിൽ എം.സി.ബി.എസ് 72

ജസ്റ്റിൻ പനക്കൽ ഒ.സി.ഡി
മിസ്റ്റിക്കും സംഗീതജ്ഞനുമായ ദൈവശാസ്ത്രജ്ഞൻ
ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ 81

വേദവിജ്ഞാനവും ഞാനും
പ്രൊഫ. ഡോ. സ്കറിയാ സക്കറിയ 91

ജേക്കബ് തെക്കേപ്പറമ്പിൽ മല്പാൻ
സുറിയാനി സംസ്കൃതിയുടെ കാവൽഭടൻ
ഡോ. ആർദ്ര എസ്.ഐ.സി. 101

സിറിയക് ഏലിയാസ് കണിച്ചായ് സി.എം.ഐ.
ദാർശനികനും സന്യാസിയുമായ ദൈവശാസ്ത്രജ്ഞൻ
ഡോ. ജോൺ നീലങ്കാവിൽ സി.എം.ഐ 107

malankaralibrary.com

# അവതാരിക

മലയാളത്തിൽ ഏറെ വേരോട്ടം കിട്ടിയ പദമല്ല് ദൈവശാസ്ത്രം. അതിന് നിരവധി കാരണങ്ങളുണ്ടാകാം. ആംഗലേയ ഭാഷയിലെ 'തിയോളജി' എന്ന വാക്കിന്റെ തർജ്ജമയായതായിരിക്കാം അതിലൊന്ന്. സർവ്വത്തിന്റെയും സൃഷ്ടാവും നിയന്താവുമായ പരമസത്യത്തെ സൂചിപ്പിക്കാൻ ദൈവം എന്നതിനേക്കാൾ ഈശ്വരൻ എന്ന വാക്കാണ് മലയാളികളുടെയിടയിൽ പ്രചാരത്തിലുള്ളത്. മനുഷ്യനെങ്ങിനെ ദൈവത്തെക്കുറിച്ച് അറിയാനാകും എന്ന സംശയവും ഈ വാക്കിനോട് പ്രതിപത്തിയില്ലാതാക്കാൻ കാരണമായിട്ടുണ്ടാകാം. എന്നാൽ ഈ സെമിറ്റിക് പദത്തിന്റെ പശ്ചാത്തലം പഠിച്ചാൽ മധ്യ ഏഷ്യയുടെ ദൈവ-മനുഷ്യ ബന്ധത്തിലെ അതുല്ല്യമായ വീക്ഷണത്തെ ആ പദം ഉൾക്കൊള്ളുന്നു എന്ന് മനസ്സിലാകും.

പൊതുവെ സെമിറ്റിക് മതങ്ങളായ യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം, എന്നിവ വെളിപാടുകൾക്കു കൂടുതൽ ഊന്നൽ നല്കുന്നവയാണ്. മനുഷ്യൻ ധ്യാനത്തിലൂടെയും മനനത്തിലൂടെയും രൂപീകരിച്ചെടുത്തവ എന്നതിനേക്കാൾ ചില വ്യക്തികളിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യങ്ങളുടെ സമാഹാരമാണ് വേദഗ്രന്ഥങ്ങളെന്ന് കരുതുന്നവരാണ് ഈ മതങ്ങളിലെ വിശ്വാസികൾ. ദൈവം അരുൾചെയ്തതും പ്രവർത്തിച്ചതുമായ കാര്യങ്ങളെന്ന നിലയ്ക്ക് ദൈവത്തിന്റേതായ അഥവാ ദൈവത്തെക്കുറിച്ച് ജ്ഞാനം നൽകുന്ന വിജ്ഞാനശാഖയെ ദൈവശാസ്ത്രമെന്ന് ക്രിസ്ത്യാനികൾ വിശേഷിപ്പിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ, ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രം മനുഷ്യനുമായോ ലോകവുമായോ ബന്ധമില്ലാത്തതല്ല. ദൈവസ്നേഹത്തിന്റെ ബഹിർഗമനമാണല്ലോ ഈ പ്രപഞ്ചം മുഴുവൻ. ദൈവത്തെപ്പറ്റിയുള്ള



malankaralibrary.com

വെളിപ്പെടുത്തലുകൾ ഈ ഭൂമുഖത്തെക്കുറിച്ചുള്ള അരുളപ്പാടുകൾ കൂടിയാണ്. ഈ ലോകത്തെ സൃഷ്ടിക്കാനും നിലനിർത്താനും അതിന്റെ മകുടമായ മനുഷ്യന് ഐശ്വര്യം ഉണ്ടാകാനും അനാദികാലം മുതലെ ലോകാവസാനം വരെ ദൈവം അനുഷ്ഠിച്ചുവരുന്ന രക്ഷാകര പ്രവർത്തനങ്ങളുടെ കഥകളാണ് വെളിപാടുകൾ. ഈ സന്ദർഭത്തിൽ ഇന്ത്യൻ ബിഷ്പ്സ് കോൺഫറൻസിന്റെ കീഴിലുള്ള ദൈവശാസ്ത്ര കമ്മീഷന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച An Introduction to Theology എന്ന പാഠ്യ ഗ്രന്ഥത്തിൽ പറയുന്ന നിർവചനം ശ്രദ്ധേയ മാണ്: 'യേശു ക്രിസ്തുവിൽ നല്കപ്പെട്ട വെളിപാടുകളുടെ പശ്ചാത്തല ത്തിലും സഭാപാരമ്പര്യങ്ങളുടെ പിൻബലത്തിലും ഊന്നി നിന്ന് വിശ്വാസികളുടെ സമൂഹം മനുഷ്യ ജീവിതത്തിന്റെ അർത്ഥമെന്തെന്നും മാറിക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെയിടയിൽ മൂല്യവത്തായി എങ്ങനെ ജീവിതം നയിക്കാമെന്നും ക്രിയാത്മകമായും വിമർശനാത്മ കമായും ക്രമാനുഗതമായും വ്യാഖ്യാനിക്കുന്നതാണ് ദൈവശാസ്ത്രം'.

ദൈവശാസ്ത്രമെന്നത് പരിണമിച്ചുകൊണ്ടിരിക്കുന്ന ചരിത്രത്തി ലുള്ള ദൈവത്തിന്റെ ഇടപെടലുകളോടുള്ള കാലാനുസൃതമായ പ്രത്യുത്തരമാണെന്ന വസ്തുത ദൈവശാസ്ത്ര വിചിന്തനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു സവിശേഷതയിലേക്കാണ് വിരൽ ചൂണ്ടുന്നത്; 'ദൈവശാസ്ത്രം എന്നും എവിടെയും സ്ഥലകാലബന്ധിതമായിരിക്കും'. കാലത്തിനും ദേശത്തിനും അനുസൃതമായി വിശ്വാസം ജീവിക്കാൻ സഹായകമാകാത്ത ദൈവശാസ്ത്രം ജീവത്തായിരിക്കുകയില്ല. മറ്റു വാക്കിൽ പറഞ്ഞാൽ ദൈവശാസ്ത്രം സ്വഭാവത്താലെ പ്രകരണബന്ധ മാണ്.

പ്രകരണബന്ധമാകാത്ത ദൈവശാസ്ത്രം എന്ന ഒന്ന് ഉണ്ടാവുക അസാധ്യമെങ്കിൽ കേരളത്തിൽ നടക്കുന്ന ക്രൈസ്തവ വിചിന്തന ങ്ങൾക്കു ഈ ദേശത്തിന്റെ മണവും സ്വാദും ഉണ്ടാകണം. മലയാളി കളുടെ പ്രതീക്ഷകളോടും നൈരാശ്യങ്ങളോടും സംവദിക്കുന്നതാകണം അത്. പാർശ്വവത്കരിക്കപ്പെട്ട വിവിധ സമൂഹങ്ങൾ വിമോചനത്തിനു വേണ്ടി നടത്തുന്ന സമരങ്ങളുടെ മാറ്റൊലികളുണ്ടാകണം അതിൽ. കാരണം ദൈവം മനുഷ്യനെ കണ്ടുമുട്ടുന്നത് കൂദാശകളിലൂടെയും ദൈവവചനത്തിലൂടെയും മാത്രമല്ല; സാമുവൽ രായൻ പറയുന്നതു പോലെ സത്യത്തിനും നീതിക്കുംവേണ്ടിയുള്ള അസംഘടിത വിഭാഗ ങ്ങളുടെ സമരങ്ങളിലൂടെയും വിവിധ മതസമൂഹങ്ങളിലെ നവോത്ഥാന



malankaralibrary.com

ശ്രമങ്ങളിലൂടെയുമാണ്. ലിംഗം, ജാതി, ഭാഷ എന്നിവയുടെ ലേബലിൽ പുറന്തള്ളപ്പെടുന്നവരിലും അഴിമതി, അക്രമം, നിരക്ഷരത തുടങ്ങിയ വിനകൾക്കു ഇരയാക്കപ്പെടുന്നവരിലും നിഴലിക്കുന്നത് ക്രിസ്തുവിന്റെ മുറിവുകൾ തന്നെയാണ്. ഈ മുറിവുകൾക്കു ലേപനമാകുന്നതാകണം ദൈവശാസ്ത്ര ചിന്തകൾ.

ഇങ്ങനെ സമകാലിക കാലഘട്ടത്തിനുവേണ്ടി ക്രിസ്തുവിന്റെ ശബ്ദമാകുക എന്ന സദുദ്ദേശ്യമാണ് കേരള ദൈവശാസ്ത്ര സമിതി യുടെ ജനനത്തിനുതന്നെ നിദാനമായത്. ഈ ഗ്രന്ഥത്തിന്റെ പരി പ്രേക്ഷ്യവും മറ്റൊന്നല്ല. മലയാളത്തിലെ സാമൂഹികവും രാഷ്ട്രീയവും മതപരവും സാംസ്കാരികവുമായ സവിശേഷതകളോട് കാലാനുഗത മായി പ്രതികരിക്കാനും ഭാവാത്മകമായി പ്രത്യുത്തരിക്കാനും ഇവിടത്തെ ക്രൈസ്തവർ വ്യക്തിപരമായും സംഘാതമായും നടത്തുന്ന ധൈഷണിക യത്നങ്ങളാണ് കേരള ദൈവശാസ്ത്രത്തിന് ഊടും പാവും നല്കുന്നത്. മതം, രാഷ്ട്രീയം, സാമൂഹികജീവിതം, കല, സാഹിത്യം, ഭാഷ തുടങ്ങിയ സംസ്കാരത്തിന്റെ വിവധ മണ്ഡല ങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിലും പരിണതികളിലും അനുഭവിച്ചറിഞ്ഞ ഈശ്വരന്റെ ഇംഗിതങ്ങളെ മൂല്യവത്തായി വ്യാഖ്യാ നിച്ച പന്ത്രണ്ട് ക്രിസ്തീയ ചിന്തകരെ പരിചയപ്പെടുത്തുകയാണ് ഡോ. മത്തായി കടവിൽ എഡിറ്റു ചെയ്ത 'കേരള ക്രിസ്തീയ ചിന്തകർ' എന്ന ഗ്രന്ഥം.

'കേരള ക്രിസ്തീയ ചിന്തകർ' എന്ന പുസ്തകം കേരള ദൈവ ശാസ്ത്രത്തിന്റെ നേർരേഖയാണെന്ന് അവകാശപ്പെടുന്നില്ല. ദൈവ ശാസ്ത്ര ഗവേഷണം ഈടുറ്റതാകാൻ ചിന്താപദ്ധതിയിലെ രണ്ടുഘട്ട ങ്ങളിലൂടെ കടന്നുപോകണം. ഒന്നാമത്തേത് പശ്ചാത്തല പഠനമാണ്. അതിന് സാംസ്കാരിക പരിസരത്തെക്കുറിച്ചുള്ള ആഴമായ ഗവേഷണ ങ്ങളും വിശകലനങ്ങളും നടക്കണം. സാമൂഹിക-മാനുഷിക ശാസ്ത്ര ങ്ങളുടെ പരികൽപ്പനകൾ ഉപയോഗിച്ചുകൊണ്ട് സമൂഹത്തിലു ണ്ടാകുന്ന സംഭവവികാസങ്ങളെ പരിശോധിച്ച് അവ നൽകുന്ന സൂചന കളെന്തെന്ന് കണ്ടെത്തുക ക്ലേശകരമായ ധർമ്മമാണ്. രണ്ടാമത്തേത് സുവിശേഷ മൂല്യങ്ങളെ സമകാലീന പ്രസക്തിയോടെ അവതിരിപ്പി ക്കലാണ്. വേദ ഗ്രന്ഥങ്ങളുടെ ആഴമായ പഠനങ്ങളിലൂടെ അവയുടെ നൈരന്തര്യമായ സന്ദേശത്തെ വേർതിരിച്ചെടുത്ത് ഇന്നിൽ ജീവിക്കുന്ന മനുഷ്യന് ജീവിത പ്രതിസന്ധികളെ അർത്ഥവത്തായി നേരിടാനുള്ള



malankaralibrary.com

ബോധ്യങ്ങൾ പകരുന്നതും ആയാസകരമായ ദൗത്യമാണ്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വ്യക്തിത്വങ്ങൾ ഈ രണ്ടു ധർമ്മങ്ങളും അവരുതേതായ രീതിയിൽ നിറവേറ്റിയവരാണ്. എന്നാൽ ഈ ഗ്രന്ഥത്തിന് കല്പ്പിതമായിരിക്കുന്ന പരിധിയുടെ പ്രത്യേകതകൊണ്ട് അവരുടെ സംഭാവനകളെ ദൈവശാസ്ത്രത്തിലെ വിവധ ശാഖകളുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് അവതരിപ്പിക്കാനോ വ്യാഖ്യാനിക്കാനോ ഇവിടെ തുനിഞ്ഞിട്ടില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലാനന്തര കാലഘട്ടത്തിൽ കേരളക്കരയിൽ ജീവിച്ച ഏതാനും ദൈവശാസ്ത്ര പണ്ഡിതരുടെ ജീവിതത്തിലെ നാൾവഴികൾ, പ്രവർത്തനങ്ങൾ, ചിന്താപദ്ധതികൾ എന്നിവ വിവരിക്കുന്ന ഈ ഗ്രന്ഥം കേരള ദൈവശാസ്ത്രത്തിനുള്ള ഒരാമുഖ പഠനം എന്ന നിലയിൽ സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും. ക്ലേശകരമായ ഈ കർമ്മം തികഞ്ഞ അർപ്പണ ബോധത്തോടെ നിർവഹിച്ച മത്തായി കടവിലച്ചനും ഇതിലെ ലേഖകർക്കും അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം ഈ ഗ്രന്ഥത്തിന് സാർവ്വത്രികമായ സ്വീകാര്യത ലഭിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

വിൻസെന്റ് കുണ്ടുകുളം
മംഗലപ്പുഴ സെമിനാരി, 2019.



malankaralibrary.com

# ആമുഖം

മലയാളഭാഷയുടെ ആരംഭം മുതൽ ക്രൈസ്തവവിശ്വാസത്തെ സംബന്ധിച്ച സൂചനകൾ കാണാൻ കഴിയും. ഭാഷയുടെ പ്രാഗ് രൂപ മായി കരുതപ്പെടുന്ന നാടൻ പാട്ടുകളിൽ ഇതാരംഭിക്കുന്നു. ഇതിന്റെ ഉദാഹരണങ്ങളാണ് റമ്പാൻ പാട്ട്, പാണൻപാട്ട്, മാർഗ്ഗം കളി പാട്ട്, കല്യാണ പാട്ടുകൾ, പള്ളിപാട്ടുകൾ ... തുടങ്ങിയവ. തോമാശ്ലീഹായുടെ വരവുമുതലുള്ള ക്രൈസ്തവരുടെ ചരിത്രം, വിശ്വാസം, ആചാരനുഷ്ഠാ നങ്ങൾ എന്നിവയുടെ സൂചനകൾ ഇതിൽ അടങ്ങിയിരിക്കുന്നു

സുറിയാനി സഭകളുമായുള്ള ബന്ധം കേരളസഭയുടെ ദൈവശാ സ്ത്രചിന്തകളെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. സുറിയാനി പിതാക്കന്മാർ കേരളത്തിനു പകർന്നുകൊടുത്ത ആരാധനാപാരമ്പര്യങ്ങളുടെ അനു ഷ്ഠാനത്തിലൂടെയാണ് ക്രൈസ്തവ വിശ്വാസം ഇവിടെ രൂപപ്പെട്ടത്. പിൽക്കാലത്ത് കാർസോൻ ലിപിയിൽ എഴുതപ്പെട്ട സുറിയാനി ആരാധ നാഗീതങ്ങളിലൂടെ സുറിയാനി പിതാക്കന്മാരുടെ ദൈവശാസ്ത്രചിന്ത കൾ കേരളമണ്ണിലേക്ക് കടന്നുവന്നു. പുരാതന ദേവാലയങ്ങളിൽ ഉപ യോഗിച്ചിരുന്ന ഭജനപാട്ടുകളിൽ ഇതിന്റെ നിഴലാട്ടം കാണാൻ കഴിയും.

മലയാളഭാഷയിലെ പ്രാചീനഗദ്യകൃതികളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന ഉദയംപേരൂർ സൂന്നഹദോസിന്റെ കാനോനകളുടെ പ്രമേ യവും ദൈവശാസ്ത്രമാണ്. പാശ്ചാത്യ അധിനിവേശത്തിന്റെ ഭാഗമായി നീക്കം ചെയ്യപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ കേരളസഭയുടെ പൂർവ്വി പാരമ്പര്യങ്ങളെക്കുറിച്ചുള്ള സൂചനകൾ നല്കുന്നു. തെന്ത്രോസ് സൂന്ന ഹോസിന്റെ (1545–1563) തുടർച്ചയായി നടന്ന പ്രാദേശിക സൂന്നഹ ദോസുകളുടെ ഭാഗമായി ഗോവായിലും ഉദയംപേരൂരിലും നടന്ന സൂന്ന ഹദോസുകളുടെ പ്രമേയം തെന്ത്രോസ് സൂന്നഹദോസിലെ തീരുമാന



malankaralibrary.com

ങ്ങൾ കൂടിയായിരുന്നു. യൂറോപ്പിൽ അരങ്ങേറിയ നവീകരണ ചിന്തകളുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ട തെന്ത്രോസിന്റെ ചിന്തകളും തീരുമാനങ്ങളും കേരളീയ പശ്ചാത്തലത്തിന് അനുയോജ്യമായ വിധത്തിൽ അവതരിപ്പിക്കുവാൻ സഭാനേതൃത്വത്തിന് കഴിഞ്ഞില്ല. മാത്രവുമല്ല, നവീകരണ പശ്ചാത്തലത്തിൽ സഭയുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളെ ബലപ്പെടുത്തുന്ന വിധത്തിൽ നടത്തിയ ഇടപെടലുകൾ തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുടെ മേലുള്ള ഇടപെടലുകളായി വ്യാഖ്യാനിക്കപ്പെട്ടു. കേരളസഭയുടെ പുരാതന വിശ്വാസവും ആഗോളസഭയുടെ പുത്തൻ പ്രബോധനങ്ങളും ഉൾച്ചേരുന്ന ഉദയം പേരൂർ സുന്നഹദോസിന്റെ കാനോനകൾ പുനർവായനയ്ക്ക് വിധേയമാകേണ്ടിയിരിക്കുന്നു.

അർണോസ് പാതിരി, ഹെർമ്മൻ ഗുണ്ടർട്ട് തുടങ്ങിയ മിഷനറിമാർ മലയാളഭാഷയ്ക്ക് ചെയ്തിട്ടുള്ള വലിയ സംഭാവനകൾ ഏറെ പഠനവിഷയമാക്കിയിട്ടുണ്ടെങ്കിലും അവരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ദൈവശാസ്ത്ര ദർശനങ്ങൾ വേണ്ടത്ര പഠനവിഷയമായിട്ടില്ല.

ഭാരതീയ ഭാഷകളിൽ എഴുതപ്പെട്ട യാത്രാവിവരണങ്ങളിൽ ആദ്യത്തേതായി കരുതപ്പെടുന്ന 'വർത്തമാനപുസ്തക'ത്തിലെ ദൈവശാസ്ത്രം നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വത്വബോധവും പഴയകൂർ – പുത്തൻകൂർ വിഭാഗങ്ങളുടെ യോജിപ്പും വർണ്ണിക്കുന്നതിന്റെ പിന്നിലെ സഭാവിജ്ഞാനീയവും, പോർച്ചുഗലിന്റെയും റോമ്മായിലെയും സഭയുടെ വിശ്വാസജീവിതത്തെക്കുറിച്ച് നടത്തുന്ന വർണ്ണനകളിലടങ്ങിയിരിക്കുന്ന ദൈവശാസ്ത്രചിന്തകളും ഗൗരവമായി പഠനവിഷയമായിട്ടില്ല എന്നുള്ളത് വസ്തുതയാണ്.

18–19 നൂറ്റാണ്ടുകളിലായി നടന്ന വേദപുസ്തക വിവർത്തനങ്ങൾ ദൈവശാസ്ത്ര ചിന്തകൾക്കും ചർച്ചകൾക്കും പുതിയ തുടക്കം കുറിച്ചു. വേദപുസ്തകം മലയാളത്തിൽ സംലഭ്യമായതോടെ വേദപുസ്തകത്തെ ഇതിവൃത്തമാക്കി രചിച്ച മഹാകാവ്യങ്ങളും ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ തുടങ്ങി മാണി കത്തനാർ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്രൈസ്തവ ചിന്തകളെ മലയാള സാഹിത്യത്തിലേക്ക് സന്നിവേശിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങളും നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഇതിനു തുടർച്ചയായി ക്രൈസ്തവ സാഹിത്യകാരന്മാരുടെ സാഹിത്യരചനകൾ വില



malankaralibrary.com

യിരുത്തേണ്ടിയിരിക്കുന്നു. നാടകങ്ങൾ, നോവലുകൾ, ചെറുകഥകൾ, ആത്മകഥകൾ, യാത്രാവിവരണങ്ങൾ, സാഹിത്യവിമർശനങ്ങൾ തുടങ്ങി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ രചിക്കപ്പെട്ട ക്രൈസ്തവ കൃതികൾ ക്രൈസ്തവ ദർശനത്തെ ജനകീയമാക്കി. അക്രൈസ്തവ സഹോദരങ്ങൾ ക്രൈസ്തവ പ്രമേയത്തെ ഇതിവൃത്തമാക്കി നടത്തിയ രചനകളും ഇവിടെ പ്രസക്തമാണ്. വള്ളത്തോളിന്റെ മഗ്ദനല മറിയം പോലെയുള്ള രചനകൾ ഈ ഗണത്തിൽ പെടുന്നു. ഇത്തരം കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെ ധാരാളം ക്രൈസ്തവ ബിംബങ്ങൾ കേരളത്തിലെ പൊതുമനസ്സിൽ ഇടം കണ്ടെത്തിയിട്ടുണ്ട്.

സമീപകാലങ്ങളിലെ ക്രൈസ്തവ രചനകൾ ക്രിസ്ത്യാനികളുടെ ആത്മീയ ജീവിത രീതികളെ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന ചിന്തകൾക്കാണ് മുൻതൂക്കം നൽകുന്നത്. വേദപുസ്തക വിചിന്തനങ്ങളും, പ്രാചീനകൃതികളുടെ സംലഭ്യതയും, സമർപ്പിത സമൂഹങ്ങളുടെ ആദ്ധ്യാത്മികത, സഭാനേതൃത്വത്തിൽ പ്രവർത്തിച്ചവരെക്കുറിച്ചുള്ള ചരിത്ര ഗ്രന്ഥങ്ങൾ, സഭാ പ്രബോധനങ്ങളുടെ വിവർത്തനങ്ങൾ തുടങ്ങിയവ ഇതിനുദാഹരണമാണ്.

എന്നാൽ ക്രൈസ്തവ വിശ്വാസം ദൈവശാസ്ത്രമായി ചർച്ച ചെയ്യപ്പെടുവാൻ സഹായകമായ ഒരു സംവാദശൈലി ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യരുടെ ജീവിതപശ്ചാത്തലങ്ങളിൽ നിന്നും വിശ്വാസത്തെ സംബന്ധിച്ചുയരുന്ന ചോദ്യങ്ങളും മനുഷ്യന്റെ ദൈനംദിന സാഹചര്യങ്ങൾക്ക് ചേർന്നവിധം വിശ്വാസപ്രബോധനങ്ങൾ വിശുദീകരിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഇത്തരം സംവാദങ്ങൾ രൂപപ്പെടുന്നത്.

രണ്ടാം വത്തിക്കാൻ സൂന്നഹദോസിനെ തുടർന്നുള്ള കാലയളവിൽ അത്മായരുടെ ഇടയിൽ നടന്നിട്ടുള്ള ദൈവശാസ്ത്ര പഠനങ്ങളും ചർച്ചകളും ഒരുപരിധി വരെ ഇതിനു തുടക്കം കുറിച്ചു. ഇതിനു സഹായകമായ വിധത്തിലുള്ള ഇടപെടലുകൾ ദൈവശാസ്ത്രജ്ഞരുടെ ഭാഗത്തുനിന്നും ലളിതമായെങ്കിലും ഉണ്ടായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്രൈസ്തവ ദൈവശാസ്ത്രത്തെ കേരളത്തിന്റെ സാമുഹിക-സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലത്തിൽ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള തിയോളജിക്കൽ അസോസിയേഷന് (KTA) തുടക്കം കുറിച്ചത്. ദൈവശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ ചർച്ച



malankaralibrary.com

ചെയ്യപ്പെടുന്നതോടൊപ്പം ആനുകാലിക വിഷയങ്ങളോടുള്ള ക്രൈസ്തവ സമീപനങ്ങൾ രൂപപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്കും KTA നേതൃത്വം നല്കുന്നു. ഇതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ ദൈവ ശാസ്ത്രത്തിന്റെ വികാസപ്രക്രിയയിൽ പങ്കുചേർന്ന സമകാലീന ദൈവ ശാസ്ത്രജ്ഞരെ ആദരിക്കുവാൻ KTA തീരുമാനിച്ചത്. ഇങ്ങനെ ആദ രിക്കപ്പെട്ടവരിൽ പന്ത്രണ്ടുപേരുടെ ദൈവശാസ്ത്ര വഴികളും ചിന്തക ളുമാണ് കേരള ക്രിസ്തീയ ചിന്തകൾ-1 എന്ന പേരിൽ ഇവിടെ പ്രസി ദ്ധീകരിക്കുന്നത്.

പ്രൊഫസർ സ്കറിയാ സഖറിയ തന്റെ ദൈവശാസ്ത്ര വഴിക ളിലെ വിചിന്തനങ്ങളെ സ്വയം വിലയിരുത്തുന്നു. സാമുവൽ രായനച്ചന്റെ ദൈവശാസ്ത്ര ചിന്തകളെ അവതരിപ്പിക്കുന്നത് രായനച്ചനെ കുറിച്ചുള്ള പഠനത്തിൽ ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കര സ്ഥമാക്കിയ നിക്കോളാസച്ചനാണ്. മറ്റ് പത്തു പേരെയും അവരുടെ ചിന്തകളെയും അവതരിപ്പിക്കുന്നത് അവരുടെ തന്നെ വിദ്യാർത്ഥിക ളാണ്. വ്യക്തിപരമായ തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എഴുതപ്പെട്ട ലേഖനങ്ങൾ ദൈവശാസ്ത്ര വിശകലനമെന്നതിനേക്കാൾ അനുഭവകുറിപ്പുകൾ കൂടിയാണ്.

ഈ യജ്ഞത്തിൽ പങ്കുചേർന്ന ഓരോരുത്തരോടുമുള്ള നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു. ഈ പുസ്തകരചനയിൽ സഹായിച്ച വർ നിരവധിയാണ്. എന്നെ ഇതിന് നിയോഗിച്ച KTA executive സമിതി യോടും പ്രത്യേകിച്ച് വിൻസന്റ് കുണ്ടുകുളം (പ്രസിഡന്റ്) ജേക്കബ് നാലുപറയിൽ (സെക്രട്ടറി) സി. ആർദ്ര എസ്.ഐ.സി (വൈ.പ്രസി ഡന്റ്) എന്നിവരോടുള്ള നന്ദിയും കടപ്പാടും സ്നേഹപൂർവ്വം അറിയി ക്കുന്നു.

ഇതിന്റെ മുദ്രണത്തിൽ സഹായിച്ചവർ നിരവധിയാണ്. പുസ്ത കത്തിന്റെ ഡിസൈനിംഗിൽ പങ്കുചേർന്ന ഡീക്കൻ ലിബിൻ മാത്യു ഒ.ഐ.സി., ബ്രദർ ജോബിൻ കാമച്ചംപറമ്പിൽ, ഷാനി രൂപേഷ്, ബഥനി പ്രസിന്റെ മാനേജർ ഫാ. ജേക്കബ് വർഗീസ് ഈട്ടിത്തടത്തിൽ ഒ.ഐ.സി എന്നിവരോടുള്ള നന്ദിയും പ്രത്യേകം അറിയിക്കുന്നു

ഫാ. മത്തായി കടവിൽ ഒ.ഐ.സി
സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി



malankaralibrary.com

# സാമുവൽ രായനും ജനപക്ഷദൈവശാസ്ത്രവും

ഡോ. നിക്കോളാസ് ടി.

1960 കൾ മാറ്റങ്ങളുടെ വേലിയേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമാണ്. അന്നുവരെയുണ്ടായിരുന്ന ചിന്തകളെ തല കീഴായിമറിച്ചു മുന്നേറിയ കാലം. മാറ്റങ്ങളുടെ അനുരണനങ്ങൾ സഭാ ജീവിതത്തിലും ദൃശ്യമായി. രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി ദൈവശാസ്ത്രരംഗത്തും മാറ്റങ്ങൾ ദൃശ്യമായി തുടങ്ങി.

ഭാരതത്തിൽ ജാതി ചിന്തകളാലും നീതിയുടെ അഭാവത്താലും മതങ്ങൾ ദൈവത്തെ മാത്രം ധ്യാനിച്ചും പ്രാർത്ഥിച്ചും സുഖസുഷുപ്തിയിലാകുമ്പോൾ നോവുന്ന മനസ്സിന്റെ രോദനം കേൾക്കാതിരിക്കാൻ കഴിയില്ല. ദൈവം ഉണ്ടോ എന്നതല്ല ചോദ്യം മറിച്ച് അനീതിയുടെ ഇരകൾക്ക് ദൈവം ഉണ്ടെന്ന് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അതിന് ഉത്തരം തേടിയുള്ള യാത്രയാണ് സാമുവൽ രായന്റെ ദൈവശാസ്ത്ര യാത്ര.

ഈ യാത്രയിൽ പ്രധാനമായും മൂന്ന് അടിസ്ഥാന ശിലകൾ കാണാം. (1) നീതി (Justice), (2) യാഥാർത്ഥ്യവല്കരണം - ജീവിത സാഹചര്യങ്ങളിൽ അനുഭവിക്കുന്നത് (concretness), (3) പ്രവർത്തനം - നീതിയുടെ പ്രവൃത്തിപദം (action).

ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് രായന്റെ ദൈവശാസ്ത്ര ദർശനവും അത് രൂപപ്പെടുവാൻ അദ്ദേഹം സ്വീകരിക്കുന്ന രീതികളെയും പ്രതിപാദിക്കുന്നു. രണ്ടാം ഭാഗം രായന്റെ വീക്ഷണത്തിൽ നിന്നുരിത്തിരിയുന്ന, നമ്മൾ നടക്കേണ്ട വഴികളുടെ ദിശാബോധം കുറിക്കുന്ന ദൈവശാസ്ത്ര സംഭാവനകൾ അവതരിപ്പിക്കുന്നു.



malankaralibrary.com

# 1. സാമുവൽ രായന്റെ രീതിശാസ്ത്രം

## 1.1. ദൈവശാസ്ത്രജ്ഞൻ : സൂതികർമ്മിണി

യേശു സ്നേഹിയുടെ മനുഷ്യ സ്നേഹത്തിന്റെ ഗാഥയാണ് സാമുവൽ രായന്റെ ദൈവശാസ്ത്രം. സർവ്വകലാശാലകളിലും സെമിനാരികളിലും ആശ്രമാന്തരീക്ഷങ്ങളിലും രൂപം കൊണ്ടിരുന്ന ദൈവശാസ്ത്രത്തെ ബാർബർ ഷോപ്പിലും ചേരികളിലും ചന്തയിലും സമരങ്ങളിലും ജനമുന്നേറ്റങ്ങളിലും അടുക്കളയിലുമൊക്കെ ഇറക്കി കൊണ്ടുവരുന്ന ദൈവശാസ്ത്രമാണ് സാമുവൽ രായന്റേത്. തത്വജ്ഞാനത്തിന്റെ പിൻബലത്തോടെ മാത്രം ദൈവശാസ്ത്രമവതരിപ്പിക്കുന്ന രീതിയിൽ നിന്ന് മാറി വിശ്വാസത്തെ വിമർശനാത്മകമായും ക്രിയാത്മകമായും ജീവിത സാഹചര്യങ്ങളിൽ വിലയിരുത്തുകയും വിശ്വാസത്തിന് ഇന്നിന്റെ അർത്ഥം കണ്ടെത്തുകയുമാണ് രായന്റെ ദൈവശാസ്ത്രം. ഈ പ്രക്രിയയിൽ ഓരോ വിശ്വാസിയും വിശ്വാസ സമൂഹവും ദൈവശാസ്ത്രജ്ഞനാ(രാ)ണ്. വിശ്വാസിയുടെ വിശ്വാസവിചിന്തനം അടുക്കും ചിട്ടയുമായി പരുവപ്പെടുത്തി, ക്രമപ്പെടുത്തി അവതരിപ്പിക്കുന്നവരാണ് ഡോക്ടറേറ്റ് നേടിയവരും ഔദ്യോഗിക ദൈവശാസ്ത്രജ്ഞന്മാരും. ദൈവശാസ്ത്രത്തിന്റെ ജനനത്തിന് സൂതികർമ്മിണികളാകുന്നവരാണ് ഔദ്യോഗിക ദൈവശാസ്ത്രജ്ഞർ.

## 1. 2. രായന്റെ ദൈവശാസ്ത്ര ചേരുവകൾ

ഫ്രാൻസീസ് പാപ്പ പറയുന്നതുപോലെ സഭ ചേരിയിൽ ചേക്കേറേണ്ടതാണ്. *ചേരിയിലെ ചോരമണവും വിയർപ്പും കണ്ണുനീരും ദീർഘനിശ്വാസങ്ങളും ഒക്കെ* സാമുവൽ രായന്റെ ദൈവശാസ്ത്രത്തിന് പ്രത്യേക രൂപവും ഭാവവും നൽകുന്നു, ജീവിതഗന്ധിയാകുന്നു. ജനങ്ങൾ എവിടെയോ അവിടെ നിന്നാണ് ദൈവശാസ്ത്രം ആരംഭിക്കേണ്ടത്. ജനത്തിന്റെ കണ്ണുനീരിലൂടെയും വിയർപ്പിലൂടെയും രക്തത്തിലൂടെയുമാണ് വിശ്വാസം വിചിന്തനം ചെയ്യേണ്ടത്. ഫ്രാൻസിസ് പാപ്പയും വാട്ടർ കാസ്പറുമൊക്കെ സൂചിപ്പിക്കുന്ന കാരുണ്യത്തിൽ നിന്ന് ദൈവശാസ്ത്രം ആരംഭിക്കണം (Cardinal Walter Kasper, Mercy: *The Essence of the Gospel and the key to Christian Life,* St. Paul, Bandra, 2016).

ഭാഗികമായെങ്കിലും, ജാതിവ്യവസ്ഥയെ താരാട്ടു പാടിയിരുന്ന സഭാ സംവിധാനങ്ങളിൽ നീതി, വികസനം, സമത്വം, സാഹോദര്യം



malankaralibrary.com

എന്നിവയുടെ സംസ്ഥാപനത്തിനായി *AICUF ഉയർത്തിയ ചോദ്യങ്ങൾ*, വിമർശനങ്ങൾ അവയ്ക്ക് ഉത്തരം കണ്ടെത്താനുള്ള അന്വേഷണങ്ങൾ ഇവയൊക്കെയാണ് സാമുവൽ രായന്റെ ദൈവശാസ്ത്രത്തിന് ഊടും പാവും നൽകുക.

ദൈവരാജ്യദർശനത്തിന്റെ വഴിത്താരയിലൂടെ നടന്നു നീങ്ങിയ കുമാരനാശാൻ, ശ്രീനാരായണഗുരു, ഗാന്ധിജി, ചട്ടമ്പിസ്വാമികൾ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളൊക്കെ സാമുവൽ രായന്റെ ദൈവശാസ്ത്ര വിചിന്തനങ്ങളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

ബൈബിളും പാരമ്പര്യവും സഭാപഠനങ്ങളും മാത്രമല്ല സാമുവൽ രായന്റെ ദൈവശാസ്ത്രത്തിനാധാരം. മറിച്ച് മറ്റു മതഗ്രന്ഥങ്ങളും മതഗ്രന്ഥങ്ങളില്ലാത്ത മതങ്ങളുടെ ദർശനങ്ങളും സിനിമയും രായനെ സ്വാധീനിക്കുന്നു. നേരത്തെ തയ്യാറാക്കി വച്ചിട്ടുള്ള തത്വങ്ങളെ ജീവിത യാഥാർത്ഥ്യങ്ങളിലേയ്ക്ക് അവതരിപ്പിക്കുന്ന ശൈലിയോട് രായൻ വിയോജിക്കുന്നു. തത്വങ്ങളെല്ലാം നമ്മുടെ അർപ്പണത്തിനും സ്നേഹ പ്രവൃത്തികൾക്കുമുള്ള വഴികാട്ടിയാണ്. പുതിയ ബന്ധങ്ങളും ജീവിത രീതികളുമാണ് ദൈവശാസ്ത്ര വിചിന്തനങ്ങളുടെ ലക്ഷ്യം. വിചിന്തന രീതി ദിശാബോധമാണ്. മോചനമാണ് ദിശ. മോചനത്തിലേയ്ക്ക് നയിക്കുന്നത് പരിശുദ്ധാത്മാവാണ്. (S. Rayan, *Come Holy Spirit,* Media House, Delhi, 1998; S. Rayan, *Renew the Face of the Earth,* Media House, Delhi, 1998) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മതഗ്രന്ഥങ്ങളിലും മതേതര ഗ്രന്ഥങ്ങളിലും സാമൂഹിക മുന്നേറ്റങ്ങളിലും ഉണ്ട്. നേരത്തെ തയ്യാറാക്കപ്പെട്ട തത്വങ്ങളുടെ ബലവും ബലക്ഷയവും വിവേചിച്ചറിയണം. മതഗ്രന്ഥങ്ങൾ, തത്വങ്ങൾ പുനർവായന നടത്തുന്നത് ഇന്ന് ഇവിടെ ഇപ്പോൾ ഈ ഭൂമിയെ കൂടുതൽ മനുഷ്യത്വമുള്ളതാക്കാനും പുതിയ സാമൂഹ്യക്രമം കൊണ്ടുവരാനുമാണ് (ലൂക്കാ. 4 : 18 -21). യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ അർപ്പണം ദൈവത്തോടാണ്. തിയറിയും പ്രായോഗികതയും ചർച്ചയും പ്രാർത്ഥനയും നിശബ്ദതയും സാമൂഹിക വിശകലനവും വ്യാഖ്യാന ശാസ്ത്രവും ധ്യാനവുമെല്ലാം വിശ്വാസ അർപ്പണത്തിൽ ഒരേ സമയം സംഭവിക്കുന്നതാണ്. ജനങ്ങളുടെ വിശ്വാസത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. രായൻ ദൈവശാസ്ത്രവിചിന്തനം ചെയ്യാൻ ചൂണ്ടിക്കാണിക്കുന്നത് യേശു സ്നാപകശിഷ്യർക്ക് നൽകുന്ന മറുപടിയാണ് (മത്താ.



malankaralibrary.com

11 : 11 – 4). കണ്ട്, കേട്ട്, സ്പർശിച്ച്, അനുഭവിച്ച് മനസിലാക്കി വ്യാഖ്യാനിക്കുക (1 യോഹ. 1 : 1). ദൈവശാസ്ത്രം എന്നത് കാണപ്പെടുന്ന സംഭവത്തിന്റെ വ്യാഖ്യാനമാണ്, ദൈവീക വായനയാണ്.

മതാത്മക ദർശനങ്ങളെ മനുഷ്യരുടെ ജീവിത സാഹചര്യങ്ങളോടും ജീവിത സാഹചര്യങ്ങൾ മതാത്മകദർശനങ്ങളോടും ചോദ്യം ചോദിക്കുകയും അതിനുത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. മതദർശനങ്ങളിലെ എഴുതിത്തയ്യാറാക്കിയ ഉത്തരങ്ങൾക്കുമപ്പുറം ഇന്നിന്റെ സാഹചര്യത്തിൽ മതഗ്രന്ഥങ്ങളിൽ കാണുന്ന വചനങ്ങൾക്ക് ജീവൻ നൽകുന്ന അർത്ഥം കണ്ടെത്താനും (മത്താ. 16 : 3) ജീവനെയും ജീവിതത്തെയും സ്വാധീനിക്കുന്ന, പരിപോഷിപ്പിക്കുന്ന വേദഗ്രന്ഥങ്ങളുടെ കാലോചിതമായ അർത്ഥം തേടിയുള്ള തീർത്ഥയാത്രയാണ് സാമുവൽ രായന്റെ ദൈവശാസ്ത്രം.

മനുഷ്യജീവിതത്തെ വരിഞ്ഞു മുറുക്കുന്ന ഘടകങ്ങളെ അന്വേഷിക്കുമ്പോൾ സാമൂഹിക വിശകലനം ആവശ്യമായി വരുകയും മാർക്സിസ്റ്റ് വിശകലനത്തെ ആശ്രയിക്കുകയും ചെയ്യുന്നുവെങ്കിലും മാനുഷിക മൂല്യങ്ങൾ വളർത്തുന്നതനുസരിച്ച് മാർക്സിസ്റ്റ് വിശകലനത്തോട് ചേർന്നു നിൽക്കാമെന്നാണ് രായന്റെ പക്ഷം. എന്നാൽ മനുഷ്യനെ ബഹുമാനിക്കുകയും മാർക്സിസത്തിൽ നിന്ന് ആരോഗ്യകരമായ അകലം പാലിക്കുകയും ചെയ്യുന്ന രായൻ, മനുഷ്യന്റെ ഭൗമീക വളർച്ച മാർക്സിസ്റ്റ് തത്വമായി മാത്രം കാണാതെ സുവിശേഷം നൽകുന്ന അനുഗ്രഹമായി കാണുന്നു. മാനവീകരണം ലക്ഷ്യം വച്ചുകൊണ്ടാണ് രായൻ സമൂഹത്തെ വിശകലനം ചെയ്യുന്നത്.

ഗാന്ധിജിയും ഹൈന്ദവരും ഉൾക്കൊള്ളുന്ന കർമ്മശാസ്ത്രത്തിൽനിന്ന് വഴി മാറി നടക്കാൻ ഉള്ള ഉൾവിളി രായനിൽ കാണുന്നുണ്ട്. പ്രശ്നങ്ങൾക്ക് ധാർമ്മിക പരിഹാരമല്ല, മറിച്ച് അടിസ്ഥാനപരമായ പരിഹാരം കണ്ടെത്തണമെന്ന് രായൻ ഓർമ്മിപ്പിക്കുന്നു.

## 2. ദൈവശാസ്ത്രസംഭാവനകൾ

### 2. 1. ക്രിസ്തു: ദളിതൻ

രായന്റെ ക്രിസ്തു നിന്ദിതനായി ഭ്രഷ്ടരോടൊപ്പം ശവക്കുഴി ലഭിച്ചവനാണ്. ജനനത്തിലും മരണത്തിലും അവൻ പുറന്തള്ളപ്പെട്ടു



malankaralibrary.com

(ഹെബ്രാ.13.12). ഇന്ത്യയുടെ സാഹചര്യത്തിൽ യേശു ദളിതനും പറയനും പുലയനുമാണ്. ഇന്നിന്റെ വരേണ്യവർഗ്ഗങ്ങൾ രൂപപ്പെടുത്തുന്ന സാഹചര്യങ്ങൾ കൂടെ ചേർത്തു വായിക്കുമ്പോൾ ചിത്രം എത്രയോ വ്യക്തം. അതുകൊണ്ടുതന്നെ അടിമത്തം അനുഭവിച്ച കാലത്ത് അതിനോട് പ്രതികരിക്കാത്ത വിശുദ്ധ തോമസ് അക്വിനാസിന്റെയും നാസി തടങ്കൽ പാളയങ്ങളിൽ ലക്ഷോപലക്ഷം ഈയാംപാറ്റകളെപ്പോലെ ചിറകു കരിഞ്ഞു വീണപ്പോൾ പ്രതികരിക്കാത്ത കാൾറാണറിന്റെ ക്രിസ്തുദർശനവും രായൻ വിമർശനബുദ്ധ്യാവീക്ഷിക്കുന്നു.

**2. 2. നാനാത്വത്തിൽ ഏകത്വമാകുന്ന ഭാരത സഭാദർശനം**

രോഗി കേരളത്തിലും ഡോക്ടർ വത്തിക്കാനിലും ആയിരിക്കുന്നത് നല്ലതല്ല. ഇവിടെയുള്ള രോഗികൾക്ക് പറ്റിയ ചികിത്സാവിധി ഇവിടെയുള്ളപ്പോൾ എന്തിനും ഏതിനും എന്തിന് വത്തിക്കാനെ ആശ്രയിക്കണം? സാമ്പത്തിക ആശ്രയം ആത്മീയ ആരാധനക്രമ അടിമത്തത്തിലേയ്ക്ക് നയിക്കും. അതുകൊണ്ടു തന്നെ ഭാരതസഭ ഭാരതത്തിന്റെ കാലാവസ്ഥയിൽ വളരണം. ഇവിടെയുള്ള ചൂടും വെള്ളവും വെളിച്ചവും വളവും ഏറ്റു വളരാൻ സഭയ്ക്ക് കഴിയണം. ഭാരതത്തിന്റെ മജ്ജയിലും മാംസത്തിലും നിന്ന് ഭാരതസഭ രൂപപ്പെടണം.

റീത്തുകളുടെ വ്യാപനത്തിൽ ഏർപ്പെട്ട് ഭാരതസഭയുടെ മുഖം വികൃതമാക്കുന്ന ഇന്നത്തെ പ്രവണതകൾക്ക് വിരാമമിട്ട് എല്ലാ വ്യക്തിഗതസഭകളുടെയും ഏകലക്ഷ്യം ദൈവരാജ്യ പ്രഖ്യാപനമാകണം. അത് സഭയ്ക്കകത്തു മാത്രമല്ല പുറത്തും ആവശ്യമാണ്. സഭയെ ദൈവരാജ്യമായി തെറ്റിദ്ധരിക്കരുത്. ദൈവരാജ്യം വരാനുള്ള ഉപകരണം മാത്രമാണ് സഭ.

**2. 3. പാവങ്ങളുടെ സഭയും ദൈവശാസ്ത്രവും**

ഒന്നും ചെയ്യാതിരിക്കുന്ന സഭയെക്കാൾ എന്തെങ്കിലും നന്മ ചെയ്തു മുറിവേറ്റ സഭയാണ് എനിക്കിഷ്ടമെന്ന് ഫ്രാൻസിസ് പാപ്പ നിർദ്ദേശിക്കുന്നത് രായൻ ഏറെ മുമ്പു പറഞ്ഞു വച്ചു. പാവങ്ങളും അവരുടെ ചോദ്യങ്ങളും അവരുടെ ജനകീയ മുന്നേറ്റങ്ങളും സമരങ്ങളും ഒക്കെ രായന്റെ ദൈവശാസ്ത്രത്തിൽ ഏറെ പ്രധാനമാണ്. ഭാരതത്തിലും ലോകത്തിലും പാവങ്ങളുടെ സഭയും ദൈവശാസ്ത്രവും രൂപപ്പെടണം. പാവങ്ങൾക്കാണ് യേശു സദ്വാർത്ത (ലൂക്ക. 4:18) നൽകു



malankaralibrary.com

ന്നത്. ദൈവം നമ്മോടു കൂടെയാണ് (മത്താ 1:23): ഈ ദൈവം സ്ത്രീകളോടും വിജാതീയരോടും ദുഃഖിതരോടും അവഗണിക്കപ്പെട്ടവരോടും അവസാനത്തെ വ്യക്തിയോടും നഷ്ടപ്പെട്ടവരോടും അനാഥരോടും വിധവകളോടും പരദേശികളോടും നഗ്നരോടുമൊപ്പമാണ് (പുറപ്പാട്, ലൂക്കാ.15., മത്താ 25:37-39). പാവപ്പെട്ടവന്റെയും ഒതുക്കപ്പെട്ടവന്റെയും കൂടെ നിൽക്കുന്ന ദൈവം, പാവങ്ങളുടെ സഭയും പാവങ്ങളുടെ ദൈവശാസ്ത്രവുമായി രൂപപ്പെടാനാണ് ആഗ്രഹിക്കുന്നത്. ഭാരതസഭ ഏറ്റെടുക്കേണ്ട വെല്ലുവിളിയും ഇതു തന്നെയാണെന്ന് തോന്നുന്നു. സ്ഥാപനാത്മകമായ സഭയെ പ്രവാചക സഭയാക്കാൻ പാവങ്ങളിലേയ്ക്ക് വേരോടുന്ന സഭ രൂപപ്പെടണം.

**4. മനുഷ്യ-ദൈവ കേന്ദ്രീകൃത ദൈവശാസ്ത്രം**

മനുഷ്യന്റെ നന്മയിലും വളർച്ചയിലുമാണ് ദൈവത്തിന്റെ മഹത്വം എന്ന ഇരണേവൂസിന്റെ ചിന്തയുൾക്കൊള്ളുന്ന ദൈവശാസ്ത്രം രായൻ രൂപപ്പെടുത്തുന്നു. മനുഷ്യന്റെ സാകല്യകതയിലുള്ള ശ്രദ്ധ ഏറെ പ്രധാനമാണ് രായന്. വള്ളത്തിലും വെള്ളത്തിലും സിനഗോഗിലും ജറുസലേം ദൈവാലയത്തിലും എന്നല്ല, എവിടെയായിരുന്നാലും യേശുവിന്റെ ചിന്ത മനുഷ്യർക്ക് ദൈവരാജ്യം നല്കലാണ്. രായനിലും ഈ ചിന്ത വളരെ ശക്തമാണ്. എവിടെയൊക്കെ മനുഷ്യമഹത്വം ഹനിക്കപ്പെടുമോ അവിടെയെല്ലാം രായനെത്തും. മനുഷ്യന്റെ നന്മയ്ക്കായുള്ള സ്നേഹപ്രവൃത്തികൾ (praxis) ക്രിസ്തീയ വിശ്വാസത്തിന്റെ അടിയന്തിരാവശ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ ഗർഭപാത്രത്തിൽ നിറഞ്ഞു നിൽക്കുന്നതാണ് സ്നേഹത്തിന്റെ പ്രവൃത്തി.

**5. പ്രവൃത്ത്യുന്മുഖ മതാന്തര ദൈവശാസ്ത്രം**

മതങ്ങളുടെയും ക്രിസ്തീയ സഭകളുടെയും മതിൽക്കെട്ടുകളെ പൊളിച്ചുകൊണ്ട് എല്ലാവരെയും സ്നേഹപ്രവൃത്തിയുടെ കുടക്കീഴിൽ കൊണ്ടു വന്ന് മതാന്തര സംവാദത്തിന് ഊന്നൽ നൽകുമ്പോഴും സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിയുന്നവരെ മുഖ്യധാരയിലെത്തിക്കുന്ന സംവാദമാണ് രായൻ അവതരിപ്പിക്കുക. കാരണം എല്ലാ മനുഷ്യരിലും ദൈവഛായ ഉണ്ട് (ഉല്പ. 1 : 26). എല്ലാവരും ഏകോദര സഹോദരങ്ങളായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. വാദത്തിനും വിജയത്തിനുമപ്പുറം അറിയാനും അറിയിക്കാനുമാണ് സംവാദത്തിൽ പ്രാധാന്യം നൽകുക. അറിയലും അറിയിയ്ക്കലും വാക്കുകളിലൂടെയല്ല പ്രവൃത്തി



malankaralibrary.com

കളിലൂടെയാകണം എന്ന് രായന് ഏറെ നിർബ്ബന്ധമുണ്ട്. വിശ്വാസ സത്യങ്ങളും പ്രഘോഷണങ്ങളും സ്നേഹപ്രവൃത്തിയിലൂടെയാകണം എന്ന ചിന്തയിലുറച്ച് രായൻ മതങ്ങളുടെയും പ്രത്യയ ശാസ്ത്രങ്ങളുടെയും സഭാവിഭാഗങ്ങളുടെയും വിഭാഗീയ ചിന്തകളെ വെടിയാനും എല്ലാവർക്കും ദൈവത്തെ അനുഭവവേദ്യമാക്കുന്ന തരത്തിൽ അവതരിപ്പിക്കാനും ശ്രദ്ധിക്കുന്നു. എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്ന ചിന്ത (1 തിമോ. 2 : 4) ഏറെ ഗൗരവത്തോടുകൂടി കാണുന്നു. എല്ലാവരെയും വിശ്വാസമാകുന്ന കുടക്കീഴിൽ കൊണ്ടുവന്ന് ദൈവരാജ്യമൂല്യങ്ങൾ പേറി ജീവിക്കുന്നവരെല്ലാം അറിഞ്ഞോ അറിയാതെയോ ക്രിസ്ത്യാനികളെന്ന് പറയാതെ പറഞ്ഞുവയ്ക്കുന്നില്ലേ രായൻ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിശ്വാസ സത്യങ്ങളുടെ പ്രവൃത്തിതലങ്ങളിലാണ് രായന്റെ ഊന്നൽ. യേശുക്രിസ്തുവിന്റെ തനിമയും വ്യതിരിക്തതയും മഹത്വപൂർണ്ണമായി പ്രകാശിതമാകുന്നത് തത്വങ്ങളിലല്ല, മറിച്ച് ഒതുക്കപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന സത്കൃത്യങ്ങളിലാണ്. സംവാദം നടക്കേണ്ടത് സ്നേഹപ്രവൃത്തികളിലെന്ന് ചുരുക്കം.

### 6. സാംസ്കാരികാനുരൂപണം ഇന്നത്തെ ക്രൂശിതരിൽ

കോളനി സംസ്കാരം സഭയിൽ നിന്ന് അപ്രത്യക്ഷപ്പെടുമ്പോൾ രൂപം കൊള്ളുന്നതാണ് സാംസ്കാരികാനുരൂപണം. സഭയെ ഭാരതത്തിന്റെ ചേരിയിൽ നടുന്നതിനേക്കാളുപരി ഭാരതസംസ്കാരത്തോട് അനുരൂപപ്പെടുന്നതിനുള്ള തൃഷ്ണതയാണിതിന്റെ പിന്നിൽ പലർക്കും. ഭാരതസംസ്കാരം ആരുടെതാണ്? ബ്രാഹ്മണന്റെ കാറ്റഗറിയിലൂടെ സംസ്കാരികാനുരൂപണത്തിന് അമലോത്ഭവദാസ് ശ്രമിച്ചപ്പോൾ ദളിതരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും വേദഗ്രന്ഥങ്ങളില്ലാത്ത മതങ്ങളുടെയും സംസ്കാരത്തിലും ജീവനും വേണ്ടി നിലവിളി ഉയർത്തുന്ന അടിസ്ഥാന വർഗ്ഗങ്ങളുടെ സമരങ്ങളിലും അവരനുഭവിക്കുന്ന പീഡനങ്ങളിലും സഭ അനുരൂപപ്പെടുമ്പോഴാണ് ക്രിസ്തുവിന്റെ സഭ ക്രൂശിതനായ ക്രിസ്തുവിനോട് അനുരൂപമാകുക എന്നാണ് രായൻ പറഞ്ഞുവയ്ക്കുക.

### 7. സുവിശേഷവല്കരണവും ആത്മീയതയും

സുവിശേഷവല്കരണത്തിന്റെ കേന്ദ്രഭാഗത്തും മനുഷ്യനെയാണ് രായൻ പ്രതിഷ്ഠിക്കുക. മനുഷ്യന്റെ സമഗ്രമായ വികസനമാണ് സുവിശേഷവല്കരണം. നീതിയിൽ അധിഷ്ഠിതമായി മനുഷ്യന്റെയും



malankaralibrary.com

സമൂഹത്തിന്റെയും വികസനം സാധ്യമാകുമ്പോൾ എല്ലാമനുഷ്യരും സജീവ അംഗങ്ങളാകുന്ന സഭയിൽ വഴിയിൽ കിടക്കുന്ന വഴിമുടക്കികളെ തോളിലേറ്റി വീട്ടിലെത്തിക്കുമ്പോളം കരുതുന്നതാണ് ആത്മീയത (ലൂക്കാ. 2 : 25-37). എന്നാലും വീണ്ടും സമരിയാക്കാരൻ വരുമ്പോൾ വഴിമുടക്കികളുണ്ടാകാത്ത രീതിയിൽ സമൂഹം മാറാനുള്ള ആത്മീയത രൂപപ്പെടണമെന്ന് രായൻ ചിന്തിക്കുന്നു.

**ഉപസംഹാരം**

നീതി പ്രവർത്തിക്കാതെ വിശ്വാസം പ്രഘോഷിക്കുന്നത് അർത്ഥശൂന്യമാണ് (യാക്കോ. 2 : 14-26). നീതി എവിടെയുണ്ടോ അവിടെ ദൈവമുണ്ടെന്ന പ്രവാചക പഠനങ്ങളുടെ സത്തയിൽ അധിഷ്ഠിതമാണ് രായന്റെ ദൈവശാസ്ത്രം. സമൂഹത്തെ വിശകലനം ചെയ്യേണ്ടത് എവിടെയോ രൂപപ്പെടുത്തപ്പെട്ട തത്വങ്ങളുടെ അടിസ്ഥാനത്തിലല്ല മറിച്ച് പാവപ്പെട്ടവന്റെ സംസ്കാരത്തിലും ജീവിത സാഹചര്യങ്ങളിലും നിന്നുമായിരിക്കണം.

മൂന്നാം ലോക ദൈവശാസ്ത്രജ്ഞന്മാരുടെ മുൻനിരയിൽ നിൽക്കുന്ന സാമുവൽ രായൻ ദൈവശാസ്ത്ര വിചിന്തനം നടത്തുമ്പോൾ സ്നേഹം, കരുണ, നീതി, വികസനം, സമാധാനം പരിശുദ്ധാത്മാവിൽ നിറയുന്ന സന്തോഷം (റോമ.14.17) (മത്താ.23 :23) എന്നിവയിൽ അധിഷ്ഠിതമായ *ദൈവരാജ്യാനുഭവം ഈ ഭൂമിയിൽ കൊണ്ടുവരാൻ* (ലൂക്കാ. 11 : 4) ഉതകുന്ന രീതിയിലുള്ള വിചിന്തനങ്ങൾക്കാണ് രായൻ ഊന്നൽ നൽകിയിരിക്കുന്നത്.

എല്ലാവരും രക്ഷിക്കപ്പെടണമെന്ന വിശാലമായ ദൈവീക രക്ഷ പ്രത്യേകിച്ച് മതങ്ങളുടെ പിള്ളത്തൊട്ടിലായ ഏഷ്യഭൂഖണ്ഡത്തിൽ എല്ലാവർക്കും അനുഭവവേദ്യമാകണമെന്ന് രായന് നിർബന്ധമുണ്ട്. അതുകൊണ്ടുതന്നെയാണ് രായൻ പാവങ്ങളോടുള്ള പക്ഷം ചേരലും കൊളോണിയലിസത്തിന്റെയും മുതലാളിത്വത്തിന്റെയും സൂക്ഷ്മ വിമർശകനുമാകുന്നത്. കത്തോലിക്ക സഭയുടെ നയങ്ങളെ ബൈബിളിലെ പുറപ്പാട് സംഭവത്തോടും ക്രിസ്തുവിന്റെ പെസഹാരഹസ്യത്തോടും ബന്ധപ്പെടുത്തി ക്രിയാത്മകമായി പരിശോധിക്കുമ്പോഴും സഭാപഠനങ്ങളും പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളും രായന്റെ ദൈവശാസ്ത്രത്തിൽ മുഖ്യസ്ഥാനം പിടിക്കുന്നു.



malankaralibrary.com

സാമൂഹ്യ, മത, സംസ്കാരങ്ങളൊക്കെ പ്രധാന ഘടകങ്ങളാണ് രായന്റെ ദൈവശാസ്ത്രത്തിൽ. അവയോട് സംവേദിക്കുന്ന ദൈവ ശാസ്ത്രം കലോചിതവുമായിരിക്കും. ഭാരതത്തിന്റെ തനിമയിൽ ദൈവ ശാസ്ത്ര വിചിന്തനങ്ങൾക്ക് ഊടും പാവും നൽകാൻ പോരുന്ന ചേരുവകളാണ് രായന്റെ ദൈവശാസ്ത്രത്തിൽ. അക്കാരണത്താൽ രായന്റെ ദൈവശാസ്ത്രം ചർച്ച ചെയ്യപ്പെടുകയും സെമിനാരികളിലും പരിശീലന ഭവനങ്ങളിലും അർഹിക്കുന്ന പ്രാധാന്യത്തോടെ പഠിപ്പിക്കുകയും വേണം. സഭാശുശ്രൂഷകരായ സമർപ്പിതർക്കും അല്മായർക്കും രായന്റെ ദൈവശാസ്ത്രവിചിന്തനത്തിൽ നിന്ന് ചൈതന്യമുൾക്കൊണ്ട് അവരവരുടെ ദൈവശാസ്ത്ര വിചിന്തനവും വ്യാഖ്യാനവും നടത്താവുന്നതാണ്. (Nicholas Tharsiuse, *Christian Faith: A Liberative Praxis, Theology of Samuel Rayan*, ISPCK, Delhi, 2015 ; K. Kunnumpuram (ed). *The Vision of a New Church and a New Society: A Scholarly Assessment of Dr. Samuel Rayan's Contribution to Indian Christian Theology,* Christian World Imprints, New Delhi, 2016).



malankaralibrary.com

## മണലേൽ ജോസഫ് കോൺസ്റ്റന്റയിൻ സി.എം.ഐ. ഇന്ത്യൻ ദൈവവിജ്ഞാനിയത്തിനൊരു മാർഗരേഖ

ഡോ. പോളച്ചൻ കോച്ചപ്പിള്ളി സി.എം.ഐ

നവതിയാഘോഷാവസരത്തിൽ സണ്ണി മണിയാക്കുപാറയച്ചൻ എഴുതിയ ലേഖനത്തിൽ മണലേലച്ചനെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും കുറിച്ച് മനോഹരമായി വിവരിക്കുന്നുണ്ട്. ഒരിടത്തെ ചിത്രീകരണം ഇപ്രകാരമാണ്: "ജീവധാര കേന്ദ്രത്തിലേക്ക് പ്രവേശിക്കുന്ന ഏവർക്കും കേന്ദ്രത്തിന്റെയും ജെ.സിയുടെയും ജീവിതലാളിത്യം ആകർഷകവും അനുഭവവേദ്യവുമാകുന്നു. ജെ.സി.യുടെ ശാന്തവും സജീവവുമായ ജീവിതവും ജീവധാര കേന്ദ്രത്തിലെ ശാന്തമായ അന്തരീക്ഷവും മണലേലച്ചനെ ഒരു മുനിയായും അദ്ദേഹത്തിന്റെ കേന്ദ്രത്തെ ആശ്രമമായും തുലനം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു." (നവതി 36) ആത്മവിശുദ്ധീകരണത്തിനും ലോകരക്ഷയ്ക്കുമായി ദർശനഭവനം - ബേത്റൗമാ - സ്ഥാപിച്ച പുണ്യചരിതരായ സി.എം.ഐ സഭാസ്ഥാപകരെപ്പോലെ മണലേലച്ചൻ അവരുടെ പിൻഗാമിയെന്നോണം ആശ്രമജീവിതം സമഗ്രക്ഷേമത്തിനായി ആശ്ലേഷിച്ചുവെന്ന് കരുതാം.[1]

മണലേലച്ചൻ സ്ഥാപനങ്ങളെ വളർത്തുന്നതിലുപരി ഒരു പ്രസ്ഥാനമായി തീർന്നിരിക്കുന്നു. അദ്ദേഹം സമാരംഭിച്ച പ്രസ്ഥാനങ്ങൾ

[1]ഈ ലേഖന രചനയ്ക്കായി പ്രധാനമായും താഴെക്കാണുന്ന ഗ്രന്ഥങ്ങൾ ഉപകാരപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം നന്ദിയോടെ അറിയിക്കുന്നു. Indian Theology Seeking New Horizons, Kuncheria Pathil & Mathew Paikada, eds., Mumbai, St Pauls, 2017 (K.T. Sebastian, "Joseph Contantine Manalel: His Contributions Towards the Development of Indian Theology" 20-31; Sunny Maniyakupara, "Joseph Constantine Manalel: His Vision and Mission," 32-38; Joseph Constantine, "Looking Back and Forward, "39-51), Theologizing in Context. Statements of the Indian Theological Associatin, ed. Jacob Parappally, Bangalore, Dharmaram Publications, 2002



malankaralibrary.com

കൊച്ചു കേരളത്തിന്റെ അതിർത്തികളെ അതിലംഘിച്ച് വളർന്നു പന്തലിച്ചു. ഇന്നും കോട്ടയത്തു നിന്ന് ജീവധാര പ്രസിദ്ധീകരണം സമയാസമയത്ത് ദ്വിഭാഷകളിൽ പ്രകാശിതമാകുന്നുവെന്നത് ഇതിന് ഉദാഹരണമാണ്. ജീവധാരയുടെ കൃത്യനിഷ്ഠയും സമയബന്ധിതമായ സമർപ്പണവും ശ്രദ്ധയർഹിക്കുന്നു.

ജീവധാര പ്രസിദ്ധീകരണം വായനക്കാരുടെയിടയിൽ സ്ഥിര പ്രതിഷ്ഠ നേടിയതോടൊപ്പം ദൈവവിജ്ഞാനിയത്തിൽ ഗവേഷണപഠന പദ്ധതിയും ആവിഷ്കരിച്ചത് മണലേലച്ചന്റെ ബുദ്ധിയിൽ വിരിഞ്ഞ നറുമലരാണെന്ന വസ്തുത വിസ്മരിക്കുവാൻ ആകുകയില്ല. മഹാത്മ ഗാന്ധി വിശ്വവിദ്യാലയത്തിന്റെ ദൈവവിജ്ഞാനീയ മേഖലയിൽ ഗവേഷണ-പഠനത്തിനുള്ള അനുബന്ധ സ്ഥാപനമായി അംഗീകരിച്ചെടുപ്പിക്കുവാനും അതിനെ വളർത്തിയെടുക്കുവാനും സാധിച്ചത് മണലേലച്ചന്റെ ദീർഘവീക്ഷണവും സ്ഥിരോത്സാഹവും മാത്രമാണെന്നത് നിസ്തർക്കമായ വസ്തുതയാണ്. പ്രത്യേകിച്ചും സ്വന്തവും സ്വതന്ത്രവുമായ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി പരാക്രമം കാണിക്കുന്ന ഈ കാലയളവിൽ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിശ്വവിദ്യാലയങ്ങളോട് സഹകരിച്ച് വിദ്യാദാനശുശ്രൂഷയിൽ നേതൃത്വം വഹിക്കുവാൻ മണലേലച്ചൻ കാണിച്ച താത്പര്യം സ്തുത്യർഹമാണ്. വിദ്യാധനം സർവധനാൽ പ്രധാനമെന്ന ആപ്തവാക്യം ഹൃദിസ്ഥിതമാക്കിയ ആചാര്യശ്രേഷ്ഠനാണ് മണലേലച്ചൻ. സ്ഥാപനങ്ങൾക്ക് അമിത പ്രാധാന്യം നല്കികൊണ്ടിരിക്കുന്ന ഈ കാലയളവിൽ പ്രഥമവും പ്രധാനവുമായ വിദ്യാദാനത്തിന് - വിജ്ഞാന വർദ്ധനവിന് -അർഹമായ പരിഗണന നല്കുന്നതിൽ മണലേലച്ചൻ പ്രദർശിപ്പിച്ച ജ്ഞാനമാർഗ്ഗം ചിന്തോദ്ദീപകവും അനുകരണീയവുമാണ്.

മണലേൽ ജോസഫ് കോൺസ്റ്റന്റയിൻ അച്ചന്റെ ജീവിതത്തിലെ നാഴികകല്ലുകളെ താഴെ വരുംവിധം നോക്കികാണാം.

1915 കേരളത്തിൽ പുളിക്കുന്ന് മണലാടിയിൽ 28 സെപ്തംബറിൽ ജനനം.
1937 സി.എം.ഐ. സന്യാസസഭയിൽ വ്രതവാഗ്ദാനം
1946 ശുശ്രൂഷാ പൗരോഹിത്യ സ്വീകരണം
1952 കേരള കത്തോലിക്കാ വിദ്യാർത്ഥി സംഘടനയുടെ സ്ഥാപനം
1954 കേരള കത്തോലിക്കാ അദ്ധ്യാപക സംഘടനയുടെ സ്ഥാപനം



malankaralibrary.com

1961 അത്മായർക്ക് ദൈവശാസ്ത്ര വിദ്യാഭ്യാസ പരിപാടിയുടെ സമാരംഭം

1971 ജീവധാര മാസികയുടെ സ്ഥാപനം

1973 പുതിയ നിയമത്തിന്റെ മലയാളത്തിലേക്കുള്ള വിവർത്തനാരംഭം

1976 ഇന്ത്യൻ ദൈവശാസ്ത്ര സമിതിയുടെ സ്ഥാപനം

1991 ജനങ്ങളുടെ ദൈവശാസ്ത്രമെന്ന വിഷയത്തിൽ ദേശീയതല ശിബിരസംഘാടനം

1992 പുല്ലരിക്കുന്നിൽ സ്വാശ്രയ ഗ്രാമം

2001 മഹാത്മാഗാന്ധി വിശ്വവിദ്യാലയം ജീവധാരയെ സാമൂഹിക-ധാർമ്മിക ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നു (നവതി 17).

ദൈവശാസ്ത്ര മേഖലയിൽ മണലേലച്ചന്റെ സംഭാവനകളെ ത്രിവിധ ധാരകളായി (ത്രിവേണിയായി) നോക്കി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. (1) മാതൃഭാഷയിലെ ദൈവശാസ്ത്ര മാധുര്യം, (2) മാതൃഭൂമിയിലെ അത്മായനേതൃത്വം, (3) മാനവികതയുടെ ദൈവ ശാസ്ത്രം.

**1. മാതൃഭാഷയിലെ ദൈവശാസ്ത്ര മാധുര്യം**

"കാരുണ്യനാഥനാം ദൈവകുമാരന്റെ ആരണ്യ ശോഭയെ കാണാ കേണം" എന്ന് മലയാളത്തിൽ പാടിയ ചാവറ പിതാവിന്റെ ചൈതന്യം ആവാഹിച്ചു കാലോചിതവും യുക്തിസഹവും ഹൃദയോചിതവുമായ ദൈവശാസ്ത്ര വിചിന്തനങ്ങളെ മലയാളത്തിൽ അക്ഷരമാക്കുവാൻ 1971 -ൽ സമാരംഭിച്ച ജീവധാരയുടെ ലക്കങ്ങളെ നിയോഗിച്ചപ്പോൾ മനു ഷ്യാവതാര രഹസ്യത്തിന്റെ മഹനീയ മാതൃക മണലേലച്ചൻ പിന്തുട രുകയായിരുന്നുവെന്ന് പറയുന്നതിൽ തെറ്റില്ലായെന്ന് കരുതുന്നു.

മാതൃഭാഷ അന്യമായി തീർന്നുകൊണ്ടിരിക്കുന്ന ഈ കാലയള വിൽ അമ്മ ഭാഷയായ മലയാളത്തെ ആശ്ലേഷിക്കുവാനും ദൈവവി ജ്ഞാനീയ ആശയങ്ങളെ ഇവിടുത്തെ സംസ്കാരത്തിലൂടെയും മൂല്യ സങ്കല്പങ്ങളിലൂടെയും അവതരിപ്പിക്കുവാനും സംവദിക്കുവാനും സ്ഥല കാലസാഹചര്യങ്ങളിൽ അവയെ യാഥാർത്ഥ്യവത്കരിക്കുവാനും മണ ലേലച്ചൻ കാണിച്ച താത്പര്യവും സാമർത്ഥ്യവും സമർപ്പണമനോഭാ വവും ശ്ലാഘനീയവും പ്രശംസനീയവുമാണ്.

അറിയാത്ത ഭാഷയിൽ അഗാധപാണ്ഡിത്യം അവകാശപ്പെട്ടു കൊണ്ട് മനുഷ്യരെ കൊച്ചാക്കുന്ന സങ്കുചിത ചിന്താധാരയുടെ തുടർ



malankaralibrary.com

അവകാശികളായി ഇന്നും ഈ നാടകം തുടരുന്നു. മലയാളം അറിയാവുന്നവർ മാത്രം പങ്കെടുക്കുന്ന തദ്ദേശീയ സഭയുടെ ചർച്ചാവേദികളിൽ ആംഗലേയഭാഷ മാധ്യമമായി നിലകൊള്ളുന്നുവെന്നത് മനുഷ്യാവതാര രഹസ്യത്തിനും അതിന്റെ ആഘോഷത്തിനും വിഘാതമല്ലേ? ആളുകളുടെ ഭാഷയിൽ സംവദിച്ചാൽ അപകടം പതിരിയിരിക്കുന്നുണ്ടോ? സാംസ്കാരിക അനുരൂപണത്തിന് മുറവിളി കൂട്ടുന്നവരുടെ സംഘടിത ശബ്ദം എന്നോ നിലച്ചുപോയി. മലയാള ഭാഷയോട് കൂറു പുലർത്തുന്നവർ ആരാണ്? എവിടെയാണ് അവർ? ജീവധാരയുടെ പ്രതികൾ മലയാളത്തിലും പ്രസിദ്ധീകരിക്കുവാൻ കാണിച്ച മണലേലച്ചന്റെ സമീപനം മാതൃകാപരമാണ്. ഇതോടൊപ്പം ദേശീയതലത്തിലുള്ള വായനക്കാരെയും എഴുത്തുകാരെയും ഉദ്ദേശിച്ച് ആംഗലേയ ഭാഷയിലും ജീവധാരയുടെ പ്രസിദ്ധീകരണം നടത്തി വരുന്നുവെന്നത് സ്വാഗതാർഹമാണ്. മലയാളം പ്രാദേശകഭാഷയായതിനാൽ ഒരു പുച്ഛഭാവം വച്ചു പുലർത്തുന്നവരും ഇല്ലാതില്ല. ആഗോളവത്കരണത്തിന്റെ അന്ധതയിൽ അടിപതറി, മറുനാടൻ ഭാഷ സംസാരിച്ചാൽ കേമമാണെന്ന അടിമത്തത്തിന്റെ മനോഭാവം അങ്ങിങ്ങായി കാണുന്നുണ്ട്. ഭാഷകൾ പഠിക്കുന്നത് എല്ലായ്പ്പോഴും നല്ലതും ഉപകാരപ്രദവുമാണെന്നതിൽ സംശയമില്ല. മറിച്ച് മാതൃഭാഷ അർഹിക്കുന്ന സ്ഥാനവും മാനവും മറന്നുകൊണ്ടാവരുതെന്ന് മാത്രം.

മാതൃഭാഷയുടെ മണത്തിൽ, മധുരിമയിൽ, മനോഹാരിതയിൽ ഈശ്വര ദർശനവും ശാസ്ത്രവും സ്വന്തമാക്കുമ്പോൾ ഈ ഭൂമിയിൽ തനിമയാർന്ന ദൈവശാസ്ത്രം ഉടലെടുക്കും; അത് ശാശ്വതമാകും, ഏവർക്കും സംഭാവനയാകും. മാത്രവുമല്ല, എല്ലാവർക്കും ഉൾക്കൊള്ളുവാൻ ഉതകുന്നതാകുമെന്ന ലളിതവും ഉന്നതവുമായ കാഴ്ചപ്പാടും നിലപാടും പ്രകടിപ്പിച്ചത്. മണലേലച്ചന്റെ പ്രത്യേകതയാണ്. രക്ഷാകര രഹസ്യത്തിന്റെ അനുഭവത്തിന് അനുയോജ്യമായി മാതൃഭാഷയെ അവലംബിക്കുക തീർത്തും അനിവാര്യമാണ്.

ദൈവദർശനവും ശാസ്ത്രവും മാതൃഭാഷയിലൂടെ മനോഹാര്യതയോടെ നുകരുകയും പകരുകയും ചെയ്യുമ്പോൾ സ്ഥലകാല സാഹചര്യങ്ങളെ കണക്കിലെടുക്കുന്ന ജീവനേകുന്ന, ജീവനാകുന്ന അനുഭവദായകമായ വെല്ലുവിളികൾ ഉയർത്തുന്ന വിശ്വാസത്തിന്റെ സഭാത്മകപ്രഘോഷണമാകുമെന്ന് മലയാളത്തെ ആശ്ലേഷിച്ച മണലേലച്ചൻ വിളിച്ചോതുന്നു.



malankaralibrary.com

മണ്ണിന്റെ മണമുള്ള മനുഷ്യന്റെ വിയർപ്പിന്റെ സുഗന്ധമുള്ള സാധാരണക്കാരന് മനസിലാകുന്ന ഭാഷയിൽ അവതരിപ്പിക്കപ്പെടുന്ന ദൈവവിജ്ഞാനീയം കേരളത്തിന്റെ വളക്കൂറുള്ള ഹരിതാഭമായ മണ്ണിന്റെ അടിയന്തിര ആവശ്യമാണ്. അതിനു മണലേലച്ചൻ നിർണായകമായ നേതൃത്വം വഹിച്ചു.

**2. മാതൃഭൂമിയിലെ അത്മായ നേതൃത്വം**

രണ്ടാമതായി ദൈവശാസ്ത്രമേഖലയിൽ മണലേലച്ചന്റെ സംഭാവന അത്മായർക്ക് നൽകിയ നേതൃത്വമാണ്. 1950-കളിൽ നൽകിയ പ്രഭാഷണ പരമ്പരയും 1952-ൽ തുടങ്ങിയ കേരള വിദ്യാർത്ഥി സംഘടനയും 1954-ൽ സമാരംഭിച്ച കേരള കാത്തോലിക്ക അധ്യാപക സംഘടനയും 1961-ൽ നടപ്പിലാക്കിയ അത്മായർക്കുള്ള ദൈവശാസ്ത്ര പഠന പദ്ധതിയും 1971-ൽ ആരംഭിച്ച ജീവധാരയുടെ പ്രകാശനവും 1976-ൽ സ്ഥാപിതമായ ഇന്ത്യൻ ദൈവശാസ്ത്ര സംഘടനയും ഇതിന് സഹായകമായി. തിരുസഭയിൽ ദൈവശാസ്ത്രരംഗത്ത് അത്മായ നേതൃത്വത്തിന്റെ അഭാവം ഇന്നും വളരെ രൂക്ഷമായി അനുഭവപ്പെടുന്നു. സമ്യക്കായ സമഗ്രമായ സമൃദ്ധമായ ദൈവശാസ്ത്ര വളർച്ചക്കും ഉയർച്ചക്കും അത്മായ ദൈവശാസ്ത്രജ്ഞരുടെ സാന്നിധ്യവും പാണ്ഡിത്യവും നേതൃത്വവും അത്യന്താപേക്ഷിതമാണ്. ഈദൃശമായ അത്മായ നേതൃത്വത്തിന് വ്യക്തവും ശക്തവുമായ രൂപവും ഭാവവും നൽകിയ മണലേലച്ചന്റെ സഭാത്മക ദർശനവും പ്രവർത്തനവും പ്രശംസനീയം. രണ്ടാം വത്തിക്കാൻ സുന്നഹദോസിന് മുമ്പാണ് ഇതിൽ പലതും ആരംഭിച്ചതെന്നത് ഇവിടെ ശ്രദ്ധേയമാണ്.

മണലേലച്ചൻ അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ദൗത്യം കേരളത്തിലെ കാത്തോലിക വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംഘടിപ്പിച്ചുകൊണ്ടാണ് ആരംഭിച്ചത്. ഇത്തരം പ്രസ്ഥാനങ്ങൾ നവസമൂഹത്തിന്റെ സൃഷ്ടിയിൽ അത്മായരെ ചാലകശക്തികളാക്കുവാൻ പര്യാപ്തമായിരുന്നു. അത്മായർക്കുവേണ്ടി അദ്ദേഹം ആരംഭിച്ച ദൈവശാസ്ത്ര പഠന പരിപാടി രണ്ടാം വത്തിക്കാൻ സുനഹദോസിന് മുൻപ് ഇന്ത്യയിൽ ആരംഭിച്ച ആദ്യത്തെ പാഠ്യപദ്ധതിയായിരുന്നു (നവതി 12). ഇതെല്ലാം അദ്ദേഹത്തിന്റെ ദൈവജനത്തോടുള്ള പ്രതിബദ്ധതയെയാണ് പ്രദർശിപ്പിക്കുന്നത്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പ്രബുദ്ധ



malankaralibrary.com

രാക്കി സഭയുടെ നേതൃനിരയിൽ അവരെ അണിനിരത്തുവാനും സഭയുടെ നവീകരണം സാദ്ധ്യമാക്കുവാനുള്ള മണലേലച്ചന്റെ മാർഗരേഖയായിരുന്നു.

മാർ തോമാ ക്രിസ്ത്യാനികൾക്കിടയിൽ അത്മായനേതൃത്വം പ്രസിദ്ധമാണ്. തിരുസഭയുടെ നടത്തിപ്പ് പള്ളിയോഗങ്ങൾക്കായിരുന്നു. ഇടവകകളിൽ അത്മായ നേതൃത്വം അനിഷേധ്യമാണ്. വിവിധ മാർ തോമാ സഭകളിൽ അത്മായ നേതൃത്വം ഇന്നും ശക്തമാണ്. എന്നാൽ സീറോ മലബാർ സഭ ഇതിനപവാദമാണെന്ന് പറയാതിരിക്കാൻ വകയില്ല. അത്മായ നേതൃത്വം അനിവാര്യമാണ്, മാത്രവുമല്ല, കുടുംബം ഗാർഹിക സഭയായതുകൊണ്ടും ദൈവജനത്തെ വേണ്ടവിധത്തിൽ കണക്കിലെടുക്കേണ്ടതും നേതൃനിരയിലേക്ക് അവരെ കൊണ്ടുവരേണ്ടതും സഭാനേതൃത്വത്തിന്റെയും ദൈവശാസ്ത്രജ്ഞരുടെയും ഉത്തരവാദിത്വമാണെന്ന് മണലേലച്ചൻ വിശ്വസിക്കുന്നു. മാതൃഭൂമിയിലെ അത്മായ നേതൃത്വത്തിനു മണലേലച്ചൻ നൽകിയ നിസ്തുല സംഭാവനയ്ക്കു നാം എന്നുമെന്നും കടപ്പെട്ടിരിക്കുന്നു.

### 3. മാനവീകതയാർന്ന ദൈവശാസ്ത്ര ദർശനം

ദൈവശാസ്ത്ര മേഖലയിൽ മണലേലച്ചന്റെ മറ്റൊരു സംഭാവന അദ്ദേഹത്തിന്റെ മാനവീകതയാർന്ന ദൈവശാസ്ത്ര ദർശനമാണ്. സത്യത്തിലും സ്വാതന്ത്ര്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവ വചന ചൈതന്യമായിരുന്നു അതിന്റെ ആത്മാവ്. അദ്ദേഹം പറയുന്നു. മാനുഷികമായതൊന്നും ദൈവ ശാസ്ത്രത്തിന് അന്യമല്ല. മനുഷ്യനായി അവതരിച്ച് സത്യത്തിലും ധർമത്തിലും ചരിച്ച് സ്വാതന്ത്ര്യവും സന്തോഷവും ആശംസിച്ച് മനുഷ്യരെയും ലോകത്തെയും രക്ഷിച്ച ഈശോമിശിഹായുടെ കാല്പാടുകളെ സധൈര്യം അനുധാവനം ചെയ്യുന്ന ഈശോശിഷ്യനായിട്ടാണ് മണലേലച്ചൻ തന്റെ ദൈവശാസ്ത്ര ചിന്തകളെ രൂപപ്പെടുത്തിയത്.

സാധാരണക്കാരെ കേൾക്കുന്ന അവരുടെ കണ്ണീരൊപ്പുന്ന, കരുണയുടെ പ്രതീകാത്മകത അദ്ദേഹത്തെ നയിച്ചു. മണലേലച്ചന്റെ നവതിയോടനുബന്ധിച്ച് പ്രകാശിപ്പിച്ചിട്ടുള്ള പുസ്തകത്തിൽ സണ്ണി മണിയാക്കുപാറയച്ചൻ ഇത് മനോഹരമായി വിവരിക്കുന്നു. പാവപ്പെട്ട മനുഷ്യരുടെ അനുദിന ബുദ്ധിമുട്ടുകൾ ജെ.സി.യെ അലട്ടിയിരുന്നു. അവരോട് എപ്പോഴും കരുണ കാണിക്കുന്നതിൽ മുൻപന്തിയിലായിരുന്നു.



malankaralibrary.com

പാവപ്പെട്ടവരുടെ ജീവിതത്തോടും ബുദ്ധിമുട്ടുകളോടും ശ്രദ്ധ കാണിക്കാത്ത ദൈവവിജ്ഞാനീയം അപ്രസക്തമാണെന്ന് മണലേലച്ചൻ വിളിച്ചോതി. (നവതി 37) മണലേലച്ചൻ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ ജീവധാരയുടെ ലക്ഷ്യത്തെ വ്യക്തമാക്കുന്നു. "ദൈവവിജ്ഞാനീയം ജീവിതത്തോട് ബന്ധപ്പെട്ടിരിക്കണം. അതുകൊണ്ട് ഇതിന്റെ പേജുകളിൽ ജീവിതബദ്ധമായ വിഷയങ്ങളായിരിക്കും ചർച്ച ചെയ്യപ്പെടുക. വായനക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും വിശകലനവിധേയമാക്കും." (നവതി 37) വിമോചന ദൈവശാസ്ത്രം വിശ്വവ്യാപകമാകുന്നതിനുമുമ്പ് തന്നെ മർദ്ദിതരെക്കുറിച്ചുള്ള പഠനങ്ങൾ ജീവധാരയിൽ പ്രത്യക്ഷപ്പെട്ടു (നവതി 38). "മണലേലച്ചന് പാവങ്ങളെ സ്നേഹിക്കുകയും അവർക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുക എന്നതിനപ്പുറം മറ്റൊരു പക്ഷവും ഉണ്ടായിരുന്നില്ല" (നവതി 38). ഗ്രാമവാസികൾക്ക് ജീവധാരയുടെ കേന്ദ്രം എപ്പോഴും തുറന്നുകിടന്നിരുന്നു. അവരുടെ രോദനം കേൾക്കുവാനും അവരോടൊന്നിച്ച് ഭക്ഷിക്കാനും അദ്ദേഹം മറന്നില്ല.

മണലേലച്ചൻ 1989-ൽ മാതൃകാഗ്രാമം സ്ഥാപിക്കുവാൻ പരിശ്രമിച്ചു. അയൽക്കൂട്ടങ്ങളുടെ ആദർശത്തിൽ ജീവധാര കേന്ദ്രത്തിന് സമീപമുള്ള ഗ്രാമങ്ങളിൽ പ്രവർത്തിച്ചുകൊണ്ടാണ് ഇതിനു തുടക്കം കുറിച്ചത്. പക്ഷെ, ഉദ്ദേശിച്ച വിധത്തിൽ മുന്നേറിയില്ല. എന്നിരുന്നാലും മാതൃകാഗ്രാമം അദ്ദേഹത്തിന്റെ കർമ്മപദ്ധതിയുടെ ഭാഗമായിരുന്നുവെന്ന് അറിയുമ്പോൾ മണലേലച്ചന്റെ വിശ്വമാനവിക ദർശനം പ്രത്യക്ഷമാകുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ നീതിയിൽ അധിഷ്ഠിതമായ ഒരു മാനവികതയും എല്ലാവർക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ഒരു ആദർശ വുമാണ് ദൈവരാജ്യസ്ഥാപനം. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു, "ജീവധാരയുടെ എല്ലാ പ്രവർത്തനത്തിലും മാനവ വ്യക്തിത്വവും മാനവ സമൂഹവും അതിന്റെ പ്രഥമമായ ഉദ്ദേശമായിരിക്കും. കേന്ദ്രത്തിന്റെ എല്ലാ കാര്യങ്ങളിലും ഗവേഷണങ്ങളിലും നവമാനവീകത ലക്ഷ്യമായിരിക്കും, ആശയത്തിൽ മാത്രമല്ല മറിച്ച് പ്രയോഗത്തിലും അടിസ്ഥിതമായ നൂതന മാനവികതയെ കെട്ടി പടുക്കലായിരിക്കും" (നവതി 51). മണലേലച്ചന്റെ കാഴ്ചപ്പാടിൽ, "മതം ഇന്ന് മാനവികതയെ സഹായിക്കുന്നില്ലായെങ്കിൽ, സകല വിശ്വത്തിന്റെയും ക്ഷേമത്തിനായി പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിൽ നിരർത്ഥകമാണ്" (നവതി 51).



malankaralibrary.com

മാനവികതയാർന്ന ദൈവശാസ്ത്രത്തിന് രൂപഭാവങ്ങൾ നല്കുവാൻ ജീവധാര പ്രസിദ്ധീകരണത്തെയും ഇന്ത്യൻ ദൈവശാസ്ത്ര സംഘടനയെയും രൂപകല്പന ചെയ്ത് ഉപയോഗപ്പെടുത്തി. മണലേലച്ചൻ കുറിയ്ക്കുന്നു. "ഇന്ത്യൻ ദൈവശാസ്ത്ര സംഘടന പൊടുന്നനെ ഒരു നിമിഷത്തിലുണ്ടായ പ്രചോദന ഫലമല്ല, മറിച്ച് ദീർഘകാലമായി നന്നായി പരിചിന്തനം ചെയ്തതിന്റെ പരിണതഫലമായി ദൈവശാസ്ത്ര കേന്ദ്രത്തിൽ 1950-1980 കാലയളവിൽ എന്റെ നേതൃത്വത്തിൽ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്ത ആശയത്തിന്റെ സാക്ഷാത്കാരമാണ് (പേജ്, 3). അദ്ദേഹം തുടർന്ന് എഴുതി, "നമ്മൾ ഒരു രാഷ്ട്രമോ അഥവാ സഭയോ ആയിട്ടില്ലായെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കുറെയധികം തമ്മിൽ തമ്മിലുള്ള പ്രാദേശിക, മണ്ഡല, സംസ്ഥാന, ഭാഷാ തലങ്ങളിലുള്ള വഴക്കും വാഗ്വാദങ്ങളും നിമിത്തം രാജ്യത്തിന്റെ ഐക്യത്തിനു പകരം വിയോജിപ്പായി ദൃശ്യമാകുന്നു" (പേജ് 5). ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം ഇപ്രകാരം വിലയിരുത്തി, "ഇപ്രകാരമുള്ള രാജ്യത്തും സഭയിലും ദൈവശാസ്ത്രജ്ഞന്മാർക്ക് രാജ്യത്തിന്റെയും സഭയുടെയും രൂപീകരണത്തിലും വളരെയധികം ചെയ്യുവാനുണ്ട്. ഈ തലങ്ങളിൽ പ്രകാശവും നേതൃത്വും നല്കുവാനുള്ള നമ്മുടെ അപാരമായ സാധ്യതകളെക്കുറിച്ച് നമ്മൾ ഇതുവരെയും ബോധമുള്ളവരല്ല. സഭൈക്യസൂനഹദോസിനു ശേഷം മാത്രമെ നമ്മളിലധികം പേരും ഇതിനെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങിയിട്ടുള്ളു. ഇപ്പോഴും പ്രതീക്ഷയ്ക്കനുസരിച്ച് നമ്മുടെ പ്രവാചക ദൗത്യം നിർവഹിക്കുന്നുണ്ടോയെന്ന് ഞാൻ വിചാരിക്കുന്നില്ല. വ്യക്തികളും പ്രസ്ഥാനങ്ങളും സത്യം ഇഷ്ടപ്പെടാത്തതാണെങ്കിലും നിർബാധം പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നമുക്ക് ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു കുറവുമില്ല, എന്നാൽ സംഘാതമായുള്ള പരസ്പര ആശയവിനിമയമോ സംവാദമോ നടക്കുന്നില്ല. ഇതുവരെയും ഒരുമിച്ച് ആശയവിനിമയം ചെയ്യുവാനുള്ള, വിചാരങ്ങളെ വിമർശവിധേയമാക്കുവാനുള്ള, നമ്മുടെ ചിന്തകളെ മറ്റുള്ളവരുടെ വിചിന്തനങ്ങൾകൊണ്ട് സമൃദ്ധമാക്കുവാനുള്ള, സർവോപരി നമ്മുടെ ആശയങ്ങളെ പരിപുഷ്ഠമാക്കുവാനുള്ള വ്യക്തിപരമായ ആശയങ്ങളെയും അനുഭവങ്ങളെയും പരസ്പര പങ്കുവെയ്ക്കലിലൂടെ ധന്യമാക്കുവാനുള്ള സാധ്യതകളെ നമ്മൾ ഉപകരിപ്പിച്ചിട്ടില്ല" (പേജ് 6).



malankaralibrary.com

മണലേലച്ചനാൽ ആരംഭിച്ച ജീവധാരയെന്ന ദൈവശാസ്ത്ര പ്രസിദ്ധീകരണം ഇന്ത്യയിലെ മികച്ച ദൈവശാസ്ത്ര മാസികകളിൽ ഒന്നായി നിലകൊള്ളുന്നു. "പൂർണമായി ഭാരതീയവും ആധികാരിക മായി ക്രിസ്തീയവുമായ ദൈവവിജ്ഞാനീയത്തിന്റെ വികാസത്തിന് അനുയോജ്യമായ ഈറ്റില്ലവുമായി ജീവധാര ശുശ്രൂഷ തുടരുന്നു" (നവതി 12). മണലേലച്ചൻ പ്രധാന ശില്പിയായി സമാരംഭിച്ച ഇന്ത്യൻ ദൈവശാസ്ത്ര സംഘടന (Indian Theological Association-ITA) ഇന്ത്യയിലെ കത്തോലിക്കാ ദൈവശാസ്ത്രരുടെ സമാഗമനത്തിനുള്ള വേദിയായും ഇന്ത്യൻ ദൈവശാസ്ത്ര വിജ്ഞാനീയത്തിന്റെ വളർച്ച യ്ക്കായുമായി അതുല്യമായ സംഭാവന ചെയ്തിട്ടുണ്ട് (നവതി 12).

മണലേലച്ചൻ അദ്ദേഹത്തിന്റെ എഴുത്തുകളിലൂടെ അറിയപ്പെടു ന്നതിനേക്കാൾ ഉപരി ഇന്ത്യൻ ദൈവശാസ്തജ്ഞർക്കു സമ്മേളിക്കു വാനും, സംവദിക്കാനും ഗവേഷണങ്ങൾ നടത്തുവാനും അവയെ പ്രകാ ശിപ്പിക്കാനുമുള്ള വേദികളും, അവസരങ്ങളും, നൂതനമായ ദിശാബോധം നല്കി പ്രോത്സാഹിപ്പിക്കുന്നതിലും ശാക്തീകരിക്കുന്നതിലും പ്രസി ദ്ധനാണ് (നവതി 12). മണലേലച്ചൻ നിരവധി ദൈവശാസ്ത്രജ്ഞരെ നയിക്കുന്നതിലും വിവിധ സംരംഭങ്ങൾക്ക് നേതൃത്വം നല്കുന്നതിലും തികഞ്ഞ ദീർഘദർശിയും, പല പ്രസ്ഥാനങ്ങളുടെയും പ്രാരംഭകനും പ്രചാരകനും ആകുന്നു (നവതി 12). മണലേലച്ചൻ ഇന്ത്യൻ ദൈവശാ സ്ത്രരുടെ സുഹൃത്തും മാർഗദർശിയുമായി വർത്തിക്കുന്നു. 1976-ൽ ജീവൻ ജ്യോതിയിൽ ചേർന്ന സമ്മേളനത്തിൽ മണലേലച്ചനെ പ്രഥമ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ദൈവശാസ്ത്ര സംഘടന (ഐ.ടി.ഐ) വലിയ ശക്തിയായി പ്രകാശമായി വളർന്നു. അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യം വളരെ യധികം പണ്ഡിതരെ സംഘടനയിലേക്കും ജീവധാരയുടെ പത്രാധിപ സമിതിയിലേക്കും ആകർഷിക്കുവാൻ ഇടയായിട്ടുണ്ട്. റെയ്മണ്ടോ പണിക്കർ, ജോൺ ബ്രിട്ടോ ചെത്തിമറ്റം, സെബാസ്റ്റ്യൻ കാപ്പൻ, സാമു വൽ രായൻ, സ്വാരസ് പ്രഭു, ജോസഫ് പാത്രപാങ്കൽ, കുഞ്ചെറിയ പത്തിൽ, ടി.കെ.ജോൺ, മത്തിയാസ് മുണ്ടാടൻ, ആന്റോ കാരോക്കാ രൻ, ജേക്കബ് പറപ്പള്ളി, ആന്റണി കള്ളിയത്ത് എന്നിവർ അവരിൽ ചിലരാണ്. ഇന്ത്യൻ ദൈവവിജ്ഞാനീയം മണലേലച്ചന്റെ ചിരകാല സ്വപ്നമായിരുന്നു. 1971-ൽ ജീവധാരയുടെ ആദ്യലക്കത്തിൽ മണലേ



malankaralibrary.com

ലച്ചൻ മാർഗരേഖയെ വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം കുറിച്ചു. "വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കിക്കൊണ്ടും സഭ ഐക്യതലത്തിൽ വ്യാപരിച്ചുകൊണ്ടും ഇന്ത്യൻ ജീവിത മാർഗത്തിലും ചിന്താധാരകളുടെ പശ്ചാത്തലത്തിലും കാലൂന്നി നിന്നുകൊണ്ടും തനതായ ഇന്ത്യൻ ദൈവ വിജ്ഞാനീയത്തിന്റെ തനതുശൈലിയിൽ വളർത്തിയെടുക്കുവാൻ സഹായിക്കുക ജീവധാരയുടെ പ്രത്യേക പരിഗണനയായിരിക്കും" (നവതി 36).

സണ്ണി മണിയാക്കുപാറ എഴുതുന്നു, "സത്യമായും ജെ.സി. ഇന്ത്യൻ സഭയിൽ ഒരു അത്ഭുതവ്യക്തിത്വമായി വിരാജിക്കുന്നു. സംശയമില്ലാത്ത വിധത്തിൽ ജെ.സി മഹത്തായ ദർശനത്തിന്റെ മനുഷ്യനാണ് ജെ.സി. അതുല്യമായ അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാക്കി. അതുവഴി അദ്ദേഹം അഭിമാനത്തിന്റെയും അംഗീകാരത്തിന്റെയും ബഹുമതി ചരിത്രത്തിൽ സ്വന്തമാക്കിയിരിക്കുന്നു. ഇപ്രകാരം അഗാധമായ സ്വാധീനം ചെലുത്തിയതുകൊണ്ട് അദ്ദേഹം പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ സഭ മുഴുവനും ശ്രദ്ധിച്ചു" (നവതി 32).

മാനവീകതയുടെ ദൈവശാസ്ത്രത്തിൽ മണലേലച്ചന് രണ്ട് പ്രധാന പരിഗണനകളാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയത്തിൽ രണ്ട് പ്രധാന ചിന്തകളുണ്ടായിരുന്നു. ഒന്ന്, എല്ലാവരും ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കണം. രണ്ട്, സഭയിലെ അധികാര ദുർവിനിയോഗം നിർത്തലാക്കണം (നവതി 34). മെത്രാന്മാരും മാർപാപ്പാമാരും രാജകീയമായ എല്ലാ ബാഹ്യമായ ആർഭാടങ്ങളും ഉപേക്ഷിക്കണം. ആന്തരീകമായി കൈയ്യാളുന്ന അധീശത്വവും, തങ്ങളുടെ ശുശ്രൂഷയെ പോലീസ് മനോഭാവത്തോടെ, നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുവാനുള്ള ദൗത്യമായി കണക്കാക്കരുത് (നവതി 34). അദ്ദേഹം സ്വാതന്ത്ര്യത്തെ വളരെയധികം വിലമതിച്ചിരുന്നു. ഉത്തരവാദിത്വബോധത്തോടുകൂടിയ സ്വാതന്ത്ര്യമാണ് അദ്ദേഹം സ്വപ്നം കണ്ടിരുന്നത്. ജീവധാരയെ ഈ വിധമുള്ള സ്വാതന്ത്ര്യത്തിന്റെ അനന്തര ഫലമായി കാണാവുന്നതാണ്. നവനവങ്ങളായ ആശയങ്ങളുടെ ഗവേഷണ-പ്രകാശനവേളയിൽ ദൈവശാസ്ത്രർക്ക് അഭിമുഖീകരിക്കേണ്ടിവരാവുന്ന പ്രതിസന്ധിസമയങ്ങളിൽ അവർക്ക് സംരക്ഷണവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുകയെന്നതും ജീവധാരയുടെ ഉദ്ദേശ്യങ്ങളിൽ ഒന്നായിരുന്നു (നവതി 34). സ്വാതന്ത്ര്യത്തിനുവേണ്ടിയും സഭയിലെ



malankaralibrary.com

അധികാരത്തിന്റെ ശരിയായ വിനിയോഗത്തിനുവേണ്ടിയും എന്നെന്നും ചരടു പിടിച്ച വ്യക്തിയാണ് മണലേലച്ചൻ (നവതി 35). ശിശുവിന്റെ സ്വഭാവികതയോടും വിശ്വസ്ഥതയോടും സ്വാതന്ത്ര്യത്തോടും ആന്തരിക സ്വാതന്ത്ര്യാനുഭവത്തോടും ഭീഷണികളെ ഭയപ്പെടാതെയും അദ്ദേഹം തന്റെ കൃത്യങ്ങൾ നിർവഹിച്ചു (നവതി 35).

പ്രസിദ്ധ ദൈവശാസ്ത്രജ്ഞർ മണലേലച്ചനെക്കുറിച്ച് നടത്തിയ അഭിപ്രായങ്ങൾ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു: "ദൈവശാസ്ത്രത്തിനു നല്കിയ കോൺസ്റ്റന്റയിൻ മണലേലിന്റെ മഹത്തായ സംഭാവന അദ്ദേഹത്തിനു ജീവിതം തന്നെയായിരുന്നു" എന്ന് റെയിമണ്ടോ പണിക്കർ വിലയിരുത്തുന്നു (നവതി 35). ജീവധാരയുടെ സംഭാവനകളെ ശ്ലാഘിച്ചുകൊണ്ട് വലേരിയൻ കാർഡിനൽ ഗ്രേഷ്സ് ഇപ്രകാരം പ്രസ്ഥാവിച്ചു, "താങ്കളുടെ പ്രസിദ്ധീകരണം അതിന്റെ പത്രാധിപക്കുറിപ്പുകളിലൂടെയും എഴുത്തുകാരിലൂടെയും ഉൽകൃഷ്ടമായ മാർഗത്തെ ആരായുന്നുവെന്നറിയുന്നു. ഇത്തരുണത്തിൽ ഇത് ഇന്ത്യയ്ക്ക് അത്യാവശ്യമായ ഗവേഷണസാഹചര്യവും സാദ്ധ്യതയും ഒരുക്കുന്നുവെന്നറിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു" (നവതി 36). മണലേലച്ചന്റെ വിവിധങ്ങളായ സംഭാവനകളെ പ്രതിപാദിച്ചുകൊണ്ട് സണ്ണി മണിയാക്കുപാറ ഇപ്രകാരം എഴുതി: "വിവിധ ദശകങ്ങളിലെ സ്തുത്യർഹമായ ശുശ്രൂഷയിലൂടെ നേടിയെടുത്ത അദ്ദേഹത്തിന്റെ വ്യക്തിപ്രാഭവത്തെ ഒരു വിശേഷണത്തിൽ ഒതുക്കുവാൻ കഴിയുകയില്ല. മണലേലച്ചൻ ദീർഘദർശിയും, പ്രവാചകനും, ജ്ഞാനിയും, മുന്നോടിയും, ദൈവശാസ്ത്രജ്ഞനും, ചിന്തകനും, എഴുത്തുകാരനും, പ്രസംഗകർത്താവും, നേതാവും, സാമൂഹ്യപ്രവർത്തകനും ആയിരുന്നു" (നവതി 38). നവതി ആഘോഷാവസരത്തിൽ ടി.കെ. ജോൺ മണലേലച്ചനെക്കുറിച്ച് ഇപ്രകാരം സൂചിപ്പിച്ചു, "സഭയിലെ നവീനമായ എല്ലാത്തിനോടും, നവമായ ദൈവശാസ്ത്രത്തിലും നവീന ചിന്താസരണിയിലും പുതുമ നിറഞ്ഞ വികസനത്തിലും താങ്കളുടെ സഹകരണമുണ്ട്. ഇതു ഞാൻ അഭിമാനത്തോടും കൃതജ്ഞതയോടും കൂടെ സ്മരിക്കുന്നു" (നവതി 32). പൈനാടത്ത് സെബാസ്റ്റ്യൻ സാക്ഷ്യപ്പെടുത്തുന്നു. "ഒരുപക്ഷെ ജീവധാര ഇന്ത്യയിൽ തന്നെ നമ്മുടെ വിചിന്തനങ്ങളെ സ്വതന്ത്രമായി പ്രകാശിപ്പിക്കുവാൻ കഴിയുന്ന ഏക ദൈവശാസ്ത്ര പ്രസിദ്ധീകരണമായിരിക്കും" (നവതി 35).



malankaralibrary.com

**ഉപസംഹാരം**

ഗ്രന്ഥങ്ങൾ രചിക്കാതെ ജീവിതത്തിലൂടെയും സമഗ്ര പ്രവർത്തന പദ്ധതിയിലൂടെയും ബൃഹത്ത് ഗ്രന്ഥമായി തീർന്ന ധീര വീര പടയാളിയും, ഇന്ത്യൻ ദൈവവിജ്ഞാനീയത്തിനും അതിന്റെ പ്രചാരണത്തിനും പ്രായോഗിക അനുവർത്തനത്തിനും, നിർഭയം നിരന്തരം അക്ഷീണം യത്നിച്ച ഗുരുവര്യനും, വിശ്വസാഹോദര്യത്തിന്റെ കുലപതിയുമായി ജോസഫ് കോൺസ്റ്റന്റയിൻ മണലേലച്ചൻ മാതൃകാഗ്രാമത്തിലെ ദൈവശാസ്ത്ര കേന്ദ്രത്തിൽ - ജീവധാരയായി - മള്ളുശേരിയിൽ മുനിയായി സാക്ഷ്യത്തിന്റെ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. "മോശയെപ്പോലെ ധൈര്യമുള്ള പ്രവാചകനായും തീക്ഷ്ണമതിയയ ഏലിയായെയും പോലെ അദ്ദേഹം ഉദിച്ചുയർന്നു" (നവതി 33). സഭയുടെ ഏലിയാ-സ്ലീവാ-മൂശാ കാലഘട്ടത്തിലൂടെ മിശിഹാരഹസ്യത്തെ ധ്യാനിക്കുന്ന വേളയിൽ വിശ്വത്തിൽ ഉദിച്ചുയരുന്ന വിശുദ്ധ കുരിശിനെപ്പോലെ ആശ്ചര്യമായി നമ്മുടെ മനോമണ്ഡലത്തിൽ മണലേലച്ചൻ പ്രതിഷ്ഠ നേടിയിരിക്കുന്നു. സഭാത്മകവും വ്യക്തിപരവും ചരിത്രപരവുമായ അനുഭവത്തിന്റെ വെളിച്ചത്തിൽ അറിഞ്ഞു സ്നേഹിച്ച ഈശോമിശിഹായെ സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതമായി അവതരിപ്പിക്കുവാനും ദൈവരാജ്യസ്ഥാപനത്തിനായി അഹോരാത്രം അദ്ധ്വാനിക്കുവാനും ജീവിത സമർപ്പണം നടത്തിയ ശ്രേഷ്ഠാചാര്യനാണ് സി.എം.ഐ. സന്യാസ ശുശ്രൂഷാ പുരോഹിതൻ - മണലേലച്ചൻ.



malankaralibrary.com

# മാത്യു വെള്ളാനിക്കൽ
# ദൈവശാസ്ത്ര മല്പാൻ

**ഷിനി തെരേസ് മുതുപ്ലാക്കൽ എ.ഒ.**

കോട്ടയം ജില്ലയിലെ ആർപ്പൂക്കരയിലുള്ള വില്ലൂന്നിയിൽ വെള്ളാനിക്കൽ വർക്കിയുടെയും മറിയത്തിന്റെയും സീമന്തപുത്രനായി, 1934 സെപ്റ്റംബർ 25-ാം തീയതി മാത്യു ജനിച്ചു. കരിപ്പൂത്തട്ട് ഗവൺമെന്റ് എൽ. പി. സ്കൂളിലും മാന്നാനം സെന്റ് എഫ്രേം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ചങ്ങനാശ്ശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിലും തുടർന്ന് ആലുവ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി, 1960 മാർച്ച് 12-ാം തീയതി അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്തായുടെ കൈവയ്പ്പുവഴി തിരുപ്പട്ടം സ്വീകരിച്ചു. 1960 മുതൽ മൂന്നുവർഷക്കാലം അതിരമ്പുഴ സെന്റ് മേരീസ് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചശേഷം 1963 മെയ്മാസം അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി നിയമിതനായി. അതേവർഷം ഒക്ടോബറിൽ കാവുകാട്ടുപിതാവിന്റെ നിർദ്ദേശപ്രകാരം ഉപരിപഠനത്തിനായി റോമിലേക്കു പോയി.

റോമിലെ പൊന്തിഫിക്കൽ അർബൻ യൂണിവേഴ്സിറ്റിയിൽനിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ചശേഷം അവിടെത്തന്നെയുള്ള പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടി. തുടർന്ന് ജർമ്മനിയിലെ വുർസ്ബർഗിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറേറ്റ് പഠനം നടത്തി. ഇതിനകം ലാറ്റിൻ, ഹീബ്രു, ഗ്രീക്ക്, അറമായ, എന്നീ പുരാതനഭാഷകളും ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, ജർമ്മൻ



malankaralibrary.com

തുടങ്ങിയ ആധുനികഭാഷകളും ഉൾപ്പെടെ പന്ത്രണ്ടോളം ഭാഷകൾ അദ്ദേഹം സ്വായത്തമാക്കിയിരുന്നു.

പഠനശേഷം 1970 ൽ റോമിൽനിന്നും തിരിച്ചെത്തിയ മാത്യു അച്ചൻ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വിശുദ്ധഗ്രന്ഥ അദ്ധ്യാപകനായും ഡീൻ ഓഫ് സ്റ്റഡിസ് ആയും നിയമിതനായി. 1982 ൽ ഫാക്കൽറ്റിയായി ഉയർത്തപ്പെട്ട പൊന്തിഫിക്കൽ ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് അഥവാ പൗരസ്ത്യ വിദ്യാപീഠത്തിന്റെ ആദ്യ പ്രസിഡന്റായി നിയമിതനായ അദ്ദേഹം 1995 വരെ പ്രസ്തുത ശുശ്രൂഷയിലേർപ്പെടുകയും, 2000 വരെ അവിടുത്തെ അദ്ധ്യാപനം തുടരുകയും ചെയ്തു. 1971 മുതൽ 1996 വരെ പൂനായിലെ പൊന്തിഫിക്കൽ അത്തേനയത്തിൽ (ജ്ഞാനദീപ വിദ്യാപീഠം) വിസിറ്റിംഗ് പ്രൊഫസറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1989 ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കൺസൾട്ടറായി നിയമിക്കപ്പെട്ട മാത്യു അച്ചൻ 1997 ൽ അതിരൂപതയുടെ പ്രോട്ടോ സിഞ്ചെള്ളൂസ് ആയി നിയമിതനായി. 2002 മുതൽ 2017 വരെ അതിരൂപതയുടെ സിഞ്ചെള്ളൂസ് ആയും ശുശ്രൂഷ ചെയ്തു. 2002 മുതൽ 2013 വരെ അതിരൂപതയുടെ കീഴിലുള്ള കുന്നന്താനം സെഹിയോൻ റിട്രീറ്റ് സെന്ററിന്റെ ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

ഈ കാലയളിൽ, സി.ബി.സി.ഐ.യുടെ ദൈവശാസ്ത്ര പാനലിലും (1984–1989) ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസസിന്റെ ദൈവശാസ്ത്ര അഡ്വൈസറി കമ്മീഷനിലും (1985–1998) സിബിസിഐ ഡോക്ട്രിനൽ കമ്മറ്റിയിലും (1990–1994) അംഗമായിരുന്നു. കൂടാതെ ബഹു. പ്ലാസിഡച്ചനുശേഷം റോമിലുള്ള പൗരസ്ത്യസഭകളുടെ കാര്യാലയത്തിലെ കൺസൾട്ടർ (1984–1989) ആയും അച്ചൻ നിയമിക്കപ്പെട്ടു. 1994 മുതൽ സിബിസിഐയുടെ ഡോക്ട്രിനൽ കമ്മീഷന്റെയും 1999 മുതൽ കെസിബിസി കമ്മീഷൻ ഫോർ തിയോളജിയുടെയും കൺസൾട്ടറായും പ്രവർത്തിച്ചു. സീറോ മലബാർ ബിഷപ്പ്സ് സിനഡിന്റെ തിയളോജിക്കൽ കമ്മീഷൻ മെമ്പറായി ഇപ്പോഴും പ്രവർത്തിക്കുന്നു.

**1. ബൈബിൾ വിജ്ഞാനീയതലം**

ബൈബിൾ വിജ്ഞാനീയത്തിൽ ഉപരി പഠനം നടത്തിയ മാത്യു വെള്ളാനിക്കൽ അച്ചൻ വേദപുസ്തകപഠനത്തിനും വ്യാഖ്യാനത്തിനും



malankaralibrary.com

വലിയ പ്രാധാന്യം നല്കി. മാത്യു വെള്ളാനിക്കലച്ചൻ തയ്യാറാക്കിയ ഡോക്ടറൽ ഗവേഷണഗ്രന്ഥമായ "The Divine Sonship of Christians in the Johannine Writings", അദ്ദേഹം പഠിച്ച റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണവിഭാഗമായ 'Analecta Biblica' 1977-ൽ പ്രസിദ്ധീകരിച്ചതോടെ ഈ മേഖലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. മുപ്പതുവർഷക്കാലം വിവിധ ദൈവശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിശുദ്ധ ഗ്രന്ഥ അദ്ധ്യാപകനായിരുന്ന അദ്ദേഹം ബൈബിൾ പണ്ഡിതരിൽ ലോകം അംഗീകരിക്കുന്ന ഒരു 'Johannine Specialist' ആണ്. Jerome Biblical Commentary-യിൽ പരാമർശിക്കപ്പെടുന്ന ഏക ഏഷ്യൻ ബൈബിൾ പണ്ഡിതനാണ് അദ്ദേഹം.

പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരിക്കുന്ന, ഇന്ത്യയിലെ ആദ്യ ദൈവശാസ്ത്ര ത്രൈമാസികയായ ബൈബിൾഭാഷ്യം രൂപകല്പന ചെയ്യുകയും അതിന്റെ ആദ്യ എഡിറ്ററാകുകയും ചെയ്ത അച്ചൻ, തുടർച്ചയായി അതിൽ ലേഖനങ്ങൾ എഴുതിയിരുന്നു. അതുപോലെ വടവാതൂർ സെമിനാരിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന Christian Orient ലും, ദൈവശാസ്ത്രമാസികകളായ ജീവധാരയിലും വിദ്യാജ്യോതിയിലുമൊക്കെ അച്ചന്റെ ഈടുറ്റ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1989 ൽ ആദ്യമായി പ്രസിദ്ധീകരിക്കുകയും, 1993 ലും 2007 ലും പുതിയ പതിപ്പുകൾ ഇറക്കുകയും ചെയ്ത "ബൈബിൾ വിജ്ഞാനകോശം" - ബൈബിൾ ദൈവശാസ്ത്ര നിഘണ്ടുവിന്റെ ചീഫ് എഡിറ്റർ ബഹു. മാത്യു വെള്ളാനിക്കലച്ചനാണ്. നാലു സുവിശേഷങ്ങളുടെയും ശ്ലീഹന്മാരുടെ നടപടിയുടെയും ആത്മീയവ്യാഖ്യാനം നല്കുന്ന പതിനാലോളം ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റോം കേന്ദ്രമായുള്ള പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷനിൽ അംഗമായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ നിയോഗിക്കുമ്പോൾ (1978-1984), 18 അംഗങ്ങളുള്ള ആ കമ്മീഷനിലെ ഏഷ്യയിൽനിന്നുള്ള ഏക അംഗമായിരുന്നു അച്ചൻ. 1973 മുതൽ കാത്തലിക് ബിബ്ലിക്കൽ അസ്സോസ്സിയേഷനിലും 1975 മുതൽ സൊസൈറ്റി ഫോർ ബിബ്ലിക്കൽ സ്റ്റഡീസിലും 1980 മുതൽ ഇന്റർനാഷണൽ സൊസൈറ്റി ഫോർ ന്യൂ ടെസ്റ്റമെന്റ് സ്റ്റഡീസിലും അദ്ദേഹം അംഗമാണ്. ദൈവശാസ്ത്രത്തിലും വിശുദ്ധ ഗ്രന്ഥപഠനങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മാത്യു അച്ചൻ ബൈബിൾ പണ്ഡിതനെന്ന നിലയിൽ വിവിധ കമ്മീഷനുകളിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.



malankaralibrary.com

ഭാരതത്തിലെ വേദപുസ്തക പഠനരംഗത്തെ അദ്ദേഹത്തിന്റെ പ്രധാന സംഭാവന വേദപുസ്തകത്തെ ഭാരതീയ രീതിയിൽ വ്യാഖ്യാനിയാവാൻ നടത്തിയ പരിശ്രമങ്ങളാലാണ്. 'ധ്വനി വ്യാഖ്യാനരീതി'യെ (Swani Interpretation) ബൈബിൾ ഭാഷ്യത്തിലൂടെ അവതരിപ്പിച്ച വെള്ളാനിക്കലച്ചൻ സുറിയാനി സഭാപിതാക്കന്മാരായ വി.എഫ്രേമും അഫ്രാഹത്തും ഉപയോഗിച്ചത് (types) സമാനരീതിയിൽ 'ധ്വനി വ്യാഖ്യാനരീതി' യെ അവതരിപ്പിച്ചു. വേദപുസ്തകത്തിലെ ആത്മീയഭാവങ്ങളെ വിശ്വാസജീവിതത്തിൽ പകർത്തുവാൻ സഹായകമായ രീതിയിൽ അവതരിപ്പിക്കുവാൻ അച്ചൻ നടത്തിയ ശ്രമങ്ങളും ശ്ലാഘനീയമാണ്.

**2. സഭാവിജ്ഞാനീയതലം**

ബൈബിൾ വിജ്ഞാനീയത്തിൽ ഉപരിപഠനം നടത്തിയ ബഹു. മാത്യു അച്ചൻ വ്യക്തിസഭകളുടെ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള സഭാവിജ്ഞാനീയമാണ് 1970 കളിൽ ഭാരതത്തിലെ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പ്രബലപ്പെട്ടിരുന്നത്. ആദിമ നൂറ്റാണ്ടുകൾ മുതലേ 'റോമായിലെ സഭ' പാശ്ചാത്യ രാജ്യങ്ങളിൽ പ്രചരിക്കുകയും, ലത്തീൻ ലിറ്റർജിയും, ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും, ശിക്ഷണക്രമവും, ഭരണസംവിധാനവും ലോകമെമ്പാടുമുള്ള കത്തോലിക്കരുടെ സഭാജീവിതമായി കരുതപ്പെടുകയും ചെയ്തതാണ് അതിനു കാരണം. അങ്ങനെയൊരു സാഹചര്യത്തിൽ കത്തോലിക്കാ സഭയിലെ പൗരസ്ത്യ സഭാത്മക വൈവിധ്യങ്ങൾ സഭയുടെ അന്തഃസത്തയെ ബാധിക്കാത്തവയും വെറും ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളായി മാത്രം കരുതപ്പെടുകയും ചെയ്തു. ഈ പാശ്ചാത്യ സഭാവിജ്ഞാനീയമാണ് 1970 കളിലെ ഭാരതസഭാവിജ്ഞാനീയത്തെ സ്വാധീനിച്ചിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ഭാരതസഭാ നവീകരണത്തിനുവേണ്ടി 1969 മേയ് 15-25 തീയതികളിൽ ബാംഗ്ലൂരിൽ സംഘടിപ്പിച്ച "All India Seminar on the Church in India Today"-ൽ കാണുന്ന സഭാവിജ്ഞാനീയവും ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല.

ഇന്ത്യയിൽ, സഭാത്മക വ്യക്തിത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ വിചിന്തനത്തിന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സ്ഥാപനവും കാരണമായിട്ടുണ്ട്. ഉപരിപഠനത്തിനു



malankaralibrary.com

ശേഷം 1970 ൽ തിരിച്ചെത്തിയ ബഹു. വെള്ളാനിക്കലച്ചൻ സെമിനാരിയിൽ അദ്ധ്യാപകനായും ഡീൻ ഓഫ് സ്റ്റഡീസുമായി നിയമിതനായത്, അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയ വിചിന്തനങ്ങളെ രൂപപ്പെടുത്തുവാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. സെമിനാരി പഠനകാലത്ത് ലത്തീൻ മിഷനറിമാരുടെ കീഴിലുള്ള പരിശീലനത്തിലായിരുന്ന അദ്ദേഹത്തിന് അക്കാലത്ത് വ്യക്തിഗതസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനുള്ള സാദ്ധ്യതകളുണ്ടായിരുന്നില്ല. എന്നാൽ വടവാതൂർ സെമിനാരിയുടെ സ്ഥാപനലക്ഷ്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന അദ്ദേഹത്തിന്റെ തുടർവിചിന്തനങ്ങൾ സഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ് എന്ന് ബോധ്യത്തെ ബലപ്പെടുത്തി. തുടർന്നുള്ള കാലയളവിൽ, ഈ യാഥാർത്ഥ്യത്തിന് ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കണമെന്ന ആഗ്രഹത്തോടെ പ്രവർത്തനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ പഠനവിഭാഗത്തിന്റെ ചുമതലകൾ ഏല്പിക്കപ്പെട്ടിരുന്നതിനാൽ വൈദികവിദ്യാർത്ഥികൾക്ക് പൗരസ്ത്യസഭയുടെ ആരാധനക്രമവും ദൈവശാസ്ത്രവുമൊക്കെ പകർന്നു നല്കാൻ ബഹു. വെള്ളാനിക്കലച്ചൻ ഏറെ ശ്രദ്ധിച്ചു. പൗരസ്ത്യദൈവശാസ്ത്രത്തിലും ആദ്ധ്യാത്മികതയിലും അവഗാഹമുള്ള വൈദികരെ അദ്ധ്യാപകരായി ലഭിക്കുവാൻ അദ്ദേഹം വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. ഒരു പൗരസ്ത്യസഭയെന്ന നിലയിൽ സീറോ മലബാർ സഭയിലെ വൈദികപരിശീലനത്തിനാവശ്യമായ സഭാത്മക-ആത്മീയ-ആരാധനക്രമമാനം വളർത്തിയെടുക്കാൻ അതു വഴിയൊരുക്കി.

വടവാതൂർ ദൈവശാസ്ത്ര ഫാക്കൽറ്റി, സീറോ മലബാർ-സീറോ മലങ്കര സഭകളുടെ സഭാവിജ്ഞാനീയത്തെ പൗരസ്ത്യസഭാ വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ, വളർത്തിയെടുക്കുന്നതിന് സഹായകമായ വിചിന്തനധാരയുടെ വികസനത്തിന് പ്രത്യേകം ശ്രമിച്ചു. അങ്ങനെയുള്ള ഒരു ദൈവശാസ്ത്ര വിചിന്തനത്തിന് പ്രത്യേകാവസരം സൃഷ്ടിച്ചത് രണ്ട് സമകാലിക സംഭവങ്ങളാണ്: 1. 1973 ഒക്ടോബർ 3 മുൽ 8 വരെ പാറ്റ്നായിൽ വച്ചു നടത്തിയ All India Consultation on Evangelization; 2. 1974 ജനുവരി 3 മുതൽ 8 വരെ കൽക്കട്ടായിൽ വച്ചു നടത്തിയ സിബിസിഐ യുടെ പൊതുസമ്മേളനം. ചർച്ചയുടെ പൊതുവിഷയം സുവിശേഷവൽക്കരണമായിരുന്നു. 1974 ഒക്ടോബറിൽ റോമിൽ വച്ച് നടത്താനിരുന്ന സിനഡിനൊരുക്കമായാണ് അഖിലേന്ത്യാ തലത്തിൽ ഈ വിഷയം ചർച്ചാ വിഷയമായെടുത്തത്.



malankaralibrary.com

കൽക്കട്ടായിൽ വച്ചു നടന്ന സിബിസിഐ മീറ്റിംഗിൽ "Understanding of Evangelization in the Context of Present Day India" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു Orientation Paper അവതരിപ്പിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ, അന്ന് വടവാതൂർ സെമിനാരിയുടെ ഡീൻ ആയിരുന്ന ബഹു. മാത്യു വെള്ളാനിക്കലച്ച നോട് ആവശ്യപ്പെട്ടു. അതിനൊരുക്കമായി രണ്ട് ദൈവശാസ്ത്ര സിമ്പോ സിയങ്ങൾ നടത്തപ്പെട്ടു. ഒന്നാമത്തേത് 1972 ൽ ചങ്ങനാശ്ശേരിയിൽ തുടക്കം കുറിച്ച Missionary Orientation Centre ന്റെ ആഭിമുഖ്യ ത്തിലും രണ്ടാമത്തേത് വടവാതൂർ സെമിനാരിയിലെ ദൈവശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിലും. 1973 നവംബർ 10 മുതൽ 12 വരെ എംഒസി യിൽ സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ വിഷയം "പ്രാദേ ശികസഭയും സുവിശേഷവൽക്കരണവും" എന്നതായിരുന്നു. 1973 ഡിസംബർ 1 മുതൽ 3 വരെ വടവാതൂർ സെമിനാരിയിൽ സംഘടി പ്പിച്ച സിമ്പോസിയത്തിന്റെ വിഷയം " സുവിശേഷവൽക്കരണവും ഇന്ത്യയിലെ പൗരസ്ത്യസഭകളും" എന്നതായിരുന്നു. ഈ രണ്ടു സിമ്പോസിയങ്ങളും സീറോ മലബാർ, സീറോ മലങ്കര സഭകളിലെ മെത്രാന്മാർക്കും ദൈവശാസ്ത്രജ്ഞന്മാർക്കും, സുവിശേഷവൽക്കരണ ത്തിൽ ഇന്ത്യയിലെ പൗരസ്ത്യസഭകൾക്കുള്ള പ്രാധാന്യവും പ്രത്യേ കതകളും ഗൗരവമായ പഠനത്തിനു വിഷയമാക്കാൻ അവസരം നല്കി. സാർവ്വത്രികസഭ പ്രായോഗികമായി യാഥാർത്ഥ്യമാകുന്നത് വ്യക്തിസ ഭകളുടെ കൂട്ടായ്മയിലാണെന്ന നിലപാട് ഈ സിമ്പോസിയങ്ങളിൽ ഉരുത്തിരിഞ്ഞു. ഈ രണ്ടു സിമ്പോസിയങ്ങളുടെ നിഗമനങ്ങളുടെ വെളി ച്ചത്തിലാണ് കൽക്കട്ടായിൽ വച്ചു നടന്ന സിബിസിഐ മീറ്റിംഗിൽ അവതരിപ്പിച്ച Orientation Paper അച്ചൻ തയ്യാറാക്കിയത്. ആ മീറ്റിം ഗിൽ ഇന്ത്യയിലെ മൂന്നു വ്യക്തിസഭകൾക്കും കത്തോലിക്കാസഭാ കൂട്ടാ യ്മയിൽ തുല്യസ്ഥാനമുണ്ടെന്നും ഭാരതമൊട്ടാകെയും ഭാരതത്തിനു പുറത്തും അജപാലനശുശ്രൂഷയ്ക്കും പ്രേഷിതപ്രവർത്തനത്തിനും തുല്യ അവകാശവും ഉത്തരവാദിത്വവുമുണ്ടെന്നുള്ള ദൈവശാസ്ത്ര പരമായ നിലപാട് അവതരിപ്പിക്കുകയും ആ വിഷയം ചർച്ച ചെയ്യപ്പെ ടുകയും ചെയ്തു.

കൽക്കട്ടായിലെ സിബിസിഐ മീറ്റിംഗിനെ തുടർന്ന് വ്യക്തി സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ എന്ന ദൈവശാസ്ത്ര വീക്ഷണം കൂടുതൽ പ്രബലപ്പെടുകയും അതിന് ഭാരതത്തിലെ മൂന്നു വ്യക്തിസഭകളുടെ കൂട്ടായ്മയിലുള്ള പ്രസക്തിയും പ്രാധാന്യവും പല



malankaralibrary.com

തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. ഇപ്രകാരമുള്ള ദൈവ ശാസ്ത്രവികസനത്തിന് കളമൊരുക്കിയ പല സംഭവങ്ങളും പിന്നീട് ഉണ്ടായി. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമന്റെ നിർദ്ദേശ പ്രകാരം അഭിവന്ദ്യ ആന്റണി പടിയറ പിതാവ് കേരളത്തിനു പുറത്തുള്ള സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന സ്ഥിതിവിശേഷം വില യിരുത്തി സർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്ന തിനെതിരായി ഇന്ത്യയിലെ ലത്തീൻ മെത്രാന്മാർ തടസ്സങ്ങൾ ഉന്നയി ച്ചു. അതുകൊണ്ട് മൂന്നു വ്യക്തിസഭകളിലെയും മെത്രാന്മാർ ഉൾക്കൊ ള്ളുന്ന സിബിസിഐ മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യാൻ റോമിൽ നിന്നും മെത്രാന്മാരോട് ആവശ്യപ്പെട്ടു. സ്ബിബിസിഐ മീറ്റിംഗിനെ തുടർന്ന് പ്രശ്നപരിഹാരം കണ്ടെത്തുവാൻ മെത്രാന്മാരും ദൈവ ശാസ്ത്രജ്ഞന്മാരുമുൾപ്പെട്ട ഒരു സഭാന്തര കമ്മീഷൻ നിയമിക്കപ്പെ ട്ടതിൽ സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് ബഹു. വെള്ളാനി ക്കലച്ചനും ഒരംഗമായിരുന്നു.

1985 ഒക്ടോബറിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 20-ാം സമാപന വാർഷികത്തോടനുബന്ധിച്ച് റോമിൽ വച്ചു നടന്ന അസാ ധാരണ സിനഡിൽ ഇന്ത്യൻ സഭാന്തര പ്രശ്നങ്ങൾ അവതരിപ്പിക്കപ്പെ ട്ടു. അന്ന് എറണാകുളം മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവ് അജപാലനശുശ്രൂഷയെക്കുറിച്ചും ചങ്ങനാ ശ്ശേരി മെത്രാപ്പോലീത്തായായി നിയമിതനായ മാർ ജോസഫ് പവ്വത്തിൽ പിതാവ് സുവിശേഷവൽക്കരണത്തെക്കുറിച്ചുമുള്ള ഇന്ത്യയിലെ പൗര സ്ത്യസഭകളുടെ നിലപാടുകൾ വിശദീകരിച്ചുകൊണ്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അഭിവന്ദ്യ പടിയറ പിതാവിന്റെ നിർദ്ദേശപ്രകാരം ദൈവ ശാസ്ത്രജ്ഞനായി ബഹു. വെള്ളാനിക്കലച്ചനും അവരോടൊപ്പം ഉണ്ടാ യിരുന്നു. ഈ അസാധാരണ സിനഡിൽ നടന്ന ചർച്ചകൾ ഇക്കാര്യ ത്തിൽ തുടർനടപടികൾ ഉണ്ടാകുന്നതിന് നിർണ്ണായകമായി. ഇന്ത്യ യിലെ സീറോ മലബാർ, സീറോ മലങ്കരസഭകൾക്ക് ലോകം മുഴുവ നിലും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ അവകാശവും ഉത്തര വാദിത്വവുമുണ്ടെന്ന യാഥാർത്ഥ്യം അന്നത്തെ ഇറ്റാലിയൻ പത്രമാധ്യ മങ്ങളും റിപ്പോർട്ടു ചെയ്തു. ഇന്ത്യയിലെ അന്തർസഭാ പ്രശ്നപരിഹാ രത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങളുടെ വെളിച്ച ത്തിൽ ശരിയായ പ്രായോഗിക നടപടികൾ കൈക്കൊള്ളുവാൻവേണ്ടി 1985 ലെ അസാധാരണസിനഡിനു നേതൃത്വം വഹിച്ച ജോൺ പോൾ



malankaralibrary.com

രണ്ടാമൻ മാർപ്പാപ്പ 1987 മെയ് 28-ാം തീയതി ഇന്ത്യയിലെ എല്ലാ മെത്രാന്മാർക്കുമായി എഴുതിയ കത്തിൽ, ഇന്ത്യയിലെ വ്യക്തിസഭകൾക്ക് സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കും തുല്യ അവകാശവും കടമയുമുണ്ടെന്ന ചൂണ്ടിക്കാട്ടി. അതിനുശേഷമാണ് സീറോ മലബാർ, സീറോ മലങ്കരസഭകൾക്ക് ഇന്നത്തെ നിലയിലേക്കുള്ള വളർച്ചയ്ക്കുള്ള വാതായനങ്ങൾ തുറന്നുകിട്ടിയത്.

അധികം വൈകാതെ ബോംബെ, പൂനാ, നാസിക് എന്നീ ലത്തീൻ രൂപതകളിലുള്ള സീറോ മലബാർ സഭാംഗങ്ങൾക്കു വേണ്ടി 1988 ഏപ്രിൽ 30-ാം തിയതി കല്യാൺ രൂപത സ്ഥാപിക്കുകയുണ്ടായി. തുടർന്ന് 2017 ഒക്ടോബറിൽ ഇന്ത്യയൊട്ടാകെ അജപാലനപരിധി ലഭിച്ചതുവരെയുള്ള സീറോ മലബാർ സഭയുടെ വളർച്ച ചരിത്രത്തിന്റെ ഭാഗമായി. വൈദേശിക ആധിപത്യത്തിൽ നഷ്ടപ്പെട്ട സ്വത്വം വീണ്ടെടുക്കുവാൻ നൂറ്റാണ്ടുകൾക്കുമുമ്പു തുടങ്ങിയ നസ്രാണിസഭയുടെ പരിശ്രമത്തിൽ പങ്കുചേർന്ന പിതാമഹന്മാരോടൊപ്പം, വ്യക്തിസഭകളുടെ പ്രാധാന്യം വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ ഉയർത്തിക്കാട്ടിയ ബഹു. മാത്യു വെള്ളാനിക്കലച്ചനും ഭാഗഭാക്കായി എന്നത് വിസ്മരിക്കാനാവില്ല.

സെന്റ് പോൾസ് പബ്ലിക്കേഷൻസ് 2009 ൽ പ്രസിദ്ധീകരിച്ച *Church: Communion of Individual Churches* എന്ന പുസ്തകം വ്യക്തിസഭകളുടെ ദൈവശാസ്ത്രത്തിന് അദ്ദേഹം നല്കിയ വിലയേറിയ ഒരു ഉപഹാരമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ച 'കൂട്ടായ്മാ സഭാവിജ്ഞാനീയ'ത്തിന്റെ വിശുദ്ധഗ്രന്ഥാധിഷ്ഠിതവും ദൈവശാസ്ത്രപരവുമായ ഒരു വിശകലനമാണിത്. 'വ്യക്തിസഭകളുടെ കൂട്ടായ്മയാണ് സഭ' എന്നതിനെ, റോമിലെ പൊന്തിഫിക്കൽ ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കാനൻനിയമ പ്രൊഫസർ, "Vellanickal's Theory" എന്നു വിശേഷിപ്പിച്ചിട്ടുണ്ട്.

ഒരു വ്യക്തിസഭയുടെ വ്യക്തിത്വത്തിന്റെ ഏറ്റവും മഹത്തായ പ്രകാശനമാണ് ആ സഭയുടെ ആരാധനക്രമം. അച്ചന്റെ എടുത്തുപറയേണ്ട നേട്ടങ്ങളിലൊന്നാണ് സീറോ മലബാർ സഭയുടെ ആരാധനക്രമാലാപന(ലിറ്റർജിക്കൽ ചാന്റ്)ത്തിന്റെ രൂപീകരണം. ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാംഗങ്ങൾ ഒന്നുചേർന്ന് ദൈവാരാധനയിൽ പങ്കുചേരുക വഴി സഭയുടെ ഐക്യത്തിനും വിശുദ്ധിക്കും സാക്ഷ്യം വഹിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹമാണിതിനു പിന്നിൽ പ്രവർത്തിച്ചത്.



malankaralibrary.com

സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള സഭാന്തരകമ്മീഷനുകളിലും മാത്യു അച്ചൻ സജീവമാണ്. കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലും (1989 മുതൽ) കത്തോലിക്കാസഭയും സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലും (1989 മുതൽ) കത്തോലിക്കാസഭയും ഓറിയെന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലും (2003 മുതൽ) ഉള്ള ദൈവശാസ്ത്ര ഡയലോഗ് കമ്മീഷനുകളിലെ അംഗമാണ് അച്ചൻ. കത്തോലിക്കാസഭയും പൗരസ്ത്യ അസ്സീറിയൻ സഭയും തമ്മിലുള്ള (1995-2017) കമ്മീഷനിലും അദ്ദേഹം അംഗമായിരുന്നു. ഈ കമ്മീഷനുകളിലെ അംഗമെന്ന നിലയിൽ സഭാത്മകമായ തന്റെ സംഭാവനകൾ അദ്ദേഹം തുടർന്നുകൊണ്ടിരിക്കുന്നു. ദേശീയ-അന്തർദ്ദേശീയ എക്യുമെനിക്കൽ കമ്മീഷനുകളിൽ അവതരിപ്പിക്കുന്ന പ്രബന്ധങ്ങൾ പ്രധാനമായും സഭൈക്യത്തിന്റെ വിശുദ്ധ ഗ്രന്ഥാടിസ്ഥാനം എടുത്തു കാട്ടുന്നവയാണ്.

### 3. ആദ്ധ്യാത്മികതലം

1980 ൽത്തന്നെ മാത്യു അച്ചൻ കോട്ടയം, മാങ്ങാനത്തുള്ള സ്പിരിച്ച്വാലിറ്റി സെന്ററിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടിരുന്നു. ഈ സേവനം ഇപ്പോഴും തുടരുന്ന അദ്ദേഹം ഇപ്പോൾ ആയിരിക്കുന്നതും സ്പിരിച്ച്വാലിറ്റി സെന്ററിൽത്തന്നെയാണ്. സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രമായി പ്രവർത്തിക്കുന്ന 'പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബം' വിശുദ്ധിയ്ക്കുവേണ്ടി നിലകൊള്ളുന്ന സമർപ്പിതരും (അപ്പസ്തോലിക് ഒബ്ലേറ്റ്സ്) ഇടവകവൈദികരും (അപ്പസ്തോലിക് സൊദാലെസ്) അല്മായരും (സോഷ്യൽ ആനിമേറ്റേഴ്സ്) ഉൾപ്പെടുന്ന ഒരു സമൂഹമാണ്. ഈ പ്രേഷിതകുടുംബത്തിന്റെ ചുമതല വഹിക്കുന്ന സ്ഥാപകഡയറക്ടറായും 1985 മുതൽ അദ്ദേഹം ശുശ്രൂഷ ചെയ്യുന്നു. 2011 ൽ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദറായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2016 ൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും ആ തലത്തിലുള്ള തന്റെ ശുശ്രൂഷ ഇപ്പോഴും തുടരുകയും ചെയ്യുന്നു.

ബഹു. വെള്ളാനിക്കലച്ചന്റെ ആദ്ധ്യാത്മിക-സഭാത്മക-ദൈവശാസ്ത്രചിന്തകൾ തന്റെ രചനകളിലൂടെയും തനതായ രീതിയിൽ അദ്ദേഹം പ്രകടമാക്കുന്നു. ദൈവശാസ്ത്രപരവും വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവും ആദ്ധ്യാത്മികവുമായ നിരവധി സംഭാവനകൾ പുസ്തകരൂപത്തിലും



malankaralibrary.com

വിവിധ കോൺഫറൻസുകളിൽ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളായും ലേഖനങ്ങളായും അച്ചൻ നല്കിയിട്ടുണ്ട്. ഇപ്രകാരം, ഇംഗ്ലീഷിലും മലയാളത്തിലുമായി, ചെറുതും വലുതുമായ 56 പുസ്തകങ്ങളും ഇരുനൂറ്റിയമ്പതിലധികം പ്രബന്ധങ്ങളും മുന്നൂറിലധികം ലേഖനങ്ങളും അദ്ദേഹത്തിന്റെ ദൈവശാസ്ത്രപരവും വിശുദ്ധഗ്രന്ഥാധിഷ്ഠിതവുമായ സംഭാവനകൾക്കു തെളിവാണ്. വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ പുസ്തകരചനകളിൽ കേവലം ശാസ്ത്രീയവ്യാഖ്യാനത്തെക്കാളുപരി ആദ്ധ്യാത്മികമാനങ്ങൾക്ക് ഊന്നൽ കൊടുക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുന്നു. സഭയുടെ വിശ്വാസവും ആദ്ധ്യാത്മികതയും കെട്ടിപ്പടുക്കത്തക്കവിധമുള്ള വിശദീകരണങ്ങൾക്കാണ് അച്ചൻ പ്രാധാന്യം നല്കുന്നത്.

വിവിധ ദൈവശാസ്ത്രപഠനകേന്ദ്രങ്ങളിലെ പ്രബോധനശുശ്രൂഷയോടൊപ്പം, വിവിധ ബൈബിൾ കൺവെൻഷനിലും ധ്യാനങ്ങളിലും പഠനശിബിരങ്ങളിലും സഭയുടെ വിശ്വാസത്തെ കെട്ടിപ്പടുക്കാനുള്ള ആഹ്വാനം വെള്ളാനിക്കലച്ചൻ നല്കിക്കൊണ്ടിരിക്കുന്നു. പാലാ ബൈബിൾ കൺവെൻഷനിലും മണിമല ബൈബിൾ കൺവെൻഷനിലും ചങ്ങനാശ്ശേരി ബൈബിൾ കൺവെൻഷനിലും വിഷയങ്ങൾ നിർദ്ദേശിച്ചും പ്രഭാഷണങ്ങൾ നടത്തിയും വർഷങ്ങളോളം ശുശ്രൂഷ നിർവഹിച്ചു. കേരളത്തിലെ പല രൂപതകളിലും കേരളത്തിനു പുറത്തും വൈദികരുടെ വാർഷികധ്യാനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രമാക്കി ഇപ്പോഴും വൈദികരെയും സന്ന്യസ്തരെയും അൽമായരെയും അദ്ദേഹം ധ്യാനിപ്പിക്കുകയും സഭയുടെ ആദ്ധ്യാത്മകതയിൽ വളർന്നുവരാൻ അനേകർക്ക് പ്രചോദനമാകുകയും ചെയ്യുന്നു. School of Prayer, School of Bible തുടങ്ങിയ പ്രബോധനാത്മകമായ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ച അദ്ദേഹം ഇപ്പോൾ School of Spirituality ലൂടെ തന്റെ ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ തുടരുന്നു.

### അംഗീകാരങ്ങൾ

സഭയ്ക്കും സമൂഹത്തിനും മാത്യു അച്ചൻ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ സേവനങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങളാണ് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള അവാർഡുകൾ. മാർ കുണ്ടുകുളം അവാർഡ് (2000), ഭാരത് മാതാ അവാർഡ് (2002), ഗ്രേറ്റ് ഇന്ത്യൻ അച്ചീവേഴ്സ് അവാർഡ് (2003), റൈസിംഗ് പേഴ്സൊണാലിറ്റീസ് ഓഫ് ഇന്ത്യ



malankaralibrary.com

അവാർഡ് (2004), ഫ്രണ്ട്ഷിപ്പ് ഫോറം ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റ് ഓഫ് എക്സലെൻസ് (2004), ഷെവലിയർ ഐ. സി. ചാക്കോ അവാർഡ് (2006), സീറോ മലബാർ റിസേർച്ച് സെന്റർ അവാർഡ് (2010), അപ്പർ കുട്ടനാട് വികസന സമിതിയുടെ ശ്രേഷ്ഠതാ പുരസ്കാരം (2015), സഭയ്ക്കും സമൂഹത്തിനും നല്കിയ ദൈവശാസ്ത്രസംഭാവനകൾക്കായി കേരളാ തിയളോജിക്കൽ അസ്സോസ്സിയേഷൻ നല്കിയ പുരസ്കാരം (2016), കെ. സി. ബി. സി. മീഡിയാ കമ്മീഷന്റെ ഗുരുപൂജാ പുരസ്കാരം (2016) എന്നിവയെല്ലാം അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരമുദ്രകളാണ്.

എല്ലാറ്റിമുമുപരി 2013 ൽ സീറോ മലബാർ സഭാ സിനഡ് 'മല്പാൻ' പദവി നല്കി അദ്ദേഹത്തെ ആദരിച്ചു എന്നത് എടുത്തുപറയേണ്ടതാണ്. സഭയ്ക്കും സമൂഹത്തിനും ക്രിസ്തീയപ്രബോധനം നല്കുന്നതിൽ അച്ചനുള്ള അസാമാന്യവും ഉത്കൃഷ്ടവുമായ പാണ്ഡിത്യത്തിനും ജീവിതവിശുദ്ധിക്കും അദ്ദേഹത്തിനു ലഭിച്ച അംഗീകാരമാണ് മല്പാൻ പദവി. സീറോ മലബാർ സഭയിലെ ആദ്യ മല്പാനാണ് വെള്ളാനിക്കൽ മാത്യു അച്ചൻ. അതോടനുബന്ധിച്ച് ഇപ്പോൾ അച്ചൻ ആയിരിക്കുന്ന മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്റർ 'മല്പാനേറ്റ്' ആയി ചങ്ങനാശ്ശേരി അതിരൂപത പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ടുമുട്ടുന്നവരുടെയെല്ലാം ഹൃദയത്തിൽ ദൈവസ്നേഹം പകർന്നുകൊടുക്കുന്ന ഒരു ജ്വാലയായി അച്ചൻ സ്ഥാനമുറപ്പിക്കുന്നു എന്നതാണ് അദ്ദേഹത്തിനു ലഭിക്കുന്ന ഏറ്റവും വലിയ ബഹുമതി.

അനേർക്ക് ദൈവസാന്നിദ്ധ്യത്തിലേക്കുള്ള വഴിവിളക്കായി പ്രശോഭിക്കുന്ന വെള്ളാനിക്കൽ അച്ചൻ ലാളിത്യവും എളിമയും വിശുദ്ധിയും നിറഞ്ഞ ജീവിതവും കർമ്മങ്ങളും ആത്മീയനേതൃത്വവും വഴി, വിശ്രമമില്ലാതെ, ദൈവഹിതം ജീവിതത്തിൽ പൂർത്തിയാക്കണമെന്ന ആഗ്രഹത്തോടെ, തുടർന്നു പ്രവർത്തിക്കുന്നു. ഈ ധന്യജീവിതത്തെയോർത്ത് ദൈവത്തിനു നന്ദി!

## Bibliography

### Books in Malayalam

1. ബൈബിളിന് ഒരാമുഖം (കോട്ടയം, 1977).
2. സുവിശേഷ പഠനങ്ങൾ (കോട്ടയം, 1980).
3. ദൈവവിളി ബൈബിളിൽ (കോട്ടയം, 1982).



malankaralibrary.com

4. പ്രാർത്ഥന ബൈബിളിൽ (കോട്ടയം, 1982).
5. ക്രൈസ്തവജീവിതദർശനം (ചങ്ങനാശ്ശേരി, 1983).
6. അജപാലകരുടെ ആദ്ധ്യാത്മികത (കോട്ടയം, 1985).
7. മറിയം ബൈബിളിൽ (കോട്ടയം, 1988).
8. വിശ്വാസവും മാനസാന്തരവും (ചങ്ങനാശ്ശേരി, 1988).
9. വെളിപാടിൻെറപുസ്തകം: ക്രൈസ്തവസമീപനം (കൊച്ചി, 1989).
10. കത്തോലിക്കരും മൗലികവാദികളും (കോട്ടയം, 1989).
11. ബൈബിൾ വിജ്ഞാനകോശം (ചീഫ് എഡിറ്റർ) (കോട്ടയം, 1989).
12. താതൻെറ മൊഴികൾ (കോട്ടയം, 1990).
13. സുവിശേഷാനുഭവധ്യാനം (കോട്ടയം, 1990).
14. ദൈവമനുഷ്യസമാഗമം ബൈബിളിൽ (കോട്ടയം, 1991).
15. സുവിശേഷഭാഷ്യം (കോട്ടയം, 1997).
16. ആത്മീയശില്പി (കോട്ടയം, 1997).
17. പരിശുദ്ധാത്മാവും ക്രിസ്തീയജീവിതവും (ചങ്ങനാശ്ശേരി, 1998).
18. ആബാ അനുഭവവും ക്രൈസ്തവജീവിതവും (കോട്ടയം, 1999).
19. ആബാ അനുഭവവർഷം (കാഞ്ഞിരപ്പള്ളി, 1999).
20. ദൈവമക്കൾ നമ്മൾ (കോട്ടയം, 2000).
21. ബൈബിളിലെ പ്രതിഭകൾ (കോട്ടയം, 2001).
22. വിശുദ്ധ കുർബാനയും ആദ്ധ്യാത്മികജീവിതവും (കോട്ടയം, 2001).
23 സെനക്കിൾ നിങ്ങളെ ക്ഷണിക്കുന്നു (കോട്ടയം, 2001).
24. കത്തോലിക്കരും സഭാവിരുദ്ധഗ്രൂപ്പുകളും (കോട്ടയം, 2002).
25. വിശുദ്ധിയുടെ പാതയിൽ (ചങ്ങനാശ്ശേരി, 2002).
26. പൗരോഹിത്യ ആദ്ധ്യാത്മികത, വാല്യം.1 (കോട്ടയം, 2007).
27. പൗരോഹിത്യ ആദ്ധ്യാത്മികത, വാല്യം.2 (കോട്ടയം, 2007).
28. വചന വിചിന്തനങ്ങൾ (കോട്ടയം, 2008).
29. സുവിശേഷ വിചിന്തനങ്ങൾ (കോട്ടയം, 2009).
30. വചനമുകുളങ്ങൾ (കോട്ടയം, 2010).
31. ആദ്ധ്യാത്മികജീവിതം: പൗലോസ് ശ്ലീഹായുടെ ഭാഷ്യം (കോട്ടയം, 2010).
32. സെനക്കിൾ (വിവർത്തനം) (കോട്ടയം, 2010).
33. മിശിഹായുടെ മാർവിൽ സ്നേഹശിഷ്യനൊത്ത് (കോട്ടയം. 2011)
34. സന്ന്യാസവും സമർപ്പണവും സഭയിൽ (കോട്ടയം. 2011)
35. ഈശോമിശിഹായുടെ മഹത്ത്വീകരണം യോഹന്നാൻശ്ലീഹായുടെ



malankaralibrary.com

സാക്ഷ്യം (കോട്ടയം, 2012)

36. സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം (കോട്ടയം, 2013).
37. വിശ്വാസപ്രമാണം: ഒരു വിശകലനം (കോട്ടയം, 2013).
38. സഭാത്മകസുവിശേഷം (കോട്ടയം, 2014).
39. കുടുംബം ബൈബിളിൽ (കോട്ടയം, 2014)
40. സന്തോഷത്തിന്റെ സുവിശേഷം (കോട്ടയം, 2015).
41. ആത്മീയശില്പി (2nd edition) (കോട്ടയം, 2015).
42. നമുക്കും വിശുദ്ധരാകാം (കോട്ടയം, 2015)
43. കരുണയുടെ സുവിശേഷം (കോട്ടയം, 2016).
44. കരുണയുടെ മുഖം (കോട്ടയം, 2016).
45. ഈശോമിശിഹായുടെ സുവിശേഷം (കോട്ടയം, 2018).
46. പരിശുദ്ധാത്മാവിന്റെ സുവിശേഷം (കോട്ടയം, 2019).
47. ജീവന്റെ സുവിശേഷം (കോട്ടയം, 2019).

## Books in English

1. Good News and Witness (co-author), TPI (Bangalore, 1973).
2. Understanding Evangelization in the Context of Present Day India, CBCI (Calcutta, 1974).
3. Divine Sonship of Christians in the Johannaine Writings, Analecta Biblica 72 (Rome, 1977).
4. Studies in the Gospel of John, ATC (Bangalore, 1982).
5. Ecclesial Identity of the Thomas Christians (co-editor) (Kottayam, 1985).
6. Biblical Prayer Experience, St. Pauls (Bombay, 1986).
7. Divine Sonnship of Man in the Bible (Kottayam, 1999).
8. Church: Communion of Individual Churches, St. Pauls (Bombay, 2009).
9. Eucharist: Bread of Life for the World (An Exegetico-Hermeneutical Analysis of John Ch.6), Dharmaram Publications (Bangalore, 2010).



malankaralibrary.com

# ജോസഫ് പാത്രപാങ്കൽ സി.എം.ഐ.
# കർമ്മയോഗിയായ സന്യാസവര്യൻ

**ഡോ. നവ്യ മരിയ സി. എം. സി**

കോട്ടയം ജില്ലയിലെ എളംകുളം ഗ്രാമത്തിൽ 1930 സെപ്റ്റംബർ 29-ാം തിയതി പാത്രപാങ്കൽ അബ്രാഹം, മറിയം ദമ്പതികളുടെ 5-ാമത്തെ സന്താനമായി കുഞ്ഞുജോസഫ് പിറന്നു. പ്രൈമറി വിദ്യാഭ്യാസം എളംകുളം സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം പൊൻകുന്നം ഹിന്ദു ഹൈസ്കൂളിലുമായി പൂർത്തിയാക്കിയ ജോസഫ് പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും എന്നും മുൻപന്തിയിലായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ദൈവത്തെ സ്നേഹമുള്ള പിതാവായും, ലോകത്തെ കുടുംബമായും, സഹജരെ കൂടെപിറപ്പുകളായും കണ്ട വി. കുര്യാക്കോസ് ഏലിയാസ് ചാവറയുടെ ദർശനം ഉൾക്കൊണ്ട് വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ദൈവത്തെയും, ദൈവജനത്തെയും സേവിക്കാനുള്ള ദാഹത്തോടെ സി. എം. ഐ സന്യാസസമൂഹത്തിൽ അർത്ഥിയായി ചേർന്ന് 1958 മാർച്ച് 24 -ാം തീയതി വൈദികനായി അഭിഷിക്തനായി.

വൈദിക പരിശീലന കാലഘട്ടത്തിൽ പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്ന് ദൈവശാസ്ത്രത്തിൽ M Th കരസ്ഥമാക്കിയ പാത്രപാങ്കലച്ചൻ വൈദികനായതിനുശേഷം 1962 ൽ Rome ലെ Pontifical Biblical Institute ൽ നിന്ന് Sacred Scripture ൽ Licentiate ഉം, Gregorian Universityയിൽ നിന്ന് Biblical Theology യിൽ ThD യും കരസ്ഥമാക്കി. (Dessertation: *Metanoia, Faith, Covenent - A study in Pauline Theology*). ക്രിസ്തീയ ദൈവശാസ്ത്രത്തിലും ബൈബിൾ പഠനങ്ങളിലും അദ്ദേഹം നല്കിയ മികവുറ്റ സംഭാവനകളെ പരിഗണിച്ച് 1997 ൽ University of Uppsala, Swedan അദ്ദേഹത്തെ ദൈവശാസ്ത്രത്തിൽ Honorary Doctorate നല്കി ആദരിച്ചു.



malankaralibrary.com

### 1. ധർമ്മാരാമിനെ ഹൃദയത്തിലേറ്റിയ പ്രൊഫസർ

ജോസഫ് പാത്രപാങ്കലച്ചന്റെ ദൈവശാസ്ത്ര സമീപനങ്ങളുടെ പ്രതിഫലനം അദ്ദേഹത്തിന്റെ കർമ്മമണ്ഡലമായിരുന്ന ധർമ്മാരാം കോളേജിന്റെ പ്രവർത്തനശൈലിയിൽ കാണാൻ കഴിയും.

1959–ൽ തന്റെ 29 -ാം വയസ്സിൽ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ആരംഭിച്ച അദ്ധ്യാപനജീവിതം 2017 വരെ തുടർന്നു. ക്രാന്തദർശിയും, കർമ്മയോഗിയുമായ പാത്രപാങ്കലച്ചന്റെ ദീർഘവീക്ഷണത്തിന്റെ പ്രതിഫലനമാണ് ഇന്നു കാണുന്ന ധർമ്മാരാമും അതിന്റെ വളർച്ചയും എന്നുപറയുന്നതിൽ അതിശയോക്തിയില്ല. ദേശീയ-അന്തർദേശീയ തലങ്ങളിൽ ഇന്ന് ധർമ്മാരാം വിടർന്നു ശോഭിക്കുമ്പോൾ അതിന്റെ പിന്നിലെ പ്രധാനപ്പെട്ട ഒരു ചാലകശക്തി ബഹു. പാത്രപാങ്കലച്ചൻ തന്നെ. ധർമ്മാരാമിന്റെ തുടക്കക്കാരനും, ശില്പിയുമായ ബിഷപ് ജോനാസ് തളിയത്ത് ഈ കാര്യത്തിൽ പാത്രപാങ്കലച്ചന് ഗുരുവും, പ്രചോദനവുമായിരുന്നു. ഇന്ന് Theology, Philosophy, Canon Law, Spirituality വിഭാഗങ്ങളിലായി വലിയൊരു മുന്നേറ്റം ഈ വിദ്യക്ഷേത്രത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ വലിയൊരു പങ്കും പാത്രപാങ്കലച്ചന്റെ ശ്രമഫലമാണ്. ഇതിന്റെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും അദ്ദേഹം ഏറെ അദ്ധ്വാനിച്ചിട്ടുണ്ട്.

ധർമ്മാരാമിന്റെ വളർച്ച സ്വപ്നം കണ്ടു കൊണ്ട് സന്തോഷത്തോടെ ശുശ്രൂഷ ചെയ്ത പാത്രപാങ്കലച്ചൻ ഔദ്യോഗിക ശുശ്രൂഷ നിർവ്വഹിച്ച കാലയളവിൽ അതിന്റെ നേതൃനിരയിലായിരുന്നു. 1968–70 കാലഘട്ടങ്ങളിൽ ദൈവശാസ്ത്ര വിഭാഗത്തിന്റെ തലവനായി സ്തുത്യർഹമായ സേവനം ചെയ്ത അച്ചൻ 1969 – 71, 75 – 76 വർഷങ്ങളിൽ Dean of Studies ആയി തന്റെ ഔദ്യോഗിക സേവനം കാഴ്ച വച്ചു. 1976 – 1979 വർഷങ്ങളിൽ ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് പ്രസിഡന്റ് ആയിരുന്നു അച്ചൻ. ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തപ്പെട്ട കാലഘട്ടങ്ങളായിരുന്നു 1979 മുതൽ 1985 വരെ ബഹുമാനപ്പെട്ട പാത്രപാങ്കലച്ചൻ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച നാളുകൾ. ഈ ആറു വർഷക്കാലം ദീർഘവീക്ഷണത്തോടും കർമ്മകുശലതയോടും കൂടെ ധർമ്മാരാം വിദ്യാക്ഷേത്രത്തെ ഉയർച്ചയുടെ പടവിലേക്ക് നയിക്കുവാൻ



malankaralibrary.com

അദ്ദേഹത്തിന് കഴിഞ്ഞു. തുടർന്നുള്ള ആറു വർഷങ്ങൾ (1985 - 91) ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ Faculty of Theology യുടെ Dean ആയി നിസ്തുല സേവനം അനുഷ്ഠിച്ച അച്ചൻ 1991 - 2003 കാലഘട്ട ങ്ങളിൽ ദൈവശാസ്ത്ര വിഭാഗത്തിൽ ബൈബിൾ പ്രൊഫസറായി തന്റെ സേവനം തുടർന്നു. തന്റെ സഹപ്രവർത്തകർക്കും ശിഷ്യഗണങ്ങൾക്കും എന്നും പ്രചോദനമായി നിലകൊണ്ട ഈ വന്ദ്യ ഗുരുഭൂതൻ 2003 മുതൽ 2017 വരെ Professor Emeritus ആയി ധർമ്മാരാമിനെ സമ്പന്നമാക്കി.

**2. ധ്യാന-കർമ്മയോഗിയായ സന്യാസവര്യൻ**

"നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനുവേണ്ടിയുള്ള തീക്ഷ ണതയാർന്ന പ്രതീക്ഷയാക്കുക... എപ്പോഴും സന്നദ്ധരും, ക്രിസ്തുവി നോടും സഭയോടും നിങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ടുകളോടും നിങ്ങളുടെ കാല ഘട്ടത്തിലെ സ്ത്രീ പുരുഷന്മാരോടും വിശ്വസ്തരായിരിക്കുക" (*VC.* 110) എന്ന ആഹ്വാനത്തെ ജീവിതത്തിൽ പകർത്തിയ വ്യക്തിയായിരുന്നു പാത്രപാങ്കലച്ചൻ. കഴിഞ്ഞ 69 വർഷം നീണ്ട സന്യാസസമർപ്പണജീ വിതത്തിലൂടെ ഓർക്കാനും പരിഗണിക്കാനുമുള്ള മഹത്വപൂർണ്ണമായ ഒരു ചരിത്രം വിരചിച്ച വ്യക്തിയാണ് പാത്രപാങ്കലച്ചൻ. ഈശോയോ ടുള്ള സ്നേഹത്താലും, തീക്ഷണതയാലും ഹൃദയം നിറച്ച് സഭയ്ക്കും, സമൂഹത്തിനും വേണ്ടി അദ്ദേഹം ഏറ്റെടുത്ത ത്യാഗങ്ങളും, ചെയ്തു തീർത്ത അദ്ധ്വാനങ്ങളും വാക്കുകൾക്കതീതമാണ്. ദൈവവചനത്തിനു വേണ്ടി ജീവിതം സമർപ്പിച്ച ഒരു ധ്യാനയോഗിയാണ് അച്ചൻ. തന്റെ ജീവിതത്തിലുടനീളം ദൈവവചനത്തോട് വിശ്വസ്തനായ പാത്രപാങ്ക ലച്ചൻ ബൈബിൾ പഠനത്തിൽ എന്നും ഒരു വിദ്യാർത്ഥിആയി തന്നെതന്നെ കണ്ടിരുന്നു. അതുകൊണ്ട് തിരുവചനത്തിന്റെ ഉൾപൊ രുളുകൾ അദ്ദേഹത്തിന് നിരന്തരം വെളിപ്പെട്ടുകൊണ്ടിരുന്നു. ദൈവവ ചനം ഹൃദയത്തിൽ ധ്യാനിച്ച് അതിൽനിന്നും ലഭിച്ച ഉൾക്കാഴ്ചക്കനു സൃതം അദ്ദേഹം തന്റെ ജീവിതം കരുപ്പിടിപ്പിച്ചു. ദൈവവചനത്തിലൂടെ അനേകരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിച്ച ഒരു മഹത്വ്യക്തിത്വത്തിനുട മയായ അച്ചൻ വളരെ ക്രിയാത്മകമായ രീതിയിൽ തന്റെ കർമ്മ മണ്ഡ ലങ്ങളിൽ മടുപ്പില്ലാതെ സേവനം അനുഷ്ഠിച്ചു. താൻ നേടിയെടുത്ത ദൈവാനുഭവവും ബൈബിൾ വിജ്ഞാനീയത്തിലെ അനർഘ നിധി കളും അനേകം മക്കൾക്ക് പകർന്നു കൊടുക്കുകയെന്നത് അച്ചനൊരു ഹരമായിരുന്നു. ദൈവജനത്തിന് പ്രചോദനമാകാനും പ്രബോധനമേ കാനും ഒപ്പം നവീകരണത്തിന്റെ പാതയിലേക്ക് അവരെ ആനയിക്കാനും



malankaralibrary.com

ആഗ്രഹിച്ച അച്ചൻ കോട്ടയം ജില്ലയിലെ വാഴൂരിൽ അനുഗ്രഹ റിന്യൂവൽ സെന്റർ എന്ന സ്ഥാപനത്തിന് തുടക്കം കുറിച്ചു. 2003 മുതൽ 2017 വരെ അതിന്റെ ഡയറക്ടറെന്ന നിലയിൽ അച്ചൻ നിർവ്വഹിച്ച വൻ കാര്യങ്ങൾ അനേകർ നന്ദിയോടെ അനുസ്മരിക്കുന്നു. *ഭഗവദ്ഗീത* അനുശാസിക്കുന്നതുപോലെ ഒന്നിനോടും ഒട്ടിപ്പിടിക്കാതെ പ്രതിഫലം പ്രതീക്ഷിക്കാതെ അച്ചൻ സ്വയം മറന്ന് അദ്ധ്വാനിച്ചു, ഇപ്പോഴും അദ്ധ്വാനിക്കുന്നു. ഒന്നും സ്വന്തമാക്കി വയ്ക്കാൻ തെല്ലും ഇച്ഛിക്കാത്ത യഥാർത്ഥ സന്യാസവര്യൻ.

**3. പ്രബോധകനും പ്രചോദകനുമായ ഗുരുഭൂതൻ**

പാത്രപാങ്കലച്ചന്റെ അദ്ധ്വാനത്തിൽ സിംഹഭാഗവും വിജ്ഞാന ലോകത്തായിരുന്നു. തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗവും ടൈപ്പ് റൈറ്ററിന്റെയും, കമ്പ്യൂട്ടറിന്റെയും മുമ്പിൽ അദ്ദേഹം ചിലവഴിച്ചു. അനുഗൃഹീതനായ ഒരു എഴുത്തുകാരനും, പ്രഗല്ഭനായ ഒരു അധ്യാപകനും ശക്തനായ പ്രഭാഷകനുമായ അച്ചൻ തന്റെ ശിഷ്യസമൂഹത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളാണ്. ഓരോരുത്തർക്കും അർഹമായ പരിഗണന അദ്ദേഹം നല്കി. തന്റെ വിദ്യാർത്ഥികളിൽ ഒളിഞ്ഞു കിടക്കുന്ന മികവുകളെ പ്രോത്സാഹിപ്പിച്ച് അവരെ വലിയപണ്ഡിതരും പ്രഗത്ഭരുമാക്കാൻ അച്ചനെന്നും കൂടെ നിന്നിരുന്നു. അദ്ദേഹം എല്ലാവരെയും സ്നേഹിച്ചപ്പോൾ എല്ലാവരും തിരിച്ച് അദ്ദേഹത്തെയും സ്നേഹിച്ചു, ബഹുമാനിച്ചു. ധർമ്മാരാം വിദ്യാക്ഷേത്രത്തിലേക്ക് തന്റെ ശിഷ്യഗണം അധ്യാപകരായി കടന്നുവരുമ്പോൾ അഭിമാനത്തോടെ നോക്കിനില്ക്കുന്ന പാത്രപാങ്കലച്ചനെ കണ്ടിട്ടുണ്ട്. തന്നോടു സംവദിക്കുന്ന ശിഷ്യഗണത്തിന്റെ ഏതു ചോദ്യത്തിനും ഉത്തരം നല്കുന്ന അച്ചൻ ശിഷ്യർക്കു മുന്നിൽ ഒരു 'ബൈബിൾ വിജ്ഞാനകോശം' തന്നെയായിരുന്നു എന്നു പറയാം.

ഈ സന്യാസവൈദികന്റെ പ്രവർത്തനമണ്ഡലങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. അദ്ദേഹം അലങ്കരിച്ച പദവികളും ചെയ്ത സേവനങ്ങളും നിരവധിയാണ്. ഇന്ത്യയിലെന്നല്ല, വിദേശത്തും നിരവധി യുണിവേഴ്സിറ്റികളിൽ visiting professor ആയും, വിവിധ theological associations ന്റെ അംഗമെന്ന നിലയിലും അച്ചൻ നല്കിയ സംഭാവനകൾ ഈടുറ്റതാണ്.



malankaralibrary.com

## 4. കർമ്മമണ്ഡലങ്ങൾ

പാത്രപാങ്കലച്ചന്റെ പ്രവർത്തനമേഖല ഒരിടത്തും ഒതുങ്ങുന്നതായിരുന്നില്ല. 1972 മുതൽ അമേരിക്കയിലെ പ്രിൻസ്ടൻ തിയോളജിക്കൽ സെമിനാരിയിൽ വിസിറ്റിംഗ് ഫെലോ ആയി ജോലി ചെയ്തു. ആലുവ, അലഹബാദ്, കൽക്കത്ത, ബാംഗ്ലൂർ സി.ആർ.ഐ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ വിസിറ്റിംഗ് പ്രൊഫസറായി അച്ചൻ സേവനം അനുഷ്ഠിച്ചു.

വേദപുസ്തക ഗവേഷണവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളോടും ചേർന്നു പ്രവർത്തിച്ച പാത്രപാങ്കലച്ചൻ കാത്തലിക് ബിബ്ലിക്കൽ അസോസിയേഷൻ അംഗമായിരുന്നതോടൊപ്പം 1975–'77 കാലഘട്ടം അതിന്റെ സെക്രട്ടറിയായി 1984--86 കാലയളവിൽ അതിന്റെ പ്രസിഡന്റായും ശുശ്രൂഷ ചെയ്തു. സൊസൈറ്റി ഫോർ ബിബ്ലിക്കൽ സ്റ്റഡീസിന്റെ പ്രസിഡന്റായി 1972–'74 കാലയളവിൽ സേവനം അനുഷ്ഠിച്ചു. 1975 മുതൽ പുതിയ നിയമ പഠനത്തിനുള്ള സൊസൈറ്റി അംഗമായും പാത്രപാങ്കലച്ചൻ പ്രവർത്തിച്ചു. ജർമ്മനിയിലെ സ്റ്റുട്ട് ഗാർട്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന Katholisches Bible Werk ന്റെയും അമേരിക്കയിലെ കാത്തലിക് ബിബ്ലിക്കൽ അസോസിയേഷന്റെയും അംഗമായിരുന്നു പാത്രപാങ്കലച്ചൻ. വേദപുസ്തകപഠനരംഗത്തെ അച്ചന്റെ ശുശ്രൂഷകൾക്കുള്ള അംഗീകാരമായി സി.ബി.സി.ഐ യുടെ ബൈബിൾ കമ്മീഷൻ അംഗമായും (1972–'78) റോമിലെ പൊന്തിഫിക്കൽ കമ്മീഷൻ അംഗമായും (1984–'89) പാത്രപങ്കലച്ചൻ നിയമിതനായി.

അച്ചന്റെ പ്രവർത്തനരംഗം വേദപുസ്തകസംബന്ധിയായ ഗവേഷണങ്ങളിൽ മാത്രം ഒതുങ്ങു നിന്നില്ല. ഇന്ത്യൻ ക്രിസ്ത്യൻ തിയോളജിക്കൽ അസോസിയേഷന്റെയും (ICTA) ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷന്റെയും (ITA) അംഗമായും അച്ചൻ പ്രവർത്തിച്ചു. കൂടാതെ കോൺഫ്രൻസ് ഓഫ് കാത്തലിക് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് (COCTI) ന്റെ പ്രസിഡന്റായും 1987–'93 കാലയളവിൽ പ്രവർത്തിച്ചു. ഭാരതത്തിലെ ദൈവശാസ്ത്ര പ്രസാധനരംഗത്ത് മുൻനിരസ്ഥാപനമായ തിയോളജിക്കൽ പബ്ലിക്കേഷൻസ് ഇൻ ഇൻഡ്യയുടെ പ്രസിഡന്റായും 1990 മുതൽ പ്രവർത്തിച്ചു.

സഭൈക്യരംഗത്തും സജീവമായിരുന്ന പാത്രപാങ്കലച്ചൻ ഭാരത്തിലെ കത്തോലിക്കാ മെത്രാൻ സംഘത്തിലെ (CBCI) പ്രതിനിധി



malankaralibrary.com

യായും Faith & Order Commission -ൽ 1969-ൽ നിയോഗിതനായി. കൂടാതെ ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന Indian School of Eccumenical Theology, Eccumencical Christian Centre തുടങ്ങിയ സ്ഥാപനങ്ങളിലെ അംഗമായും പ്രവർത്തിച്ചു.

### 5. പാത്രപാങ്കലച്ചന്റെ ദൈവശാസ്ത്ര സംഭാവനകൾ

പ്രഗല്ഭ ബൈബിൾ പണ്ഡിതനായ ബഹു. പാത്രപാങ്കലച്ചന്റെ ജീവിതം ദൈവവചനത്തിനും, ദൈവശാസ്ത്രത്തിനും വേണ്ടി മാറ്റിവയ്ക്കപ്പെട്ടതായിരുന്നു. ബൈബിൾ വിജ്ഞാനിയത്തിൽ ഒരു പുതിയ പാത വെട്ടിതുറക്കുന്ന രചനാശൈലി അച്ചന് സ്വന്തമാണ്. ഇതിൽ അച്ചൻ നടത്തിയ ഗവേഷണങ്ങൾ അനേകം ഇന്ത്യൻ ദൈവശാസ്ത്രജ്ഞർക്ക് ഒരു തനതായ ശൈലി സ്വീകരിക്കാൻ അവസരം ഒരുക്കിക്കൊടുത്തു. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ദേശീയവും, അന്തർദ്ദേശീയവുമായ ദൈവശാസ്ത്ര സമ്മേളനങ്ങളിൽ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ച് അദ്ദേഹം തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. വേജപുസ്തകത്തിന്റെ പൊരുൾ പഠിപ്പിക്കുന്നതോടൊപ്പം വേദപുസ്താധിഷ്ഠിതമായ ഒരു ജീവിതശൈലിയുടെ പ്രചാരകനായിരുന്നു പാത്രപാങ്കലച്ചൻ. അച്ചന്റെ പ്രബോധനങ്ങളിലും രചനകളിലും ഇതിന്റെ നിർദർശനങ്ങൾ കാണാൻ സാധിക്കും. വേദപുസ്തകാധിഷ്ഠിതമായി പാത്രപൊങ്കലച്ചൻ വികസിപ്പിച്ചെടുത്ത ഒരു ആദ്ധ്യാത്മിക ജീവിതശൈലിയാണ് അച്ചന്റെ ദൈവശാസ്ത്ര സംഭാവനകളുടെ കാതൽ. ഇത് വെളിപ്പെടുത്തുന്ന ഏതാനും സമീപനങ്ങൾ മാത്രം ഇവിടെ ചൂണ്ടികാണിക്കുന്നു.

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ സാരാംശം മനസ്സിലാക്കുന്നതിന് ഒരു പുതിയ സമീപനരീതി വികസിപ്പിച്ചെടുത്തു. പരമ്പരാഗതമായി പരിചയിച്ചുശീലിച്ച ചിന്താരീതിയിൽനിന്നു വ്യതിരിക്തമായ ഏതാശയത്തെയും നിഷേധിച്ചുതള്ളുന്ന രീതി ക്രിസ്തീയമല്ല. ദൈവവചനത്തിന്റെ അർത്ഥസാന്ദ്രതയും സന്ദേശമൂല്യവും തലമുറകളിലൂടെ ജീവിക്കുന്ന തന്റെ മക്കൾക്ക് കാലത്തിന് അനുയോജ്യമായ ഭാഷയിലും ശൈലിയിലും പകർന്നു കൊടുക്കുവാൻ സഭ നിയുക്തയാണ് എന്നു പറഞ്ഞു വയ്ക്കുന്ന അച്ചൻ അതിനായി തന്റെ തൂലിക ചലിപ്പിച്ചു എന്നത് ശ്രദ്ധേയമാണ്.



malankaralibrary.com

പരിശുദ്ധാരൂപിയാൽ അനുഭവവേദ്യമായതും വിശ്വാസത്തിൽ വേരൂന്നിയതുമായ ഒരു ജീവിതം വചനത്തിലും പ്രവൃത്തിയിലും പ്രകാശിതമാക്കിയ അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും സുധീരം ദൈവവചനം പ്രഘോഷിച്ചെങ്കിൽ അവരുടേതിൽ നിന്ന് തെല്ലും കുറവില്ലാത്ത ഒരു കടമ, സത്യത്തിൽ ബോധ്യം വന്ന ഓരോ ക്രൈസ്തവനും സംസ്കാരാധിഷ്ഠിത വേദവ്യാഖ്യാനം ഉണ്ട്. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രഘോഷണത്തിനും പ്രേഷിത പ്രവർത്തനത്തിനും സാംസ്കാരിക പശ്ചാത്തലം കുലംകഷമായി പഠിച്ചിരിക്കണം. ഇവിടെ പ്രസംഗിക്കപ്പെടേണ്ടതായ വചനം ഇതര മതസ്ഥരോടുള്ള സഹവർത്തിത്വത്തിന്റെയും സൗഹൃദ ഭാഷണത്തിന്റെയും രൂപം ധരിക്കണം. ഇതര മതങ്ങളിൽ കാണപ്പെടുന്ന ആദ്ധ്യാത്മീകവും, ധാർമ്മീകവുമായ ചൈതന്യം മാനിച്ച് പരിപാലിച്ച് പ്രോത്സാഹിപ്പിക്കുകയും വേണം എന്നു പറഞ്ഞുവച്ച അച്ചൻ ബൈബിളിന്റെ ഇന്ത്യൻ വ്യാഖ്യാന രീതിയ്ക്ക് നൂതനമായ മാർഗ്ഗങ്ങൾ അവലംബിച്ചു. ഈ ദൃശ്യ പ്രപഞ്ചത്തിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി മല്ലടിക്കുന്ന മനുഷ്യൻ ദൈവവചനത്തിലാണ് പല ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടത്. ഈ സത്യം തിരിച്ചറിഞ്ഞ അച്ചൻ ദൈവവചനത്തിന്റെ ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറങ്ങി സ്ഥലകാലങ്ങൾക്കനുസൃതം അതിനെ വ്യാഖ്യാനിയ്ക്കാൻ തുടങ്ങി.

### 6. സുവിശേഷാത്മക അദ്ധ്യാത്മികത

ക്രൈസ്തവാദ്ധ്യാത്മീകത സ്വഭാവത്താൽത്തന്നെ സുവിശേഷാത്മകമാണ്. സുവിശേഷത്തിൽ വേരൂന്നി സുവിശേഷതത്വങ്ങളിൽ ചൂഴ്ന്നിരിക്കുന്ന ആദ്ധ്യാത്മീകതയ്ക്ക് അതിന്റേതായ ചില സവിശേഷതകളുണ്ട്. സുവിശേഷ സദ്വാർത്ത സ്വായത്തമാക്കി അംഗീകരിക്കുകയും തദനുസൃതം ജീവിക്കുകയും ദൈവത്തെ പിതാവായും ക്രിസ്തുവിനെ ദൈവത്തിന്റെ പുത്രനായും തന്റെ അയല്ക്കാരനെ സഹോദരനായും കാണുവാൻ പ്രാപ്തനാക്കുന്ന ഒരു ഈശ്വരാഭിമുഖ്യമാണത്. ക്രിസ്തുശിഷ്യത്വത്തിന്റെ മാഗ്നാകാർട്ട കണക്കെ വി. മത്തായി സുവിശേഷകൻ ചിത്രീകരിക്കുന്ന യേശുവിന്റെ മലയിലെ പ്രസംഗത്തിൽ വി. ഗ്രന്ഥാധിഷ്ഠിതമായ ആദ്ധ്യാത്മീകതയുടെ ഏറ്റവും ലളിതവും വ്യക്തവുമായ പ്രകാശനവും വിശദീകരണവും കാണുവാൻ കഴിയും എന്നു പറഞ്ഞുവയ്ക്കുന്ന പാത്രപാങ്കലച്ചൻ ഇതേ ആന്തരീകതയും, ചലനാത്മകതയും ആദ്ധ്യാത്മീകതയും വി. പൗലോസിന്റെ ലേഖനങ്ങളിൽ



malankaralibrary.com

കാണാൻ കഴിയും എന്ന് വേദപുസ്തകാധിഷ്ഠിത സന്യാസവ്യാഖ്യാനം എടുത്തു കാണിക്കുന്നുണ്ട്. സന്യാസം വെല്ലുവിളിക്കപ്പെടുന്ന ഈ കാല ഘട്ടത്തിൽ അതിന്റെ പ്രസക്തിയെക്കുറിച്ചും, പ്രാധാന്യത്തെക്കുറിച്ചും പാത്രപാങ്കലച്ചന് വ്യക്തമായ ദർശനമുണ്ടെന്ന് അദ്ദേഹത്തിന്റെ *ബൈബിളിലെ സന്യാസദർശനം* എന്ന ഗ്രന്ഥം വ്യക്തമാക്കുന്നു. സന്യാസജീവിതം ഒരു പുറപ്പാടാണ്, മനുഷ്യജീവിതത്തിന്റെ അസ്തി ത്വപരവും ആത്യന്തീകവുമായ അർത്ഥം തിരഞ്ഞുകൊണ്ടുള്ള ഒരന്വേ ഷണം. അതൊരു യാത്രയാണ്. നിശ്ചേതനമായൊരു ജീവിതാനുഭവമ ല്ലത്. ഇസ്രായേലിന്റെ ചരിത്രത്തിലും, ആദിമ ക്രിസ്തീയസഭയുടെ ജീവി താനുഭൂതിയിലും തെളിഞ്ഞുനില്ക്കുന്ന ജീവിതദർശനം തങ്ങളുടേതാ ക്കാനുള്ള പരിശ്രമമാണ് എന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ കാലഹരണ പ്പെട്ട ഒരു വ്യവസ്ഥിതിയുടെയും മനുഷ്യവിജ്ഞാനീയത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും സഭാവിജ്ഞാനീയത്തിന്റെയും അംഗീകരി ക്കപ്പെടാനാവാത്ത തത്വങ്ങളിലും സമീപനങ്ങളിലും കെട്ടിപ്പടുത്ത സന്യാസദർശനത്തിന് ഇന്ന് സ്വീകാര്യതയില്ല. അത് ബൈബിൾ ഉദർശനം ചെയ്യുന്ന സന്യാസമല്ല. അതേ സമയം മൗലീകമായ ക്രിസ്തീ യതയുടെ കറതീർന്ന ആവിഷ്കരണമായി ലോകത്തിന് പ്രദാനം ചെയ്യാൻ ഉതകുന്ന സന്യാസം ഇന്നും വിലമതിക്കപ്പെടും. അതിന് ബൈബിളിന്റെ അംഗീകാരമുണ്ട്; ദൈവത്തിന്റെ ആശീർവ്വാദമുണ്ട്; സഭ യുടെ പിൻതുണയുണ്ട്, ലോകത്തിന്റെ മുമ്പിൽ അതിന് എന്നും ഉന്ന തമായൊരു ദൗത്യം നിർവ്വഹിക്കാനുണ്ട്.

**7. ക്രിസ്തീയ ധാർമ്മികത**

ബൈബിളിന്റെയും ദൈവശാസ്ത്രത്തിന്റയും വെളിച്ചത്തിൽ സമ യത്തെയും ചരിത്രത്തെയും നോക്കിക്കാണുന്നതിനായി പാത്രപാങ്കല ച്ചൻ തുനിഞ്ഞിറങ്ങി. അതിനുള്ള സാഹസം കാണിച്ചതിന്റെ തെളി വാണ് അദ്ദേഹത്തിന്റെ രചനയായ *Time and History Biblical Theological Studies*. അഷ്ടസൗഭാഗ്യങ്ങളുടെ ലാളിത്യവും അതിന്റെ ഔന്നത്യവും അതിലൂടെ പ്രതിഫലിപ്പിക്കുന്ന ക്രൈസ്തവദർശനങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നതിനും യേശു ആവിഷ്കരിച്ച ക്രിസ്തീയ ധാർമ്മികതയുടെ വിവിധ രൂപഭാവങ്ങൾ അവയുടെ യഥാർത്ഥ പശ്ചാ ത്തലത്തിൽ വിശദീകരിക്കാനുമുള്ള അച്ചന്റെ ശ്രമമാണ് *ഗിരിഗീതയിലെ ക്രൈസ്തവദർശനം.*



malankaralibrary.com

**8. ആത്മീയത**

ക്രിസ്തുവിനുവേണ്ടി, ക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി പടപൊരുതുന്ന ഒരു പ്രവാചകനെ വി. പൗലോസ് ശ്ലീഹായിൽ ദർശിച്ച പാത്രപാങ്കലച്ചൻ പൗലോസ് ശ്ലീഹായുടെ ദർശനങ്ങളെയും, കാഴ്ചപ്പാടുകളെയും ഈ കാലഘട്ടത്തിനു മനസ്സിലാക്കിക്കൊടുക്കുവാൻ അക്ഷീണം യത്നിച്ചു. അദ്ദേഹത്തിന്റെ ഉപരിപഠനവിഷയം തന്നെ അതായിരുന്നു - *Metanoia, Faith, Covenent : A Study in Pauline Theology.* ക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി സഹിക്കാനും, ബുദ്ധിമുട്ടാനും, പരിമിതികൾ സ്വീകരിക്കാനും, പരിഭവങ്ങൾ നേരിടാനും വിമർശിക്കപ്പെടാനും തയ്യാറായ ശ്ലീഹായെ അവതരിപ്പിക്കുന്ന അച്ചൻ, സെന്റ് പോൾ എന്ന അപ്പസ്തോലന്റെ നിരന്തരമായ പരിശ്രമമില്ലായിരുന്നെങ്കിൽ സഭയും, സഭയുടെ സ്വഭാവവും, സഭയിലെ അധികാരവും വ്യത്യസ്തമായ രീതിയിൽ വളർന്നു പോകുമായിരുന്നു എന്ന് സമർത്ഥിക്കുന്നു. ക്രിസ്തു തെരഞ്ഞെടുത്ത പന്ത്രണ്ട് അപ്പസ്തോലന്മാർ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്ന് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ഭരിക്കുന്ന സംഘടനാപരമായ സഭാചരിത്രത്തിന്റെ സ്ഥാനത്ത് സേവനത്തിന്റയും ത്യാഗത്തിന്റെയുമായ ഒരു അപ്പസ്തോലിക ചിത്രം വളർത്തിയെടുക്കുന്നതിൽ വി. പൗലോസ് അവിസ്മരണിയമായ പങ്കു വഹിച്ചു. ഒരേ സമയം പ്രവാചകന്റെയും അപ്പസ്തോലന്റെയുമായ ഒരു ദൗത്യമായിരുന്നു അത്. ഈ ശ്രേഷ്ഠവും സാർവ്വലൗകികവുമായ ചിന്താധാരയെ തന്റെ ദൈവശാസ്ത്ര വ്യാഖ്യാനത്തിന്റെ അടിസ്ഥാനമാക്കാൻ പാത്രപാങ്കലച്ചൻ ശ്രമിച്ചിട്ടുണ്ട്.

വചനാധിഷ്ഠിതമായ ക്രിയാത്മകതയും, തനതായ വ്യാഖ്യാന ശൈലിയും, ബുദ്ധികൂർമ്മതയും, ലാളിത്യവും കൈമുതലാക്കിയ ബഹു. പാത്രപാങ്കലച്ചൻ തിരുസഭയ്ക്കും, ലോകത്തിനും നല്കിയ ദൈവശാസ്ത്ര സംഭാവനകൾ സമാനതകളില്ലാത്തതാണ്. നിഷ്കാമകർമ്മത്തിലൂടെ ആയുസ്സു മുഴുവൻ ദൈവത്തിനും ദൈവജനത്തിനുമായി അദ്ദേഹം സംലഭ്യമാക്കി. പ്രകൃതിയുടെയും, പ്രസാദവരത്തിന്റെതുമായ എല്ലാ ദാനങ്ങളും ഇതിനായി വിനിയോഗിച്ചു. ഭൂതകാലത്തെയും, വർത്തമാനകാലത്തെയും, ഭാവികാലത്തെയും കൂട്ടി യോജിപ്പിക്കുന്ന ഒരു ബൈബിൾ വ്യാഖ്യാനരീതിയ്ക്ക് അദ്ദേഹം രൂപം കൊടുത്തു.



malankaralibrary.com

ഇങ്ങനെ നോക്കുമ്പോൾ പാത്രപാങ്കലച്ചന്റെ ചിന്താധാരകളും, ആശയങ്ങളും കാലഘട്ടത്തിനനുസൃതവും, കാലിക പ്രസക്തിയുള്ളതുമായിരുന്നു. വിശ്രമമില്ലാതെ അദ്ധ്വാനിക്കുന്ന അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് ഇംഗ്ലിഷിലും മലയാളത്തിലുമായി ഇരുപതോളം പുസ്തകങ്ങളും, വിവിധ ഭാഷകളിലായി നൂറിലധികം ലേഖനങ്ങളും വിരചിതമായി.

**ഉപസംഹാരം**

മാനുഷീകതയിൽ ഊന്നിയ ഒരു ദൈവദർശനവും ദൈവീകതയിലേക്ക് ഉറ്റു നോക്കുന്ന ഒരു മനുഷ്യദർശനവുമാണ് പാത്രപാങ്കലച്ചന്റെ ദൈവശാസ്ത്രത്തിന്റെ ഊടും പാവുമെന്ന് നിസംശയം പറയാം. ദൈവശാസ്ത്രമെന്നത് കേവലം ഒരു ബൗദ്ധീകാഭ്യാസമല്ലെന്ന ധാരണയോടെ മനുഷ്യബന്ധിയായ ഒരു വ്യാഖ്യാനം തിരുവചനത്തിന് കൊടുക്കാൻ അദ്ദേഹത്തിനായി. ലോകത്തെയും മനുഷ്യജീവിതത്തെയും പ്രസാദാത്മമായി നോക്കിക്കണ്ട രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങളെ ആഴമായി സാംശീകരിച്ച് തന്റെ തിരുവചന ഭാഷ്യത്തിൽ അദ്ദേഹം സന്നിവേശിപ്പിച്ചു. കാഴ്ചയുടെ ചക്രവാളങ്ങളെ വിസ്തൃതമാക്കുന്ന ദൈവശാസ്ത്രദർശനമാണ് വേണ്ടതെന്ന് അദ്ദേഹം നിഷ്കർഷിച്ചു. മനുഷ്യരോടും, ഇതരമതങ്ങളോടും, ഇതര ക്രൈസ്തവസഭകളോടുമുള്ള ബന്ധത്തിൽ തുറവിയുടെയും അംഗീകരിക്കലിന്റെയും ശൈലി സൂക്ഷിക്കുന്ന പാത്രപാങ്കലച്ചന്റെ ദൈവശാസ്ത്രരചനകളും തിരുവചനവ്യാഖ്യാനങ്ങളും ആ ഹൃദയ വിശാലതയുടെ നിദർശനങ്ങളാണ്. ഏതു ദൈവശാസ്ത്ര ചിന്തയെയും കാലീകവും മനുഷ്യോന്മുഖവുമായി വ്യാഖ്യാനിക്കുമ്പോഴാണ് അത് ജീവിതബന്ധിയാകൂ എന്നു വിശ്വസിക്കുന്ന പാത്രപാങ്കലച്ചന്റെ ദൈവശാസ്ത്ര രചനകൾക്കൊക്കെ ഈ ഒരു സവിശേഷമാനം ഉണ്ട്. ചുരുക്കത്തിൽ ദൈവവചനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഒരു ദൈവദാസൻ, മനുഷ്യത്വത്തിന് ഊന്നൽ നല്കി ബൈബിൾ വ്യാഖ്യാനിച്ച ബൈബിൾ പണ്ഡിതൻ, തീക്ഷണതയുള്ള ഒരു വന്ദ്യവൈദികൻ, സ്നേഹം നിറഞ്ഞുതുളുമ്പുന്ന ഒരു സന്യാസി, ശിഷ്യഗണത്തിന് മാർഗ്ഗദർശിയായ ഗുരുഭൂതൻ - അതാണ് **ജോസഫ് പാത്രപാങ്കലച്ചൻ.**



malankaralibrary.com

# Bibliography


## Books in Malayalam

1. *ബൈബിൾ പഠനസഹായി* (ed), ധർമ്മാരാം പബ്ലിക്കേഷൻസ്, 1970 പരിഷ്കരിച്ച പതിപ്പ് 1988, 1994.

2. *ബൈബിൾ പഠനങ്ങൾ,* ജനത പബ്ലിക്കേഷൻസ്, കൊച്ചി, 1973, 1974, 1982

3. *ഗിരിഗീതയിലെ ക്രൈസ്തവദർശനം*, Deepika Book House, Kottayam,1973,1975,1984

4. *സുവിശേഷങ്ങൾ: ഒരാമുഖം* (ed), Deepika Book house, Kottayam,1974,1976,1982

5. *കെനോസിസ്: ഒരുക്രൈസ്തവഭാഷ്യം*, DeepikaBookHouse, Kottayam,1974,1976,1982

6. *ബൈബിൾ അപഗ്രഥനങ്ങൾ*, Deepika Book House, Kottayam 1976

7. *ശാലോം: വിശ്വദർശനത്തിന് ഒരു ക്രൈസ്തവഭാഷ്യം*, Deepika Book House, Kottayam 1980, Revised Edition - 1987

8. *ബൈബിൾ വിചിന്തനങ്ങൾ*, Deepika Book House, Kottayam 1981

9. *ബൈബിളിലെ സന്ന്യാസദർശനം*, Deepika Book House, Kottayam, 1974, 1984

## Books in English

10. *Metanoia, Faith, Covenant: A Study in Pauline Theology*, Dharmaram Publications, Bangalore 1971

11. *Service and Salvation*: Papers Presented at Nagpur International Theological Conference on Evangelisation, Theological Publications in India, Bangolore 1973 (Editor)

12. *Good News and Witness: The New Testament understanding of Evangelisation*, Theological Publications in India, Bangalore, (co- author)

13. *Understanding the Gospels Today*, Dharmaram Publications, Bangalore, 1977




malankaralibrary.com

14. *Christian Life: New Testament Perspectives*, Dharmaram Publications, Bangalore,1982

15. *Critical and Creative: Studies in Bible and Theology,* Dharmaram Publications, Bangalore, 1986

16. *Text and Context:* in *Biblical Interpretation*, Dharmaram Publications, Bangalore, 1993

17. *The Christian Programme: A Theological and Pastoral Study of the Sermon on the Mount*, Dharmaram Publications, Bangalore 1999.

18. *Dimensions of the Word*, Dharmaram Publications, Bangalore 2000

19. *Time and History: Biblical Theological Studies,* Asian Trading Corporation, Bangalore 2002.

20. *Foundational Perspectives in the New Testament:* Dharmaram Publications, Bangalore, 2004.

21. *The New and the Living way: Meditations on the Letter to the Hebrews,* Bangalore 2012.



malankaralibrary.com

# ജോൺ ബർക്കുമൻസ് ഒ.ഐ.സി.
# ദൈവശാസ്ത്രം കർമ്മപഥത്തിൽ

ഡോ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

ദൈവിക രഹസ്യങ്ങളുടെ ആഴങ്ങളിലേക്കറിങ്ങിച്ചെന്ന് അവയെ അപഗ്രഥിച്ച് ധ്യാനിച്ച് അവയിൽ നിന്ന് അറിവും അനുഭൂതിയും ഉൾക്കൊണ്ട് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും തന്റെ ജീവിത പദ്ധതികളുടെ മാനദണ്ഡമാക്കി പ്രവർത്തിക്കുകയം ചെയ്ത ദൈവശാസ്ത്രജ്ഞനായ ഒരു സന്യാസവര്യനായിരുന്നു ബഹു.ജോൺ ബർക്കുമൻസച്ചൻ.[1] 1934 ഡിസംബർ 24-ാം തീയതി കല്ലൂപ്പാറയിൽ ജനിച്ചു. അദ്ദേഹം എസ്.എസ്.എൽ.സി പഠനം പൂർത്തിയാക്കി ഒരു സന്യാസ വൈദികാർത്ഥിയായി തിരുവല്ലാ ബഥനി ആശ്രമത്തിൽ പ്രവേശിച്ചു. പൂനായിലെ പേപ്പൽ അത്തനേയത്തിലായിരുന്നു അദ്ദേഹം തന്റെ മേജർ സെമിനാരി പഠനം നടത്തിയത്. 1963 സെപ്റ്റംബർ 21-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. പഠനത്തിൽ സമർത്ഥനായിരുന്ന യുവവൈദികനെ 1965 -ൽ ബൈബിൾ പഠനം നടത്തുവാനായി റോമിലെ പ്രശസ്തമായ Biblicum-ൽ ആശ്രമ അധികാരികൾ അയച്ചു. അവിടെ ദീർഘമായ പഠനത്തിനും ഗവേഷണങ്ങൾക്കുംശേഷം ബൈബിളിൽ ഡോക്ടറേറ്റ് ബിരുദം നേടി അദ്ദേഹം നാട്ടിൽ തിരിച്ചെത്തി. CHRISTOS in the Gospel of St. Luke എന്നതായിരുന്നു പ്രബന്ധവിഷയം.

---

[1] George Thomas Kallunkal OIC, "Dr.John Berchmans OIC – A Down to Earth Theologian of the Malankara Catholic Church", MathaiKadavil OIC et al ed., From Stream to Source: Essays on the Foundations of Malankara Theology, Pune: BVP Publications, 2010, p.16-34 (Festschrist dedicated to Dr. John Berchmans OIC).



malankaralibrary.com

വിജയകരമായി പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ ബർക്കുമാൻസച്ചൻ പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിലും (JDV) മറ്റു ചില സെമിനാരികളിലും സന്യാസപരിശീലനകേന്ദ്രങ്ങളിലും ബൈബിൾ പഠിപ്പിക്കുവാൻ ആരംഭിച്ചു. 1977ൽ കേരള കത്തോലിക്കാ മെത്രാൻ സംഘം അദ്ദേഹത്തെ പി.ഒ.സി ബൈബിൾ മലയാള വിവർത്തന സംഘത്തിന്റെ അസ്സോസിയേറ്റ് എഡിറ്ററായി നിയമിച്ചു. കേരളസഭയ്ക്ക് വളരെ വിലപ്പെട്ട സേവനമാണ് ഈ നിയമനത്തിലൂടെ അച്ചൻ നല്കിയത്. 1980-1986 വരെ അച്ചൻ ബഥനി സന്യാസി സമൂഹത്തിന്റെ സുപ്പീര്യ ജനറലായി ശ്രദ്ധേയമായ രീതിയിൽ സമൂഹത്തെ നയിച്ചു. ഈ കാലയളവിൽ തന്നെ ബഥനി സന്യാസി സമൂഹത്തിന്റെ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനകേന്ദ്രമായ 'പൂനയിലെ ബഥനി സ്കൊളാസ്റ്റിക്കേറ്റിനോടു ചേർന്ന് ബഥനി വേദ വിജ്ഞാന പീഠം (BVP) എന്ന പേരിൽ ഒരു പൗരസ്ത്യ ദൈവശാസ്ത്ര പഠനകേന്ദ്രം സ്ഥാപിച്ചു. ജ്ഞാനദീപ വിദ്യാപീഠത്തിന്റെ അനുവാദത്തോടും അംഗീകാരത്തോടും കൂടിയാണ് BVP സ്ഥാപിതമായിട്ടുള്ളത്. മലങ്കര കത്തോലിക്കാ സഭയിലെ ഭാവി വൈദികർക്ക് പൗരസ്ത്യ ദൈവശാസ്ത്രത്തിലും ആരാധനക്രമത്തിലും ആദ്ധ്യാത്മികതയിലും മറ്റു പാരമ്പര്യങ്ങളിലും അറിവും അഭിമുഖ്യവും നല്കുക എന്ന ദീർഘ വീക്ഷണത്തോടെയാണ് BVP സ്ഥാപിതമായിരിക്കുന്നത്. ബർക്കുമൻസ് അച്ചൻ അനേകകാലം BVPയുടെ ഡയറക്ടറായും പ്രൊഫസറായുമിരുന്ന് അതിനെ വളർത്തി വലുതാക്കി ലക്ഷ്യത്തിലെത്തിക്കാൻ കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. പല ദേശീയ അന്തർദേശീയ സെമിനാറുകളും അച്ചന്റെ നേതൃത്വത്തിൽ അവിടെ നടത്തപ്പെട്ടിട്ടുണ്ട്.

മലങ്കര സഭയുടെ ദൈവശാസ്ത്രാഭിമുഖ്യങ്ങൾ വളർത്തിയെടുക്കുക, അവ പ്രചരിപ്പിച്ച് ജനങ്ങളിലെത്തിക്കുക എന്ന ഉദ്ദേശത്തോടെ 1983-ൽ മലങ്കര ഹൈരാർക്കിയുടെ നേതൃത്വത്തിൽ ഒരു 'മലങ്കര അക്കാഡമി' സ്ഥാപിക്കുന്നതിനും ബർക്കുമാൻസച്ചൻ മുൻകൈ എടുത്തു പ്രവർത്തിച്ചു. മലങ്കര കത്തോലിക്കാസഭയിലെ ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു സംഘമാണത്. അതിന്റെ ആദ്യപ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതും ബർക്കുമൻസച്ചനായിരുന്നു. ഈ കാലയളവിലെല്ലാം അച്ചൻ വേദപുസ്തകപരമായും ദൈവശാസ്ത്രപരമായും നിരവധി ഈടുറ്റ ലേഖനങ്ങളെഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.[2]

[2] John Berchmans OIC, "*From Orientalium Dignitas to Orientalium Lumen*:



malankaralibrary.com

1977-ൽ ബർക്കുമാൻസച്ചനെ കേരളത്തിനുപുറത്തും ഭാരതത്തിനുള്ളിലുമുള്ള മലങ്കര കത്തോലിക്കാസഭയുടെ കോർഡിനേറ്റർ ആയി മലങ്കര കത്തോലിക്കാ ഹൈരാർക്കി നിയമിച്ചു. തന്റെ പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണങ്ങളെ മിഷൻ മേഖലയിലെ അജപാലന ശുശ്രൂഷാരംഗത്ത് പ്രാവർത്തികമാക്കാനുള്ള ഒരവസരമായിട്ട് ഈ നിയമനത്തെ അച്ചൻ കാണുകയും ആ രീതിയിൽ അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. നിലവിലുണ്ടായിരുന്ന മിഷൻ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം ധാരാളം കേന്ദ്രങ്ങൾ പുതുതായി വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. കേരളത്തിനുപുറത്തുള്ള മലങ്കര കത്തോലിക്കർക്ക് ആവശ്യമായിരുന്ന ആരാധനക്രമ, പുസ്തകങ്ങൾ ഇംഗ്ലീഷിലും ഹിന്ദിയിലും ജനങ്ങൾക്ക് സംലഭ്യമാക്കി കൊടുത്തു. കുട്ടികളെയും യുവതീയുവാക്കളെയും ലക്ഷ്യംവച്ച് ഇംഗ്ലീഷ് ഭാഷയിൽ Catechism of the Visal Malankara Catholic Church എന്ന പേരിൽ മതബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചു. യുവാക്കൾക്കും മുതിർന്നവർക്കുമായി വിശ്വാസ വിഷയങ്ങളിൽ കറസ്പോണ്ടൻസ് കോഴ്സ് ആരംഭിച്ചു. Visal of Malankara Voice എന്നൊരു പ്രസിദ്ധീകരണത്തിന്റെ പംക്തികളിലൂടെ ദൈവശാസ്ത്രവിഷയങ്ങൾ സാധാരണക്കാർക്കും മനസ്സിലാകുന്ന രീതിയിൽ ലളിതമായി വ്യാഖ്യാനിച്ചു കൊടുത്തു പോന്നിരുന്നു.

തന്റെ തിരക്കുകളെല്ലാം ഒഴിഞ്ഞ് സ്വസ്ഥമാക്കുമ്പോൾ വേദപുസ്തകം, ദൈവശാസ്ത്രം, ആരാധനക്രമം ഇവയെല്ലാം സംബന്ധിച്ച് ചില രചനകൾ നടത്തി പ്രസിദ്ധീകരിക്കണം എന്നദ്ദേഹം ആഗ്രഹി

---

an overview of Papal Pronouncements on the Eastern Churches," Theologizing In the Malankara Catholic Church, James Puthuparampil ed. Pune:BVP Publications,2007,p.34-51; "Liturgy of St. James. celebration of Salvation History as God's Self-disclosure and Human response to it," Liturgy of St.James:Its impact on theologizing in India, Fr.John Berchmans ed., Pune:BVP,2009,p.75-111; "Ecumenical Rereading of some Ecumenical Texts", That they All may be One, Fr.John Berchmans, editor, Pune:BVP,2013,p.45-70; "Diocese of Gurgaon and Exarchate of Kadki- Unfolding of Communion Ecclesiology in India", Breathing with Two Lungs: Comp eimentarity of the Orient in Theologizing Today, George Ayyaneth and Philip Vysaneth ed., Pune:BVP,2017,p.247-266; First Holy Communion and Confession, Pune: MCCIETR, Liturgical Publications, 2005; Malankara Church Family Communion, Pune:BVP Publications,2011.



malankaralibrary.com

ക്കുകയും ചില കാര്യങ്ങൾ എഴുതാനാരംഭിക്കുകയും ചെയ്തു.[3] എന്നാൽ അച്ചൻ വളരെ വേഗം രോഗാതുരനാവുകയും തന്റെ പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്ത ശാരീരികാവസ്ഥയിലെത്തിച്ചേരുകയും ചെയ്തു. 2018 സെപ്റ്റംബർ 9-ാം തീയതി ആ വലിയ സഭാസ്നേഹി ഇഹലോകവാസം വെടിഞ്ഞ് ദൈവസന്നിധിയിലേക്ക് കടന്നുപോയി. ബൈബിൾ പണ്ഡിതനും പൗരസ്ത്യ ദൈവശാസ്ത്രജ്ഞനുമായിരുന്ന അച്ചന്റെ ദൈവശാസ്ത്ര വീക്ഷണങ്ങളുടെ ചില ഘടകങ്ങളാണ് തുടർന്ന് അവതരിപ്പിക്കപ്പെടുന്നത്.

**1. ആഴമേറിയ വേദപുസ്തക അടിസ്ഥാനം**

ഒരു യാഥാർത്ഥ പൗരസ്ത്യ ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ ബർക്കുമൻസച്ചൻ തന്റെ ദൈവശാസ്ത്രപഠനങ്ങളുടെയും വിചിന്തനങ്ങളുടെയും അടിത്തറയായി സ്വീകരിച്ചത് വിശുദ്ധ വേദ പുസ്തകവും സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളുമാണ്. ബൈബിൾ പണ്ഡിതനായ അദ്ദേഹത്തിന് ആഴത്തിൽ ബോധ്യപ്പെട്ട ഒരു വസ്തുതയാണിത്. വേദപുസ്തക പഠനം നടത്തുവാനായി സഭയിലൂടെയും തന്റെ സന്യാസസമൂഹത്തിലൂടെയും ഒരവസരം ലഭിച്ചത് അതിവിശിഷ്ടമായ ദൈവികദാനമായിട്ടാണ് അച്ചൻ എപ്പോഴും കണക്കാക്കിയിരിക്കുന്നത്. വേദപുസ്തകത്തിൽനിന്ന് വഴിമാറിപ്പോകുന്ന ദൈവശാസ്ത്ര ചിന്തകളും പഠനങ്ങളുമെല്ലാം സത്യത്തിൽനിന്നും വ്യതിചലിക്കപ്പെട്ടവയാണ്. ദൈവവചനസംബന്ധമായ ആഴത്തിലുള്ള പഠനങ്ങളും വിചിന്തനവും ദൈവശാസ്ത്രപരമായ തെറ്റിദ്ധാരണകളെയും മൗലിക വാദങ്ങളെയും അകറ്റി നിർത്തുവാൻ സഹായിക്കും. വിശുദ്ധ ഗ്രന്ഥ വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞന്മാരും സഭയുടെ പ്രബോധനാധികാരത്തിന്റെ ശ്രദ്ധാപൂർവ്വമായ സംരക്ഷണത്തിൻകീഴിൽ ഒത്തൊരുമിച്ച് ഉചിതമായ മാർഗ്ഗങ്ങളിലൂടെ വിശുദ്ധ ലിഖിതങ്ങൾ പരിശോധിച്ച് വിശദീകരിക്കുവാൻ തങ്ങളുടെ കഴിവുകൾ ഉത്സാഹപൂർവ്വം വിനിയോഗിക്കണം എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം[4] അതിന്റെ

---

[3] ബർക്കുമൻസച്ചൻ തുടങ്ങിവച്ച പുസ്തകരചനകളിൽ നിന്നും ആദ്യ സമാഹാരം അദ്ദേഹത്തിന്റെ മരണാനന്തരം പ്രസിദ്ധീകരിച്ചു. Fr. John Berchmans OIC, M-Cat:100 Lessons a Malankarite should know (Kottayam: Bethany Publications, 2019).

[4] Vat.II,Divine Revelation, no.23-24



malankaralibrary.com

പൂർണ്ണതയിൽ ഉൾക്കൊണ്ട് ജീവിക്കുകയും അതു മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ബർക്കുമൻസച്ചൻ.

വിശുദ്ധ ഗ്രന്ഥത്തിലെ ദൈവവചനങ്ങൾ ദൈവനിവേശിതങ്ങളാണ്. അതു ദൈവത്തിന്റെ വാക്കുകൾ തന്നെയാണ്. അതുകൊണ്ട് ദൈവശാസ്ത്രത്തിന്റെ ജീവൻ വിശുദ്ധ ഗ്രന്ഥമായിരിക്കണം എന്ന പിതാക്കന്മാരുടെ ഉത്ബോധനം അച്ചൻ പൂർണ്ണമായും ഉൾക്കൊണ്ടു. വിശുദ്ധ ഗ്രന്ഥത്തിന്റെ പഠനമാണ് ദൈവശാസ്ത്രത്തിന്റെ ആത്മാവ് എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചു. "ദൈവവചനത്തെപ്പറ്റിയുള്ള അറിവില്ലായ്മ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ്" എന്ന വിശുദ്ധ ജെറോമിന്റെ കാഴ്ചപ്പാട് അച്ചൻ കൂടെക്കൂടെ ഉദ്ധരിച്ചിരുന്നു. ദൈവവചനത്തെ സഭയുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും കേന്ദ്രസ്ഥാനത്തു കുടിയിരുത്തുവാൻ സാധിച്ചുവെന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റം വലിയ നേട്ടമായി ബർക്കുമൻസച്ചൻ കണക്കാക്കുന്നു.[5] അതുകൊണ്ട് ദൈവവചനത്തെ സ്വീകരിക്കുവാനും ബഹുമാനിക്കുവാനും പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാനും അദ്ദേഹം സഭാ വിശ്വാസികളെ ഉപദേശിച്ചു. അച്ചന്റെ കാഴ്ചപ്പാടിൽ യേശു നമുക്കു ദാനമായി നല്കിയ രണ്ട് അവകാശങ്ങളുണ്ട്. അവ നമ്മിൽ അനുഷ്ഠിക്കുവാനും ആഘോഷിക്കുവാനുമുള്ള ചില രഹസ്യങ്ങളും വായിക്കുവാനുള്ള ഒരു പുസ്തകവുമാണ്. അതുകൊണ്ടാണ് നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ധാർമ്മിക പഠനങ്ങളുടെയും അതുല്യമായ സ്രോതസ്സ് ദൈവവചനമായിരിക്കണം എന്ന് സഭ നമ്മെ തീവ്രമായി അനുശാസിക്കുന്നുണ്ട്.[6]

ഈ പശ്ചാത്തലത്തിൽ ഒരു മലങ്കര കത്തോലിക്കന്റെ അനുദിന ജീവിതത്തിലെ ഒന്നാമത്തെ കടമ വി.വേദപുസ്തകപാരായണവും പഠനവും അതിന്റെ ധ്യാനവുമായിരിക്കണം. ഈ അനുശാസനങ്ങളുടെ ശക്തമായൊരു വക്താവും പ്രചോദകനുമായിരുന്നു ബർക്കുമൻസച്ചൻ. തന്റെ അദ്ധ്യാപനത്തിലൂടെയും പ്രസംഗങ്ങളിലൂടെയും ഉപദേശങ്ങളിലൂടെയും രചനകളിലൂടെയും ജനങ്ങളെ ഈ വിഷയത്തിൽ അച്ചൻ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. തന്റെ അജപാലന ശുശ്രൂഷാ

[5] Fr.JohnBerchmans OIC, "Malankara Catholic Church a Divine Mystery" (Article unpublished),p.31

[6] Ibid.



malankaralibrary.com

രംഗത്തും പഠിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട അവസരങ്ങളിലും ബൈബിൾ വിവർത്തനത്തിലേർപ്പെട്ടപ്പോഴും ബൈബിൾ വ്യാഖ്യാനങ്ങളിലും നമ്മുടെ വിശ്വാസജീവിതത്തിൽ വി.ഗ്രന്ഥത്തിനുള്ള പ്രഥമസ്ഥാനം, കേന്ദ്രസ്ഥാനം എല്ലാവരെയും ബോധ്യപ്പെടുത്തുക എന്നതായിരുന്നു തന്റെ ചാലകശക്തി എന്ന് അച്ചൻ പറയുമായിരുന്നു.

**2. പൗരസ്ത്യ ആരാധനക്രമാധിഷ്ഠിതം**

പൗരസ്ത്യ ആരാധനക്രമത്തിൽ പ്രത്യേകിച്ചും മലങ്കര സഭ ഉപയോഗിക്കുന്ന അന്ത്യോക്യൻ ആരാധനക്രമത്തിൽ വേരുറപ്പിക്കപ്പെട്ട ദൈവശാസ്ത്രജ്ഞനായിരുന്നു ജോൺ ബർക്കുമൻസച്ചൻ. സഭയുടെ പാരമ്പര്യത്തിന്റെ ശക്തമായതും ജീവിക്കുന്നതുമായ ആവിഷ്കാരമാണ് ആരാധനക്രമപാരമ്പര്യങ്ങൾ. ദൈവശാസ്ത്രത്തിന്റെ ഉറപ്പായ ഒരു സ്രോതസ്സ് കൂടിയാണത്. പൗരസ്ത്യസഭകൾക്ക് വിശുദ്ധഗ്രന്ഥം കഴിഞ്ഞാൽ ആരാധനക്രമമാണ് അവരുടെ വിശ്വാസത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ഉത്തമമായ ഉറവിടം. ആരാധനക്രമത്തിലൂടെയാണ് ദൈവശാസ്ത്രപരമായ വിചിന്തനങ്ങൾ നടക്കുന്നതും ദൈവവചനം ശരിയായ വിധത്തിൽ മനസ്സിലാക്കപ്പെടുന്നതും. ബർക്കുമൻസച്ചൻ ഈ യാഥാർത്ഥ്യം ശരിയായി മനസ്സിലാക്കി മലങ്കര ദൈവശാസ്ത്രത്തിന്റെ വളർച്ചയിൽ ആരാധനക്രമത്തിന്റെ അനുപേക്ഷണീയമായ സ്ഥാനം ഉയർത്തിപ്പിടിച്ചിരുന്ന വ്യക്തിയാണ്. ആരാധനക്രമം ദൈവശാസ്ത്രത്തിന്റെ പ്രഭവസ്ഥാനം (locus theologicus) എന്ന പുരാതന ചൊല്ല് ഇവിടെ ഏറെ പ്രസക്തമാണ്.

'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം' (Lex orandi, lex credendi) എന്ന പൗരസ്ത്യ സഭയുടെ അടിസ്ഥാന സിദ്ധാന്തത്തിന്റെ പൊരുൾ അതിന്റെ ആഴത്തിലും വ്യാപ്തിയിലും ബർക്കുമൻസച്ചൻ മനസ്സിലാക്കിയിരുന്നു. അച്ചന്റെ ചർച്ചകളിലും എഴുത്തുകളിലും ക്ലാസുകളിലും അനായാസം കടന്നുവന്നിരിക്കുന്ന പൗരസ്ത്യ ദൈവശാസ്ത്ര തത്വമാണിത്. അച്ചന്റെ കാഴ്ചപ്പാടിൽ ആരാധനക്രമം നമ്മുടെ വിശ്വാസമാണ് പ്രകടിപ്പിക്കുന്നതും ആഘോഷിക്കുന്നതും പങ്കുവയ്ക്കുന്നതും. നമ്മൾ പ്രാർത്ഥിക്കുന്നത് നമ്മുടെ വിശ്വാസവുമായി യോജിച്ചിരിക്കുന്നു.[7] സഭയുടെ ദൈവശാസ്ത്ര ചിന്തകളുടെ ശരിതെറ്റുകൾ

[7] Dr.John Berchmans OIC, "Liturgy of St.James, Celebration of Salvation History as God's self-disclosure and human's response to it", John Berchmans and James Puthuparampil ed., Liturgy of St.James,Pune: BVP Publications, 2009, p.92



malankaralibrary.com

പരിശോധിക്കപ്പെടുന്നതു സഭയുടെ ആരാധനക്രമ പ്രമാണങ്ങളുമായി ഒത്തുനോക്കിക്കൊണ്ടാണ്.

ബർക്കുമൻസച്ചൻ അറിയപ്പെടുന്ന ഒരു 'ലിറ്റർജിസ്റ്റ്' അല്ലെങ്കിലും മലങ്കര ആരാധനക്രമങ്ങളിലെ ദൈവശാസ്ത്രപരമായ ഉള്ളടക്കങ്ങളും ഉൾക്കാഴ്ചകളും കണ്ടുപിടിക്കുന്നതിലും അവയെ വ്യാഖ്യാനിക്കുന്നതിലും, നിപുണനായിരുന്നു. വേദപുസ്തക പ്രതിബിംബങ്ങൾകൊണ്ടും ദൃഷ്ടാന്തങ്ങൾകൊണ്ടും രൂപകങ്ങൾകൊണ്ടും സംപൂരിതമായ അന്ത്യോക്യൻ ആരാധനക്രമം ദൈവശാസ്ത്രപരമായ അനുമാനങ്ങളുടെയും ഉൾക്കാഴ്ചകളുടെയും ഒരു ആഴമേറിയ സ്വർണ്ണഖനിയാണെന്ന് മറ്റുള്ളരെപ്പോലെ അദ്ദേഹത്തിനും ബോധ്യപ്പെട്ടിരുന്നു. ഇതര പൗരസ്ത്യ സഭകളെപ്പോലെ മലങ്കര കത്തോലിക്കാസഭയും അതിന്റെ ദൈവശാസ്ത്രവും സമുന്നതമായ രീതിയിൽ ആരാധനക്രമാധിഷ്ഠിതമാണ്. ആരാധനാക്രമാധിഷ്ഠിതം എന്നു പറഞ്ഞാൽ കേവലം ദൈർഘ്യമേറിയ ആരാധനാനുഷ്ഠാനങ്ങളും നീണ്ട ആഘോഷങ്ങളെയുമല്ല സൂചിപ്പിക്കുന്നത്. മറിച്ച് ഈ ആരാധനാനുഷ്ഠാനങ്ങളുടെയും അതിലെ പ്രാർത്ഥനകളുടെയും ദൈവശാസ്ത്രം ശരിയായി മനസ്സിലാക്കുകയും അത് അനുദിനജീവിതത്തിൽ പ്രായോഗത്തിലാക്കുകയും ചെയ്യുന്നതാണ്.[8] ആരാധകന്റെ അനുദിന ജീവിതനിയമങ്ങളായി അവ മാറണം. (*Lex Orandi, Lex Credendi, Lex Vivendi*) എന്നൊരു ജീവിതസിദ്ധാന്തം രൂപം കൊള്ളണം. ഇത്തരം ബോധ്യങ്ങളുമായി അച്ചൻ അന്ത്യോക്യൻ ആരാധനക്രമമാകുന്ന സ്വർണ്ണഖനിയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് വളരെ വിലപ്പെട്ട ദൈവശാസ്ത്ര സംഭാവനകൾ സഭക്കും ദൈവജനത്തിനും നല്കിയിട്ടാണ് കടന്നുപോയത്.

### 3. വി.കുർബാനയുടെ ദൈവശാസ്ത്രം

മലങ്കര കത്തോലിക്കാസഭയുടെ ആരാധന ക്രമത്തിൽ വേരുറപ്പിക്കപ്പെട്ട ബർക്കുമൻസച്ചന്റെ ദൈവശാസ്ത്ര വീക്ഷണം അദ്ദേഹത്തെ ആരാധനക്രമത്തിന്റെ ശൃംഖമായ വി.കുർബാനയുടെ രഹസ്യങ്ങളിലേക്ക് പ്രത്യേകമായി അടുപ്പിച്ചു. വി.കുർബാനയുടെ ദൈവശാസ്ത്ര

[8] Fr.JohnBerchmans OIC, "Malankara Catholic Church in India in Extraterritorial Regions, on the Episcopal Highway", in Vishal Malankara Voice,vol.1,no.3,2007,p.13-14



malankaralibrary.com

ത്തെക്കുറിച്ച് ക്രിസ്തീയ വിശ്വാസികൾക്കിടയിലുള്ള പ്രത്യേകിച്ചും പൗരസ്ത്യക്രിസ്തീയ ദൈവശാസ്ത്രത്തിലുള്ള കേന്ദ്രീയ സ്ഥാനത്തെപ്പറ്റി അച്ചൻ ഏറെ ബോധവാനായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഉദ്ധരിച്ചുകൊണ്ട് അച്ചൻ കൂടെക്കൂടെ പറയുമായിരുന്നു: "വി.കുർബാനയെന്നത് യേശുവാകുന്ന കൂദാശയാണ്. സഭ യേശുവിന്റെ പിൻതുടർച്ചയെന്നു പറയുമ്പോൾ അതിവിശിഷ്ടമായ കൂദാശയാണ് സഭ. ഏതാണ്ട് 30 വർഷത്തിലധികം വി.കുർബാനയുടെ ദൈവശാസ്ത്രം വിവിധ സ്ഥലങ്ങളിൽ അച്ചൻ പഠിപ്പിച്ചിരുന്നു. 'ഞങ്ങളുടെ ചിന്ത വി.കുർബാനയുമായി പൂർണ്ണ ചേർച്ചയിലാണ്. അതുപോലെ മറുവശത്തുനിന്ന് വി.കുർബാന ഞങ്ങളുടെ ചിന്ത ശരിയാണെന്ന് ഉറപ്പുവരുത്തുന്നു' എന്ന ലിയോണിലെ ഐറെനിയൂസിന്റെ[9] ദൈവശാസ്ത്ര തത്വം അതിന്റെ സമഗ്രതയിൽ മനസ്സിലാക്കുകയും അതിനെ പ്രമുഖമാക്കി മറ്റുള്ളവരുടെ മുൻപിൽ അച്ചൻ അവതരിപ്പിക്കുകയും ചെയ്തു.

മലങ്കര കത്തോലിക്കാസഭ ഉപയോഗിക്കുന്ന വി.യാക്കോബിന്റെ അന്നാഫൊറ, വി.കുർബാനയുടെ ക്രമം, അന്ത്യോക്യൻ ആരാധന ക്രമത്തിലൂടെ ആഗോളസഭക്ക് ലഭിച്ച ഏറ്റം വലിയ പിതൃസ്വത്താണെന്നാണ് ബർക്കുമൻസച്ചൻ വലിയ ആവേശത്തോടെ വിശദീകരിച്ചിരുന്നത്.[10] യാക്കോബിന്റെ വി.കുർബാനയുടെ ക്രമം അച്ചന്റെ ദൈവശാസ്ത്ര പരിചിന്തനങ്ങളുടെ കലവറയായിരുന്നു. അതിൽനിന്ന് അദ്ദേഹം ധാരാളം ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ നിരന്തരമായി ഉൾക്കൊണ്ടിരുന്നു. വി. യാക്കോബിന്റെ ക്രമം യേശുക്രിസ്തുവിന്റെ രക്ഷാകര ചരിത്രത്തിന്റെ തനിയാവർത്തനമാണ്, ആഘോഷമാണ് എന്ന വസ്തുത വളരെ പണ്ഡിതോചിതമായ രീതിയിൽ വിശകലന വിധേയമാക്കി അച്ചൻ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുത്തു.[11]

വി.കുർബാനയുടെ ദൈവശാസ്ത്രം വിശദീകരിക്കുമ്പോഴെല്ലാം അതിൽ പങ്കെടുക്കുന്ന ആരാധകന്റെ ഉള്ളിൽ ഉളവാകുന്ന പ്രത്യുത്തരും അത് അയാളുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളും അച്ചന്റെ പ്രത്യേക ശ്രദ്ധ ആകർഷിച്ചിരുന്നു. ദിവ്യബലിയുടെ പരികർമ്മവും ആ

9 Irenius, Adversus Haereses,IV,18.5, Sch.100,1965
10 Fr.John Berchmans OIC, "Malankara Catholic Church in India.....",p.14
11 Dr.John Berchmans OIC, Liturgy of St. James....", p.75-111



malankaralibrary.com

ഘോഷവും അതിൽ പങ്കുചേരുന്ന ആരാധകന്റെ ജീവിതാവസ്ഥയെ സ്വാധീനിക്കണം. അയാളുടെ അസ്ഥിത്വ സാഹചര്യങ്ങളിൽ മാറ്റം സൃഷ്ടിക്കണം. ആരാധനക്രമത്തിലൂടെ പ്രകടമാക്കപ്പെടുന്ന വിശ്വാസ സത്യങ്ങൾ, സുവിശേഷമൂല്യങ്ങൾ ആരാധകരുടെ ജീവിതത്തിലേക്ക് പകർത്തപ്പെടണം. ഇതിലൂടെ ഒരു ആന്തരിക രൂപാന്തരീകരണം പങ്കെടുക്കുന്നവരിൽ സംഭവിക്കണം. അതവരുടെ ജീവിതത്തിലുടനീളം തുടരണം.[12] വി.കുർബാനയുടെ ആഘോഷം രക്ഷാകര ചരിത്രത്തിന്റെ തുടർച്ചയാണെന്നു പറയുമ്പോൾ, അതിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും, രക്ഷയുടെ അനുഭവം കടന്നു ചെല്ലണം. അയാളുടെ ആഗ്രഹങ്ങൾ, അസ്വസ്ഥതകൾ, സന്തോഷം, സങ്കടം, സഹനം, വിജയപരാജയങ്ങൾ ഇവയിലെല്ലാം ദൈവത്തിന്റെ രക്ഷാകര ശക്തി അനുഭവവേദ്യമാകണം. പുതിയ ജീവിതത്തിനുള്ള ദിശാബോധം അയാൾക്കു ലഭിക്കണം. അയാളുടെ ജീവിതമൂല്യ വ്യവസ്ഥിതിയെ മെച്ചപ്പെടുത്തി ക്രമീകരിക്കണം.[13] ഇപ്രകാരമുള്ള വി.കുർബാനയുടെ ആഘോഷം ദൈവോന്മുഖം മാത്രമല്ല അത് മനുഷ്യോന്മുഖവും ലോകോന്മുഖവും കൂടിയാണ്. അതുവഴി ദൈവരാജ്യത്തിലെ മറ്റുള്ളരോടൊന്നിച്ച് ദൈവത്തിലേക്ക് തിരികെയെത്തുവാനുള്ള പരിശ്രമമാണ്.[14]

### 4. സഭാവിജ്ഞാനീയം

തന്റെ സഭാവിജ്ഞാനീയ ദൈവശാസ്ത്രത്തിലും ബർക്കുമൻസച്ചൻ ആരാധനക്രമത്തിൽ പ്രത്യേകിച്ച് വി.കുർബാനയുടെ ദൈവശാസ്ത്രത്തിൽ വളരെ ഉറപ്പുള്ള ഒരു അടിസ്ഥാനം കണ്ടെത്തുന്നുണ്ട്. വി.കുർബാന സഭയെ നിർമ്മിക്കുന്നു. സഭ വി.കുർബാനയെ നിർമ്മിക്കുന്നു എന്ന ദൈവശാസ്ത്രതത്വം അച്ചന്റെ ഗൗരവമേറിയ പഠനത്തിന്റെയും ചർച്ചകളുടെയും വിഷയമായിരുന്നു. അദ്ദേഹം എപ്പോഴും ഈ തത്വം മുറുകെപ്പിടിച്ചിരുന്ന വ്യക്തിയാണ്. വി.കുർബാന സഭയുടെ ഹൃദയമാണ്. സഭ വിശുദ്ധ കുർബാന കേന്ദ്രീകൃതമാകണം. അതുകൊണ്ട് അദ്ദേഹം വി.കുർബാനയുടെ ദൈവശാസ്ത്രവും സഭാവിജ്ഞാനീയവും തമ്മിലുള്ള ഗാഢബന്ധവും ശക്തമായ പരസ്പര സ്വാധീനവും എല്ലായിടത്തും വിശദീകരിക്കുമായിരുന്നു. സഭാ കൂട്ടായ്മയും വി.കുർബാന കൂട്ടായ്മയും തമ്മിൽ ഉറ്റബന്ധമാണുള്ളത്. കൂട്ടായ്മയുടെ സഭാവി

[12] Ibid., p.93

[13] Ibid., p.94

[14] Ibid., p.111



malankaralibrary.com

ജ്ഞാനീയം അച്ചൻ ഏറെ ശ്രദ്ധ കൊടുക്കുന്ന മറ്റൊരു വിഷയമാണ്. വി.കുർബാന ഐക്യം സൃഷ്ടിക്കുന്നു. അതുപോലെ ഐക്യം നില നിർത്തി വളർത്തുകയും ചെയ്യുന്നു എന്ന ദൈവശാസ്ത്രദർശനം അച്ചൻ എപ്പോഴും ഉയർത്തിക്കാട്ടിയിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ ബർക്കുമൻസ് അച്ചൻ ദൃഢമായി വിശ്വ സിക്കുന്ന സഭയെന്നാൽ ദൈവജനത്തിന്റെ ക്രിസ്തുവിന്റെ ശരീര ത്തിലുള്ള കൂട്ടായ്മയാണ്, ക്രിസ്തു തന്റെ ശരീരത്തിന്റെ പൂർണ്ണത യിൽ വി.കുർബാനയിൽ അധിവസിക്കുന്നു. വി.കുർബാനയിലാണ് ഒരു വൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ പൂർണ്ണത കണ്ടെത്തുന്നത്. അതു കൊണ്ട് സഭൈക്യം വി.കുർബാന കേന്ദ്രീകരിച്ചിരിക്കും. ഈ ചിന്ത കൾ പ്രായോഗികമായി വളർത്തിയെടുക്കുന്നതിന് അച്ചൻ കണ്ടെത്തിയ സ്രോതസ്സുകളിൽ വളരെ പ്രധാനപ്പെട്ടവയാണ് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ പുരാതനമായ വി.കുർബാന കേന്ദ്രീകരിച്ചുള്ള സഭാ വിജ്ഞാനീയവും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാ നീയം ആസ്പദമാക്കിയുള്ള ഡിക്രികളും. വി.ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ *Ecclesia de Eucharastia* എന്ന ചാക്രിക ലേഖന വും. ഇവയോടൊപ്പം തീർച്ചയായും അന്ത്യോക്യൻ ആരാധന ക്രമങ്ങളും പ്രത്യേകിച്ച് വി.യാക്കോബിന്റെ ആരാധനക്രമവും അതിന്റെ വ്യാഖ്യാ നങ്ങളും തന്റെ സഭാവിജ്ഞാനീയ പരിചിന്തനങ്ങളുടെ ഏറ്റം അടുത്ത സ്രോതസ്സുകളായി നിലനിന്നിട്ടുണ്ട്.

ഒരു പൗരസ്ത്യ സഭാ വിജ്ഞാനീയൻ എന്ന നിലയിൽ ബർക്കു മൻസച്ചന് പൗരസ്ത്യ സഭകളുടെ അനന്യതയെപ്പറ്റിയും മാഹാത്മ്യ ത്തെക്കുറിച്ചും അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തെ അടിസ്ഥാ നപ്പെടുത്തി ഉറച്ച ബോദ്ധ്യമുണ്ടായി. പ്രത്യേകിച്ച് വി.യാക്കോബ് ശ്ലീഹാ യുടെ കുർബാന ക്രമത്തെ ആധാരമാക്കി ആഗോളകത്തോലിക്കാ സഭ യാണ് മലങ്കര കത്തോലിക്കാസഭ എന്നും ആ സഭയുടെ ദൈവശാസ്ത്ര പരമായ സ്ഥാനവും സ്വത്വവും സമ്പന്നതയും എത്ര മഹത്തരമാ ണെന്നും മറ്റുള്ളവർക്കു മനസ്സിലാക്കി കൊടുത്തു. മലങ്കര കത്തോലി ക്കാസഭയെ ക്രിസ്തുവിന്റെ സഭയിലെ വിസ്മയാവഹമായ ജീവിക്കുന്ന രഹസ്യം എന്നദ്ദേഹം വിശേഷിപ്പിച്ചിരുന്നു. ഈ സഭ 'സ്വർഗ്ഗീയ നിക്ഷേ പങ്ങൾകൊണ്ടു നിറഞ്ഞ ഒരു പറുദീസാ'യാണെന്ന് അദ്ദേഹം എടുത്തു കാട്ടിയിട്ടുണ്ട്.[15]

---

[15] Fr.John Berchmans OIC, "Malankara Catholic Church in India.....", p.13-



malankaralibrary.com

ഈ പൗരസ്ത്യ സഭാ വിജ്ഞാനീയത്തിന്റെ നിറവിലും അതേപ്പറ്റിയുള്ള വ്യക്തിപരമായ ബോദ്ധ്യങ്ങളിലും ചുവടുറപ്പിച്ചുകൊണ്ടാണ് ഭാരതത്തിൽ പൗരസ്ത്യ സഭകൾ അനുഭവിച്ചിരുന്ന വെല്ലുവിളികൾ നേരിടുവാനും തെറ്റിദ്ധാരണകളെ മാറ്റിയെടുക്കുവാനും അച്ചൻ ത്യാഗപൂർവ്വം പരിശ്രമിച്ചത്.[16] അദ്ദേഹം ബാഹ്യകേരള മിഷൻ കോർഡിനേറ്റർ ആയിരുന്ന കാലത്ത് മലങ്കര കത്തോലിക്കാ സഭയ്ക്ക് ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ വേരുറപ്പിക്കുവാൻ വേണ്ട ദൈവശാസ്ത്രപരവും പ്രായോഗികവുമായ അടിസ്ഥാനം ലഭിച്ചത് അച്ചന്റെ പൗരസ്ത്യ സഭാ വിജ്ഞാനീയത്തിന്റെ ഉൾക്കാഴ്ചകളിൽ നിന്നാണ്.

സഭകളുടെ ഐക്യം സഭാവിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിൽ ബർക്കുമാൻസച്ചന്റെ മറ്റൊരു പ്രധാനപ്പെട്ട മേഖലയായിരുന്നു. വി.കുർബാനയുടെ ദൈവശാസ്ത്രവും സഭകളുടെ ഐക്യവും തമ്മിൽ ബന്ധപ്പെടുത്തിയാണ് അച്ചൻ എപ്പോഴും കണ്ടിരുന്നതും അവതരിപ്പിച്ചിരുന്നതും. ഇതിന്റെ അടിസ്ഥാനത്തിൽ കത്തോലിക്കാസഭയ്ക്കുള്ളിലെ വ്യക്തിഗത സഭകൾ തമ്മിലുള്ള ഐക്യം ആദ്യപടിയാണ്. പിന്നീട് കത്തോലിക്കാസഭയും മറ്റ് അകത്തോലിക്കാ സഹോദരീസഭകളും തമ്മിലുള്ള ഐക്യത്തിന്റെ ആവശ്യകത. ബർക്കുമാൻസച്ചന്റെ പ്രത്യേക ശ്രദ്ധയാകർഷിച്ച ഒരു വീക്ഷണമാണ് വി.യാക്കോബിന്റെ കുർബാന ക്രമം ഉപയോഗിക്കുന്ന, ആഘോഷിക്കുന്ന സഭകൾ ഭിന്നതയും ഐക്യത്തിന്റെ ആവശ്യകതയും. ഈ സഭകൾ അനുഷ്ഠിക്കുന്നത് ഒരേ കുർബാനയാണ്. പ്രാർത്ഥിക്കുന്നത് ഒരേ പ്രാർത്ഥനയാണ്. അപ്പോൾ അവരുടെ വിശ്വാസവും ഒന്നുതന്നെ, കാരണം *Lex Orandi, Lex Credendi* എന്നാണല്ലോ ദൈവശാസ്ത്രതത്വം, അതുകൊണ്ട് ഈ സഭകൾ തമ്മിലുള്ള ഐക്യം വീണ്ടെടുക്കണം, നിലനിർത്തണം, ആഴപ്പെടുത്തി വളർത്തിയെടുക്കണം. അവർ ക്രിസ്തുവിന്റെ ഒരേ ശരീരമാണ് ഭക്ഷിക്കുന്നതും ഒരേ കാസയിൽ നിന്നാണ് ക്രിസ്തുവിന്റെ തിരുരക്തം ദാനം ചെയ്യുന്നതും. അതുകൊണ്ട് എന്താണ് ആരാണ് ഇവരെ വിഭജിച്ച് നിർത്തുന്നത് എന്ന് അച്ചൻ ചോദിക്കുന്നു.[17] വി.കുർബാനയിൽ ഐക്യത്തിനും സ്നേഹത്തിനും സമാധാനത്തിനുംവേണ്ടി ഒരേ

[16] Fr.John Berchmans OIC, "Malankara Sadan", Consecration Souvenir, Delhi,2002,p.35-36;See Fr.John Berchmans OIC, *From Orientalium Dignitas to Orientale Lumen*: an Overview of Papal Pronouncements on the Eastern Churches", Fr.James Puthuparampil ed., Theologizing in the Malankara Catholic Church,Pune:BVP Publications,2007,p.34-51

[17] Fr.Berchmans OIC,"Malankara Catholic Church in India…..",p.14



malankaralibrary.com

പ്രാർത്ഥനകൾ ചൊല്ലുന്നവർ തമ്മിലുള്ള ഐക്യം യാതൊരു കാരണ വശാലും ഇല്ലാതാക്കുവാൻ പാടില്ല. വിദ്വേഷമുള്ളിടത്ത് സമാധാനവും മുറിവുള്ളിടത്ത് സൗഖ്യവും പ്രദാനം ചെയ്യുവാൻ കടപ്പെട്ടവരാണ് വി.കുർബാനയിൽ പങ്കെടുക്കുന്ന ഓരോ ആരാധകനും.[18]

**5. സാസ്കാരികാനുരൂപണം**

രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച വളരെ പ്രധാന പ്പെട്ട ദൈവശാസ്ത്രവിഷയമായിരുന്നു സാംസ്കാരികാനുരൂപണം (theology of inculturation). ഭാരതത്തിന്റെ സുവിശേഷവത്കരണ പ്രക്രിയയിൽ നിർണ്ണായകമായൊരു വിഷയമാണിത്. ഈ വസ്തുത ശരിയാംവണ്ണം മനസ്സിലാക്കിയ ഒരു ദൈവശാസ്ത്രജ്ഞനാണ് ബർക്കു മാൻസച്ചൻ. അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളും പൗരസ്ത്യ ദൈവശാസ്ത്രവും കൈമുതലായുള്ള മലങ്കര കത്തോലിക്കാസഭയ്ക്ക് ഭാരതത്തിൽ സാംസ്കാരികാനുരൂപണത്തിന് ധാരാളം സാധ്യതകളും അതിന് വിവിധ മാനങ്ങളും ഉണ്ടെന്ന വസ്തുത അച്ചന് ഏറെ ബോധ്യ പ്പെട്ടിട്ടുണ്ട്. അതുകൊണ്ട് സാംസ്കാരികാനുരൂപണം എന്ന വിഷയം അച്ചന്റെ ദൈവശാസ്ത്ര ചിന്തകളിൽ പ്രത്യേക സ്ഥാനം പിടിച്ചു.

സാംസ്കാരികാനുരൂപണംകൊണ്ട് അച്ചൻ വിവക്ഷിച്ചത് ചില ബാഹ്യമായ ഉപരിപ്ലവമായ കാര്യങ്ങളിൽ മറ്റു മതങ്ങളിൽനിന്നും സംസ്കാരങ്ങളിൽ നിന്നും കടമെടുത്ത് അന്ധമായി, അനുകരിക്കുക എന്ന രീതിയായിരുന്നില്ല. നാം ജീവിക്കുന്ന പ്രദേശങ്ങളിലെ ആളുക ളോടൊത്തു ജീവിക്കുവാനും അവരുടെ ചേതോവികാരങ്ങളെ ഉൾക്കൊ ള്ളുവാനും അവരിലേക്കിറങ്ങിച്ചെന്ന് അവരുടെ ജീവിതപ്രശ്നങ്ങളിലും സന്തോഷങ്ങളിലും ഉൾച്ചേരുവാനും ഉള്ളുതുറന്ന മനോഭാവമാണ് നമുക്കും ചുറ്റുമുള്ള ജനങ്ങളുടെ സംസ്കാരങ്ങളിൽ സ്വീകരിക്കാവു ന്നതെല്ലാം സ്വീകരിക്കുവാനുള്ള ആത്മാർത്ഥമായ പരിശ്രമമാണിത്.[19] ഇത് ഏറെ വെല്ലുവിളികൾ നല്കുന്നതും ദീർഘവുമായ ഒരു പ്രക്രിയായ ണ്. ഇതിന്റെ അനന്തര ഫലമായി മറ്റുള്ളവർ മനസ്സിലാക്കും നാം 'വിദേ ശികളല്ല' മറിച്ച് ഈ നാട്ടുകാരും അവരിലൊരാളുമാണെന്ന്.

**6. അജപാലനപരവും പ്രായോഗികവും**

ദൈവശാസ്ത്രം അതിന്റെ ഏതുമേഖലയിലായിരുന്നാലും അത് പ്രായോഗികവം അജപാലനപരവും ആയിരിക്കണം എന്ന സുദൃഢമായ

[18] Fr.Berchmans OIC, "Faith Unifies", Vishal Malankara Voice, vol.4, no.5, 2004, p.20

[19] Fr.JohnBerchmans OIC,"Malankara Catholic Church in India....",p.27



malankaralibrary.com

കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു ബർക്കുമൻസച്ചൻ. ഇത് പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ സവിശേഷതകൂടിയാണ്. കേവലം ബൗദ്ധിക തലങ്ങളിൽ മാത്രം ഒതുങ്ങുന്ന, യുക്ത്യാനുസൃതമായി മാത്രം വ്യാഖ്യാനിക്കപ്പെടുന്ന ഏകപക്ഷീയമായ ഒരു സമീപനമല്ല ദൈവശാസ്ത്ര വിഷയങ്ങളോട് അച്ചൻ സ്വീകരിച്ചിരുന്നത്. ദൈവജനത്തിന്റെ വിശ്വാസ രൂപീകരണപ്രക്രിയയിൽ അതു സഹായകമാകണം എന്നു മാത്രമല്ല അത് അവരുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്വാധീനിക്കണം, എല്ലായിടത്തും ഫലദായകമാകണം എന്നദ്ദേഹം ആഗ്രഹിച്ചു.

ബർക്കുമൻസച്ചൻ തന്റെ ദൈവശാസ്ത്രവിചിന്തനങ്ങൾ നടത്തിയിരിക്കുന്നത് ദൈവജനത്തിന്റെ അജപാലന പശ്ചാത്തലവും അവരുടെ പ്രത്യേകാവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടായിരുന്നു. ഈ രീതി അദ്ദേഹത്തെ കൂടുതൽ പ്രായോഗികനാക്കി. മുകളിൽ നാം കണ്ടതുപോലെ അച്ചന്റെ ആരാധനാക്രമ ദൈവശാസ്ത്രത്തിൽ, പ്രത്യേകിച്ചും വി.കുർബാനയുടെ പഠനങ്ങളിൽ അതിൽ പങ്കെടുക്കുന്ന ആരാധകരുടെ ആന്തരിക രൂപാന്തരപ്പെടുന്നതിലൂടെയുള്ള പ്രതികരണത്തിനാണ് അച്ചൻ പ്രാധാന്യം നല്കിയത്. അതുപോലെ അച്ചന്റെ സഭാവിജ്ഞാനീയ പശ്ചാത്തലത്തിൽ മലങ്കര കത്തോലിക്കാസഭ സ്വയം ഭരണാവകാശമുള്ള ഒരു വ്യക്തിഗത സഭയാണ് എന്ന യാഥാർത്ഥ്യത്തിനും അതിന്റെ പ്രായോഗികവശങ്ങൾക്കുമാണ് ഊന്നൽ നല്കിയത്. അത്തരമൊരു അജപാലനപരവും പ്രായോഗികവുമായ ദൈവശാസ്ത്ര പദ്ധതികളാണ് അച്ചന്റെ ചിന്തകളിലും അദ്ധ്യാപനത്തിലും നിറഞ്ഞു നിന്നിരുന്നത്.

വി.ഗ്രന്ഥത്തിലും മലങ്കര സഭയുടെ ആരാധനക്രമത്തിലും ആഴത്തിൽ വേരുറപ്പിച്ച പ്രായോഗികവും അജപാലനപരവുമായ ആഭിമുഖ്യമുള്ള ഒരു പൗരസ്ത്യ ദൈവശാസ്ത്രജ്ഞനായിരുന്നു ബർക്കുമൻസച്ചൻ. അന്ത്യോക്യൻ ആരാധനക്രമത്തിലെ ആരോഹണ-അവരോഹണ ദൈവശാസ്ത്രത്തിന്റെ (ascending and descending theology) ശക്തനായ വക്താവാണദ്ദേഹം. "നീയൊരു ദൈവശാസ്ത്രജ്ഞനാണെങ്കിൽ യഥാർത്ഥത്തിൽ പ്രാർത്ഥിക്കുന്നവനാണ്. നീ യഥാർത്ഥത്തിൽ പ്രാർത്ഥിക്കുന്നവനാണെങ്കിൽ നീയൊരു ദൈവശാസ്ത്രജ്ഞനാണ്" എന്ന മഹാനായ എവാഗ്രിയോസിന്റെ വാക്കുകൾ ഇത്തരുണത്തിൽ ഓർമ്മവരുന്നു.[20]

[20] Evagrius, De Oratione 60: PG79:1180B



malankaralibrary.com

# ഗീവർഗീസ് ചേടിയത്ത് മല്പാൻ
# പൈതൃകത്തിന്റെ പതാകവാഹകൻ

ജോസഫ് വള്ളിയാട്ട്

സഭാപിതാക്കന്മാരെ സംബന്ധിച്ച ദൈവശാസ്ത്ര വിജ്ഞാന ശാഖ പൊതുവെ അറിയപ്പെടാത്ത ഒന്നാണ് - മലയാളത്തിൽ മാത്രമല്ല, മിക്ക ഭാഷകളിലും പഠിക്കുന്നത് 'പട്രോളജി' ആണെന്ന് പറയുമ്പോൾ, 'ഓ പതോളജി ആണല്ലോ' എന്ന മറുവാക്ക് പലപ്പോഴും കേട്ടിട്ടുണ്ട്. മലയാളത്തിൽ പട്രോളജി എന്ന ആംഗലേയപദത്തിന് പെട്ടെന്ന് ചേർത്തു പറയാവുന്ന തുല്യ പദപ്രയോഗം പോലും ഇല്ല. ഇങ്ങനെ മേൽവിലാസമില്ലാത്ത ഒരു ദൈവശാസ്ത്ര ശാഖയെ മലയാളത്തിന് പരിചയപ്പെടുത്തിയവരിൽ പ്രധാനിയാണ് വന്ദ്യ ഗീവർഗീസ് ചേടിയത്ത് മല്പാനച്ചൻ.

പത്തനംതിട്ട ജില്ലയിലെ അതിരുങ്കൽ ആണ് അച്ചന്റെ ജന്മസ്ഥലം. മലങ്കര കത്തോലിക്കാ സഭയിലെ പ്രാരംഭകാല ഇടവകകളിൽ ഒന്നാണത്. 1945-ൽ അതിരുങ്കലിൽ ജനിച്ച ചേടിയത്തച്ചൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തിരുവനന്തപുരം മൈനർ സെമിനാരിയിലും കോട്ടയത്തെ വടവാതൂർ അപ്പസ്തോലിക് സെമിനാരിയിലും വൈദിക പരിശീലനം പൂർത്തിയാക്കി 1969-ൽ ഭാഗ്യ സ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. പിതാവിന്റെ സെക്രട്ടറിയായും മൈനർ സെമിനാരി വൈസ് റെക്ടറായും കുറച്ചുവർഷങ്ങൾ ജോലി ചെയ്തതിനുശേഷം അദ്ദേഹം ഉപരിപഠനത്തിനായി 1973-ൽ റോമിലേക്ക് അയയ്ക്കപ്പെട്ടു. പട്രോളജിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കായി 1969-ൽ മാത്രം സ്ഥാപിക്കപ്പെട്ട അഗസ്റ്റീനിയൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യതലമുറയിലെ ഗവേഷണ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ചേടിയത്തച്ചൻ. പൗരസ്ത്യ സുറിയാനി സഭയുടെ ക്രിസ്തുദർശനത്തിന്റെ പ്രാചീനബോധകരിൽ ഒരാ



malankaralibrary.com

ളായ മാർ ബാബായിയുടെ ക്രിസ്തുദർശനമായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം. 1978-ൽ ഡോക്ടറേറ്റ് നേടി മടങ്ങിവന്ന അദ്ദേഹം തൊട്ടടുത്ത വർഷം മുതൽ വടവാതൂർ സെമിനാരിയിൽ അധ്യാപകനായി. 1993-ൽ തിരുവനന്തപുരം മൈനർ സെമിനാരിയുടെ റെക്ടർ ആയി നിയമിതനായി. 1995-ൽ മലങ്കര മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിഭാഗം ആരംഭിച്ചപ്പോൾ അവിടെ റസിഡന്റ് പ്രൊഫസറായി. സഭാപിതാക്കന്മാർ, ക്രിസ്തുദർശനം, സഭാചരിത്രം, സഭൈക്യദർശനവും അതിന്റെ ചരിത്രവും തുടങ്ങിയവയായിരുന്നു അച്ചൻ സവിശേഷമായി ശ്രദ്ധിച്ചിരുന്ന വിഷയങ്ങൾ. 2010-ൽ പത്തനംതിട്ട രൂപതയുടെ ചാൻസലറായി നിയമിതനായതോടെയാണ് അദ്ദേഹം അധ്യാപന ജീവിതം ഔദ്യോഗികമായി അവസാനിപ്പിച്ചത്. ഈ കാലത്തിനിടയിൽ തിരുവനന്തപുരം അതിരൂപതയിലെ അജപാലനശുശ്രൂഷയിലും വൈദികരുടെ രൂപീകരണത്തിലും ഭാരിച്ച പല ഉത്തരവാദിത്വങ്ങളും അദ്ദേഹം നിർവഹിച്ചു.

നൂറിലധികം ഗ്രന്ഥങ്ങളാണ് ഇംഗ്ലീഷിലും മലയാളത്തിലുമായി അദ്ദേഹം രചിച്ചിരിക്കുന്നത്. സഭാപിതാക്കന്മാരെ സംബന്ധിച്ച പഠനത്തിനുതകുന്ന കൈപ്പുസ്തകങ്ങൾ കാലഗണനാക്രമത്തിലും ഭാഷാവിഭാഗക്രമത്തിലും പലവാല്യങ്ങളായി (*സഭാപിതാക്കന്മാർ 1-3: പട്രോളജി 1-3, അപ്പസ്തോലിക പിതാക്കന്മാർ, ആദിമസഭാപിതാക്കന്മാർ, ലത്തീൻ സഭാപിതാക്കന്മാർ എന്നിങ്ങനെ)* പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുറിയാനിസഭയുടെ പ്രതിപുരുഷനായി ആഗോളസഭയിൽ ബഹുമാനിക്കപ്പെടുന്ന മാർ അപ്രേമിന്റെ ഒട്ടുമിക്ക രചനകളും അദ്ദേഹം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ട് (*ഉല്പത്തി ഭാഷ്യം* 2001; *കന്യാത്വഗീതങ്ങൾ* 2001; *മനുഷ്യാവതാരഗീതങ്ങൾ* 2001; *സുവിശേഷഭാഷ്യം* 2002; *വിശ്വാസഗീതങ്ങൾ* 2008*)*. ആദിമസഭയിലെ പ്രത്യേകിച്ച് സുറിയാനി ഗ്രീക്ക് പാരമ്പര്യങ്ങളിലെ ഏറ്റവും മികച്ച വേദപുസ്തക ഭാഷ്യങ്ങൾ മലയാളത്തിലെത്തിച്ചു. ഗ്രിഗറി നീസായുടെ ഗിരിപ്രഭാഷണഭാഷ്യം. ഒരിജന്റെ ഉത്തമഗീത ഭാഷ്യം. ലൂക്കാ സുവിശേഷ ഭാഗ്യം. യോഹന്നാന്റെ സുവിശേഷഭാഷ്യം; തിയഡോറിന്റെ യോഹന്നാന്റെ സുവിശേഷത്തിനുള്ള ഭാഷ്യം എന്നിവ അവയിൽ ചിലതുമാത്രമാണ്.

പ്രാമാണികവും പ്രസിദ്ധവും ആയ ഗ്രന്ഥങ്ങൾ എന്നതിലുപരി, സമകാലീന ലോകത്തിനുതകുന്ന തരത്തിൽ ആദിമസഭയുടെ ജീവിതചൈതന്യം കണ്ടെത്തുന്നിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. *ആദിമസഭ*



malankaralibrary.com

*യുടെ സന്ദേശം* (1994) എന്ന ഗ്രന്ഥം സഭാപിതാക്കന്മാരുടെ പൊതുവായ പ്രബോധനങ്ങളിലൂടെ ആദിമസഭയുടെ ചൈതന്യം പങ്കുവയ്ക്കുന്നു. *ഡിഡസ്കാലിയ* (1987), വിശുദ്ധ ഐറേനിയസ് എഴുതിയ *അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്* (2003) എന്നിങ്ങനെ ആദിമസഭയുടെ ജീവിതവും വിശ്വാസവും വിശദീകരിക്കുന്ന പ്രാമാണിക ഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തി. ആദിമസഭാ പൈതൃകത്തിലെ അമൂല്യ രത്നങ്ങളായ ചില മതാധ്യാപന പ്രസംഗങ്ങളും (തിയഡോർ 1986; ജറുസലേമിലെ സിറിൽ 2000; ജോൺ ക്രിസോസ്റ്റം 2003) ഈ പരിഭാഷകളിലുണ്ട്. സഭയുടെ ദർശനങ്ങൾ ഉൾക്കൊണ്ട് ജീവിച്ചവർ എന്ന നിലയിൽ വിശുദ്ധരുടെ ജീവിതം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾക്ക് ആദിമസഭയിൽ വലിയ സ്ഥാനമുണ്ടായിരുന്നു. ആ ഗണത്തിൽ നിന്നും അനേക ഗ്രന്ഥങ്ങൾ ചേടിയത്തച്ചൻ മലയാളത്തിൽ എത്തിച്ചിട്ടുണ്ട്. എവുതീമിയുസ് ഉൾപ്പെടെയുള്ള സന്യാസ പിതാക്കന്മാരുടെ ജീവചരിത്രങ്ങളും, ജറോമും ജന്നാഡിയൂസും സമാഹരിച്ച മഹദ്ചരിത്രങ്ങളും ഇക്കൂട്ടത്തിൽ പെടുന്നു.

ക്രിസ്തുദർശനം ആയിരുന്നു അച്ചന്റെ ഐഛരികവിഷയം. മാർ ബാബായിയുടെ ക്രിസ്തുദർശനം വിശദമാക്കുന്ന ഗവേഷണ പ്രബന്ധം 1982ൽ പ്രസിദ്ധീകരിക്കപ്പെട്ടു (മലയാളത്തിൽ 2000). അന്ത്യോഖ്യൻ ക്രിസ്തുദർശനത്തിന്റെ ആധാരസമീപനങ്ങൾ രൂപപ്പെടുത്തിയ വിശുദ്ധ ജോൺ ക്രിസോസ്റ്റം (2006) തിയഡൊറെറ്റ് (2007) എന്നിവരുടെ ക്രിസ്തുശാസ്ത്ര രചനകൾ പരിഭാഷപ്പെടുത്തി. ത്രിത്വദർശനവും ക്രിസ്തുദർശനവും പഠിപ്പിക്കാനുതകുന്ന കൈപ്പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട് (ത്രീയേക ദൈവം 1993 Christology; 2002).

സഭാചരിത്രമാണ് അച്ചന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖല. ആദിമസഭയിലെ പ്രമുഖ സഭാചരിത്ര ഗ്രന്ഥങ്ങളെല്ലാം അച്ചൻ മലയാളത്തിലെത്തിച്ചിട്ടുണ്ട്. (ബാർ എബ്രായ 1990; എവുസേബിയൂസ് 1998; സോക്രട്ടീസ്). ഇതിനു പുറമേ അന്ത്യോഖ്യൻ സുറിയാനി സഭയുടെ ചരിത്രത്തിലെ വിവാദവിഷയമായ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപന ചരിത്രം വിശദമാക്കി പല പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. The Catholicos of the East എന്ന പേരിൽ ഈ കണ്ടെത്തലുകൾ ആംഗലേയഭാഷയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭാചരിത്ര പഠനങ്ങൾ (1996), മധ്യകാല സഭാചരിത്രം (2000) എന്നിങ്ങനെ ആഗോള സഭാചരിത്രം കൈകാര്യം ചെയ്യുന്ന കൈപ്പുസ്തകങ്ങൾക്കു പുറമേ,



malankaralibrary.com

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്ര പൈതൃകം വിശദമാക്കുന്ന അനവധി ഗ്രന്ഥങ്ങൾ അച്ചന്റേതായിട്ടുണ്ട്. കേരളത്തിലെ ക്രൈസ്തവ സഭകൾ (1998) കേരളസഭയുടെ വിവിധ കൈപ്പിരിവുകളിലേക്ക് ശ്രദ്ധിക്കുന്നു. സീറോ മലങ്കര സഭയെ സംബന്ധിച്ചുള്ള വിവിധ പഠനങ്ങളുടെ ഫലം വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട The Malankara Catholic church (മലയാളം, ഇംഗ്ലീഷ്, ജർമൻ) എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

അച്ചൻ വ്യക്തിമുദ്ര പതിപ്പിച്ച മറ്റൊരിടമാണ് സഭൈക്യസംഭാഷണങ്ങൾ. എക്യുമെനിസം (1998) കേരളസഭയിലെ സഭൈക്യ വിഷയങ്ങൾ കൂടുതൽ ശ്രദ്ധയോടെ വിശകലനം ചെയ്തിട്ടുള്ള എക്യുമെനിസത്തിന്റെ മറുവശം (2013) എന്നിവയാണീ മേഖലയിലെ പ്രധാന പ്രസിദ്ധീകരണങ്ങൾ.

പ്രോ-ഓറിയന്തേയുടെയും കത്തോലിക്കാസഭയുടെ വിവിധ ഡയലോഗ് കമ്മീഷനുകളിലും സ്ഥിരസാന്നിദ്ധ്യമായിരുന്നു മല്പാനച്ചൻ. എഴുത്തിലൂടെ മാത്രമല്ല സംഭാഷണങ്ങളിലൂടെയും ദൈവശാസ്ത്ര ചർച്ചകൾക്ക് ദിശാബോധം നല്കുന്നതിൽ ഉത്സുകനായിരുന്നു.

സഭൈക്യപ്രസ്ഥാനങ്ങളുമായി അടുത്തു സഹകരിക്കുമ്പോഴും കത്തോലിക്കാ വിശ്വാസസത്യങ്ങൾ വിട്ടുവീഴ്ചയില്ലാതെ മുറുകെപ്പിടിക്കുന്നതിനും വിശദീകരിക്കുന്നതിനും ചേടിയത്തച്ചനുള്ള തീക്ഷ്ണത ശ്രദ്ധേയമാണ്. പ്രത്യേകിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന പെന്തക്കോസ്ത് നവീകരണപ്രസ്ഥാനങ്ങളുടെ പ്രചരണങ്ങൾക്കെതിരെ അച്ചൻ സഭയുടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. ശിശുസ്നാനം വേദാനുസൃതം (1998) കത്തോലിക്കാ വിശ്വാസവും പെന്തക്കൊസ്തു വീഷണങ്ങളും (5th edition in 2005) എന്നിവ ശ്രദ്ധേയ സംഭാവനകളാണ്. അതുപോലെ യഹോവ സാക്ഷികളെക്കുറിച്ചും (1993) അച്ചൻ എഴുതിയിട്ടുണ്ട്.

ഇതുകൂടാതെ ഇരുനൂറിലധികം ലേഖനങ്ങളും അച്ചൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ പലതും *പ്രൊ ഓറിയന്തെ. സ്തുദിയ പത്രിസ്തിക്ക, സ്തുദിയ എക്യുമെനിക്ക* മുതലായ അന്താരാഷ്ട്ര ചർച്ചാവേദികളിലും പ്രസിദ്ധീകരണങ്ങളിലുമാണ് വന്നിട്ടുള്ളത്.

പുസ്തകങ്ങളുടെ എണ്ണത്തിനപ്പുറം അച്ചന്റെ ദൈവശാസ്ത്ര സപര്യയിലേക്ക് ഒരു വിദ്യാർത്ഥിയുടെ കൗതുകത്തോടെ നോക്കു



malankaralibrary.com

മ്പോൾ, ദൈവശാസ്ത്രജ്ഞനെന്നും എഴുത്തുകാരനെന്നും ഉള്ള നിലയിൽ ചേടിയത്ത് മല്പാനച്ചൻ നൽകിയ സംഭാവനകളെ അനന്യസാധാരണമാക്കുന്ന ചില കാര്യങ്ങളുണ്ട്. അവ പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. ആദിമക്രൈസ്തവ സാഹിത്യത്തിന്റെ ജനകീയവൽക്കരണം**

ആരംഭത്തിൽ പറഞ്ഞല്ലോ. എല്ലായിടത്തും പരിചിതമായ ഒരു മേഖലയായിരുന്നില്ല പട്രോളജി. എന്നാൽ ലളിതമായ മലയാളത്തിൽ, ഏറ്റവും ലളിതമായ രീതിയിൽ പുസ്തകങ്ങളിറക്കുന്ന ഒരു ശൈലി അച്ചൻ മനഃപൂർവ്വം പിന്തുടർന്നു. വളരെ കുറഞ്ഞ വിലയിൽ പുസ്തകങ്ങൾ വിൽക്കാൻ അദ്ദേഹത്തിനു സാധിച്ചത് അച്ചടിയെ സംബന്ധിച്ചു പുലർത്തിയ ലാളിത്യമനോഭാവം കൊണ്ടുകൂടിയാണ്. വൈദികവിദ്യാർത്ഥികൾക്കും, ദൈവശാസ്ത്രം വായിക്കാൻ കുറച്ചെങ്കിലും ഒരുക്കമുള്ള സാധാരണക്കാർക്കും അധികം സാമ്പത്തിക ഭാരമില്ലാതെ പുസ്തകങ്ങൾ വാങ്ങാൻ കഴിയുമായിരുന്നു. ഏറ്റവും ഗഹനമായ വിഷയങ്ങൾ പോലും വായിച്ചെടുക്കാൻ പ്രയാസമില്ലാത്ത ഭാഷയിൽ എഴുതാൻ അദ്ദേഹത്തിനു കഴിയും. അതുകൊണ്ട് പട്രോളജിയെ മലയാളത്തിൽ ജനകീയമാക്കിയത് ചേടിയത്തച്ചനാണെന്ന് നിസംശയം പറയാവുന്നതാണ്. പാട്ടുകൾപോലെ ജനകീയ സാഹിത്യരൂപങ്ങളിലേക്ക് ദൈവശാസ്ത്രത്തെ എടുത്തെഴുതാതനും അച്ചൻ ശ്രമിച്ചിട്ടുണ്ട് (*മലങ്കര ഗീതങ്ങൾ പോലെയുള്ള പുസ്തകങ്ങളിൽ*). ഇതോടൊപ്പം എല്ലാ ഭാഷാന്തരങ്ങളിലും സംഭവിക്കുന്ന ഒരു കാര്യമുണ്ട്. മിക്കപ്പോഴും ഭാഷാന്തരങ്ങളിലൂടെയാണ് ദൈവശാസ്ത്രത്തിലെ അടിസ്ഥാന സങ്കല്പങ്ങൾ പുതിയ ഭാഷകളിലേക്ക് എത്തുന്നത്. പദാവലികൾ രൂപപ്പെടുന്നത്. മലയാളത്തിലെ ദൈവശാസ്ത്ര പദാവലി രൂപപ്പെടുത്തുന്നതിൽ അതിനെ ഏകീകരിക്കുന്നതിൽ ചേടിയത്ത് മല്പാനച്ചന് വളരെ വലിയ ഒരു സ്ഥാനമുണ്ടെന്ന് പറയേണ്ടിവരും.

മലയാളത്തിൽ ഇന്ന് രൂപപ്പെടുന്ന ദൈവശാസ്ത്രത്തെ ഉറവിടങ്ങളിലേക്ക് ചേർത്തുനിർത്തുന്നത് ചരിത്രവുമായും പൂർവികരുടെ ചിന്തയുമായും അതിനുള്ള ജൈവബന്ധം കൂടിയാണ്. വചനബദ്ധത എന്ന സർവപ്രധാനമായ മാനദണ്ഡം കഴിഞ്ഞാൽ കേരള സഭയുടെ സാഹചര്യത്തിൽ സവിശേഷമായ പ്രാധാന്യം ഈ ജീവധാരക്കുണ്ട്. ചേടിയ



malankaralibrary.com

ത്തച്ചനും കല്ലറങ്ങാട്ട് പിതാവും ഉൾപ്പെടുന്ന ദൈവശാസ്ത്രജ്ഞരുടെ ഒരു ഗണം സഭയുടെ ആദിമ ചൈതന്യവുമായി ദൈവശാസ്ത്രത്തിന്റെ പരിണാമധാരകളെ കൂട്ടിയിണക്കുന്നതിൽ ഗണ്യമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്.

**2. മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വരൂപീകരണം**

അവനവനെപ്പറ്റിയുള്ള വിവരണങ്ങൾക്ക് സാമൂഹ്യവ്യക്തിത്വങ്ങൾ രൂപപ്പെടുത്തുന്നതിലുള്ള സ്ഥാനം ഇന്ന് സുവിദിതമാണ്. ചേടിയത്ത് മല്പാനച്ചന്റെ പുസ്തകങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ സഭാവ്യക്തിത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആവർത്തിച്ച് കൈകാര്യം ചെയ്യുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന് കാണാം. പൗരസ്ത്യ സഭാപാരമ്പര്യത്തിന്റെ അടിത്തൂണുകളായ സന്യാസചൈതന്യത്തെ സംബന്ധിച്ചും (*സന്യാസത്തിന്റെ അന്തർധാര 1992; പ്രാചീന സന്യാസ ചരിത്രം* 1993; *പലസ്തീനായിലെ സന്യാസികൾ 1994; പ്രാചീന സന്യാസ നിയമങ്ങൾ* 2006) പ്രാർത്ഥനയെ സംബന്ധിച്ചും (പ്രാർത്ഥന സഭയിൽ 1993; പ്രാർത്ഥന സുറിയാനി സഭയിൽ 1993) ആരാധന ക്രമത്തെ സംബന്ധിച്ചും (ഉദാ. *മാർ തോമായുടെ ഇന്ത്യൻ അനാഫുറ* 1984; *മോശാ ബർകേഫായുടെ കൂദാശാ ഭാഷ്യം* 1982; *കുർബാനയുടെ വ്യാഖ്യാനങ്ങൾ* 2000) നൈയാമിക പാരമ്പര്യത്തെക്കുറിച്ചും (മാർ *മാറൂഥായുടെ കാനോനകൾ* 1989, *സിനോഡിക്കോൺ ഓറിയെന്താലെ* 1996) അച്ചൻ ആവർത്തിച്ചെഴുതുന്നത് യാദൃശ്ചികമല്ല. മലങ്കര സഭയുടെ അന്ത്യോഖ്യൻ ബന്ധത്തെ ഇത്ര നിശിതമായി പഠിച്ചിട്ടുള്ളവർ മറ്റാരുമല്ല.

മലങ്കരസഭ ഇന്ന് സ്വന്തം ചരിത്രമായി പറയുന്ന കഥ, പ്ലാസിഡ് പൊടിപ്പാറ അച്ചനിലൂടെ കടന്നുവന്ന ഒരു നാരറ്റീവനെ, പുനരൈക്യകാലത്ത് (ചേപ്പാട്ട് ഫിലിപ്പോസ് റമ്പാനെപ്പോലെയുള്ളവരുടെ നേതൃത്വത്തിൽ) രൂപപ്പെട്ട മറ്റൊരു നാരറ്റീവുമായി ചേർത്ത് ചേടിയത്തച്ചന്റെ വിശകലനത്തിലൂടെ സ്വാംശീകരിച്ചതാണെന്ന് ലളിതമായി പറയാം. ശാസ്ത്രീയമായ പുനർ വിചിന്തനങ്ങൾ ഇനി വന്നേക്കാം (അങ്ങനെയൊരു വിചിന്തനത്തിനു തുടക്കം സിറിൽ ബസേലിയോസ് ബാവായുടെ രചനകളിലുണ്ട്). എങ്കിലും അടിസ്ഥാനപരമായി ഒരു നാരറ്റീവ് രൂപപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ നാരറ്റീവിനെ അന്ത്യോഖ്യൻ പാരമ്പര്യത്തിന്റെ ചരിത്രവുമായി ചേർത്തു നിർത്തുവാനുള്ള കൈവഴികൾ ചേടിയത്തച്ചന്റെ രചനകളിലൂടെ തെളിഞ്ഞിട്ടുണ്ട്.



malankaralibrary.com

മലങ്കര കത്തോലിക്കാ സഭയുടെ നൈയാമികമായ സ്വയംഭരണാവകാശത്തെയും തനിമയെയും സംബന്ധിച്ച് 1980-കൾ മുതൽ അച്ചനുയർത്തിക്കൊണ്ടുവന്ന വാദങ്ങൾ കൂടിയാണ്, കാതോലിക്കാ സിംഹാസന പുനഃസ്ഥാപനമുൾപ്പെടെയുള്ള സമീപകാല വളർച്ചകളിലൂടെ ചരിത്രപരമായ അംഗീകാരം നേടുന്നത്.

### 3. സഭൈക്യ സംഭാഷണങ്ങളിലെ വ്യക്തതയുടെ ശബ്ദം

1970കളിൽ മാർ ബാബായിയുടെ ദൈവശാസ്ത്രം അതിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടിൽ കത്തോലിക്കാസഭയ്ക്ക് സ്വീകാര്യമാണെന്ന നിലപാട് അച്ചൻ തന്റെ ഗവേഷണത്തിലൂടെ സ്ഥാപിക്കുമ്പോൾ ഒരുപക്ഷേ വളരെയേറെപ്പേർ അതിനെ സംശയിച്ചിട്ടുണ്ടാവും. 1994-ൽ പരിശുദ്ധ ജോൺ പോൾ മാർപാപ്പ അസീറിയൻ സഭയുമായി ചേർന്നു നടത്തിയ സംയുക്ത ദൈവശാസ്ത്ര പ്രഖ്യാപനം രൂപപ്പെടുന്നതിൽ ഏതാണ്ട് ഇരുപതു വർഷങ്ങൾക്കുമുമ്പ് പുറത്തുവന്ന ഒരു ഗവേഷണം ഒരു ആധാരമായിരുന്നു! സുറിയാനിസഭകൾക്ക് പരസ്പരം മനസ്സിലാക്കാനുള്ള അന്താരാഷ്ട്ര ചർച്ചാവേദിയായ പ്രോ ഓറിയെന്തെയിലും കേരള സഭയിലെ സഭൈക്യ ചർച്ചാവേദികളിലും ചരിത്രപരമായ സത്യസന്ധതയ്ക്കുവേണ്ടി അച്ചൻ നിലപാടെടുക്കുന്നു. അച്ചന്റെ രചനാജീവിതം സഭകൾ തമ്മിലും മനസ്സുകൾ തമ്മിലുമുള്ള അകലങ്ങൾ കുറയ്ക്കുന്നതിൽ ഇനിയും പ്രചോദനം നൽകുന്ന ഒന്നായിരിക്കും.

ദൈവശാസ്ത്രത്തിനും സഭാജീവിതത്തിനും നൽകിയ അതുല്യമായ സംഭാവനകൾ പരിഗണിച്ച് 2015-ലെ പുനരൈക്യാഘോഷത്തിന്റെ അവസരത്തിൽ സീറോ മലങ്കര സഭ അദ്ദേഹത്തെ മല്പാൻ സ്ഥാനത്തേക്കുയർത്തി ആദരിച്ചു. ഇപ്പോൾ അദ്ദേഹം പത്തനംതിട്ട രൂപതാസ്ഥാനത്തിൽ താമസിച്ചുകൊണ്ട് സമീപ പ്രദേശങ്ങളിൽ അജപാലന ശുശ്രൂഷ ചെയ്യുന്നു. അച്ചന്റെ രചനാജീവിതത്തിനും അജപാലന ശുശ്രൂഷകൾക്കും എല്ലാവിധമായ ദൈവാനുഗ്രഹവും നേരുന്നു.



malankaralibrary.com

# ഫാ. സിപ്രിയൻ ഇല്ലിക്കമുറി
# ദൈവശാസ്ത്രത്തിന്റെ സൗമ്യവിപ്ലവം

**ജിജോ കുര്യൻ കപ്പൂച്ചിൻ**

ക്രൈസ്തവ ദൈവവിജ്ഞാനീയ ലോകത്തെ അഗ്രഗണ്യനായ കാൾ റാനറെയും വാൾട്ടർ കാസ്പറെയും ജോസി മെറ്റ്സിനെയുമൊക്കെ മലയാളിക്കു സുപരിചിതമാക്കിത്തീർത്ത ഡോ.സിപ്രിയൻ ഇല്ലിക്കമുറിയച്ചനെ കേരളത്തിലെ ദൈവശാസ്ത്രജ്ഞരുടെ ഇടയിൽ അനന്യനാക്കിത്തീർക്കുന്നത് അധുനാതന ദൈവശാസ്ത്ര അന്വേഷണങ്ങളെ ജനാധിപത്യവൽക്കരിച്ചതിന്റെ പേരിലായിരിക്കണം. 1930 നവംബർ 27 ന് ജനിച്ച സിപ്രിയനച്ചൻ 1958 മാർച്ച് 22 ന് ഒരു കപ്പൂച്ചിൻ വൈദികനായ അന്നു തുടങ്ങിയതാണ് അച്ചന്റെ ദൈവശാസ്ത്ര അന്വേഷണവും പഠിപ്പിക്കലും എഴുത്തുമെല്ലാം. ജർമ്മനിയിലെ മ്യൂൺസ്റ്റർ സർവകലാശാലയിലെ ഡോക്ടറേറ്റ് ഗവേഷണം അച്ചന്റെ പിന്നീടുള്ള അന്വേഷണങ്ങൾക്കുള്ള പിന്നാമ്പുറമായി. കോട്ടയത്തെ കപ്പൂച്ചിൻ വിദ്യാഭവനിൽ 33 കൊല്ലം പഠിപ്പിച്ചും 'അസ്സീസി' മാസികയിലെ സംശയിക്കുന്ന 'തോമ്മാ' എന്ന ദശകങ്ങൾ നീണ്ട പംക്തിയിലൂടെ സകല മനുഷ്യരുടെയും ദൈവശാസ്ത്ര സംബന്ധിയായ ചോദ്യങ്ങൾക്കു മറുപടി എഴുതിയും 25-ൽപരം ഗ്രന്ഥങ്ങൾ രചിച്ചും തന്റെ നെഞ്ചിലെ നെരിപ്പോടായിരുന്ന ദൈവത്തെക്കുറിച്ച് അദ്ദേഹം സംവദിച്ചുകൊണ്ടേയിരുന്നു. 2019 മാർച്ച് 15-ാം തീയതിയാണ് നൈരന്തര്യവും സ്ഥൈര്യവും മുഖമുദ്രയാക്കിയ ആ ദൈവശാസ്ത്ര സപര്യയ്ക്ക് തിരശ്ശീല വീണത്.

### 1. ഭാരതസഭയുടെ കാൾ റാനർ

പോയ നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖ ദൈവശാസ്ത്രജ്ഞനായിരുന്നു ജർമൻകാരനായ ജെസ്യൂട്ട് പുരോഹിതൻ കാൾ റാനർ. കത്തോലിക്കാസഭയുടെ ദൈവശാസ്ത്രത്തെയും നിലപാടുകളെയും വിപ്ലവാത്മകമായ രീതിയിൽ നവീകരിക്കുന്നതിന് രണ്ടാംവത്തിക്കാൻ



malankaralibrary.com

കൗൺസിലിൽ റാനർ നല്കിയ സംഭാവന അതുല്യമായിരുന്നു. റാനറിന്റെ ശിഷ്യനായ ജർമനിയിലെ മ്യൂൺസ്റ്റർ സർവ്വകലാശാലയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനവും ഗവേഷണവും പൂർത്തീകരിച്ച സിപ്രിയന് ഇല്ലിക്കമുറിയച്ചൻ തന്റെ ഗുരുവിന്റെ ദൈവശാസ്ത്ര ചിന്താസരണിയിൽ അവസാനംവരെ വിശ്വസ്തതയോടെ നിലകൊണ്ടു. സത്യ-പ്രയോഗമാണ് (ortho-praxis) സത്യ-വിശ്വാസത്തെ (ortho-doxy) സാധൂകരിക്കുന്നത് എന്ന അസ്തിത്വവാദപരവും (existential) എന്നാൽ അനുഭവജ്ഞാനാതീതവുമായ (transcendental) ചിന്താധാരയായിരുന്നു അദ്ദേഹം പിഞ്ചെന്നത്. 'പ്രവൃത്തിയില്ലാത്ത വിശ്വാസം മൃതമാണ്' (James 2:17) എന്ന വചനത്തെ ദൈവശാസ്ത്ര വിചിന്തനത്തിന്റെ അടിത്തറയായി ഫാ.സിപ്രിയൻ കണ്ടിരുന്നു. അതുകൊണ്ട് മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹം നിരന്തരം ദൈവശാസ്ത്ര വിചിന്തനം നടത്തിയിരുന്നത്. മനുഷ്യജീവിതത്തിന് ഉപകരിക്കാത്ത ചില വിശ്വാസസംഹിതകളെ വ്യാഖ്യാനിക്കുമ്പോൾ 'ദൈവശാസ്ത്ര ഉള്ളടക്കമില്ലാത്ത സംഹിതകൾ' എന്ന് വിളിക്കാൻ അദ്ദേഹം മടി കാട്ടിയില്ല. ഏറ്റുപറച്ചിലിനപ്പുറം ജീവിതമാണ് ഒരാളുടെ വിശ്വാസത്തിന്റെ തെളിവെന്ന ബോധ്യമായിരുന്നു അതിൽ അന്തർലീനമായിരിക്കുന്നത്. വ്യവസ്ഥാപിതമായ സഭയ്ക്ക് പുറത്തു മനഃസാക്ഷിയുടെ ശബ്ദമനുസരിച്ച് ജീവിക്കുന്ന മനുഷ്യരെ നോക്കി 'പേരുവയ്ക്കാത്ത ക്രിസ്തുശിഷ്യർ' (Anonymous Christians) എന്ന് വിളിച്ച റാനർ എന്ന ഗുരുവിന്റെ ശിഷ്യന് അങ്ങനെയല്ലേ കഴിയൂ. അതുകൊണ്ടുതന്നെ ഭാരതസഭയുടെ റാനർ എന്ന ഫാ.സിപ്രിയനെ വിളിക്കുന്നതിൽ തെറ്റില്ല. ഗുരുവിനെപ്പോലെ തന്നെ അദ്ദേഹം തനിക്കു ബോധ്യപ്പെട്ട ക്രിസ്തീയത ജനമനസ്സുകളിൽ എത്തിക്കാൻ നിരന്തരം എഴുതുകയും പറയുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

### 2. സൗമ്യനായ വിപ്ലവകാരി

യേശുവിന്റെ അന്യായമായ വിചാരണയെക്കുറിച്ച് ഏശയ്യാ ദീർഘദർശിയുടെ വാക്കുകൾ ഉദ്ധരിച്ച് ഇങ്ങനെ പറയുന്നുണ്ട്:

'കൊലയ്ക്കു കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അയാൾ നിശബ്ദനായിരുന്നു. അവഹേളനത്തിൽ അയാൾക്ക് നീതി നിഷേധിക്കപ്പെട്ടു' (നടപടി 8:32). 'സൗമ്യനായ വിപ്ലവകാരി' എന്ന പ്രയോഗം ഒരു വൈരുദ്ധ്യമായി തോന്നാം. സത്യത്തിൽ അത്തരമൊരു വൈരുദ്ധ്യം



malankaralibrary.com

ജീവിക്കുകയായിരുന്നു ക്രിസ്തു. ജനങ്ങളെ ഇളക്കിവിട്ട വിപ്ലവകാരി (ലൂക്കാ 23:2) എന്നാണ് ക്രിസ്തുവിനെക്കുറിച്ച് പരാമർശിക്കപ്പെട്ടത്. എന്നാൽ ആ വിപ്ലവകാരി സ്വന്തം വിചാരണവേളയിൽ തനിക്കെതിരെ അന്യായങ്ങൾ ആരോപിക്കപ്പെട്ടപ്പോൾ നിശബ്ദനായി നിന്നു. സ്വന്തം കാര്യത്തിൽ നിശബ്ദനാകുന്ന, സമൂഹത്തിനുവേണ്ടി ശബ്ദമുയർത്തുന്നു സൗമ്യനായ വിപ്ലവകാരി.

ആശയങ്ങളിൽ ക്രിസ്തുവിന്റെ തീവ്രത സൂക്ഷിക്കുകയും ജീവിതത്തിൽ ഒരു മുനിയുടെ ശാന്തതയും കുഞ്ഞിന്റെ നൈർമല്യവും കൊണ്ടു നടക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഫാ.സിപ്രിയന്റേത്. സർപ്പത്തെപ്പോലെ വിവേകിയും പ്രാവിനെപ്പോലെ നിഷ്കളങ്കനുമാകാൻ അദ്ദേഹം ശീലിച്ചിരുന്നു. കാലത്തിനു മുന്നേ ചിന്തിച്ച ഈ ക്രാന്തദർശി നാളെയുടെ സഭയും സമൂഹവും എന്തായിരിക്കണമെന്ന് എഴുപതുകളിലും എൺപതുകളിലും എഴുതിക്കൊണ്ടിരുന്നു. സ്ത്രീവിമോചനം, സ്ത്രീപൗരോഹിത്യം, വിമോചന ദൈവശാസ്ത്രത്തിന്റെ പ്രസക്തി, അനുഷ്ഠാനപരമാകുന്ന പൗരോഹിത്യത്തെക്കുറിച്ചുള്ള വിമർശനം, വ്യർത്ഥമായ പാരമ്പര്യങ്ങളുടെ പേരിൽ മാനവികതയും സ്നേഹവും ഹനിക്കുന്ന അനൈക്യം.... എന്നിവയൊക്കെയും അദ്ദേഹത്തിന്റെ എഴുത്തുകളുടെ ഭാഗമായിരുന്നു. പറയുകയും എഴുതുകയും ചെയ്യുന്ന എല്ലാ വിഷയങ്ങളിലും പണ്ഡിത തുല്യമായ അന്വേഷണവും ആധികാരികതയും പുലർത്തിയ ഇദ്ദേഹത്തിന്റെ ..... വാക്കുകളെ യാഥാസ്ഥിതിക പക്ഷത്തിന് ഭേദിക്കാൻ കഴിയാതെ പോയി. അത് അദ്ദേഹത്തിൽ ഉണ്ടാക്കിയ സംഘർഷത്തെ സ്വന്തം ബോധ്യങ്ങളുടെ ഉറപ്പിൽ പ്രാർത്ഥനയുടെ ശാന്തതയിൽ അദ്ദേഹം അഭിമുഖീകരിച്ചു. എന്നാൽ താൻ പിഞ്ചെന്ന ക്രിസ്തുവിന്റെ വിപ്ലവാത്മക സുവിശേഷത്തിൽ നിന്നുതെല്ലും വ്യതിചലിക്കാൻ അദ്ദേഹം അവസാനം വരെ ശ്രമിച്ചിട്ടില്ല. അതുകൊണ്ടാണ് മരിക്കുന്നതിന് എട്ടുമാസങ്ങൾക്കുമുമ്പ് എഴുതിയ ലേഖനത്തിൽ അദ്ദേഹം ഇമ്മാനുവേൽ കാന്റ് എന്ന ചിന്തകനെ ഉദ്ധരിച്ച് ഇങ്ങനെ കുറിച്ചത്:

ധാർമ്മികനായിരിക്കുകപോലും ചെയ്യാതെ ദൈവത്തെ പ്രീതിപ്പെടുത്താൻ ചെയ്യുന്ന അനുഷ്ഠാനങ്ങൾ അന്ധവിശ്വാസപരമായ മതമാണ്. ഇത്തരം മാന്ത്രികാനുഷ്ഠാനങ്ങൾ മതത്തെ അന്ധവിശ്വാസമാക്കി മാറ്റുന്നു' (അസ്സീസി മാസിക, ജൂലൈ 2018).



malankaralibrary.com

**3. അസ്തിത്വദൈവശാസ്ത്രത്തിലേക്ക്**

പ്രമാണങ്ങൾ (dogmas) അതിൽ തന്നെ നിർജ്ജീവമാണെന്നും പ്രമാണങ്ങൾക്ക് സാധൂകരണം നൽകുന്നത് അവയുടെ അസ്തിത്വപരമായ പ്രായോഗികതയാണെന്നും വിശ്വസിക്കുന്നവരാണ് ഒട്ടുമിക്ക സമാകിലക ദൈവശാസ്ത്രജ്ഞരും. ഫാ.സിപ്രിയാനും അക്കാര്യത്തിൽ ലവലേശം സംശയമില്ലായിരുന്നു. എന്നാൽ അദ്ദേഹം ഒരുപടി കൂടി കടന്ന് അനുഷ്ഠാനപരവും യാന്ത്രികവുമാകുന്ന മതാത്മകതയുടെ പ്രമാണ സമീപനങ്ങളെ തള്ളിക്കളഞ്ഞു. കൗദാശികമായിരുന്നു (അദൃശ്യമായതിനെ അനുഭവവേദ്യമാക്കുന്നതായിരുന്നു) അദ്ദേഹത്തിന്റെ ദൈവശാസ്ത്ര സമീപനം. അനുഷ്ഠാനപൗരോഹിത്യം, അനുഷ്ഠാനബലി, വിശ്വാസമില്ലാത്ത സ്നാനം, സുഖപ്പെടുത്താത്ത ലേപനം, സ്നേഹമില്ലാത്ത ഉടമ്പടി, അനുരഞ്ജനമില്ലാത്ത ഏറ്റുപറച്ചിൽ... എല്ലാം ഫാ. സിപ്രിയൻ വിമർശനാത്മകമായി കണ്ടു. വി.കുർബാന എന്ന കൂദാശയുടെ വിചിന്തനത്തിനാണ് അദ്ദേഹം ഏറ്റവും കൂടുതൽ സമയം ചെലവഴിച്ചത്. കുർബാനയെ അനുഷ്ഠാനമതബലിയുടെ വർഗ്ഗനിരയിൽ നിന്ന് മോചിപ്പിച്ച് അനുഷ്ഠാനപുരോഹിതനല്ലായിരുന്ന യേശുവിന്റെ ജീവിതബലിയുടെ, സ്നേഹവിരുന്നിന്റെ, ഭൗതീകതയെ കടന്നു നിൽക്കുന്ന ചൈതന്യസാന്നിധ്യത്തിന്റെ ജീവത്തായ "അനുസ്മരണമായി' തെളിച്ചമുള്ള ചിന്തയിൽ വ്യാഖ്യാനിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. ദൈവത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന മനുഷ്യന്റെ നിരന്തരം പരിണാമുഖമായ കാഴ്ചപ്പാടിന്റെ ചരിത്രരൂപീകരണങ്ങളാണ് പ്രമാണങ്ങൾ എന്ന തിരിച്ചറിവുണ്ടായിരുന്ന ഫാ.സിപ്രിയൻ ദൈവത്തെ കണ്ടുമുട്ടിയത് ജീവിതങ്ങളിലാണ്. പ്രമാണങ്ങൾ അദ്ദേഹത്തിന് മാർഗ്ഗസൂചനകൾക്ക് അപ്പുറം ഒന്നുമായിരുന്നില്ല.

**4. ജനങ്ങളും ദൈവശാസ്ത്രവും**

ഭക്തിയും അനുഷ്ഠാനങ്ങളും, മാത്രം സാധാരണ മതവിശ്വാസിക്ക് ഏല്പിച്ചുകൊടുത്ത്, മതത്തിന്റെ ജ്ഞാനതലം മതത്തിലെ വരേണ്യപൗരോഹിത്യം കയ്യാളുന്നത് സത്യത്തെ വിശ്വാസിയിൽ നിന്ന് അപഹരിച്ചെടുക്കുന്നതിന് തുല്യമാണ്. ജ്ഞാനം ഏതൊരു സാധാരണ വിശ്വാസിയുടെയും അവകാശമാണെന്ന അടിസ്ഥാനബോധ്യത്തിൽ നിന്ന് കേരളസഭയിൽ വിശ്വാസത്തെ ജനാധിപത്യവത്കരിക്കാൻ ഫാ.സിപ്രിയൻ നല്കിയ സംഭാവന വളരെ വലുതാണ്. 'സംശയിക്കുന്ന തോമാ' എന്നൊരു പംക്തിയിലൂടെ ഏതാണ്ട് രണ്ടു ദശകങ്ങളോളം



malankaralibrary.com

അസ്സീസി മാസികയിൽ വളരെ സാധാരണക്കാരായ വിശ്വാസികളുടെ മതപരവും വിശ്വാസപരവുമായ സംശയങ്ങൾക്ക് ലളിതമായ ഭാഷയിൽ അദ്ദേഹം മറുപടി കൊടുത്തുകൊണ്ടിരുന്നു. ഇന്റർനെറ്റും ചാനലുകളും വിജ്ഞാനത്തെ ജനകീയമാക്കിയ കാലം ഇങ്ങെത്തുംമുമ്പേ കത്തുകളിലൂടെയും അച്ചടിമാധ്യമത്തിലൂടെയും ജ്ഞാനത്തിന്റെ സമ്പർക്ക-ജനാധിപത്യരീതിയെ സഭയിൽ വികസിപ്പിച്ചെടുത്ത ക്രാന്തദർശി കൂടിയായിരുന്നു ഫാ.സിപ്രിയൻ.

ഇടതുകൈ അറിയാത്ത വലതുകൈയുടെ പുണ്യം. സ്വന്തം കരളലിവുകളെ വിളംബരം ചെയ്യാത്ത മൗനം അതായിരുന്നു ഒരു ദൈവശാസ്ത്രജ്ഞനപ്പുറം ഫാ.സിപ്രിയനെ ഒരു നല്ല അജപാലകനാക്കിയത്. ഉള്ളലിവിന്റെ മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. മനുഷ്യരുടെ ജീവിതപ്രശ്നങ്ങൾക്ക് മുന്നിൽ അദ്ദേഹം കരുണക്കടലാകുമായിരുന്നു. ആരുമറിയാതെയും ആരോടും പറയാതെയും അദ്ദേഹം അനേകം മനുഷ്യരുടെ ജീവിതത്തിൽ താങ്ങായി. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ആരുമറിയാതെ ഏതെങ്കിലും സുഹൃത്തുക്കളോട് കൈനീട്ടി വാങ്ങി അവരെ പഠിപ്പിച്ചു. തകർന്നുപോയ വ്യക്തികൾക്കും കുടുംബങ്ങൾക്കും അദ്ദേഹം ആശ്വാസത്തിന്റെ തണലായി. രോഗികൾക്ക് മനഃസൗഖ്യത്തിന്റെ ലേപനവാക്കായി... എന്നാൽ ഇതൊന്നും കൂടെ ജീവിച്ചവർപോലും അറിയാത്തവിധം അപരന്റെ അഭിമാനം കാക്കുന്നവനായി. എന്നും ജീവിതത്തിൽ പിന്നിലായി പോകുന്നവരോടായിരുന്നു അദ്ദേഹത്തിന്റെ കരുതൽ.

സിപ്രിയനച്ചന്റെ കുഴിമാടത്തിൽ ചരിത്രത്തിന് ഓർത്തിരിക്കാൻ ഒരു വാചകം എഴുതുന്നെങ്കിൽ അത് 'വിജ്ഞാനം സ്നേഹത്തിന്റെ നിർഭയത്വമാണ്, ആത്മീയത മൗനത്തിന്റെ വിപ്ലവമാണ്' എന്നായിരിക്കണം.



malankaralibrary.com

# ജോർജ് തേറുകാട്ടിൽ എം.സി.ബി.എസ്
# കരുണാർദ്ര സ്നേഹത്തിന്റെ ധാർമികത

**ഡോ. ജേക്കബ് നാലുപറയിൽ എം.സി.ബി.എസ്**

തേറുകാട്ടിൽ ഇഞ്ചോടിക്കാരൻ ജോസഫിന്റെയും റോസയുടെയും മകനായി ജോർജ്ജ് 1945 മാർച്ച് 28-ാം തീയതി ജനിച്ചു. തൃശൂർ അതിരൂപതയിലെ ചിറക്കൽ വിശുദ്ധ അന്തോണീസിന്റെ പള്ളിയാണ് അദ്ദേഹത്തിന്റെ ഇടവക. പൂനമല്ലി തിരുഹൃദയ സെമിനാരിയിൽ തത്വശാസ്ത്ര പഠനവും, ആലുവ മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി 1973-ൽ പൗരോഹിത്യം സ്വീകരിച്ചു.

പിന്നീട് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രത്തിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കി. അതിനുശേഷം 1976–1983 കാലഘട്ടത്തിൽ ലുവൈനിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ ഉന്നതപഠനം നടത്തി. ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടി.

നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം 1983 മുതൽ 2004 വരെ മൈസൂർ യൂണിവേഴ്സിറ്റിയിലെ ക്രിസ്റ്റ്യാനിറ്റി ഡിപ്പാർട്ടുമെന്റിന്റെ ചെയർമാനായിരുന്നു. 2004-2007 കാലഘട്ടത്തിൽ എം.സി.ബി.എസ് സന്യാസ സമൂഹത്തിന്റെ ജനറൽ കൗൺസിലറായി സേവനം ചെയ്തു.

ഈ കാലയളവിൽ ഇന്ത്യയിലെ വിവിധ ഫാക്കൽറ്റികളിൽ വിസിറ്റിങ്ങ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു. അദ്ദേഹം പഠിപ്പിച്ചിരുന്ന പ്രധാനപ്പെട്ട ഫാക്കൽറ്റികൾ: സെന്റ് പീറ്റേഴ്സ് സെമിനാരി ബാംഗ്ലൂർ, പൗരസ്ത്യ വിദ്യാപീഠം വടവാതൂർ, സെന്റ് ജോസഫ്സ് സെമിനാരി മംഗലാപുരം, സേക്രട്ട് ഹാർട്ട് സെമിനാരി പൂനമല്ലി, സനാതന സെമിനാരി താമരശ്ശേരി, തേജസ് തിയോളഗേറ്റ് ബാംഗ്ലൂർ, മേരി



malankaralibrary.com

മാതാ സെമിനാരി തൃശൂർ, ജീവാലയ ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട് ബാംഗ്ലൂർ, ജ്യോതി സദൻ-ഫ്രാൻസിസ്കൻ തിയോളോഗേറ്റ് ബാംഗ്ലൂർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫി സ്പിരിച്ചാലിറ്റി ബംഗളൂർ, കൃപാലയ കപ്പൂച്ചിൻ തിയോളോഗേറ്റ് മൈസൂർ.

**1. തനതായ സംഭാവന**

ക്രൈസ്തവ ധാർമിക ദൈവശാസ്ത്രത്തിൽ ഫാ.തേറുകാട്ടിൽ മുന്നോട്ടുവച്ച പുതിയൊരു രീതി ശാസ്ത്രമാണ് (methodology) അദ്ദേഹത്തിനു തനതായ സംഭാവന എന്ന് പറയാവുന്നതാണ്. അതിന് അദ്ദേഹം കൊടുത്തിരിക്കുന്ന പേര് 'കരുണാർദ്രസ്നേഹത്തിന്റെ രീതി ശാസ്ത്രം' എന്നാണ്.

ഫാ.തേറുകാട്ടിലിന്റെ മാസ്റ്റർ പീസെന്നു പറയാവുന്ന ഗ്രന്ഥം 'Compassionate Love-Ethics' ആണ്. നാല് വാല്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന കൃതിയാണിത്. ക്രിസ്തീയ ധർമ്മശാസ്ത്രത്തിന്റെ നാല് അടിസ്ഥാന മേഖലകളായ് 'അടിസ്ഥാന ധാർമിക ശാസ്ത്രം' (Fundamental Moral Theology), സാമൂഹ്യനീതി (Social Justice), ബയോ-എത്തിക്സ് (Bio-Ethics), വിവാഹവും ലൈംഗികതയും (Marriage and Sexuality) എന്നിവയെ 'കരുണാർദ്രസ്നേഹത്തിന്റെ രീതിശാസ്ത്രം' ഉപയോഗിച്ച് വിശകലനം ചെയ്യാനുള്ള ശ്രമമാണ് അദ്ദേഹമീ ഗ്രന്ഥസമുച്ചയത്തിൽ നടത്തുന്നത്. അതോടൊപ്പം, സമകാലിക ധാർമിക വിഷയങ്ങളെ വിശകലനം ചെയ്യുന്ന അദ്ദേഹത്തിന്റെ 180-ൽ പരം ലേഖനങ്ങളിലും ഇതേ രീതിശാസ്ത്രമാണ് പ്രയോഗിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ധർമശാസ്ത്രത്തിൽ അദ്ദേഹം നിർദ്ദേശിച്ച ഈ പുതിയ രീതിശാസ്ത്രമാണെന്ന് വരുന്നു.

**2. അനിവാര്യമായ ദിശാമാറ്റം**

മറ്റു രണ്ട് ക്ലാസിക്കൽ ധാർമിക രീതി ശാസ്ത്രങ്ങളുമായിട്ടുള്ള തുലനം ചെയ്യലിലൂടെയാണ് അദ്ദേഹം തന്റെ പുതിയ ധാർമിക രീതിശാസ്ത്രത്തെ മുന്നോട്ടു വയ്ക്കുന്നത്. ഇമ്മാനുവേൽ കാന്റിനെ 'ഡെഓന്റോളോജിക്കൽ' (deontological) രീതിയും തോമസ് അക്വീനാസിന്റെ 'റ്റെലെയോളോജിക്കൽ' (teleological) രീതി ശാസ്ത്രവുമാണ്. ഇതിൽ ആദ്യത്തേത് 'ശരിയായ പ്രവൃത്തിയിൽ ശ്രദ്ധിക്കുമ്പോൾ, രണ്ടാമത്തേത് 'പ്രവൃത്തിയുടെ ഉത്തമമായ ലക്ഷ്യത്തിൽ' ശ്രദ്ധ കേന്ദ്രീകരിക്കുന്നു.



malankaralibrary.com

എന്നാൽ ഈ രണ്ട് സമീപനത്തിൽ നിന്നും വ്യത്യസ്തമായി ഫാ.തേറുകാട്ടിലിന്റെ ശ്രദ്ധ ഏതൊരു ധാർമിക പ്രശ്നത്തിനും ആ ഒരു സാഹചര്യത്തിൽ കൊടുക്കാവുന്ന 'ഏറ്റും അനുയോജ്യമായ പ്രത്യുത്തരത്തിലേക്കാണ്.' ഇതിന് അദ്ദേഹം പറയുന്ന കാരണം, നേരായ പ്രവൃത്തി എപ്പോഴും നന്മ ഉളവാക്കണമെന്നില്ല, നല്ല പ്രവൃത്തി എപ്പോഴും ശരിയായിരിക്കണമെന്നുമില്ല എന്നതാണ്. ഇത്തരമൊരു ദശാസന്ധിയിലാണ്, അദ്ദേഹം തന്റെ 'കരുണാർദ്ര സ്നേഹത്തിന്റെ' രീതിശാസ്ത്രം മുന്നോട്ടു വയ്ക്കുന്നത്. ഫാ.തേറുകാട്ടിൽ പറയുന്നത്, ഈ പുതിയ ധാർമിക രീതി ശാസ്ത്രം ഇപ്പോഴും അതിനെ രൂപീകരണഘട്ടത്തിലാണെന്നാണ്. അതായത്, ഇതുവരെയും ഇതിന്റെ സമ്പൂർണ്ണ വളർച്ചയിൽ എത്തിയിട്ടില്ലെന്ന് സാരം.

കഴിഞ്ഞ കാലങ്ങളിൽ ക്രിസ്ത്യൻ ധാർമികശാസ്ത്രത്തിന്റെ ചർച്ച പ്രധാനമായും ശരിയും തെറ്റും, നന്മയും തിന്മയും തീരുമാനിക്കാൻ ഉതകുന്ന മാനദണ്ഡങ്ങളെക്കുറിച്ചായിരുന്നു. തത്വങ്ങളെക്കുറിച്ചും അളവുകോലുകളെക്കുറിച്ചുമുള്ള ഈ അന്വേഷണം, പക്ഷെ ശരിയും നന്മയും ചെയ്യാനുള്ള നമ്മുടെ ശേഷി എങ്ങനെ വർദ്ധിപ്പിക്കാം എന്ന് അധികം ചിന്തിച്ചില്ല. അതുകൊണ്ട് കൂടിയായിരിക്കയില്ലെ, ചരിത്രത്തിലെ ഏറ്റവും വലിയ നിഷ്ഠുരതകളായ ഹോളോകോസ്റ്റിലെയും, റുവാണ്ടയിലെയും, ബോസ്നിയയിലെയും വംശഹത്യയും ഗോദ്രയിലെ കൂട്ടക്കൊലയുമൊക്കെ സംഭവിച്ചതെന്ന് ഫാ.തേറുകാട്ടിൽ ചോദിക്കുന്നുണ്ട്.

അതുകൊണ്ട്, ക്രിസ്തീയ ധർമശാസ്ത്രം അതിന്റെ ശ്രദ്ധയുടെ കേന്ദ്രം ഒന്ന് മാറ്റിപ്പിടിപ്പിക്കേണ്ടതല്ലേയെന്ന് അദ്ദേഹം സംശയിക്കുന്നു. അതായത്, ശരിയുടെയും ഉദ്ദേശ്യശുദ്ധിയുടെയും മാനദണ്ഡങ്ങളുടെ താത്വികാന്വേഷണത്തിൽനിന്ന് ക്രിസ്തുവിൽ പ്രകാശിതമായ ദൈവിക കാരുണ്യത്തിന്റെ പ്രിസത്തിൽകൂടി ശരിതെറ്റുകളെ വിലയിരുത്തുന്നതിലേക്ക് മാറേണ്ടതല്ലേ?

### 3. ക്രിസ്തുവിൽ അനാവരണം ചെയ്യപ്പെട്ട ദൈവകാരുണ്യം

ക്രിസ്തുവിൽ പ്രകാശിതമായ ദൈവകാരുണ്യത്തെയാണ് തന്റെ നൂതന ധാർമിക രീതി ശാസ്ത്രത്തിന്റെ അടിസ്ഥാനമായി ഫാ.തേറുകാട്ടിൽ സ്വീകരിക്കുന്നത്. ക്രിസ്തു പറഞ്ഞുതന്ന ഉപമകളും രൂപകങ്ങളും പകരുന്ന നൂതന പ്രകാശത്തിൽ ധാർമിക തത്വങ്ങളെയും



malankaralibrary.com

ധാർമിക മൂല്യങ്ങളെയും നോക്കിക്കാണാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതോടൊപ്പം, ക്രിസ്തുവിന്റെ കരുണാമയമായ ജീവിതത്തെയും പ്രവൃത്തികളെയും മാതൃകയാക്കി ക്രിസ്തീയ ജീവിതം ചിട്ടപ്പെടുത്തുന്നതുമാണ് അദ്ദേഹത്തിന്റെ രീതിശാസ്ത്രം. ചുരുക്കത്തിൽ അദ്ദേഹം ഉപയോഗിക്കുന്ന വ്യാഖ്യാനത്തിന്റെ താക്കോൽ കാരുണ്യമാണെന്ന് വരുന്നു.

ദൈവത്തെ കരുണാനിധിയായി സങ്കല്പിക്കുന്ന രീതി പഴയനിയമത്തിന്റെ ഏടുകളിലും കാണാനാവും. 'അനവിം യാഹ്വെ'- ദൈവത്തിന്റെ നിസ്വർ എന്ന സങ്കല്പം ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. അതായത്, ദരിദ്രരുടെയും പതിതരുടെയും അനാഥരുടെയും ദൈവമാണ് യാഹ്വെ എന്ന സങ്കൽപ്പം. എന്നാൽ, ഇതിന്റെയൊക്കെ പരമകാഷ്ഠ നാം കാണുന്നത് ക്രൂശിതനായ ക്രിസ്തുവിലാണ്. ദൈവകാരുണ്യത്തിന്റെ അവതാരമായിരുന്നല്ലോ ക്രിസ്തു. ഈ അർത്ഥത്തിൽ, ദൈവിക കാരുണ്യത്തിന്റെ ആൾരൂപമായ ക്രിസ്തുവിലാണ് ഫാ. തേറുകാട്ടിൽ തന്റെ ധാർമിക രീതിശാസ്ത്രത്തിന്റെ അടിസ്ഥാനമിടുന്നത്.

അതോടൊപ്പം ഫാ. തേറുകാട്ടിൽ തന്റെ ധാർമിക രീതീശാസ്ത്രത്തിനായി ത്രിത്വൈക ദൈവസങ്കല്ത്തെയും ആശ്രയിക്കുന്നു. ദൈവം ത്രിയേക ദൈവമാണ് എന്നു പറയുന്നത് അടിസ്ഥാനമിട്ടിരിക്കുന്നത് ദൈവത്തിന്റെ പരോന്മുഖ സ്വഭാവത്തിലാണ്. കാരണം, ത്രിയേക ദൈവത്തിലെ ഓരോ വ്യക്തിയും മറ്റൊരാൾക്കുവേണ്ടി നിലകൊള്ളുകയും ശൂന്യവത്കരിക്കുകയും ചെയ്യുന്നതിനാലാണ് ദൈവത്തിൽ മൂന്ന് ആളുകൾ ഉണ്ടായിരിക്കുന്നത്. പിതാവ് തന്നെത്തന്നെ ശൂന്യവത്കരിക്കുന്നതിലാണ് പുത്രന്റെ അസ്തിത്വം. പിതാവിന്റെയും പുത്രന്റെയും ആത്മദാനത്തിലണ് പരിശുദ്ധാത്മാവിന്റെ അസ്തിത്വം. ചുരുക്കത്തൽ, ആത്മദാനത്തിന്റെ കൂട്ടായ്മയായാണ് ത്രിയേക ദൈവമെന്ന് വരുന്നു.

ഈ ത്രിയേക ദൈവത്തെയും ത്രിയേക ദൈവത്തിന്റെ സ്വഭാവ ആത്മദാനത്തെയും സ്വജീവിതത്തിലൂടെ നമുക്ക് വെളിപ്പെടുത്തിത്തന്നത് ക്രിസ്തുവാണ്. ക്രിസ്തു തന്റെ ജീവിതത്തിലൂടെയും അതിന്റെ കൊടുമുടിയായ കുരിശുമരണത്തിലൂടെയും ആവിഷ്കരിക്കുന്നത് ദൈവികസ്വഭാവമായ കാരുണ്യമല്ലാതെ മറ്റൊന്നുമല്ല. ചുരുക്കത്തിൽ, ക്രിസ്തുവിൽ അനാവൃതമായ കാരുണ്യത്തിലാണ് പുതിയ ധാർമിക രീതി ശാസ്ത്രത്തിന്റെ അടിസ്ഥാനം.



malankaralibrary.com

**4. മനുഷ്യ സ്വഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്ന ദൈവിക കാരുണ്യം**

മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. അതായത്, മനുഷ്യൻ സ്വഭാവത്താലേ ത്രിയേകദൈവത്തിന്റെ സ്വഭാവം പേറുന്നു. അതിനാൽ തന്നെ അവൻ സ്വഭാവത്താലേ കരുണാമയനുമാണ് എന്നു സാരം. അവൻ അത് തിരിച്ചറിയുകയും അനുഭവിക്കുകയും അനുദിനം വളർത്തിയെടുക്കുകയും ചെയ്യണമെന്ന് മാത്രം. കാരുണ്യമെന്ന സുകൃതം അതിന്റെ സ്വഭാവത്താൽ തന്നെ പരോന്മുഖമാണ്. അതിനാൽ ഒരുവൻ തന്നിൽ നിന്ന് പുറത്തു കടക്കുകയും അപരനിലേക്ക് കൈനീട്ടുകയും അപരന്റെ സ്ഥാനത്ത് തന്നെത്തന്നെ കൊണ്ടുനിർത്താൻ പരിശ്രമിക്കുകയും അപരനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നതാണ് കാരുണ്യം. അതായത്, സ്വയം ശൂന്യവൽക്കരണത്തിന്റെ പ്രക്രിയയിലൂടെ കടന്നുപോകുമ്പോഴാണ് ഒരുവനിൽ ഇത് സംഭവിക്കുന്നത് എന്നർത്ഥം.

ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ അനുഭവത്തിൽനിന്ന് മനുഷ്യനും അവന്റെ ധാർമ്മിക ജീവിതവും ഊർജവും പ്രവർത്തനക്ഷമതയും ആർജ്ജിക്കണം. ഇങ്ങനെ ഒരുവൻ അനുഭവിച്ച കരുണാർദ്ര സ്നേഹം, അവൻ കണ്ടുമുട്ടുന്ന വേദനിക്കുന്ന സഹോദരങ്ങൾക്കായി പകർന്നു കൊടുക്കാൻ ഉപവിയുടെയും നീതിയുടെയും പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവനെ പ്രചോദിപ്പിക്കും. അങ്ങനെയെങ്കിൽ, വരുംകാലങ്ങളിൽ കാരുണ്യം ചുരുക്കം ചിലരുടെ മാത്രം ഒരു ആത്മീയ ആഡംബരം ആയിരിക്കില്ല, മറിച്ച ആകമാന മാനവ കുലത്തിന്റെ സാമൂഹ്യ അനിവാര്യതയായിരിക്കും.

കരുണാർദ്ര സ്നേഹബന്ധങ്ങളുടെ ബലക്ഷയമാണ് ആനുകാലിക ലോകം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണമന്നാണ് ഫാ.തേറുകാട്ടിൽ വിലയിരുത്തുന്നത്. നമ്മുടെ മാനുഷിക പ്രവൃത്തികൾ ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്താൽ പ്രചോദിതമാകുമ്പോൾ സാർവ്വലൗകികമായ ദൈവരാജ്യ നിർമിതിക്കായി പ്രവർത്തിക്കാൻ അത് നമ്മെ പ്രേരിപ്പിക്കും. തൽഫലമായുള്ള പ്രവർത്തനങ്ങളെല്ലാം സാഹോദര്യത്തിനും സമത്വത്തിനും പങ്കുവയ്ക്കലിനും പൊറുതിക്കും വേണ്ടിയുള്ളതാകും. ക്രിസ്തുവിൽ നമ്മൾ അനുഭവിച്ച ദൈവിക കാരുണ്യം മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ള പ്രചോ



malankaralibrary.com

ദനത്തോടെയായിരിക്കണം എല്ലാ ധാർമിക പ്രശ്നങ്ങളെയും ധാർമിക പ്രതിസന്ധികളെയും നമ്മൾ അഭിമുഖീകരിക്കേണ്ടത്.

ചുരുക്കത്തിൽ, ദൈവിക കരുണാർദ്രസ്നേഹത്തിന്റെ സ്വീകർത്താക്കളായ നമ്മൾ അതിന്റെ ദാതാക്കളായി രൂപാന്തരപ്പെടണമെന്നർത്ഥം. തൽഫലമായി സമൂഹങ്ങളെ കെട്ടിപ്പടുക്കുന്ന കരുണാർദ്രസ്നേഹത്തിന്റെ ശൃംഖലകൾ നെയ്യുന്ന ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉപകരണങ്ങളായി മാറാൻ നമുക്കാവണം. കരുണ കരുണയെ ജനിപ്പിക്കും. ക്രിസ്തുവിന്റെ ആത്മദാനത്തിന്റെ കരുണാർദ്രസ്നേഹത്താൽ കുതിർന്ന ധാർമിക സ്വഭാവത്തോടെ നമ്മൾ പ്രതികരിക്കണമെന്നാണ് നമ്മോടുള്ള ദൈവത്തിന്റെ അഭ്യർത്ഥന. നമ്മളെല്ലാം കരുണാമയനായ പിതാവിന്റെ മക്കളായതിനാൽ നമ്മുടെ ധാർമിക പ്രതികരണങ്ങളെല്ലാം കരുണാർദ്രമായിരിക്കണം.

ഒറ്റനോട്ടത്തിൽ, ക്രിസ്തീയ സുകൃതങ്ങളിൽ കാരുണ്യത്തിനുള്ള ഒന്നാം സ്ഥാനത്തിലൂന്നിയാണ് ഫാ.തേറുകാട്ടിൽ തന്റെ പുതിയ ധാർമിക രീതി ശാസ്ത്രത്തെ പണിതുയർത്തിയത്. ഏറ്റവും കൗതുകകരമായ സംഗതി, കർദ്ദിനാൾ വാൾട്ടർ കാസ്പർ 2012-ലായിരുന്നു 'കാരുണ്യം-സുവിശേഷിത്തിന്റെ സാരാംശവും ക്രിസ്തീയ ജീവിതത്തിന്റെ താക്കോലും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. അതിന്റെ സ്പാനിഷ് വിവർത്തനത്തിന്റെ ഒരു പ്രതി ഫ്രാൻസിസ് പാപ്പായ്ക്ക് സമ്മാനിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം, ദൈവത്തിന്റെ പേര് കാരുണ്യമെന്നാണ് എന്നായിരുന്നു. പിന്നീട് ഇതേ പേരിൽ - ദൈവത്തിന്റെ പേരാണ് കാരുണ്യം - ഫ്രാൻസീസ് പാപ്പാ ഒരു പുസ്തകം എഴുതുകയും ചെയ്തു.

ഫ്രാൻസീസ് പാപ്പാ, തന്റെ പ്രധാന അപ്പസ്തോലിക പ്രബോധനമായ, 'സുവിശേഷത്തിന്റെ ആനന്ദത്തിൽ' കാരുണ്യത്തിന്റെ പ്രമുഖ സ്ഥാനത്തെ അടിവരയിട്ട് ഉറപ്പിക്കുന്നുണ്ട്. കത്തോലിക്കാ സഭയുടെ ക്ലാസിക്കൽ ദൈവശാസ്ത്രജ്ഞനായ തോമസ് അക്വീനാസിനെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ഇതു ചെയ്യുന്നത്. പാപ്പാ എഴുതുന്നു: "....കാരുണ്യമാണ് എല്ലാറ്റിനേയുംകാൾ ശ്രേഷ്ഠമായ പുണ്യമെന്ന് വിശുദ്ധ തോമസ് അക്വീനാസ് വിശദീകരിക്കുന്നു: 'സുകൃതങ്ങളെല്ലാം തന്നെ കാരുണ്യത്തെ ചുറ്റിനിൽക്കുന്നതിനാലും, കാരുണ്യം മറ്റുള്ളവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനാലും കാരുണ്യമാണ് ഉത്തമ



malankaralibrary.com

പുണ്യം. കാരുണ്യം കാണിക്കുക എന്നത് ദൈവസ്വഭാവത്തിന് ചേർന്ന താണ്. അവിടുത്തെ സർവശക്തി ഏറ്റവും കൂടിയ അളവിൽ പ്രകടമാകുന്നത് കാരുണ്യത്തിലാണ്" (EG 37).

ചുരുക്കത്തിൽ, നമ്മുടെ ധാർമിക വിചാരങ്ങൾക്കെല്ലാം ക്രിസ്തീയ ദർശനവും പ്രചോദനവും നൽകേണ്ട സുകൃതം കാരുണ്യമാണ്. കാരണം, മനുഷ്യസ്വഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്ന ദൈവികഛായയാണിത്. മാനവകുലത്തിൽ ഉൾച്ചേർന്നിരിക്കുന്ന ദൈവികസാന്നിധ്യമാണിത്. അങ്ങനെയെങ്കിൽ, കാരുണ്യം ഒരുവനെ അടിക്കടി മാനവികതയിൽ വളർത്തും. സഹോദരനുവേണ്ടി സഹനം ഏറ്റെടുക്കുന്നതിൽ സന്തോഷം അടങ്ങിയിരിക്കുന്നതിനാൽ, കാരുണ്യം മനുഷ്യജീവിതത്തെ സംതൃപ്തമാക്കുകയും ചെയ്യും.

### 5. സുകൃതാധിഷ്ഠിത ആനുപാതിക രീതിശാസ്ത്രങ്ങൾ

മക്കോർമിക് (McCormick), ലൂയി ജാൻസെൻസ് (Louis Janssens), സ്റ്റാൻലി ഹൗസർവാസ് (Stanley Hoserwas), വില്യം സ്പോൺ (William C. Sphon) എന്നീ ധാർമിക ദൈവശാസ്ത്രജ്ഞരെ വിശകലനം ചെയ്തുകൊണ്ടാണ് ഫാ. തേറുകാട്ടിൽ തന്റെ രീതിശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്. സ്റ്റാൻലിയും വില്യമും സുകൃതാധിഷ്ഠിത രീതിശാസ്ത്രത്തിന്റെ (virtue ethics method)വക്താക്കളാണ്. എന്നാൽ, മക്കോർമിക് ആനുപാതിക രീതിശാസ്ത്രത്തിന്റെ (Proportionalist method) ഉപജ്ഞാതാവും, ഇവയുടെ രണ്ടിന്റെയും ഒരു സങ്കലനമാണ് 'കരുണാർദ്ര സ്നേഹത്തിന്റെ ധാർമികത' എന്നാണ് ഫാ. തേറുകാട്ടിൽ അവകാശപ്പെടുന്നത്.

ക്രിസ്തുവിൽ പ്രകാശിതമായ ദൈവിക കരുണാർദ്രസ്നേഹത്തിന്റെ ചക്രവാളത്തിലാണ് ഫാ.തേറുകാട്ടിലിന്റെ ധാർമിക രീതിശാസ്ത്രത്തിന്റെ സ്ഥാനം. ഓരോ മനുഷ്യനിലും ഉൾച്ചേർന്നിരിക്കുന്ന ദൈവികഛായയായ കരുണാർദ്രസ്നേഹത്തിലാണ് ഇത് അടിസ്ഥാനമിട്ടിരിക്കുന്നത്. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട കരുണാർദ്രസ്നേഹത്തെ മാതൃകയാക്കി പരോന്മുഖതയാൽ മുദ്രിതമായ ധാർമികതയുടെ ജീവിതശൈലി വളർത്തിയെടുക്കുന്നതാണ് ഇതിന്റെ പ്രായോഗികതലം. അതിലൂടെ രൂപപ്പെടുന്നത് സർവ്വശ്രേഷ്ഠമായ മാനവകുലവും; അതിലൂടെ പാകപ്പെടുന്നത് ഉത്തമമായ മാനവികതയും ആയിരിക്കും.



malankaralibrary.com

**ഉപസംഹാരം**

ചുരുക്കത്തിൽ, 'കരുണാർദ്രസ്നേഹത്തിന്റെ രീതിശാസ്ത്രം' എന്ന് ഫാ.തേറുകാട്ടിൽ തന്നെ പേര് കൊടുത്തിരിക്കുന്ന ധാർമിക രീതി ശാസ്ത്രമാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. ഒരു രീതി ശാസ്ത്രമെന്ന നിലയിൽ ഇത് ഇതിന്റെ പൂർണതയിൽ എത്തിയതായി അദ്ദേഹംതന്നെ അവകാപ്പെടുന്നില്ല. എന്ന് മാത്രമല്ല, ഇത് ഇതിന്റെ ആരംഭദശയിൽ തന്നെയല്ലേ എന്ന് ഗൗരവമായി സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, ഒരു രീതി ശാസ്ത്രമെന്ന നിലയിൽ ഇതിന്റെ പല വിശദാംശങ്ങളും ഇനിയും വികസിക്കേണ്ടിയും, ചർച്ച ചെയ്യപ്പെടേണ്ടിയും, പരിപൂർണമാക്കപ്പെടേണ്ടിയുമിരിക്കുന്നു. എന്നിരുന്നാലും, ക്രിസ്തുവിന്റെയും ക്രിസ്തീയതയുടെയും ഹൃദയമായ കാരുണ്യത്തെ ആധാരശിലയാക്കി കൊണ്ടുള്ള ഒരു ധാർമിക രീതിക്കായി പരിശ്രമിച്ചുവെന്നതാണ് ഫാ. തേറുകാട്ടിലിന്റെ യഥാർത്ഥ നേട്ടം.

## Bibliography

### Books in English


1. *Evangelization with a Eucharistic Vision* (ed.) S I P Publications, Alwaye, 1997

2. *Becoming Human: A Study in Philosophical Anthropology,* JIP Publications, Bangalore, 1999.

3. *The Claim of Justice in Third Millennium*, JIP Publications, Bangalore, 2000

4. *The Eucharist – Energizer of a Spirituality for the Third Millennium,* Jeevamrutha Publications, Aluva, 2000

5. *Philosophy of Knowledge*, JIP Publications, Bangalore, 2001

6. *A Companion to Our Rule of Life, Vol. I* Jeevamrutha Publications, Aluva,2002

7. *A Companion to Our Rule of Life, Vol .II* Karunikan Books. Kochi-2013




malankaralibrary.com

8. *Christ's Compassionate Love: The Challenge of Christian Ethics,* Jeevamrutha Publications, Aluva, 2003.

9. *In Quest of Truth: A Study in Philosophy of Knowledge*, JIP Publications, Bangalore-83, 2006.

10. *Epistemology as Hermeneutics*, Sevadhan Publications, 2006, Bangalore, 560034

12. *Priest: Human Face of Divine Compassion* Karunikan Books, Cochin -15, 2009.

13. *Introducing Emmanuel Levinas*, Karunikan Books, Kochi, 2012

14. *Compassionate Love-Ethics Vol.1 Fundamental Moral Theology,* Karunikan Books, Kochi. 2014

15. *Compassionate Love –Ethics Vol.II, Social Justice,* Karunikan Books, Kochi, June, 2015

16. *Gripped by God's Mercy*, Karunikan Books, Kochi, December, 8, 2015

**Books in Malayalam**

1. ദിവ്യകാരുണ്യം: ക്രൈസ്തവജീവിതത്തിന് പ്രവാചകോർജം, സാൻതോം ബുക്ക് സെന്റർ, ആലുവ, 1998

2. വി.കുർബാന: വിമോചനത്തിന്റെ സുവിശേഷം, എമ്മാവൂസ് പബ്ലിക്കേഷൻസ്, കൊച്ചി, 2005.

3. ഇത് എന്റെ ശരീരം (എഡി.), കാരുണികൻ ബുക്സ്, കൊച്ചി, 2007

4. പുരോഹിതൻ: ദൈവാനുകമ്പയുടെ മനുഷ്യമുഖം, കാരുണികൻ ബുക്സ്, കൊച്ചി, 2009

5. കാരുണ്യകിരണങ്ങൾ (എഡി)., കാരുണികൻ ബുക്സ്, കൊച്ചി, 2011.

6. ദൈവകാരുണ്യം: കരുണയുടെ ജൂബിലി വർഷാഘോഷ വിചിന്തനങ്ങൾ, കാരുണികൻ ബുക്സ്, കൊച്ചി, 2016



malankaralibrary.com

# ജസ്റ്റിൻ പനക്കൽ ഒ.സി.ഡി
# മിസ്റ്റിക്കും സംഗീതജ്ഞനുമായ ദൈവശാസ്ത്രജ്ഞൻ

**ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ**

ഫാദർ ജസ്റ്റിൻ പനക്കൽ O.C.D ഏഴു മക്കളിൽ അഞ്ചാമനായി കൊച്ചിയിലെ കുമ്പളങ്ങി ഗ്രാമത്തിൽ ഓഗസ്റ്റ് 10, 1935-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1952-ൽ കൊച്ചി രൂപതയുടെ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. 1954-ൽ കർമ്മെലീത്താ നിഷ്പാദുക സഭ (O.C.D) യുടെ മഞ്ഞുമ്മൽ പ്രോവിൻസിന്റെ നൊവീഷ്യറ്റിൽ ചേർന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നടത്തി. 1962 മാർച്ച് 17-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. താമസിയാതെ റോമിലേക്കു യാത്രയായി. 1964-ൽ റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോഗ്മാറ്റിക്ക് തിയോളജിയിൽ ഡോക്ടർ ബിരുദവും സഭാപിതാക്കന്മാരുടെയും മദ്ധ്യകാല ദൈവശാസ്ത്രജ്ഞരുടെയും വൈജ്ഞാനിയത്തിൽ ഡിപ്ലോമയും കരസ്ഥമാക്കി. റോമിലെ അഞ്ചലിക്കും യൂണിവേഴ്സിറ്റി യിൽ നിന്നും തത്വശാസ്ത്രത്തിൽ പി.എച്ച്.എൽ. ബിരുദവും നേടി. 1966 മുതൽ 1970 വരെ മറയൂർ ഫിലൊസോഫി കോളേജിൽ വൈസ് റെക്ടറും റെക്ടറുമായി ശുശ്രൂഷ ചെയ്തു. അവിടെ തത്വശാസ്ത്രവും പഠിപ്പിച്ചു. 1971 മുതൽ 28 വർഷത്തേക്കു ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ സ്ഥിരതാമസ പ്രൊഫസറായി. തിയളോജിക്കൽ അന്ത്രപ്പോളജി, മിസ്റ്റീസിസം, സർവ്വമതങ്ങൾഎന്നീ വിഷയങ്ങൾ പഠിപ്പിച്ചു. പ്രൊഫസർ എമെരിറ്റസ് ആയി ഇപ്പോഴും അവിടെ ക്ലാസെടുക്കുന്നു. 20 വർഷം "ദ ലിവിംഗ് വേർഡ്" എന്ന ജർണലിന്റെ ചീഫ് എഡിറ്ററായിരുന്നു. മൂന്നുവർഷം "ജ്യോതിർധാര" ജർണലിന്റെ ചീഫ് എഡിറ്ററായിരുന്നു. മൂന്നു വർഷം പൊന്തിഫിക്കൽ ഇൻസ്റ്റിട്യൂട്ടിന്റെ വൈസ് പ്രസിഡെന്റായിരുന്നു; ഒരു വർഷം കാർമ്മൽ ഗിരിയുടെ വൈസ് റെക്ടറും. 1980 മുതൽ കളമശ്ശേരിയിലുള്ള ജ്യോതിർ



malankaralibrary.com

ഭവനിൽ ഡോഗ്മാറ്റിക്കു തിയോളജി, സ്പിരിച്ചുവൽ തിയോളജി, മിസ്റ്റിസിസം എന്നീ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. K.C.B.C. Media Commission, KRLCC, K.T.A., കൊച്ചി രൂപതയിലെ Media Commission തുടങ്ങിയവർ പുരസ്കാരങ്ങൾ നൽകി. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു അംഗീകാരം നൽകി. O.C.D. സഭ, സഭയുടെ 19 ഔദ്യോഗിക ദൈവശാസ്ത്രന്മാരിൽ ഒരുവനായി 1993-ൽ ഉയർത്തി. (cfr. "Teresian Carmelities", Roma 1997, P.10). ഇംഗ്ലീഷിൽ 12-ഉം മലയാളത്തിൽ 2 ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. കൂടാതെ ഇൻഡ്യയ്ക്കു അകത്തും പുറത്തുമായി 120 ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രന്ഥങ്ങളും ലേഖനങ്ങളും ദൈവശാസ്ത്രം, മിസ്റ്റിസിസം, ആദ്ധ്യാത്മികശാസ്ത്രം, ലോകമതങ്ങൾ ഇവയെല്ലാം തിരുസഭയുടെ വേദപാരംഗതരായ ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യാ, കുരിശിന്റെ വിശുദ്ധ യോഹന്നാൻ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ എന്നിവരുടെ പഠനത്തിന്റെ വെളിച്ചത്തിലാണു വിവരിച്ചിരിക്കുന്നത്.

പനക്കൽ അച്ചൻ വളരെ അറിയപ്പെടുന്ന, അന്തഃരാഷ്ട്രനാമമുള്ള ഒരു സംഗീത സംവിധായകനാണ്. 29 ക്രിസ്തീയ ഭക്തിഗാനങ്ങൾക്ക് ഈണം നൽകിയിട്ടുണ്ട്. അവയിൽ 25 എണ്ണം പാടിയിരിക്കുന്നത് ഗാന ഗന്ധർവൻ കെ.ജെ.യേശുദാസ്, പിന്നെ കേരളത്തിന്റെ വാനമ്പാടിയായ കെ.എസ്. ചിത്രയും. റ്റി.വി. ചാനലുകളായ ശാലോം 30 മിനിറ്റ് ദൈർഘ്യമുള്ള 12 എപ്പിസോടുകളും Goodness TV അരമണിക്കൂർ ദൈർഘ്യമുള്ള 3 എപ്പിസോടുകളും India Vision, Manorama News Channel, Asianet, Starnight, Jai Hindi ഓരോ എപ്പിസോഡും റിലേ ചെയ്തിട്ടുണ്ട്. സംഗീതസാഹിത്യ സന്യാസ വൈദികജീവിതത്തെക്കുറിച്ചും വിശുദ്ധ അമ്മ ത്രേസ്യയുടെയും കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെയും മിസ്റ്റിക്കൽ പ്രാർത്ഥന അനുഭവത്തെക്കുറിച്ചും അവതരിപ്പിക്കുന്നതിന് ക്ഷണപ്രകാരം ഓസ്ട്രേലിയ, കാനഡ, ജർമ്മനി, ഇൻഡോനോഷ്യ, ഇറ്റലി, കുവെയ്റ്റ്, മലേഷ്യ, സാബാ, സാറവാക്ക്, സിംഗപ്പൂർ, ശ്രീലങ്ക, സ്പെയിൻ, അമേരിക്കൻ ഐക്യനാടുകൾ എന്നീ വിദേശനാടുകളിലും ഇൻഡ്യയിലെ അനേകം സെന്ററുകളിലും പോയിട്ടുണ്ട്.

**2. മിസ്റ്റിസിസം**

പനക്കലച്ചന്റെ ഏറ്റം പ്രചാരമുള്ള ഗ്രന്ഥമാണ് Intimacy with God-Praying with St. Teresa of Avila. ഇതിന്റെ അഞ്ചു പതിപ്പുകൾ ഇറങ്ങി (1993,



malankaralibrary.com

1994, 1997, 2004, 2014). നാലാമത്തെ പതിപ്പു സംശോധിത പതിപ്പും വിപുലീകരിച്ചതുമാണ്. അഞ്ചാമത്തെ പതിപ്പു സിങ്കപ്പൂരിൽ നിന്നിറങ്ങി. ഇതിന്റെ മലയാള വിവർത്തനം "ദൈവസായൂജ്യം-വിശുദ്ധ അമ്മ ത്രേസ്യയുടെ ദർശനം" എന്ന പേരിൽ 2001-ൽ ഇറങ്ങി. (തർജ്ജമ-ഷെവലിയാർ ഡോക്ടർ പ്രീമൂസ് പെഞ്ചേരിയും ജോസ് പൊള്ളയിൽ).

വേദപാരംഗതയായ ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യ അനുഭവിച്ചതും അവതരിപ്പിച്ചതുമായ പ്രാർത്ഥനാനുഭവത്തെ വിശദീകരിക്കാനാണ് ഈ ഗ്രന്ഥം ശ്രമിക്കുന്നത്. പ്രാർത്ഥനയുടെ ലളിതമായ ഭാവം മുതൽ നിവേശിത കൊൺടെംപ്ലെറ്റീവ് പ്രാർത്ഥനയുടെ ശൃംഗതലമായ ആദ്ധ്യാത്മിക വിവാഹം വരെ ഇതിൽ വിവരിച്ചിട്ടുണ്ട്. നിവേശിത ധ്യാനയോഗത്തിന്റെയും മിസ്റ്റിക്കൻ പ്രാർത്ഥനയുടെയും പടിപടിയായി ഉയരുന്ന എല്ലാ പ്രാർത്ഥനാഘട്ടങ്ങളേയും ഇവിടെ വിശദമായി വിവരിച്ചിട്ടുണ്ട്.

പ്രാർത്ഥനയുടെ അന്തരാശയം സാധാരണക്കാരുടെ ഗ്രഹണ പരിധിയിൽ സംലഭ്യമാക്കാനാണ് ഗ്രന്ഥത്തിന്റെ ശ്രമം. അതോടൊപ്പം ദൈവശാസ്ത്രചട്ടകൂട്ടിൽ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് വിശുദ്ധയുടെ പ്രബോധനങ്ങൾക്ക് ഒരു ദൈവശാസ്ത്രഭൂമിക നല്കാനും ഈ ഗ്രന്ഥത്തിന് കഴിയുന്നു. കൂടാതെ പ്രാർത്ഥനയുടെ ആവശ്യകതയും അതിന്റെ ഫലങ്ങളും മനോവിജ്ഞാനിയത്തിന്റെയും അജപാലന ശാസ്ത്രത്തിന്റെയും കാഴ്ചപ്പാടിൽ അവതരിപ്പിച്ചിരിക്കുന്നതും ഈ പുസ്തകത്തിന്റെ സവിശേഷതയാണ്.

അമ്മ ത്രേസ്യയുടെ രചനകളിൽ നിന്നുള്ള നിരവധി ഉദ്ധരണികളും വായനക്കാർക്കിവിടെ കാണാൻ കഴിയും. വിശുദ്ധയുടെ രചനാശൈലിയുമായി അനുവാചകർക്ക് പരിചയമുണ്ടാകുകയാണ് അതിന്റെ ഉദ്ദേശ്യം. അതുവഴി വിശുദ്ധയുടെ മൂലരചനകൾ വായിക്കാനുള്ള പ്രേരണയുമുണ്ടായേക്കാമെന്നും ഗ്രന്ഥകാരൻ പ്രത്യാശിക്കുന്നു. ഓരോ അദ്ധ്യായത്തിലും കൂടിയുള്ള അവതരണം ഹ്രസ്വമാണെന്നു തോന്നിയേക്കാം. എന്നാൽ വിശുദ്ധയെ തികവിൽ തന്നെ മനസ്സിലാക്കാൻ അവ പര്യാപ്തങ്ങളാണ്.

Dr. Luke K. Luke OFM Cap ഈ ഗ്രന്ഥത്തെക്കുറിച്ച് ഇപ്രകാരം എഴുതുന്നു (The Living Word, 1993 pp. 208-211). ഇന്നു യുവതിയുവാക്കന്മാരുടെ ഇടയിൽ പ്രാർത്ഥനയോടുള്ള ആഭിമുഖ്യം കൂടി വരുകയാണ്. പലപല പുതിയ പ്രാർത്ഥനാരീതികൾ ഉയർന്നു



malankaralibrary.com

വന്നുകൊണ്ടിരിക്കുമ്പോൾ, നൂറ്റാണ്ടുകളായി സഭയിൽ സ്ഥാനം പിടിച്ചിരുന്ന പരമ്പരാഗതമായ പ്രാർത്ഥനാരീതികൾ ഒരിക്കലും മാറ്റിവെച്ചുകൂടാ. പ്രാർത്ഥനയുടെ തെരേസ്യൻരീതി വളരെ വിശേഷമായ രീതിയിൽ ഈ ഗ്രന്ഥത്തിൽ കാണാം. ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യായുടെയും സെൻ്റ് ജോസഫിൻ്റെയും പഠനങ്ങളിൽ അതീവ നൈപുണ്യമുള്ള പനക്കലച്ചൻ ഈ ഗ്രന്ഥം ഇറക്കാൻ ഏറ്റം യോഗ്യനായ വ്യക്തിയാണ്. കൊൺടംപ്ലേറ്റീസ് ജീവിതവും മിസ്റ്റിക്കൽ ജീവിതവും തമ്മിലുള്ള വ്യത്യാസം പരിശുദ്ധാരുപിയുടെ ദാനങ്ങളിലൂടെയാണ് പനക്കലച്ചൻ സമർത്ഥിക്കുന്നത്. കൊൺടംപ്ലേറ്റീവ്സ് എല്ലാം മിസ്റ്റിക്കുകളാണ്; എന്നാൽ എല്ലാ മിസ്റ്റിക്കുകളും കൊൺടംപ്ലേറ്റീസ് ആകണമെന്നു വരുന്നില്ല.

പനക്കലച്ചൻ്റെ ആധികാരികമായി രചിക്കപ്പെട്ട ഈ ഗ്രന്ഥം മിസ്റ്റിക്കൻ തിയോളജിയുടെ യഥാർത്ഥ അറിവു നൽകുന്ന ഉറവിടമാണ്. വർഷങ്ങളായി ഈ വിഷയം ഇൻഡ്യയിലും, ഇൻഡ്യയ്ക്കുപുറത്തും പഠിപ്പിക്കുന്ന പനക്കലച്ചൻ മിസ്റ്റിക്കൻ തിയോളജിയുടെ മാസ്റ്റർ ആണെന്നു ഈ ഗ്രന്ഥത്തിലൂടെ തെളിയിക്കുന്നു.

**3. ഏഷ്യൻ തിയോളജി**

ജോൺ സി ഇംഗ്ലണ്ടും ജോസ് കുറ്റിയാനി മറ്റത്തിലും മറ്റും ചേർന്നു എഡിറ്റ ചെയ്ത ഗ്രന്ഥമാണ് "Asian Christians Theologies- A research Guide to Authors, Movements, Sources." ഇതിനു രണ്ടു വാല്യങ്ങളുണ്ട്. ഇതിലെ ഒന്നാം വാല്യം 299-300 പേജുകളിൽ ഫാദർ ജസ്റ്റിൻ പനക്കലിൻ്റെ ഏഷ്യൻ ദൈവശാസ്ത്രത്തിലേക്കുള്ള ക്രിയാത്മകമായ സംഭാവനയെക്കുറിച്ചു എഴുതുകയും അദ്ദേഹത്തെ ഏഷ്യൻ ദൈവശാസ്ത്രജ്ഞന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ ഗ്രന്ഥം ന്യൂയോർക്കിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിൽ ഇപ്രകാരം വായിക്കാം. "പനക്കലിൻ്റെ പ്രധാനപ്പെട്ട പ്രയത്നം ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യയുടെയും കുരിശിൻ്റെ വിശുദ്ധ യോഹന്നാൻ്റെയും ലിസ്യുവിലെ വിശുദ്ധ കൊച്ചു ത്രേസ്യയുടെ പഠനങ്ങൾ ഹൈന്ദവ മിസ്റ്റിക്കളുമായി കൈകോർത്തു നടക്കാൻ വളരെ സഹായിക്കുന്നു എന്ന വസ്തുതയാണ്. ഈ മൂന്നു വിശുദ്ധരുടെയും മറ്റു കർമ്മലീത്താ മിസ്റ്റിക്കുകളുടെയും പഠനം ഒറ്റവാക്കിൽ തെരേസ്യൻ മിസ്റ്റിസിസം എന്നു പറയാം. തെരേസ്യൻ മിസ്റ്റിസിസത്തിൽ കൊൺടംപ്ലേറ്റീവ് പ്രാർത്ഥനയുടെ ഉച്ചകോടിയായ



malankaralibrary.com

ആദ്ധ്യാത്മിക വിവാഹം ത്രിത്വാത്മ അനുഭവിച്ചും ക്രിസ്തു കേന്ദ്രീകൃത അനുഭവവും മാസ്റ്റിക്കിനും ഉണ്ടാകുന്നു. ഇത് ഈ ദിവ്യരഹസ്യങ്ങളെക്കുറിച്ചു നമ്മുക്ക് വെളിപാടു മൂലം ഉള്ള അറിവുകൊണ്ടാണ്. ഹൈന്ദവനും ദൈവാനുഭവം വഴിയാണ് അത് ലഭിക്കുന്നത്. കാതലായി രണ്ടു മിസ്റ്റിസിസവും ഒന്നാണ്, ചില അപ്രധാന കാര്യങ്ങളിൽ ആണ് വ്യത്യാസമുള്ളത്. ഹിന്ദു ക്രിസ്ത്യൻ ഡയലോഗ് ഏറ്റം കൂടുതൽ ആരോഗ്യപ്രദമാകുന്നത് തെരേസ്യൻ മിസ്റ്റിസിസത്തിലൂടെയാണ്. ഈ ഭൂമുഖത്ത് എല്ലാ മതക്കാരുമായി സഹവർത്തിത്തത്തോടെ കഴിയണമെങ്കിൽ നാം എല്ലാ മതങ്ങളുടെയും വിശ്വാസം ഹൃദയപൂർവ്വം ആദരിക്കണം, അവ ഒരു പക്ഷെ നമ്മുടെ ചിന്താഗതിക്ക് തികച്ചും വിപരീതമായിരുന്നാൽ തന്നെയും."

ധ്യാനയോഗജീവിതം പലപ്പോഴും ദർശനങ്ങൾ, വെളിപാടുകൾ തുടങ്ങിയവയുമായി കെട്ടുപിണഞ്ഞാണ് കാണപ്പെടുന്നത്. ഇപ്രകാരമുള്ള അതിസ്വാഭാവിക പ്രതിഭാസങ്ങളുടെ ആത്മാവിനു നൽകുന്ന അനുഗ്രഹങ്ങളും അവയുടെ സത്യം വിവേചിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമായി ഈ പുസ്തകങ്ങൾ വിവരിക്കുന്നു. കൂടാതെ പൊതുവെളിപാടുകൾക്കുശേഷം വരുന്ന സ്വകാര്യ വെളിപാടുകളുടെ ദൈവശാസ്ത്രപരമായ പ്രസക്തിയെക്കുറിച്ചും പ്രതിപാദിക്കുന്നു. സഭാഹയരാർക്കിയിലൂടെ മാത്രമാണ് പരിശുദ്ധാത്മാവു സഭയെ അല്ലെങ്കിൽ സഭയിലെ ഒരു വിഭാഗത്തെ നയിക്കുന്നതെന്നു വരുന്നില്ല. വാസ്തവത്തിൽ താൻ സഭയിൽ നിന്നു ആവശ്യപ്പെടുന്ന കാര്യങ്ങൾ, ഒരു നിർദ്ദിഷ്ട സമയത്തു അവളുടെ ഏതംഗം വഴിയും സഭയിൽ പ്രവർത്തിക്കുന്നതിനു പരിശുദ്ധാത്മാവിനു കഴിയും. ഒരു പ്രത്യേക സാഹചര്യത്തിൽ സഭയ്ക്കായുള്ള തന്റെ അനുശാസനവുമായി ദൈവം സഭയിലെ ഒരംഗത്തെ പ്രചോദിപ്പിക്കുന്നു. ഇതാണു അപ്പസ്തോലിക കാലഘട്ടത്തിനുശേഷമുള്ള സ്വകാര്യ വെളിപാടുകളുടെ സാരം. കൈവയ്പ്പിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഔദ്യോഗിക പദവികളോടൊപ്പം മനുഷ്യകരങ്ങളാൽ കൈമാറ്റം ചെയ്യപ്പെടാത്ത പ്രവാചക വിളിയും സഭയിൽ എക്കാലവും ഉണ്ടാകും. ഒന്നിനു പകരം നിൽക്കാൻ മറ്റേതിനാവില്ല.

**4 സംഗീതജ്ഞനായ ദൈവശാസ്ത്രജ്ഞൻ**

ഒരിക്കലും മറക്കാത്ത ഈണങ്ങളുമായി സംഗീതലോകത്ത് അഗ്രഗണ്യസ്ഥാനം പിടിച്ചെടുത്ത ദൈവശാസ്ത്ര വൈദികനാണു ജസ്റ്റിൻ



malankaralibrary.com

പനയ്ക്കൽ. "പൈതലാം യേശുവേ" എന്ന ഗാനത്തോടെ അദ്ദേഹം പ്രശസ്തിയിലേക്കുയർന്നു. 29 അവിസ്മരണീയമായ ക്രിസ്തീയ ഗാനങ്ങൾ അദ്ദേഹം കേരളാംബികയ്ക്കു നൽകി. ഗാനങ്ങളേറെയും സൂപ്പർഹിറ്റായി. കേരളീയ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഗാനങ്ങൾ. എല്ലാ മലയാളി ക്രൈസ്തവരേയും ഭക്തിഭാവഭരിതരാക്കുന്ന ഈ പാട്ടുകൾ. ഹിന്ദുസ്ഥാനി, കർണാറ്റിക്, ഗ്രഗോരിയൻ, പാശ്ചാത്യ സംഗീതം-ഇവകളുടെ അടിത്തറയിൽ നിന്ന് ഈണങ്ങളുടെ വിസ്മയ ലോകം അദ്ദേഹം പണിതുയർത്തി. ഈ സംഗീത സ്രോതസ്സുകളിൽനിന്ന് കിട്ടാവുന്ന മധുരഭാവഗരിമ പനക്കലച്ചൻ അറുത്തെടുത്തു.

സംഗീതം കർമ്മലീത്താ നിഷ്പാദുകസഭയുടെ, അതായത് ഒ.സി.ഡി സഭയുടെ പൈതൃകമാണ്. സഭയുടെ സ്ഥാപകയായ ആവിലായിലെ വിശുദ്ധ അമ്മത്രേസ്യാ, സഭയുടെ ആദ്യ അംഗമായ കുരിശിന്റെ വിശുദ്ധ യോഹന്നാൻ, മറ്റ് അദ്ധ്യാത്മിക മക്കളായ ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ ഈഡിത് സ്റ്റെയിൻ, ആൻഡോസിലെ വിശുദ്ധ ത്രേസ്യ, എലിസബത്ത് ഓഫ് ദ ട്രിനിറ്റി ഇവരെല്ലാം ഗായകരായിരുന്നു. വാക്കുകളിൽ ഒതുക്കാനാവാത്ത ദൈവസായൂജ്യ അനുഭവങ്ങളും അവയെക്കുറിച്ചുള്ള പഠനങ്ങളും കവിതകളിലൂടെയും അവയ്ക്കു നൽകിയ സംഗീതത്തിലൂടെയും കത്തോലിക്കാ സഭയ്ക്ക് അവർ നൽകി.

പനയ്ക്കലച്ചന്റെ ഗാനങ്ങൾ കർമ്മലീത്താ വിശിഷ്ട പൈതൃകത്തിന്റെ വർദ്ധിത ശോഭമായ തുടർച്ചയാണ്. ഗാനഗന്ധർവനായ കെ. ജെ.യേശുദാസ് 25 പാട്ടുകൾ പാടി. കേരളത്തിന്റെ വാനമ്പാടിയായ കെ. എസ്. ചിത്ര ഒന്നും. ഇവരുടെ സ്വർഗ്ഗീയ സ്വരംകൊണ്ടു ഈ ഗാനങ്ങൾ വികാരതീവ്രതയുള്ളവയായി. പിന്നെ രണ്ടു പാട്ടുകൾ ജെൻസിയും ഒന്നു ബിജുനാരായണനും ആലപിച്ചു. 1983, '84, '85-കളിൽ പിറന്ന ഈ ഗാനങ്ങൾ കാലത്തിനപ്പുറം ഒഴുകുകയാണ്. തലമുറകളിൽ നിന്നു തലമുറകളിലേക്ക് ഈ ഗാനങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ ഈടുവെയ്പിലെന്നുമുണ്ടാകും.

29 ഗാനങ്ങളും 4 ആൽബങ്ങളിലായി ഇറങ്ങി. മൂന്നെണ്ണം യേശുദാസിന്റെ തരംഗിണിയുടെ ബാനറിൽ. ഒന്നു 'സ്നേഹപ്രവാഹം'. ഇത് സി.ഡി, ഓഡിയോ കാസറ്റിൽ 12 പാട്ടുകൾ. അവ പൈതലാം യേശുവേ, കർത്താവാം യേശുവേ, നായകാ ജീവനായക, യേശുവെന്റെ പ്രാണനാഥൻ, പുതിയൊരു പുലരി, ഈശോയെൻ ജീവാധി നായക, ദൈവം



malankaralibrary.com

പിറക്കുന്നു, ദൈവം നിരുപമസ്നേഹം, സ്നേഹസ്വരൂപാ തവദർശനം, എൻ ജീവിതമാം ഈ മരക്കൊമ്പിൽ, മഞ്ഞുപൊതിയുന്ന, ജീവിതഗർത്തത്തിൽ ഇവയിൽ 11 എണ്ണം യേശുദാസ് പാടിയിരിക്കുന്നു, ഒന്നു ചിത്രയും.

രണ്ട്: "തളിർമാല്യം", നാലു പാട്ടുകൾ. അവ: മാസനത്തിൽ മണിവാതിൽ, സ്നേഹമെഴുന്നള്ളി, നവ്യമായൊരു കല്പന, യേശുവേ, വരദാന വാരിധേ. നാലും യേശുദാസ് ആലപിച്ചിരിക്കുന്നു. ഒന്നിന്റെ പകുതിയിൽ സീമാബഹനും. ഇത് ഓഡിയോ കാസറ്റിലും ഗ്രാമഫോൺ റക്കോർഡും. 33 മിനി ലോംങ്ങ് പ്ലെയിലും തരംഗിണിയുടെ ആദ്യത്തെ ഗ്രാമഫോൺ റക്കോർഡും.

മൂന്ന്: "സ്നേഹസന്ദേശം". 12 പാട്ടുകൾ, അവ: രക്ഷകാ, ഗായക, പാരിൽ പിറന്നു, സർവ്വം ഭരിച്ചു, ആരതി ആരതി, ദൈവമേ നീ, ദൈവമാം കർത്താവു, സ്നേഹമുറങ്ങും, കർമ്മേല നാഥേ, ദേവാ, വരു ന്നു ഞാൻ, സ്വർഗ്ഗം കനിഞ്ഞിറങ്ങി, കണ്ണീരിൻ, നാഥാ ഹൃദയത്തിൽ. ഇതിൽ 10 എണ്ണം യേശുദാസും രണ്ടെണ്ണം ജൻസിയും പാടിയിരിക്കുന്നു.

നാല്: "ആത്മദാനം". ഒന്നു പാടു: "എന്നെ നയിക്കും" ബിജു നാരായണൻ പാടിയിരിക്കുന്നു. CAC മനോരമ മൂസ്യിക് ഓഡിയോ കാസറ്റിൽ.

### 4.1 മാധ്യമങ്ങളുടെ നിരൂപണം

കേരളത്തിലെ മാദ്ധ്യമങ്ങൾ ഈ ഗാനങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക. മാതൃഭൂമി, 2009 ഡിസംബർ 8, പേജ് 11-ൽ പി. കെ. മണികണ്ഠൻ എഴുതുന്നു: "സംഗീതവും ഭക്തിയും ഒരേ അളവിൽ സമന്വയിച്ചു ഇത്രയധികം പ്രചരിച്ച മറ്റു ഭക്തിഗാനങ്ങളൊന്നും ഉണ്ടാവാനിടയില്ല." ലേഖനത്തിന്റെ തലകെട്ടു "സ്നേഹപ്രവാഹമായി ഇടയന്റെ സംഗീതം." മനോരമ മെട്രോ, ഡെൽഹി 2009 ഏപ്രിൽ 11 മനോരമ റിപ്പോർട്ടർ ജയൻ കെ. ഉണ്ണുണ്ണി എഴുതുന്നു: "പാട്ടുകൾ ചിട്ടപ്പെടുത്തുന്ന ഓരോ രാത്രിയും ചാപ്പലിൽ പോയി കണ്ണീരോടെ പ്രാർത്ഥിക്കും. പാട്ടിന്റെ ഈണത്തിലൂടെ നിന്നോടുള്ള സ്നേഹം പങ്കുവെയ്ക്കാൻ കഴിയണേ എന്നു ഈശോയോടു പറയുമായിരുന്നു. ഈ സമർപ്പണമാകാം ആ ഗാനങ്ങളെ ഇന്നും നമ്മുടെ മനസ്സുകളിൽ ജീവിപ്പിക്കുന്നത്." ചിത്രഭൂമി ഓഗസ്റ്റ് 17, 1997 പേജ് 23-ൽ പറയുന്നു: "ഇന്നത്തെ അടിപൊളി ടെക്നോ ഭക്തിഗാനങ്ങൾക്കിടയിൽ ശാന്തിയും



malankaralibrary.com

ആശ്വാസവും നൽകുന്ന ഭക്തിഗാനങ്ങൾ തേടിപ്പോകുന്നവർ അഭയം കണ്ടെത്തുന്നത് 'തളിർമാല്യ'ത്തിലും 'സ്നേഹപ്രവാഹ'ത്തിലും 'സ്നേഹസന്ദേശ'ത്തിലുമൊക്കെയാണ് എന്നു ഇവയുടെ വില്പന സാക്ഷ്യപ്പെടുത്തുന്നു. ദീപിക, 2011 ഡിസംബർ 24, പേജ്-14-ൽ സിജോ പൈനാടത്തു എഴുതുന്നു: "ഉള്ളതത്രയും അനശ്വരം. ഒരു പാടു പാട്ടെഴുതി റെക്കോർഡ് സൃഷ്ടിക്കാനൊന്നും പനക്കലച്ചൻ തയാറല്ല. രണ്ടു പതിറ്റാണ്ടു മുമ്പു ഈണമിട്ട പാട്ടുകൾ കാലത്തെ അതിജീവിച്ച് ഇന്നും ആയിരങ്ങൾ ഏറ്റുപാടുന്നതും ഹൃദയത്തിലേറ്റുന്നതും ഞാൻ അറിയുന്നു. പഴയ ഭക്തിഗാനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു തലമുറ ഇവിടെ യുണ്ടെന്നതിന്റെ തെളിവു കൂടിയാണിത്." മലയാള മനോരമ എഡിറ്റർ സെബിൻ എസ്. കൊട്ടാരം തന്റെ "റിട്ടയർമെന്റ് ജീവിതം വിജയകര മാക്കാം" എന്ന ഗ്രന്ഥത്തിൽ (2013) ഡോൾഫിൻ ബുക്സ് ഇന്ത്യ, പേജ്-36-ൽ എഴുതുന്നു: "സംഗീതം പഠിക്കാതെ പ്രാർത്ഥന യുടെ ശക്തിയിൽ സംഗീതത്തെ ഭക്തിസാന്ദ്രമായ മന്ത്രങ്ങളാക്കിയ ഫാ. ജസ്റ്റിന്റെ ഗാനങ്ങൾ കാലത്തിനപ്പുറം ഒഴുകുകയാണ്."

### 4.2 "പൈതലാം യേശുവേ"

19 വയസ്സുള്ളപ്പോഴാണ് ചിത്ര ഈ ഗാനം പാടിയത്. ചിത്ര മെട്രോ മനോരമ 2010 ഡിസംബർ 18, പേജ്-2-ൽ എഴുതുന്നു: "ഓരോ ക്രിസ്മസ് കാലത്തും എന്റെ മനസ്സിൽ ഓടിയെത്തുക പൈതലാം യേശുവേ എന്ന ഗാനമാണ്. അതൊരു കാരൾ ഗാനമല്ല, ഭക്തിഗാനമാണ്. പക്ഷെ, ആ ഗാനം പാടി 25 വർഷത്തിലേറെ കഴിഞ്ഞെങ്കിലും ഇപ്പോഴും ഓരോരു ത്തരുടെയും ചുണ്ടിൽ അതുണ്ട്. അതു കേൾക്കുമ്പോൾ വലിയ സന്തോഷം തോന്നും. പള്ളികളിലും മറ്റും പാടാനായി ചെല്ലുമ്പോൾ അവർ ആദ്യം ആവശ്യപ്പെടുന്നത് ഈ ഗാനമായിരിക്കും. അതുകൊണ്ടു തന്നെ, ആ പാട്ടു ഞാൻ എപ്പോഴും കൂടെ കരുതും. പള്ളികളിലെ പരി പാടികളിൽ ഏതു പാട്ടു പാടണമെന്ന കാര്യത്തിൽ ഇപ്പോൾ സംശയ മേയില്ല, പൈതലാം യേശുവേ തന്നെ." മനോരമ എഡിറ്റർ ഷാജൻ സി. മാളു മനോരമയിൽ എഴുതുന്നു: "പൈതലാം യേശുവേ..." നമ്മെ ഇതുപോലെ ഓമനിക്കുകയും സാന്ത്വനിപ്പിക്കു കയും ചെയ്യുന്ന മറ്റൊരു ക്രിസ്മസ് ഗാനമില്ല."

ന്യൂയോർക്കിൽ നിന്നു ഇറങ്ങുന്ന മേരിയൻ ടൈംസ് 2017 ഡിസംബർ 1, പേജ്.8-ൽ അഭിലാഷ് ഫ്രേസർ എഴുതുന്നു. "മലയാള ത്തിലെ സൈലന്റ് നൈറ്റ് എന്നാണ് മലയാളത്തിന്റെ വാനമ്പാടിയായ കെ. എസ്. ചിത്ര മലയാള ഭാഷയിലെ എക്കാലത്തേയും മികച്ച



malankaralibrary.com

ക്രിസ്മസ് ഗാനങ്ങളിലൊന്നായ പൈലതാംയേശുവേ എന്ന ഗാനത്തെ വിശേഷിപ്പിച്ചത്. മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും, തലമുറകൾ മാറി വന്നിട്ടും അനശ്വരമായ ആ ഗാനം ക്രിസ്മസ് രാവിൽ പുഞ്ചിരി തൂകി കിടക്കുകയാണ്. ഉണ്ണിയേശുവിന്റെയും മാലാഖമാർ പാടുന്ന ഓർമ്മകളുണർത്തി മനുഷ്യഹൃദയങ്ങളിൽ വാഴുന്നു. മലയാളികൾ എവിടെയെല്ലാം ക്രിസ്മസ് ആഘോഷിക്കുന്നുവോ അവിടെയെല്ലാം ക്രിസ്മസ് ഗൃഹാതുരത്വമുണർത്തി ആ സ്വർഗ്ഗീയ ഗാനം മാധുര്യം ഒഴുകുന്നു."

റിമി ടോമി, മഹിളാരത്നം ജനുവരി 2017, പേജ്. 13-ൽ പറയുന്നു: "ഞങ്ങളുടെ പള്ളിയിൽ ഗായകസംഘത്തിലെ അംഗമായിരുന്നു ഞാൻ. ക്വയർ പാടാൻ പോകുമായിരുന്നു. ഗായിക ചിത്രചേച്ചിയുടെ യേശുവിനെക്കുറിച്ചുള്ള ഒരു നല്ല പാട്ടുണ്ട്. പൈതലാം യേശുവേ എന്നു തുടങ്ങുന്ന ഗാനം. ഇതെനിക്കു വലിയ ഇഷ്ടമായതുകൊണ്ടു ഞാൻ ഈ പാട്ടു മിക്കവാറും തന്നെ പള്ളിയിൽ പാടുമായിരുന്നു. ഓരോ ക്രിസ്മസ് വരുമ്പോഴും ഈ പാട്ടിനുള്ള പ്രാധാന്യം ഏറുകയാണെന്നു എനിക്ക് തോന്നിയിട്ടുണ്ട്." ഈ ഗാനം രചിച്ച തന്റെ ശിഷ്യനും നെയ്യാറ്റിൻകര രൂപതയിലെ അംഗവുമായ ജോസഫ് പാറാംകുഴി അച്ചനെ പനക്കലച്ചൻ എന്നും അഭിമാനത്തോടും സ്നേഹത്തോടും നന്ദിയോടും ഓർക്കുന്നുവെന്നു സസന്തോഷം ഈ ലേഖകനോടു പറഞ്ഞിട്ടുണ്ട്.

### 4.3 ഗാനങ്ങൾക്കു പുതിയോരഴക്

പനക്കലച്ചന്റെ ഗാനങ്ങൾക്കു പുതിയൊരഴക് എന്നതിനു പല ഘടകങ്ങൾ ഉണ്ട്.

ഒന്ന്. 29 പാട്ടുകളിൽ 15 എണ്ണം വ്യത്യസ്ത രാഗങ്ങളിലാണു ചെയ്തിരിക്കുന്നത്. അയായത്: മായാമാളവഗൗളം, ആനന്ദഭൈരവി, ഹിന്ദോളം, ദർബാരി കാനഡ, സിന്ധുഭൈരവി, ദേശ്, ഭിംപ്ലാസ്, ബാഗേശ്വരി, മോഹനം, മദ്ധ്യമാവതി, ഹംസധ്വനി, നാട്ടുക്കുറിഞ്ചി, സാരംഗം, ഗ്രെഗോരിയൻ, പാശ്ചാത്യരാഗങ്ങൾ എന്നിവയാണവ.

രണ്ട്. താളങ്ങലുടെ വൈവിധ്യങ്ങൾ: ആദിതാളം, തൃപുട, രൂപകം തൃശ്രജാതി, രൂപകം, ചതുരശ്രജാതിതൃപുട, ഖണ്ഡചാപ്പുതാളം.

മൂന്ന്. രചനകൾ ജസ്റ്റിനച്ചൻ മാംഗലപുഴ സെമിനാരിയിൽ താമസിച്ചു പഠിപ്പിക്കുന്ന കാലയളവിലാണ് കവിതകൾക്കു സംഗീതം



malankaralibrary.com

നൽകിയത്. 26 പാട്ടുകൾ വൈദിക വിദ്യാർത്ഥികൾ എഴുതി. അവരെല്ലാം വൈദികരാണിപ്പോൾ. ഇവരിൽ രണ്ടു പേർ മെത്രാൻമാരും. കണ്ണൂർ ബിഷപ്പ് ഡോക്ടർ അലക്സ് വടക്കുംതല, പിന്നെ മൂവാറ്റുപുഴ ബിഷപ്പ് ഡോക്ടർ യൂഹാനോൻ മാർ തെയോഡോഷ്യസ്. 3 പാട്ടുകൾ സിസ്റ്റർ മേരി ആഗ്നസ് സി.എം.സി.യും എഴുതി. കവിതകളിൽ പദങ്ങളുടെ ആവർത്തനമില്ല. ആശയങ്ങളുടെയും ആവർത്തനമില്ല. ദൈവശാസ്ത്ര പരമായി രചനകൾക്കു നല്ല ആഴമുണ്ട്; ആളികത്തുന്ന വികാര പ്രകടന ങ്ങളില്ല, ഭക്തിരസമില്ലാത്ത ഒരു വാക്കുപോലുമില്ല. ഏതു കുഞ്ഞിനു പോലും മനസ്സിലാക്കാവുന്ന സാഹിത്യം. ദൈവം സ്നേഹം തന്നെ യാണ്. ഈശോ നമ്മുടെ ഉറ്റസ്നേഹിതനുമാണ് എന്ന ബൈബിൾ സത്യം ഈ ഗാനങ്ങൾ അനുഭവവേദ്യമാക്കുന്നു. ഡോഗ്മാറ്റിക് തിയോളജി, മോറൽ തിയോളജി, സ്പിരിച്ചുവൽ തിയോളജി, മിസ്റ്റിക്കൽ തിയോളജി എന്നിവ പഠിപ്പിക്കുന്ന സത്യങ്ങൾ സംഗീതത്തിലൂടെ സാധാരണക്കാരനെ ഗ്രഹിപ്പിക്കാൻ ജസ്റ്റിൻ പനക്കലച്ചനു സാധിച്ചു വെന്നത് ഒരു ചരിത്രസത്യമായി കഴിയുന്നു.

## Bibliography

1. The Theology of Private Revilation according to the Teresian School (Rome 1996).

2. The theology of Private Revolation accroding to St. John of the Cross (Maraym, 1969).

3. Saint Teresa of Avila - Forever our Contemporary (Kalamassery 2016).

4. Original Sivi: Recent Trends (Alwaye 1996)

5. Is the other hell? An indepth study of charity (Alwaye 1994)

6. Blossoms of Carmel (Alwaye 1995)

7. Song of Love (Kalamassery 1998)

8. The Discaded Carmelite Order with beginnings (Kalamassery 2004)

9. The Caremlite Scapular (Mangalore 2001)

10. St. Teresa of Avila Speaks (Kalamessary 2010)

11. "പൈതലാം യേശുവേ" പനക്കലച്ചന്റെ 29 ഗാനങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകം. 2011, 2011, 2014, 2016, 2018



malankaralibrary.com

# വേദവിജ്ഞാനവും ഞാനും

ഡോ. സ്കറിയാ സക്കറിയ

രണ്ടായിരം വർഷത്തെ പഴക്കം അവകാശപ്പെട്ടുന്ന കേരളക്രൈസ്തവസഭ പെരുമാറ്റത്തിലും പ്രയോഗത്തിലും സിദ്ധാന്തത്തിലും എത്രത്തോളം സമകാലികമാണ്. ലഭ്യമായ സൂചനകൾ രേഖപ്പെടുത്തിയാൽ ഒരു പരമ്പരാഗതസമൂഹമെന്ന് കേരളത്തിലെ ക്രൈസ്തവരെ വിശേഷിപ്പിക്കാം. പാശ്ചാത്യസമ്പർക്കത്തിനുമുമ്പ് കേരളത്തിലെ ക്രൈസ്തവർ സ്വയം നിർവചിച്ചിരുന്നത് 'മാർത്തോമ്മായുടെ മാർഗവും വഴിപാടും' എന്നാണ്. മാർഗചര്യം ജീവിതചര്യയെയും ജീവിതപ്രമാണങ്ങളെയും ജീവചരിത്രത്തെയും സ്പർശിക്കുന്നതാണ്. ഇപ്പറഞ്ഞവയിലൊക്കെ വേർപിരിക്കാനാവാതെ ലയിച്ചുകിടക്കുന്നതാണ് കേരളക്രിസ്ത്യാനികൾക്ക് ദൈവജ്ഞാനം. സഭകളിലെ ചിട്ടപ്പെടുത്തിയ പരിശീലനമാതൃകകൾ, പരമ്പരാഗതമായി പകർന്നു കിട്ടിയ ക്രിസ്തുവിജ്ഞാനീയം, സഭാസമൂഹത്തിന്റെ കൂട്ടായ്മയിലൂടെ ആവർത്തനരൂപത്തിൽ തുടരുന്ന ആരാധാനാനുഷ്ഠാനങ്ങൾ ഇവയെല്ലാം ചേർന്നതായിരുന്നു നസ്രാണിക്ക് വേദവിജ്ഞാനം.

വേദവിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം ആശയാവലികളിലുണ്ടായിരുന്ന വെട്ടിത്തിരിയലായിരുന്നു ഉദയംപേരൂർ സൂനഹദോസ്. നവാഗതരായ ക്രിസ്ത്യാനികൾക്ക് പാശ്ചാത്യസഭയുടെ പൈതൃകത്തിന്റെ ഭാഗമായ ദൈവശാസ്ത്രം പ്രതിരോധമില്ലാതെ സ്വീകരിക്കാൻ കഴിഞ്ഞു. പൗരസ്ത്യസഭയുടെ കൂട്ടായ്മയിൽ കഴിഞ്ഞുകൂടിയിരുന്ന നസ്രാണികൾക്ക് സൂനഹദോസും പിൽക്കാലമിഷണറിമാരും നടപ്പിലാക്കിയ പരിഷ്കാരങ്ങൾ, വിശ്വാസാചാരങ്ങൾ, വേദവിപരീതമായി അനുഭവപ്പെട്ടു. സൂനഹദോസിനെക്കുറിച്ചുള്ള എല്ലാ പഠനങ്ങളിലും അതിന്റെ പരാമർശങ്ങൾ കാണാം. അതു സംഘർഷമായി വളരുന്നു. കൂനൻകുരിശുസത്യത്തിലൂടെ സഭാജീവിതത്തെയാകെ പിളർപ്പിലേക്കും



malankaralibrary.com

കലാപത്തിലേക്കും നയിച്ചു. അതുകൊണ്ട് കേരളക്രിസ്ത്യാനികൾക്ക് ദൈവശാസ്ത്രം കൈപൊള്ളുന്ന ഏർപ്പാടായിരുന്നു. സംഘർഷമുഖങ്ങൾ തിരിച്ചറിയാൻ സൂനഹദോസിന്റെ കാനോനകളും (1599) റോസ്മെത്രാന്റെ നിയമാവലിയും ഫലപ്രദമായി ഉപയോഗിക്കാം. ഇത്തരം ധാരാളം രേഖകൾ പുനർവായനയ്ക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. സാമ്പ്രദായിക പാണ്ഡിത്യവും സഭാത്മകദർശനവും സമകാലികജീവിതത്തിന്റെ സന്ദർഭങ്ങളും ദൈവശാസ്ത്രത്തെ കൂടുതൽ സജീവമാക്കിക്കൊണ്ടിരിക്കുന്നു.

ദൈവശാസ്ത്രത്തെ സഭാജീവിതത്തിന്റെ തുടർച്ചയായി സങ്കല്പിക്കുന്നതാണ് പ്രായോഗികവേദാന്തം. പുരാണസമൃദ്ധിയുള്ള കേരളസമൂഹത്തിൽ ഇത്തരം വൈജ്ഞാനികത ദൈവവിജ്ഞാനീയമായി വ്യാഖ്യാനിക്കപ്പെട്ടതിൽ അത്ഭുതമില്ല. ദൈവവിജ്ഞാനീയത്തിന്റെ പ്രസക്തിയും പ്രധാന്യവും സഭാജീവിതത്തിൽ കണ്ടെത്തുന്ന ശീലമാണ് നസ്രാണികൾക്കുള്ളത്. പാശ്ചാത്യപാരമ്പര്യത്തിലെ ദൈവശാസ്ത്ര വൈജ്ഞാനികത കേരളീയ വൈജ്ഞാനിക പാരമ്പര്യത്തെ ഉത്തേജിപ്പിക്കേണ്ടതായിരുന്നു. നിർഭാഗ്യവശാൽ പതിനാറാം നൂറ്റാണ്ടുമുതലുള്ള സ്വത്വസംഘർഷങ്ങളും ആഭ്യന്തരകലാപങ്ങളും ന്യൂനപക്ഷവെറിയും നസ്രാണിചിന്തയെ മന്ദീഭവിപ്പിച്ചു. പാശ്ചാത്യ ദൈവശാസ്ത്ര സിദ്ധാന്തങ്ങളെ പിന്തുടർന്ന് പടിഞ്ഞാറൻ പ്രമാണിത്വത്തെ പെരുപ്പിക്കാനാണ് പലപ്പോഴും ദൈവശാസ്ത്രവിചിന്തനങ്ങൾ ഉപകരിച്ചിട്ടുള്ളത്. പാശ്ചാത്യ പ്രമാണങ്ങൾ ഉദ്ധരിച്ച് പാശ്ചാത്യ സങ്കല്പങ്ങൾ വിപുലീകരിക്കുന്ന ബൗദ്ധികവ്യാപാരമായി ദൈവശാസ്ത്രം കേരളത്തിൽ മുരടിച്ചുനിൽക്കുന്നു.

അടിസ്ഥാനപരമായി ചോദ്യങ്ങൾ വേണ്ടുംവണ്ണം ഉന്നയിക്കാൻപോലും നമുക്കു കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന് ഒരു ബഹുമതസമൂഹത്തിൽ ക്രൈസ്തവസഭയുടെ നിയോഗമെന്താണ്? സൂനഹദോസിനു മുമ്പും പിമ്പുമുള്ള ക്രൈസ്തവസമൂഹങ്ങൾ നൽകുന്ന ഉത്തരങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. വാദിച്ചു ജയിക്കണോ, അറിഞ്ഞ് തിരിച്ചറിവിൽ വളരണോ? ക്രൈസ്തവസമൂഹം വിപുലമായ സംവാദങ്ങൾക്ക് വേദികൾ ഒരുക്കിയിട്ടുണ്ട്. സ്വതന്ത്രമായ ചർച്ച ഉണ്ടായിട്ടില്ല. സംപാളൂരും മധുരയും വേദവിദ്യാകേന്ദ്രങ്ങളായി വിരാജിച്ചപ്പോഴും ചിന്തകൾക്ക് ഉദാരതയും മാനവികതയും ജീവിതസ്പർശവും കമ്മിയായിരുന്നു.



malankaralibrary.com

തത്വനിഷ്ഠമായ സംവാദങ്ങളിലൂടെ സ്വമതം ഉറപ്പിക്കാനല്ലാതെ മറ്റുള്ളവരെ മനസ്സിലാക്കാൻ സാരമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പാശ്ചാത്യമിഷണറിമാരുമായി നസ്രാണികൾക്കുണ്ടായിരുന്ന കലഹങ്ങളും നിർഭാഗ്യകരമെന്നു പറയട്ടെ കേരളക്രൈസ്തവരെ കുറേക്കൂടി പാശ്ചാത്യവഴികളിലേക്ക് എത്തിച്ചു. സമൂഹപരിണാമത്തിന്റെ ഭാഗമാണ് ഇത്തരം സങ്കലനബഹളങ്ങളെന്നു സമ്മതിക്കാം. എന്നാൽ സങ്കലനം സംവാദാത്മകമാകണം. അപ്പോൾ പറയുന്നവനും കേൾക്കുന്നവനും പരസ്പരം സ്വാധീനിക്കുന്നു. ഇത്തരമൊരു സംവാദസാധ്യതകൾ ബാക്കിനിർത്തിക്കൊണ്ടാണ് കേരള ക്രൈസ്തവസമൂഹത്തിന്റെ പ്രയാണം. ദൈവശാസ്ത്രമണ്ഡലത്തിൽ അവർക്കുള്ള നേട്ടം, വിശിഷ്യാ ചരിത്രപാഠങ്ങളുടെ വിശകലനസാമർത്ഥ്യം പ്രശംസനീയമാണ്. എന്നാൽ പരമ്പരാഗത നസ്രാണി ദൈവശാസ്ത്രത്തിന്റെ ഘടനകളെ പരിശോധിക്കാനും വിശകലനം ചെയ്യാനും പുതുസങ്കല്പങ്ങൾ അവതരിപ്പിക്കാനും കേരളീയ ക്രിസ്ത്യാനികൾക്കു കഴിഞ്ഞിട്ടില്ല.

കേരള ക്രിസ്ത്യാനികളുടെ പരമ്പരാഗത സഭാവിജ്ഞാനത്തിൽ 'ഇണങ്ങർ' എന്നു വിളിക്കപ്പെട്ട സാധാരണ ക്രൈസ്തവർക്ക് വലിയ പങ്കുണ്ടായിരുന്നു. ഇണങ്ങരായിരുന്നു ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രം. മതവിജ്ഞാനവും മതചര്യകളുമെല്ലാം നാട്ടുപാരമ്പര്യത്തിന്റെ ഭാഗമായി സംക്രമിച്ചെത്തിയിരുന്നു. ഇന്നത്തെ നിലയിൽ ഇണങ്ങിന്റെ ഒരുമ്പാട് കാര്യക്ഷമതാവാദത്തോടു ബന്ധപ്പെട്ടാണ് കാണുന്നത്. മാനേജ്മെന്റ് തത്വങ്ങളാണ് ഇത്തരം ചർച്ചകളിൽ തെളിഞ്ഞു കേൾക്കുന്നത്. അടിസ്ഥാനമായിരിക്കുന്ന മതാനുഭവം പലപ്പോഴും അപ്രത്യക്ഷമാണ്. മതവിജ്ഞാനത്തെക്കുറിച്ചുള്ള സംവാദങ്ങളിലും ഒരുതരം ഏകപക്ഷീയതയും സുനിശ്ചിതത്വവാദവും ഉയർന്നു കേൾക്കാം. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും കേരള ക്രൈസ്തവരെ പൊതുസമൂഹം അംഗീകരിക്കുന്നു. എന്നാൽ സഭയുടെ ശ്രേണികളിൽ, വിശിഷ്യാ ദൈവശാസ്ത്രമേഖലയിൽ അവർ ശിശുക്കളെപ്പോലെയാണു കാണപ്പെടുന്നത്. വിമർശനാത്മകത ദൈവശാസ്ത്രവിചിന്തനത്തിൽ അചിന്ത്യം എന്നു തോന്നത്തക്കവണ്ണമാണ് വ്യത്യസ്ത അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നത്. ഇവിടെ നഷ്ടം കേരളസമുദായത്തിൽ മാത്രമല്ല, ആഗോളക്രൈസ്തവസമൂഹത്തിലുമുണ്ട്. സവിശേഷമായ കേരളീയചിന്ത, അതും നവോത്ഥാനനായകരുടെ ചൂടേറിയ അനുഭവങ്ങൾ. വേദചിന്തയെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ചരിത്രവഴികളിൽ എവി



malankaralibrary.com

ടെയെല്ലാമോ ചെളിയിൽ താണുപോയ വാഹനങ്ങൾപോലെ കിടക്കുകയാണ് നമ്മുടെ ദൈവശാസ്ത്രചിന്ത.

ഇനി വേദവിജ്ഞാനീയത്തിലെ കേരള കത്തോലിക്കരുടെ വഴികളെക്കുറിച്ച് സ്വാനുഭവം മുൻനിർത്തി ചില കാര്യങ്ങൾ കുറിക്കാം. നസ്രാണിഭവനങ്ങളിലാണ് വേദവിദ്യാഭ്യാസം നടന്നിരുന്നത്. പാശ്ചാത്യമിഷണറിമാരും പള്ളി കേന്ദ്രീകൃതമായുള്ള വേദവിജ്ഞാനസംരംഭങ്ങളും ഉത്സാഹിച്ച് പാശ്ചാത്യമതവിജ്ഞാനം - അവയിൽ വേദോപദേശങ്ങളും ചോദ്യോത്തരരൂപത്തിലുള്ള സംവാദങ്ങളും ഉൾപ്പെട്ടിരുന്നു - വളർത്തി. മറ്റൊന്ന്, മതവിജ്ഞാന പ്രചാരണത്തിന് വൻകിട സംരംഭങ്ങളുണ്ടായി എന്നതാണ്. ഇവയിൽ അച്ചടിശ്ശാലകളും ലഘുഗ്രന്ഥങ്ങളും രേഖകളും പ്രത്യേക പരാമർശം അർഹിക്കുന്നു. വേദവിദ്യാലയങ്ങളുടെ ഭാഗമായിത്തന്നെയാണ് പല സ്ഥലങ്ങളിലും പൊതുവിദ്യാലയങ്ങൾ ഉണ്ടായത്. ജാതിവ്യവസ്ഥയെ ചോദ്യം ചെയ്യുന്ന സന്ദേശം വാക്കിലും പ്രവൃത്തിയിലും പ്രകടമാക്കിയ വേദവിജ്ഞാനം നവോത്ഥാനത്തിന്റെ സ്രോതസ്സുകളിലൊന്നായിരുന്നു. വിവേകാനന്ദനും നാരായണഗുരുവും മറ്റ് അതുപോലെയുള്ള മാർഗദർശികളും തെളിച്ചുകാണിച്ചതുപോലെ ക്രൈസ്തവസന്ദേശത്തിനും സംവേദനപരമായ സാധ്യതകൾ ബാക്കിയുണ്ട്.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ സംഭവിച്ച വിജ്ഞാനവിനിമയ വിപ്ലവം സഭാവിജ്ഞാനീയമടക്കം എല്ലാ അറിവുരൂപങ്ങളെയും ഭീഷണിപ്പെടുത്തുകയാണ്. വിശുദ്ധവസ്തുക്കളെയും വിശുദ്ധസ്ഥലങ്ങളെയും മറികടന്ന് അനുദിനജീവിതത്തിന്റെ സ്വപ്നങ്ങളിലേക്ക് അതു പടർന്നു കയറുന്നു. സന്ദേഹത്തിനും തിരസ്കാരത്തിനും മുൻഗണനയുള്ള പരിഷ്കൃതിയാണിത്. ഇപ്പോളത് സോഷ്യൽ മീഡിയയുടെ രൂപത്തിൽ സമൂഹത്തെയാകെ അമ്പരപ്പിക്കുന്നു. വിശുദ്ധം, അവിശുദ്ധം എന്ന ഭേദമില്ലാതെ എല്ലായിടത്തേക്കും ഒളികണ്ണിട്ടു നോക്കുന്ന ഒളികൺക്യാമറയാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വിനിമയതന്ത്രത്തിന്റെ ചിഹ്നം. സഭാവിജ്ഞാനീയം നവമാധ്യമങ്ങളിലൂടെ പ്രസരിപ്പിക്കാനുള്ള ശ്രമങ്ങൾ പുതിയ പുതിയ വെല്ലുവിളികൾ നേരിടുകയാണ്. ഇപ്പോൾ സന്ദേശം ഉഷാറാക്കാൻ ഹാസ്യത്തിന്റെ പിന്തുണകൂടിയുണ്ട്. വമ്പൻസത്യങ്ങളെയും നാട്യങ്ങളെയും അധികാരങ്ങളെയും കീഴ്‌വഴക്കങ്ങളെയും മറികടക്കാൻ ട്രോളൻമാർക്ക് ആരുടെയും അനുവാദം ആവശ്യമില്ല. ഇത്തരമൊരു ജ്ഞാനവ്യവസ്ഥയിൽ സംവാദത്തിൽ പങ്കു



malankaralibrary.com

ചേരാൻ കഴിയണമെങ്കിൽ ക്രൈസ്തവസഭകൾ കൂടുതൽ വിനീതരും ഉദാരമതികളും ആയിരിക്കണം. പോരെങ്കിൽ ബഹുവിജ്ഞാനീയങ്ങളെ സംയോജിപ്പിക്കുന്നതാണ് സമകാലിക സംവേദനവിദ്യ. അതിനോടു സംവദിക്കാൻ ബഹുവിജ്ഞാനീയം കൂടിയേതീരൂ. വൈവിധ്യങ്ങളുടെ പിൻബലത്തിലാണ് ബഹുവിജ്ഞാനീയത ഉയർന്നുപൊങ്ങുന്നത്. കേരളീയ പൊതുമണ്ഡലത്തിൽ സംവേദനവിദ്യയ്ക്ക് ദൈവശാസ്ത്രമാകാൻ കഴിയണമെങ്കിൽ ധാരാളം കൊടുക്കൽ വാങ്ങലുകൾ വേണ്ടിവരും. അതിനു നാം നല്ല ശ്രോതാക്കളാകണം. ഒപ്പം വിനീതരുമാകണം. നമ്മുടെ സന്ദേശങ്ങളടങ്ങുന്ന പ്രസ്താവങ്ങൾ സുതാര്യമായിത്തീരണം. ജനാധിപത്യം നൽകുന്ന സമഭാവന പുതിയ മാധ്യമശക്തികൾ ഉപയോഗിക്കുന്നു. അതേക്കുറിച്ച് ക്ഷോഭിച്ചിട്ടോ പരിഭവിച്ചിട്ടോ കാര്യമില്ല.

ഞങ്ങളുടെ തലമുറ ഒരുതരത്തിൽ ആലോചിച്ചാൽ ഭാഗ്യം ചെയ്തവരാണ്. വീടുകളിൽ ലഭിച്ച വിശ്വാസാനുഭവം വിജ്ഞാനാനുഭവമാക്കി മാറ്റാനായിരുന്നു സർവകലാശാലാതലത്തിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെയും മറ്റും നോട്ടം. ഈശോസഭാവൈദികർക്കായിരുന്നു കേരളത്തിൽ പൊതുമേൽനോട്ടം. പുതിയ ആശയങ്ങൾക്ക് അവിടെ വിലക്കുണ്ടായിരുന്നില്ല. വിജ്ഞാനങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ കത്തോലിക്ക മതവിജ്ഞാനത്തിന് പ്രത്യേക പരിഗണന നൽകിയിരുന്നുവെന്നുമാത്രം. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽ നടന്ന പരിശീലനപരിപാടികൾ മതജീവിതത്തെ പല മട്ടിൽ സ്വാധീനിച്ചു. മിഷണറി പരിഷ്കാരത്തിന്റെ തുടർച്ചയായി മാത്രമല്ല ഇടർച്ചയായും അവ പൊതുസമൂഹത്തിലെ പരിണാമങ്ങളെ വിലയിരുത്തി. കോളണിയനന്തരത, സ്ത്രീവാദം, ഭക്തിവാദം തുടങ്ങിയവ മത സംവാദങ്ങളിൽ ഇക്കാലത്തു സ്ഥാനംപിടിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ജനാധിപത്യകേരളത്തിൽ സംവേദനവിപ്ലവത്തിന്റെ ഭാഗമായി പുതിയ വേദവിജ്ഞാനം ഉരുത്തിരിഞ്ഞിട്ടുണ്ട്. അതു വളർത്തിയെടുക്കുന്നതിൽ സാധാരണക്കാരുടെ അനുഭവങ്ങൾക്കും ചിന്തകൾക്കും പങ്കുണ്ട്. ഇക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഈ ലേഖനം സമാപിപ്പിക്കാം.

സഭയും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പുതിയൊരു ദർശനം അവതരിപ്പിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് ഞങ്ങളെപ്പോലുള്ള ധാരാളം പേരിൽ പ്രത്യാശയും ആവേശവും ഉളവാക്കി.



malankaralibrary.com

റോമൻ കത്തോലിക്കസഭയിൽ വലിയ പ്രതീക്ഷകൾ ഉയർത്തിയ സൂന ഹദോസ് പ്രാദേശിക സംസ്കൃതിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു. നസ്രാണികളുടെ നാടായ കേരളത്തിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. മൂന്നു സഭകളിലെയും ദൈവജനം പ്രകടിപ്പിച്ച ആവേശത്തിന്റെ ഭാഗമായി വേദവിജ്ഞാനം പ്രചാരം നേടി. വെറുമൊരു വിശ്വാസസംഹിത എന്നതിനെക്കാൾ അനുഭവവും പ്രവൃത്തിയുമാണ് ക്രൈസ്തവീയത എന്ന ധാരണ വളർന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെന്നതുപോലെ ഇവിടെയും അൽമായർ പ്രതീക്ഷകൾക്കൊപ്പം വളരാൻ ശ്രമം തുടങ്ങി. മതബോധനശൈലി പരിഷ്കരിക്കപ്പെട്ടു. പാഠ്യവിഷയങ്ങളിൽ ഏകോപനവും വ്യക്തതയുമുണ്ടായി. വേദവിജ്ഞാനത്തിന്റെ ഭാഗമായി പ്രസാധനരംഗം ചൂടുപിടിച്ചു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ സംവേദനരംഗം വിശ്വാസത്തെ വെല്ലുവിളിക്കുന്നതുപോലെ ഒരു തോന്നൽ അധികാരസ്ഥാനങ്ങളിലുണ്ടായി. വേദവിജ്ഞാനമടക്കമുള്ള മേഖലകളിൽ തിരസ്കാരം ഒരു പ്രവണതയായി വളർന്നു. കേരളത്തിലെ അൽമായർക്ക്, പഠിതാക്കൾക്ക് ഇതൊരു വെല്ലുവിളിയായി മാറി. യാഥാസ്ഥിതികർക്കും പുരോഹിതീകരണവാദികൾക്കും വല്ലാത്ത അലോസരമുണ്ടായി. അൽമായപ്രസ്ഥാനങ്ങൾ ഒന്നുകിൽ വിധേയസംഘങ്ങളാകണം അല്ലെങ്കിൽ വിമർശനവേദികളാകണം എന്നുള്ള നില വന്നു. ആരോഗ്യകരമായ സംവേദനം വിരളമായിത്തീർന്നു. തന്മൂലം വേദവിജ്ഞാനരംഗത്ത് അൽമായർ നിശ്ശബ്ദരാകുകയോ റിബൽസംഘങ്ങളായി തരംതിരിക്കപ്പെടുകയോ ചെയ്തു. തന്മൂലമുണ്ടായ വേദവിജ്ഞാനശോഷണം പ്രകടമായത് മാധ്യമയുഗത്തിന്റെ വരവോടുകൂടിയാണ്. വിവരവും വിനോദവും ഒന്നിപ്പിക്കുന്ന മാധ്യമസങ്കേതങ്ങളുടെ മുമ്പിൽ വേദവിജ്ഞാനികൾ അമ്പരന്നുനിന്നു. വിരുദ്ധോക്തികളും ഹാസ്യസങ്കേതവും ട്രോളുകളും സംവേദനമണ്ഡലത്തിൽ നിർണായകസ്ഥാനത്തെത്തി. ഇന്നും ഈ പ്രതിസന്ധി നേരിടാൻ എന്തു ചെയ്യാമെന്ന് തിരിച്ചറിവുണ്ടാകുന്നില്ല. അനുദിനജീവിതത്തിൽ അടിമുടി മുങ്ങിനിന്നുകൊണ്ട് സംവേദനം ഊർജിതപ്പെടുത്തുന്ന നവമാധ്യമങ്ങളുടെ സങ്കേതങ്ങൾ ഇനിയും വേദവിജ്ഞാനീയത്തിൽ ഇടംതേടേണ്ടിയിരിക്കുന്നു. ലോകത്തിന്റെ ഭാഷ തിരിച്ചറിഞ്ഞുകൊണ്ടല്ലാതെ സുവിശേഷസന്ദേശം വ്യാഖ്യാനിക്കാനും പ്രസരിപ്പിക്കാനും കഴിയില്ല. വിദ്യാർത്ഥികേന്ദ്രിതമായി വിദ്യാഭ്യാസം മാറുന്നതുപോലെ പുതിയ ധാർമ്മിക സംഘർഷങ്ങൾ മുൻനിർത്തി വേദവിജ്ഞാനമുണ്ടാകണം. സ്ത്രീപക്ഷചിന്ത, ദളിത്



malankaralibrary.com

ചിന്ത, പരിസ്ഥിതിവാദം, പുത്തൻ ശാരീരാവബോധം, ലിംഗവിവേചനം, ജാതി, നവീന കലാസംസ്കാരം, യൗവനഭാഷ തുടങ്ങിയവയൊക്കെ ക്രൈസ്തവീയമായി മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും പ്രസരിപ്പിക്കാനുള്ള വേദവിജ്ഞാനമാണു വേണ്ടത്. ഞങ്ങളുടെ യൗവനകാലത്ത് കലാലയങ്ങളിൽ ചെറിയ തോതിലാണെങ്കിലും പലതരം പുതുമകളുടെ വക്താക്കളാകാൻ വേദവിജ്ഞാനതത്പരരായ യുവാക്കൾക്ക് കഴിഞ്ഞിരുന്നു. ഇന്നാകട്ടെ ഇത്തരം യുവജനവേദികൾ ചിന്താവേദികളിൽനിന്നു വേർതിരിഞ്ഞ് വിശ്വാസപരിശീലനവേദികളോ വിശ്വാസസംരക്ഷണവേദികളോ ആയി മാറുന്നു. ഇവയൊന്നും വേണ്ടെന്നല്ല, ഇവയേക്കാൾ പ്രധാനം വേദത്തിന്റെ പരിവർത്തനശേഷിയാണ്. നവീകരണവാദികൾ എല്ലായിടത്തും മാറ്റങ്ങൾക്കുവേണ്ടി വാദിക്കേണ്ടി വരുന്നത് ഇതുകൊണ്ടാണ്. ഒരുകാലത്ത് സന്ന്യാസികൾ സഭയിൽ ഈ ചുമതല സാഹസികമായി ഏറ്റെടുത്തിരുന്നു. ഏറെ സ്ഥാപനവത്കരിക്കപ്പെട്ടതോടുകൂടി ഇത്തരം ഇടങ്ങൾ ശൂന്യമായി. ഇവിടെയാണ് അൽമായദൈവശാസ്ത്രത്തിന് പുതിയ യുഗത്തിലുള്ള ഇടം. കേരളത്തിലെ ആദിമ ക്രിസ്ത്യാനികൾ മാർഗവും വഴിപാടും എന്നാണ് തങ്ങളുടെ മതജീവിതത്തെ നിർവചിച്ചത്. പ്രതിസന്ധികളിലെല്ലാം ഒരു മുദ്രാവാക്യമായി അവർ ഇതിനെ ഉപയോഗിച്ചു. എന്നാൽ ബുദ്ധിവിസ്താരത്തിലൂടെ അതിനെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെത്തിക്കാൻ സാഹസികമായ ഇടപെടലുകൾ ആവശ്യമാണ്. അതാണ് ഇണങ്ങർ എന്ന് പഴയ ഭാഷയിൽ വിളിക്കപ്പെട്ടിരുന്ന അൽമായരുടെ നിയോഗം.

ബൈബിൾ അനുഭവം ഒഴിവാക്കിക്കൊണ്ട് വേദവിജ്ഞാനത്തെക്കുറിച്ച് ഓർമ്മിക്കാനാവില്ല. ബൈബിൾ മാത്രം പോരാ എന്നു വാദിക്കുന്നവരുണ്ട്. അവരും ബൈബിളിനെ പ്രമാണഗ്രന്ഥമായി കരുതുന്നു. ഞാൻ ആദ്യംകണ്ട ബൈബിൾ എന്റെ വീട്ടിൽ അപ്പൻ വാങ്ങിയ മാണിക്കത്തനാരുടെ ബൈബിൾ വിവർത്തനമാണ്. കനപ്പെട്ട ശൈലിയിൽ സുവിശേഷ സന്ദേശം പകരുന്നതാണ് പുതിയനിയമഭാഗം. സാഹിത്യഭംഗികൊണ്ടും ശൈലീവൈരുദ്ധ്യംകൊണ്ടും ഏറെ രസകരമായിരുന്നു പഴയനിയമം. ബൈബിളിൽനിന്നു ലഭിച്ച ഉൾക്കാഴ്ചകൾ പള്ളിയിൽനിന്നുള്ള അറിവുകളുമായി ഇണക്കിയും വേർതിരിച്ചും പഠിപ്പുള്ള സഹോദരന്മാർ തർക്കിക്കുന്നതു കേട്ടിട്ടുണ്ട്. ഏതായാലും ബൈബിൾ ഒരു സംവാദമണ്ഡലമായി എന്നിൽ വികസിച്ചു. സ്കൂൾ - കോളജ് പഠനകാലത്ത് ഫാ. ജോസഫ് പൗവ്വത്തിൽ, ഫാ. സാമുവേൽ രായൻ, സെബാ



malankaralibrary.com

സ്റ്റ്യൻ കാപ്പൻ, ഫാ. സിറാക്ക്, ഫാ. ഗ്രേഷ്യൻ മുണ്ടാടൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്നിരുന്ന യുവജന സമ്മേളനങ്ങളിൽ പങ്കെടുത്തു. പലതരം നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരു സംവാദാത്മക വ്യക്തിത്വം വളർത്തിയെടുക്കാൻ ഉപകരിക്കുന്നതായിരുന്നു അവിടുത്തെ പ്രവർത്തനങ്ങൾ. കോളജ് അദ്ധ്യാപകനായിരിക്കെ യാദൃച്ഛികമായാണ് ജോസഫ് പുലിക്കുന്നേലിന്റെയും ഡി.സി.കിഴക്കേമുറിയുടേയും ക്ഷണം കിട്ടിയത് ഓശാന മലയാളം ബൈബിളിന്റെ തർജ്ജമ പരിശോധനയ്ക്കുള്ള കമ്മറ്റിയിൽ പ്രവർത്തിക്കാൻ. മൂന്നു വർഷം കൊണ്ട് പരിശോധന പൂർത്തിയായി. ഇതിനിടയിൽ ബൈബിൾ പലവട്ടം വായിച്ചു. മറ്റു തർജ്ജമകൾ പരിശോധിച്ചു. വ്യാഖ്യാനഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്തി. ഇക്കാലത്ത് ബഹുഭാഷാപണ്ഡിതനായ ഡോ. ലൂക്ക് ഒ. എഫ്. എമ്മുമായി അടുത്തു പ്രവർത്തിക്കാൻ കഴിഞ്ഞു എന്നത് എന്റെ ജീവിതത്തിലെ മഹാഭാഗ്യം. ബഹുഭാഷാപണ്ഡിതനും വേദജ്ഞാനിയും സർവോപരി നന്മനിറഞ്ഞ പുരോഹിതനുമായിരുന്നു ഡോ. ലൂക്ക്. ബൈബിൾ തർജ്ജമയിൽ മാർഗനിർദേശം നൽകിയ ഫാ. മാത്യു വെള്ളാനിക്കൽ തുടങ്ങിയവരെയും ഓർമ്മിക്കുന്നു. എൻ. വി. കൃഷ്ണവാരിയരും ജോസഫ് പുലിക്കുന്നേലും ഞാനുമടങ്ങുന്ന ചെറു സംഘം എത്രയോ രാവുകൾ ബൈബിളുമായി സല്ലപിച്ചു. ഇത് ജീവിതത്തിലെ അസാധാരണ സൗഭാഗ്യം. ബൈബിൾ തർജ്ജമയിൽ ഓശാനയുമായുണ്ടായ സമ്പർക്കവും സഭാനവീകരണപ്രവർത്തനങ്ങൾക്കുള്ള പിന്തുണയും ഒരു കൂട്ടം സഭാസ്നേഹികളുടെ ദൃഷ്ടിയിൽ എന്നെ അന്യനാക്കി. എന്നാൽ മാർ ആന്റണി പടിയറ, ഡോ. ജോസഫ് കരിമ്പാലിൽ തുടങ്ങിയവരുടെ ക്ഷണം സ്വീകരിച്ച് ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ആദ്യത്തെ അൽമായ സെക്രട്ടറിയായി ഞാൻ നിയമിക്കപ്പെട്ടതും ഇക്കാലത്താണ്. സഭയുമായുള്ള ഉറ്റസമ്പർക്കത്തെ സഭാനവീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയിരിക്കാം. എനിക്കതിൽ പരാതികളൊന്നും പറയാനില്ല. സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും സഹകരിക്കാനും എനിക്ക് വേണ്ടുവോളം സുഹൃത്തുക്കളെ ലഭിച്ചിരുന്നു. അതാണ് ഭാഗ്യം എന്നു വിളിക്കേണ്ടത്. സഭയിലെ ഒരധികാരിയും പരസ്യമായി എന്നെ ശാസിക്കുകയോ തിരുത്തുകയോ ചെയ്തിട്ടില്ല. പിന്നെ ഞാനെന്തിന് പരിഭവിക്കണം. ബൈബിൾ തർജ്ജമയുടെ പുതിയ അറിവുകളും പ്രചോദനങ്ങളും ഉൾക്കൊണ്ട് ഞാൻ ബൈബിൾ പ്രഭാഷണങ്ങൾ നടത്തിത്തുടങ്ങി. പല



malankaralibrary.com

പ്രമുഖദേവാലയങ്ങളിലും പ്രസംഗിക്കാൻ നിർബന്ധപൂർവ്വം എന്നെ കൂട്ടിക്കൊണ്ടു പോയി. ജനങ്ങളും വൈദികരും ഇക്കാര്യത്തിൽ കാണിച്ച ഉത്സാഹം എന്നെ അത്ഭുതപ്പെടുത്തി. ഇതിനിടയിൽ ദേശീയതലത്തിലുള്ള അനേകം ചർച്ചാ സമ്മേളനങ്ങളിൽ പല വിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ എനിക്ക് അവസരമുണ്ടായി കേരളത്തിലെ പ്രമുഖ പ്രസിദ്ധീകരണങ്ങളിൽ വേദവിഷയകമായി എഴുതാൻ കഴിഞ്ഞു. ഇതിനിടയിലാണ് ജർമ്മൻ സന്ദർശനവേളയിൽ ട്യൂബിംഗൻ സർവകലാശാലയിൽ ഹെർമൻ ഗുണ്ടർട്ടിന്റെ ശേഖരം കണ്ടെത്തിയത്. അതിനോടകം പ്രാചീനമലയാളത്തിൽ ഞാൻ ഗവേഷകനായി മുന്നോട്ടു പോയിരുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളുടെ വിശകലനത്തിന്റെ ഭാഗമായി അനേകം ക്രൈസ്തവരേഖകൾ വായിക്കാൻ കഴിഞ്ഞു. ഇവയുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഗുണ്ടർട്ട് ഗവേഷണത്തിന് ജർമ്മനിയിൽനിന്ന് ഫെലോഷിപ്പ് ലഭിച്ചപ്പോൾ ഭാരതീയ വിജ്ഞാന കേന്ദ്രമായ ട്യൂബിംഗൻ സർവകലാശാലയാണ് തെരഞ്ഞെടുത്തത്. വലിയ വേദവിജ്ഞാനകേന്ദ്രമായിട്ടാണ് ട്യൂബിംഗൻ അറിയപ്പെടുന്നത്. ഞാനവിടെയുണ്ടായിരുന്ന കാലത്ത് ഹാൻസ് ഉങ് ആയിരുന്നു പ്രശസ്തനായ പ്രൊഫസർ. അവിടുത്തെ താമസവും വേദവിജ്ഞാനകൗതുകം വളർത്തി. ഇരുപത്തഞ്ചുവർഷത്തെ സേവനത്തിനുശേഷം സെന്റ് ബെർക്കുമാൻസ് കോളജിൽനിന്ന് രാജിവച്ച് ശ്രീശങ്കര സർവ്വകലാശാലയിൽ പോയപ്പോൾ വിജ്ഞാനഭണ്ഡാരത്തിൽ പുനർക്രമീകരണങ്ങൾ വേണ്ടിവന്നു. പൊതുമണ്ഡലത്തിലെ ജീവിതം കടുത്തവെല്ലുവിളിയും ഉത്സാഹവും പകർന്നു. അവിടെവച്ചാണ് ജൂതപാട്ടുകളെക്കുറിച്ച് ഗവേഷണംചെയ്യുന്ന ഡോ.ബാർബറ ജോൺസന്റെ നിർബന്ധപൂർവ്വമായ ക്ഷണം സ്വീകരിച്ച് ഒരു ഗവേഷണപദ്ധതിയിൽ പങ്കാളിയായത്. ഗുണ്ടർട്ട് ഗവേഷണത്തിൽ ആൽബ്രെഷ്റ്റ് ഫ്രെൻസ്, ജൂതപ്പാട്ടു ഗവേഷണത്തിൽ ഡോ. ബാർബറ ജോൺസൺ ഇവരെപോലെയുള്ള ഒരു ഡസനോളം വിജ്ഞാനികൾ എന്റെ സുഹൃദ്വലയത്തിലുണ്ടായി. ജീവിതത്തിൽ ഏറ്റവും ആഹ്ലാദകരമായ കാലമായിരുന്നു അത്. കണ്ടും കേട്ടും പഠിക്കുന്നതിന്റെ സന്തോഷത്തിലായിരുന്നു ഞാൻ. ഗുണ്ടർട്ട്പഠനത്തിന്റെ ഭാഗമായി പ്രൊട്ടസ്റ്റന്റ് മതവിജ്ഞാനവും ജൂതപ്പാട്ടുകളുടെ ഗവേഷണത്തിന്റെ ഭാഗമായി ജൂതമത ആശയാവലികളും സാമാന്യമായി പരിചയപ്പെടാൻ സാധിച്ചു. ജറുസലേമിൽ ഉണ്ടായിരുന്ന കാലത്ത് എത്രയോ



malankaralibrary.com

സമ്മേളനങ്ങളിൽ എത്രയോ പണ്ഡിതന്മാരെ കേട്ടു. മതം, ശാസ്ത്രം, നിയമം, ചരിത്രം, സംഗീതം, ശില്പചിത്രകല തുടങ്ങിയവയിലെല്ലാം മതദർശനങ്ങൾ എങ്ങനെ കലർന്നിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞു. ഭാഷാശാസ്ത്രവും വേദവിജ്ഞാനവും ഗുണ്ടർട്ടുപൈതൃകത്തിന്റെ ഭാഗമായി ഞാൻ നേരത്തെതന്നെ പഠിച്ചുതുടങ്ങിയിരുന്നു. അതിന്റെ മതപരമായ ധ്വനികൾ വിശദീകരിച്ചുതരാൻ ജറുസലേമിലെ സമ്മേളനങ്ങൾ ഉപകരിച്ചു. ഇസ്രായേൽ മ്യൂസിയം പറഞ്ഞുതന്ന പാഠങ്ങൾ പിൽക്കാലത്ത് മുസിരിസ് മേഖലയിലെ ജൂതമ്യൂസിയങ്ങൾ സംവിധാനം ചെയ്യുന്നതിൽ ഉപകരിച്ചു. മലയാളത്തിലെ ജൂതപ്പാട്ടുകളെക്കുറിച്ച് അമേരിക്കൻ ലൈബ്രറി ഓഫ് കോൺഗ്രസ് സംഘടിപ്പിച്ച സമ്മേളനം ജൂതവിജ്ഞാനത്തിന്റെ ബഹുമുഖതയും പ്രാധാന്യവും വെളിവാക്കി.

ജോലിയിൽനിന്ന് വിരമിച്ചത് ഞാനറിഞ്ഞില്ല. വിരമിക്കുംമുൻപുതന്നെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വിസിറ്റിംഗ് പ്രൊഫസറായി ചേരാൻ ക്ഷണം ലഭിച്ചു. അവിടെ പന്ത്രണ്ടു വർഷങ്ങൾ. കാലംചെല്ലുംതോറും വിവിധ വിഷയങ്ങളെ ഇണക്കി സംസാരിക്കാൻ കഴിഞ്ഞു. ഇത്തരം ബഹുവിജ്ഞാനീയ സമീപനം പുതിയ തലമുറക്കാർക്ക് പ്രിയങ്കരമാണെന്നു തോന്നുന്നു. വേദവിജ്ഞാന പരിചയം ബഹുവിജ്ഞാനീയ സമീപനത്തെ ഏറെ സഹായിച്ചിട്ടുണ്ട്. പാഠസംസ്കരണം, തർജ്ജമപഠനം, ആഖ്യാനകല, പൈതൃകപഠനം തുടങ്ങിയവയിലും സഹായകമായിരുന്നു വേദവിജ്ഞാനസമ്പർക്കം. ഇത്തരത്തിലുള്ള വേദവിജ്ഞാനം പഠിക്കാനും പരിശോധിക്കാനും ഏറ്റവും പറ്റിയ സ്ഥാപനമാണ് പൂനെയിലെ പ്രശസ്തമായ പേപ്പൽ സെമിനാരി (ജ്ഞാനദീപവിദ്യാപീഠം). അവിടെ ഏതാനും വർഷങ്ങൾ ഒരു ക്രെഡിറ്റ് കോഴ്സ് നൽകിയിരുന്നു. ഒരു മാസം അവധിയെടുത്ത് പൂനെയിൽ താമസിച്ച് മലയാളസാഹിത്യത്തെക്കുറിച്ച് സർവതന്ത്രസ്വതന്ത്രമായി സംസാരിച്ചിരുന്നു. അന്ന് ക്ലാസുമുറിയിൽ ഉണ്ടായിരുന്ന എത്രയോ വൈദികവിദ്യാർത്ഥികൾ ഇന്ന് സഭയുടെ ചുക്കാൻപിടിക്കുന്നു. വാശിയേറിയ യോഗങ്ങൾക്കൊടുവിൽ അറിയാനും അറിയിക്കാനും കഴിഞ്ഞതിലുള്ള സംതൃപ്തിയോടെ ചർച്ചായോഗങ്ങൾ സമാപിച്ചിരുന്ന കാര്യം സന്തോഷത്തോടെ ഓർമ്മിക്കുന്നു. ഇന്നും എന്റെ വേദവിദ്യാലയങ്ങൾ ഇത്തരം ചർച്ചാവേദികളാണ്. അനുദിനജീവിതത്തിലെ ഇടങ്ങൾ.



malankaralibrary.com

# ജേക്കബ് തെക്കേപ്പറമ്പിൽ മല്പാൻ
# സുറിയാനി സംസ്കൃതിയുടെ കാവൽഭടൻ

**ഡോ. ആർദ്ര എസ്.ഐ.സി.**

കേരള സഭയിൽ സുറിയാനി ഭാഷയുടെയും സംസ്കാരത്തിന്റെയും പഠനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ജേക്കബ് തെക്കെപറമ്പിൽ മല്പാനച്ചൻ 1942 ഏപ്രിൽ 12-ാം തീയതി കോട്ടയത്തിനടുത്ത് പരിയാരത്ത് ജനിച്ചു. സ്കൂൾ പഠനത്തിനും തിരുവല്ല ഇൻഫന്റ് ജീസ്സസ്സ് മൈനർ സെമിനാരിയിലെ പ്രാഥമിക പഠനത്തിനുശേഷം 1961-ൽ പൂനായിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും ലൈസൻഷ്യേറ്റ് ബിരുദം കരസ്ഥമാക്കി.

1969-ൽ പട്ടം സ്വീകരിച്ച ജേക്കബച്ചൻ രണ്ടു വർഷത്തെ മിഷൻ പ്രവർത്തിനുശേഷം 1971-'78 കാലയളവിൽ പാരീസിലെ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ ചേർന്നു സുറിയാനി ഭാഷയിലും ആരാധനയിലും ഉപരിപഠനം നടത്തി. ഈക്കാലയളവിൽ ആറുമാസം ബ്രിട്ടീഷ് മ്യൂസിയത്തിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ട കയ്യെഴുത്ത് പ്രതികളെക്കുറിച്ച് പ്രത്യേകം പഠിക്കുവാൻ സമയം കണ്ടെത്തി. തുടർന്ന് 1978-82 കാലയളവിൽ ജർമ്മനിയിലുള്ള Goettingen യൂണിവേഴ്സിറ്റിയിൽ ഗവേഷണസഹായിയായി (Research Assistant) ജോലിചെയ്തു. സുറിയാനി ഭാഷയിലും സംസ്കാരത്തിലും ഗവേഷണ പഠനം നടത്തുവാൻ പറ്റിയ ഒരിടം കേരളത്തിൽ സ്ഥാപിക്കണമെന്ന് ആഗ്രഹിച്ച ജേക്കബച്ചൻ 1982-84 കാലയളവിൽ യൂറോപ്പിലെ വിവിധ പൗരസ്ത്യ പഠനകേന്ദ്രങ്ങളിൽ നിന്നും (Oriental Institutes) സുറിയാനി ഭാഷയിലുള്ള കയ്യെഴുത്ത് പ്രതികളുടെയും പ്രാചീന ഗ്രന്ഥങ്ങളുടെയും കോപ്പികളും ഫിലിമുകളും സമാഹരിക്കുന്നതിൽ ശ്രദ്ധ ചെലുത്തി. ദീർഘകാലത്തെ പഠനത്തിനും ഗവേഷണത്തിനും ശേഷം നാട്ടി



malankaralibrary.com

ലെത്തിയ ജേക്കബച്ചൻ തിരുവല്ല അതിരൂപതയുടെ കീഴിൽ കോട്ടയം ബേക്കർ ഹില്ലിൽ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SEERI) സ്ഥാപിച്ച് അതിന്റെ അമരക്കാരനായി ആരംഭിച്ച പ്രവർത്തനം ഇന്നും തുടരുന്നു.

SEERI മലങ്കര കത്തോലിക്കാസഭയുടെ കീഴിലുള്ള സ്ഥാപനമാണെങ്കിലും കേരളത്തിലെ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട എല്ലാ സഭകളുടെയും സഹകരണത്തിലും പങ്കാളിത്തത്തിലുമാണ് പ്രവർത്തിക്കുന്നത്. വിവിധ സഭാവിഭാഗത്തിൽപ്പെട്ടവർ അദ്ധ്യാപകരായും വിദ്യാർത്ഥികളായും, ഗവേഷകരായും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന SEERI സുറിയാനി ഭാഷയിലും സംസ്കാരത്തിലും M.A., Ph.D. ബിരുദങ്ങൾ നേടാവുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. കൂടാതെ വ്യക്തിപരമായ ഗവേഷണത്തിനുള്ള സൗകര്യവും SEERI-യിൽ ഉണ്ട്. അനേകർ വരുന്നു. അതോടൊപ്പം ജർമ്മനിയിലെ Halle, ബൽജിയ ത്തുള്ള ലുവെയിൻ യൂണിവേഴ്സിറ്റി (KU Leuven a la neuve), ലബനനിലുള്ള Kaslik യൂണിവേഴ്സിറ്റികളുമായും SEERI സഹകരിച്ച് പ്രവർത്തിക്കുന്നു.

നാലു വർഷത്തിലൊരിക്കൽ SEERI യിൽ നടത്തപ്പെടുന്ന അന്തർദേശീയ സുറിയാനി കോൺഫ്രൻസ് സുറിയാനി ഭാഷയിലും സംസ്കാരത്തിലും പ്രാവീണ്യമുള്ള പണ്ഡിത ലോകത്തിന്റെ സംഗമവേദിയാണ്. ഇത്തരത്തിലുള്ള 9 കോൺഫ്രൻസുകൾ ഇതിനകം ഇവിടെ നടത്തപ്പെട്ടിട്ടുണ്ട്. ഇവിടെ അവതരിപ്പിക്കുന്ന പ്രബന്ധങ്ങൾ എല്ലാം പ്രസിദ്ധീകരിക്കുന്നതിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സുറിയാനി പഠനകേന്ദ്രങ്ങളിൽ എത്തിക്കുന്നതിലും അച്ചൻ ശ്രദ്ധ പുലർത്തുന്നു.

SEERI-യിൽ നിന്നും The Harp എന്ന പേരിൽ ഇംഗ്ലീഷിലും നുഹ്റോ എന്ന പേരിൽ മലയാളത്തിലും രണ്ട് ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുന്നു. സുറിയാനി ഭാഷാ പഠനത്തെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായവിധത്തിൽ നടത്തുന്ന സുറിയാനി കറസ്പോണ്ടൻസ് കോഴ്സ് (SCC) പുസ്തകങ്ങൾ സുറിയാനിഭാഷ, സംസ്കാരം എന്നിവയെ സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ നല്കുന്നു. ഗവേഷകരുടെ പ്രബന്ധങ്ങൾ Moran Itho Monographs എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു. കൂടാതെ, സുറിയാനി നമസ്കാര



malankaralibrary.com

ങ്ങളുടെയും കൂദാശ ക്രമങ്ങളുടെയും ജർമ്മൻ വിവർത്തനങ്ങളും SEERI-യിൽനിന്നും പ്രസിദ്ധീകരിച്ചുവരുന്നു. SEERI-യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബൃഹത്തായ ഈ പദ്ധതിയുടെ നടത്തിപ്പിൽ ജേക്കബച്ചന്റെ ദൈവശാസ്ത്രദർശനമാണ് വെളിപ്പെടുന്നത്.

ജേക്കബച്ചൻ അന്തർദേശീയ കോൺഫ്രൻസുകളിൽ അവതരിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള ലേഖനങ്ങൾ സുറിയാനി ഭാഷയിലും സംസ്കാരത്തിലുമുള്ള അച്ചന്റെ വ്യുല്പത്തിയുടെ ഉത്തമനിദർശനങ്ങളാണ്. അച്ചന്റെ പഠനങ്ങൾ പ്രധാനമായും ആരാധന, സഭാപിതാക്കന്മാർ, സുറിയാനി ഭാഷയും സംസ്കാരവും, വേദപുസ്തകം എന്നീ മേഖലകളിലായി ക്രോഡീകരിക്കാം.

**1. ആരാധനാകേന്ദ്രീകൃതമായ പഠനങ്ങൾ**

സുറിയാനി സഭയുടെ ആരാധനാപാരമ്പര്യത്തിന്റെ ഉറവിടം സുറിയാനി ഭാഷയിലുള്ള സഭാപിതാക്കന്മാരുടെ രചനകളിൽനിന്നും ആരാധനാഗ്രന്ഥങ്ങളിൽ നിന്നുമാണ് നമ്മുക്ക് ലഭിക്കുന്നത്. മദ്ധ്യശതകങ്ങളിൽ ഏറെ മതപീഡനങ്ങളിലൂടെ കടന്നുപോന്ന സുറിയാനി സഭയുടെ ആരാധനാ പാരമ്പര്യങ്ങൾ പലതും കൈമോശം വന്നിട്ടുണ്ട്. വിശ്വാസജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത സാധാരണ പ്രാർത്ഥനകളും പെരുന്നാൾ ക്രമവും കൂദാശക്രമവും കാത്തുസൂക്ഷിക്കുന്നതിന് സഭക്ക് കഴിഞ്ഞുവെങ്കിലും സന്ന്യാസ പാരമ്പര്യത്തിലെ പല ശുശ്രൂഷകളും കൈമാറ്റം ചെയ്യാതെപ്പോയി. ഇത്തരം ശുശ്രൂഷകളിൽ നിന്നും സമർപ്പിതരുടെ ശവസംസ്കാര ശുശ്രൂഷയ്ക്കുപയോഗിക്കുന്ന ക്രമം കണ്ടെത്തി പ്രസിദ്ധീകരിക്കുവാൻ അച്ചന് കഴിഞ്ഞു. അതുപോലെ ആണ്ടുവട്ടത്തിലെ ഓരോ ഞായറാഴ്ചയിലും ഉപയോഗിക്കേണ്ട പെങ്കീസാ ക്രമവും വേദവായന ക്രമവും പഠനവിഷയമാക്കുന്നതിനും അവയോട് പൊതുതാല്പര്യമുണർത്തുന്നതിനും അച്ചൻ ശ്രദ്ധിക്കുന്നു.

വിവിധ പ്രാർത്ഥനകളുടെ ഉള്ളടക്കം വിശദീകരിക്കുന്നതിന് അച്ചൻ പ്രത്യേകം ശ്രദ്ധ വച്ചിട്ടുണ്ട്. ധൂപാർപ്പണസമയത്തെ പ്രാർത്ഥനകൾ, പീഢാനുഭവ ആഴ്ചകളിലെ സെദ്റാ പ്രാർത്ഥന, പാപപരിഹാരത്തിനുള്ള സെദ്റാ പ്രാർത്ഥന, സെദ്റാകളെ സംബന്ധിച്ച് പൊതു പഠനം എന്നിവ ഇതിനുദാഹരണങ്ങളാണ്. ക്രിസ്തുമസ് ആരാധനയിലുപയോഗിക്കുന്ന വിവിധ പ്രതീകങ്ങളെക്കുറിച്ചുള്ള പഠനവും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു.



malankaralibrary.com

**2. സഭാപിതാക്കന്മാരെ സംബന്ധിച്ച പഠനങ്ങൾ**

ആനുകാലിക പ്രസക്തമായ വിവിധ വിഷയങ്ങൾ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന രീതി അച്ചന്റെ മറ്റൊരു സവിശേഷതയാണ്. ആദവും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് നോമ്പിലെ സെദ്റാ പ്രാർത്ഥനകളിലുള്ള ഉദ്ധരണികൾ ഉദാഹരിച്ചുകൊണ്ട് യേശുവിന്റെ രക്ഷാകരപ്രവർത്തനത്തെ സംബന്ധിച്ച് പഠനം ക്രിസ്തു വിജ്ഞാനീയത്തിൽ ഏറെ ശ്രദ്ധേയമാണ്. സുറിയാനി പാരമ്പര്യത്തിൽ കാണുന്ന ക്രിസ്തു തോട്ടക്കാരൻ എന്ന പ്രമേയത്തെ അടിസ്ഥാനപ്പെടുത്തി ഓരോ സൃഷ്ടവസ്തുക്കളെയും കാരുണ്യപൂർവ്വം കരുതുന്ന യേശുവിനെ അവതരിപ്പിക്കുന്ന ലേഖനവും പ്രസക്തമാണ്.

അപ്പസ്തോലസമൂഹത്തിന്റെ നേതാവായ വി. പത്രോസിന്റെ ശുശ്രൂഷകളെക്കുറിച്ച് സാറൂഗിലെ വി. യാക്കോബിന്റെ രചനകളുടെ പശ്ചാത്തലത്തിലുള്ള പഠനം സഭാവിജ്ഞാനീയത്തെ സംബന്ധിച്ചും സഭൈക്യത്തെ സംബന്ധിച്ചും വലിയ ഉൾക്കാഴ്ചകൾ നല്കുന്നു. സാറൂഗിലെ വി. യാക്കോബിന്റെ മൽക്കിസദേക്കിനെ കുറിച്ചുള്ള പ്രസംഗത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രബന്ധം സുറിയാനി സഭയുടെ പൗരോഹിത്യദർശനത്തെ അവതരിപ്പിക്കുന്നു. വി. അപ്രേമിനെ കുറിച്ചും സാറൂഗിലെ യാക്കോബിനെ കുറിച്ചുമുള്ള പൊതുപഠനങ്ങൾ സഭാപിതാക്കന്മാരെ മനസ്സിലാക്കുന്നതിന് ഏറെ സഹായകമാണ്.

**3. കേരളാ ക്രിസ്ത്യാനികളും സുറിയാനി സംസ്കാരവും**

കേരളസഭ ആദ്യനൂറ്റാണ്ടുകൾ മുതൽ തന്നെ സുറിയാനി പാരമ്പര്യവുമായി ബന്ധപ്പെട്ടാണ് തങ്ങളുടെ ക്രൈസ്തവ ജീവിതം അനുഷ്ഠിച്ചത്. കേരളസഭയുടെ വിശ്വാസപാരമ്പര്യങ്ങളിൽ സുറിയാനി ഭാഷക്കും സംസ്കാരത്തിനും വലിയ പ്രാധാന്യവുമുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച SEERI അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിൽ വളരെ ശ്രദ്ധിക്കുന്നുണ്ട്. സുറിയാനി ഭാഷാപഠനത്തിനുള്ള വ്യാകരണപുസ്തകങ്ങൾക്കും, ഡിഷണറികൾക്കും പുറമെ മലയാള ഭാഷയിലുള്ള സുറിയാനി പദങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ ലേഖനം മലയാള ഭാഷാ പഠനത്തിന് ഏറെ പ്രയോജനപ്പെടും. കേരള ക്രിസ്ത്യാനികളുടെ



malankaralibrary.com

സുറിയാനി പാരമ്പര്യത്തെ സംബന്ധിച്ച പഠനം ഭാഷാമത ന്യൂന പക്ഷങ്ങളെ സംബന്ധിച്ച പഠനങ്ങൾക്ക് ഏറെ സഹായകമാണ്. കൽദായ സുറിയാനി ഭാഷയിലുള്ള പുരാതന ലിഖിതങ്ങളെ സംബന്ധിച്ച ജേക്കബച്ചന്റെ ലേഖനം ചരിത്രസംബന്ധമായി ഏറെ പ്രാധാന്യമുള്ള താണ്.

**4. വേദപുസ്തകസംബന്ധിയായ പഠനങ്ങൾ**

ജേക്കബച്ചൻ Goettingen യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ വെർണർ സ്ട്രോത്ത്മാൻ (Werner Strothman) തുടങ്ങി ചില സുറിയാനി പണ്ഡിതരുമായി ചേർന്ന് സുറിയാനി വേദപുസ്തക ത്തിലെ പഞ്ചഗ്രന്ഥികളുടെയും പ്രവാചകഗ്രന്ഥങ്ങളുടെയും Concordance (പദസൂചിക) 8 വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. കൂടാതെ മലങ്കരസഭ യുടെ വേദവായനക്രമം (lectionary), പ്ശീത്തോ വി.വേദപുസ്തകം തുട ങ്ങിയ വിഷയത്തിൽ നടത്തിയ പഠനങ്ങളും ശ്രദ്ധാർഹമാണ്.

**5. അംഗീകാരങ്ങൾ**

സുറിയാനി ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ സേവനങ്ങളെ പുരസ്കരിച്ച് ധാരാളം അംഗീകാരങ്ങൾ ജേക്കബച്ചനെ തേടിയെത്തിയിട്ടുണ്ട്.

സീരിയുടെ രജതജൂബിലി വർഷത്തിൽ (14-09-2010) സുറിയാനി ഭാഷാപോഷണത്തിനും പ്രചാരണത്തിനും ജേക്കബ് തെക്കേപ്പറമ്പിൽ അച്ചൻ ചെയ്യുന്ന മഹത്തായ സേവനങ്ങളെ പുരസ്കരിച്ചുകൊണ്ട് പാശ്ചാത്യ സുറിയാനി സഭയുടെ തലവനായ അന്ത്യോഖ്യൻ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് യൂസിഫ് യൗനാൻ ബാവാ മൽഫോനോ റാബോ (സുറിയാനി സഭയിലെ ശ്രേഷ്ഠനായ ഗുരു) എന്ന സ്ഥാനം നൽകി ആദരിച്ചു.

കൂടാതെ മലങ്കര മല്പാൻ കുരിയൻ കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പാ ശതാബ്ദി അവാർഡ് (25.2.2013-ൽ കാതോലിക്കേറ്റ് സെന്റർ പുത്തൻകുരിശ്), സ്റ്റോക്ക് ഹോം കേന്ദ്രമായി പ്രവർത്തക്കുന്ന ആരാം പ്രൈസ് കമ്മിറ്റിയുടെ ആരാം പ്രൈസ് അവാർഡ് (2015), കെ.സി.ബി.സി. മീഡിയ കമ്മീഷൻ നല്കിയ ഗുരുപൂജാ പുരസ്കാരം (2016) കേരളാ തിയോളജിക്കൽ കമ്മീഷൻ നല്കിയ പ്രത്യേക പുര സ്കാരം എന്നിവ ജേക്കബച്ചനെ തേടിയെത്തി.



malankaralibrary.com

ഫ്രാൻസിലെ സുറിയാനി പണ്ഡിതരുമായി സഹകരിച്ച് ജേക്കബ് തെക്കേപ്പറമ്പിൽ അച്ചൻ നടത്തുന്ന സേവനങ്ങളെ പുരസ്കരിച്ചുകൊണ്ട് ഫ്രഞ്ച് ഗവൺമെന്റ് 2012-ൽ ഷെവലിയാർ ഓഫ് ദി ഓർഡർ ഓഫ് പാൽമസ് അക്കാഡമി (Chevalier dans l'order des Palmes accademiques) നല്കി ആദരിച്ചു. പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കൗൺസിൽ ജനറൽ Pierre Fournier ന്റെ സാന്നിദ്ധ്യത്തിൽ ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ His Excellency Franchois Riehier ആണ് ഈ ആദരവ് കൈമാറിയതെന്നും പ്രസ്താവ്യമാണ്.

സുറിയാനിഭാഷയ്ക്കും സുറിയാനി സഭയുടെ ദൈവശാസ്ത്ര വളർച്ചയ്ക്കും ജേക്കബ് തെക്കേപ്പറമ്പിൽ അച്ചൻ നല്കുന്ന മഹത്തായ സേവനങ്ങളെ പുരസ്കരിച്ചുകൊണ്ട് സീറോ മലങ്കര കത്തോലിക്കാ സഭയുടെ പരി.സുന്നഹദോസ് തീരുമാനപ്രകാരം 2014 സെപ്റ്റംബർ 20-ാം തീയതി കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവാ ജേക്കബച്ചനെ മലങ്കര കത്തോലിക്കാ സഭയുടെ മല്പാൻ സ്ഥാനം ആദരിച്ചു.



malankaralibrary.com

## സിറിയക് ഏലിയാസ് കണിച്ചായ് സി.എം.ഐ.
## ദാർശനികനും സന്യാസിയുമായ ദൈവശാസ്ത്രജ്ഞൻ

**ഡോ. ജോൺ നീലങ്കാവിൽ C.M.I**

ഭാരതീയ തത്വശാസ്ത്രങ്ങളെ ക്രിസ്തീയ മതസങ്കേതങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട്, ജ്ഞാനാർപ്പണം ചെയ്ത മഹത്പ്രഭാവത്തിനു ടമയാണ് റവ.ഫാ.സിറിയക് ഏലിയാസ് കണിച്ചായ്.

കെ.എ. തോമസ്-കൊച്ചുമറിയം ദമ്പതികളുടെ മകനായി 1938 ജൂൺ 2 ജനനം. സെന്റ് മേരീസ്, സെന്റ് ആന്റണീസ് സ്കൂളുകളിലായി എൽ.പി., യു.പി. വിദ്യാഭ്യാസം. എൽതുരുത്ത്, തലോർ, വരന്തരപ്പിള്ളി എന്നിവിടങ്ങളിലെ യോഗാർത്ഥി ഭവനങ്ങളിലും സെന്റ് തെരേസാസ് നൊവിഷ്യേറ്റിലുമായിരുന്നു അദ്ദേഹത്തിന്റെ സന്യാസപരിശീലനം.

ചെത്തിപ്പുഴയിലും ബാംഗ്ലൂർ ധർമാരാം കോളേജിലുമായാണ് ഫിലോസഫി പഠനം അദ്ദേഹം പൂർത്തിയാക്കിയത്. പൂനായിലെ 'പേപ്പൽ അത്തനേയ'ത്തിൽനിന്ന് തിയോളജി പഠനം പൂർത്തിയാക്കി. 1962 ജൂൺ 3-ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ കൈവയ്പുവഴി യാൽ പൗരോഹിത്യത്തിൽ പ്രവേശിച്ച് ആത്മസമർപ്പണം ചെയ്ത് കർമ്മ നിരതനാവുകയെന്ന സ്വജീവിതലക്ഷ്യം സാധിച്ച മഹത് പ്രഭാവമാണ് റവ.ഫാ.സിറിയക് ഏലിയാസ് കണിച്ചായ്.

എല്ലാവരുടെയും ഇഷ്ടം പിടിച്ചുപറ്റുന്ന കണിച്ചായ് അച്ചന്റെ സേവന, ശുശ്രൂഷ നാൾവഴിയിലെ പ്രധാന നാഴികക്കല്ലുകൾ താഴെ പറയുന്നവയാണ്.

- 1975-'78 പ്രൊവിൻഷ്യൽ കൗൺസിലർ

- 1963-'64 വർഷങ്ങളിൽ തത്വശാസ്ത്ര അദ്ധ്യാപകൻ

- 1965-'66 റോമിലെ ഗ്രിഗോറിയൻ യുണിവേഴ്സിറ്റിയിൽനിന്നും പ്രസിദ്ധ തത്വശാസ്ത്ര ചരിത്രകാരനായ ഫാ.ഫ്രെഡറിക് കോപ്പിൾസ്റ്റ



malankaralibrary.com

ണിന്റെ കീഴിൽ ചരിത്രത്തിന്റെ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. Thesis: R. G. Collingwood's Philosophy of History.

– 1967 മുതൽ 2017 വരെ അമ്പതുവർഷം തുടർച്ചയായി ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ തത്വശാസ്ത്ര അദ്ധ്യാപകൻ.

– 1975 മുതൽ 2015 വരെ നാല്പത്തഞ്ചു വർഷം ആലുവാ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും, കാർമൽഗിരി സെമിനാരിയിലും ഓരോ സെമസ്റ്റർ വീതം തത്വശാസ്ത്ര അദ്ധ്യാപകൻ.

സെന്റ് മേരീസ് മലങ്കര സെമിനാരി, ജ്യോതിർഭവൻ (കളമശ്ശേരി), പി.ഒ.സി (പാലാരിവട്ടം), എം.ഒ.സി (കോട്ടയം), എസ്.ആർ.സി (കോഴിക്കോട്), കാർമൽ ജ്യോതി (ആലുവ), ജൂണിയറേറ്റ്, പോർസ്യൂങ്കുള (ആലുവ), ജൂനിയറേറ്റ്, സെനക്കിൾ (ആലുവ) അങ്ങനെ കേരളത്തിലെ ഒട്ടുമിക്ക ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളിൽ അദ്ദേഹം തന്റെ അധ്യാപകസേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ബാംഗ്ലൂരിലെ സി.ഐ.ആർ.ഐ ബ്രദേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിലും, ജ്ഞാനോദയയിലും, ധർമ്മാരാം കോളേജിലും, മൈസൂരിലെ സിദ്ധിവിഹാരയിലും അധ്യാപകവൃത്തി സാധ്യമാക്കി.

മലയാളത്തിൽ സന്യാസാധ്യാത്മികതയുടെയും ഹൈന്ദവ-ക്രൈസ്തവ ഡയലോഗിന്റെയും മേഖലകളിൽ അച്ചൻ ചെയ്തിട്ടുള്ള സംഭാവനകൾക്കുള്ള അംഗീകാരമായി 1995-ൽ കെ.സി.ബി.സി. മാധ്യമകമ്മീഷൻ 'മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ' അവാർഡ് നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

കണിച്ചായ് അച്ചൻ സമർപ്പിത ജീവിതശൈലിക്കും സമർപ്പിതർക്കുമായി ഒട്ടേറെ സംഭാവനകൾ നല്കിയിട്ടുണ്ട്. നല്ലൊരു വാഗ്മിയും ധ്യാന ഗുരുവുമായിരുന്ന സിറിയക്കച്ചൻ ഭാരതത്തിനു പുറമെ ജർമ്മനി, റോം, കെനിയ, ടാൻസാനിയ, ശ്രീലങ്ക തുടങ്ങി നിരവധി സ്ഥലങ്ങളിൽ ധ്യാനപ്രഭാഷണങ്ങളിലൂടെയും, ക്ലാസുകളിലൂടെയും ജനങ്ങളെ ഉദ്ബുദ്ധരാക്കിയിട്ടുണ്ട്. കൂടാതെ ദൈവദാസി മദർ പേത്ര-ദീനദാസിയുടെ നാമകരണ നടപടികൾക്കുള്ള ഹിസ്റ്റോറിക്കൽ കമ്മീഷന്റെ കൺവീനറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



malankaralibrary.com

## 1. ക്രൈസ്തവദർശനങ്ങളുടെ ഭാരതീയഭാഷ്യം

Narration (ആഖ്യാനം) മാത്രമല്ല Interpretation (വ്യാഖ്യാനം, അപഗ്രഥനം) കൂടി സാധ്യമാകുമ്പോഴെ കൃതികൾ മൂല്യവത്താകൂ എന്ന ചിന്താഗതി-തന്റെ കൃതികളിലുടനീളം അനുവർത്തിച്ച വ്യക്തിയായിരുന്നു ഫാ.സിറിയക് കണിച്ചായ്. ക്രിസ്റ്റ്യൻ തിയോളജിയെ ഹൈന്ദവ സങ്കേതങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ നിതാന്ത പരിശ്രമത്തിന്റെ ഫലമാണ് 'ആശ്രമധർമ്മം', 'റിലീജിയസ് മിസ്റ്റിസിസം' എന്ന കൃതികൾ.

സന്യാസജീവിതത്തിന്റെ മാർഗ്ഗരേഖകളുടെ (നിയമാവലി) നവീകരണത്തിൽ ശ്രദ്ധ ചെലുത്തി എന്നതാണ് കണിച്ചായ് അച്ചന്റ മുഖ്യ സംഭാവനകളിൽ ഒന്ന്.

സി.എം.സ്., എസ്.ഡി., ദീനസേവനസഭ, മണ്ണാർകാട് ഡൊമിനിക്കൻ സിസ്റ്റേഴ്സ്, കാലടി പ്രേഷിതരാം സിസ്റ്റേഴ്സ്, തൃശൂർ നിർമ്മല ദാസി സമൂഹം, കോട്ടയം വിസിറ്റേഷൻ സമൂഹം, സെന്റ് ജോസഫ്സ് സമൂഹം, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ മർത്താസ് കോൺഗ്രിഗേഷൻ എന്നിവയുടെ നിയമാവലി നവീകരണത്തിൽ അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സി.എം.സി യുടെ നിയമാവലിയെ ഭാരതീയ സ്വാധീനത്താൽ പുനരവതരിപ്പിക്കാനും, ഭാരതീയ-അധ്യാത്മികതയെ പുനർനിർമ്മിച്ചുകൊണ്ടുള്ള ഭക്തികർമ്മയോഗാവിഷ്കാരം നടത്താനും പരിശ്രമിച്ചു വിജയിച്ച വ്യക്തിയാണ് ഫാ. സിറിയക് കണിച്ചായ്.

സി.എം.ഐ സഭാംഗം എന്ന നിലയിൽ അദ്ദേഹം ചെയ്ത മറ്റൊരു സംഭാവനയാണ് ഭാരതീയ മനസ്സിന് സ്വീകരിക്കാൻ തക്കവണ്ണം 'വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ യേശുദർശനയോഗം ഭാരതീയ പരിപ്രേഷ്യത്തിൽ' എന്ന മഹത്ഗ്രന്ഥം.

ക്രിസ്തീയ സഭയിൽ ആശ്രമ പ്രസ്ഥാനങ്ങൾ വികസിക്കുന്നുണ്ടെങ്കിലും ആശ്രമങ്ങളെല്ലാം ക്ലാസെടുക്കുന്ന കേന്ദ്രങ്ങളായി മാറുന്നുണ്ടെന്ന് അദ്ദേഹം നിരീക്ഷിച്ചു. യഥാർത്ഥ ആശ്രമമെന്നത് ആശ്രമത്തിൽ അതിന്റെ തന്നെ ജീവിച്ചുകൊണ്ട് ഭാഗഭാക്കാവലാണെന്ന ബോധ്യം (പ്രാർത്ഥന, ഭക്ഷണം, അനുബന്ധജോലികൾ) ജനങ്ങളിലേക്ക് പക



malankaralibrary.com

രാനായി കുരിശുമല ആശ്രമത്തെക്കുറിച്ച് കേരളീയ സമൂഹത്തിന് പരിചയപ്പെടുത്തിയത് വാക്കും പ്രവൃത്തിയും ഒന്നാണെന്ന രീതിയിലാണ്. അതായത് അവിടെപ്പോയി താമസിച്ച് സ്വജീവിതം പ്രയത്ന സാക്ഷാത്കാരമായി കണ്ടുകൊണ്ടാണെന്നർത്ഥം.

കുരിശുമല സ്ഥാപകനായ ഫാ.ഫ്രാൻസിസ് ആചാര്യയുടെ ജീവിത ചരിത്ര തർജ്ജമ - "കുരിശുമല: ഫ്രാൻസിസ് ആചാര്യ' എന്ന പേരിൽ ഒരു പുസ്തകരചന നടത്തി എന്നത് നമുക്കെല്ലാം അഭിമാനിക്കാവുന്ന ഒന്നാണ്.

കണിച്ചായ് അച്ചന്റെ ചിന്തകളെ രൂപപ്പെടുത്തുന്നതിൽ ഭാരതീയ ദർശനങ്ങൾക്ക് വലിയൊരു സ്ഥാനമുണ്ടായിരുന്നു. ഉപനിഷത്തുക്കളും, ഭഗവത്ഗീതിയും കൂടാതെ ശങ്കരാചാര്യരുടെ ദർശനങ്ങളും അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിച്ചിരുന്നു-അതിൽനിന്നും തനതായ ചിന്തകളും (thoughts) ദർശനങ്ങളും (visions) അദ്ദേഹം രൂപപ്പെടുത്തുകയും, തന്റെ പുരോഹിതജീവിതത്തിലും അധ്യാപനജീവിതത്തിലും പ്രാവർത്തികമാക്കുകയും ചെയ്തു. സമൂഹത്തിൽ missionary-മാർ ഒരുപാടുണ്ടെന്നും എന്നാൽ visionary-മാരുടെ കുറവാണുള്ളതെന്നും ചിരിയിലൂടെ അവതരിപ്പിച്ച അച്ചൻ, അതിലെ ചിന്താധാരയെയാണ് നമുക്ക് മുന്നിൽ തുറന്നു കാണിക്കുന്നത്.

സന്യാസജീവിതത്തിന്റെ ആരംഭകാലത്തുതന്നെ അദ്ദേഹത്തിനു ബോധ്യപ്പെട്ട ഒരു കാര്യം Indian Christian Theology-യിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല എന്നതാണ്. ഭാരതീയ വേദഗ്രന്ഥങ്ങൾ, ഭഗവത്ഗീത, ഉപനിഷത്തുക്കൾ, ക്രിസ്ത്യൻ മതഗ്രന്ഥങ്ങൾ എന്നിവയുമായി Indian Christian Theology-യെ ബന്ധപ്പെടുത്താൻ കണിച്ചായ് അച്ചൻ ശ്രമിച്ചു.

സാംസ്കാരിക അനുരൂപണം (Inculturation) 1960-കളിൽ തുടക്കം കുറിച്ച കാലത്ത് അച്ചന്റെ കൃതികൾ ഭാരതീയ ദൈവശാസ്ത്ര മേഖലക്ക് വലിയ ഊർജമായിരുന്നു.

വേദോപനിഷത്തും ക്രിസ്ത്യൻ മതഗ്രന്ഥങ്ങളും തമ്മിലുള്ള സമന്വയ ചിന്താധാരങ്ങളെ കോർത്തിണക്കാൻ അദ്ദേഹത്തിലെ പണ്ഡിതന് സാധിച്ചു എന്നതും ജനങ്ങൾ സ്വീകരിച്ചു എന്നതും ഭാരതീയരായ നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്.



malankaralibrary.com

ത്രിത്വം, ത്രിമൂർത്തി, കൂദാശകൾ, സംസ്കാരങ്ങൾ (ഹൈന്ദവ-ക്രിസ്ത്യൻ) എന്നിവയെല്ലാം കോർത്തിണക്കിക്കൊണ്ട് അദ്ദേഹമെഴുതിയ ആദ്യപുസ്തകമാണ് 'സമീപനങ്ങൾ'.

**2. തത്വശാസ്ത്രമേഖലയിലെ പുസ്തക സംഭാവനകൾ**

കണിച്ചായച്ചന്റെ ചിന്തകളെ പരുവപ്പെടുത്തുന്നതിന് ഏറ്റവും സ്വാധീനിച്ച ചിന്തകനാണ് Descartes അദ്ദേഹത്തിന്റെ ലോകപ്രശസ്തമായ ഉദ്ധരണി "I am therefore I am" "ഞാൻ ചിന്തിക്കുന്നതുകൊണ്ടാണ് ഞാനുള്ളത്" അവനവന്റെ ചിന്തകളാണ് അവനവനെ രൂപപ്പെടുത്തുന്നത് എന്നർത്ഥം.

തത്വശാസ്ത്രാധ്യാപകനെന്ന നിലയ്ക്ക് ഭാരതീയ തത്വചിന്തയും പാശ്ചാത്യ തത്വചിന്തയും തമ്മിലുള്ള സമന്വയത്തിലൂടെ ഒരുപാട് സാഹിത്യകൃതികൾ കണിച്ചായ് അച്ചന്റേതായിട്ടുണ്ട്. അതിൽ എടുത്തു പറയേണ്ട പുസ്തകങ്ങളാണ്:

1. ദർശനധാര
2. വിചാരദർശനം
3. ആദ്യദർശനം
4. റിലീജിയസ് മിസ്റ്റിസിസം
5. മിസ്റ്റിസിസം

ദാർശനിക ശാഖയെ സാർവ്വലൗകികവും സമ്പന്നവുമാക്കുന്നതിൽ ഈ കൃതികൾ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. പ്രമുഖങ്ങളായ പാശ്ചാത്യ ചിന്താധാരകളെയും, ലോകചിന്താസമ്പ്രദായങ്ങളെയും മലയാള വായനക്കാർക്ക് പരിചയപ്പെടുത്തികൊടുത്തു എന്നതും മലയാള തത്വശാസ്ത്രമേഖലക്ക് നൽകിയ സംഭാവനയാണ്.

തന്റെ അദ്ധ്യാപന രീതിയിൽ തനതായ മാതൃക സ്വീകരിച്ചു എന്നതാണ് അധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രത്യേകത. പലപ്പോഴും തത്വശസ്ത്രങ്ങൾ, ശാസ്ത്രീയമായിട്ടാണ് പരിശീലനകേന്ദ്രങ്ങളിൽ പഠിപ്പിക്കപ്പെടുന്നത്. അത് വിദ്യാർത്ഥികളിൽ സൃഷ്ടിക്കപ്പെടുന്ന പ്രധാന ന്യൂനതയായി അദ്ദേഹം പറയുന്നത്.

1. വിദ്യാർത്ഥികളെപ്പോഴും പഠിപ്പിക്കപ്പെടലിന് വിധേയമായിക്കൊണ്ടിരിക്കുന്നു. അല്ലാതെ പഠിക്കപ്പെടുന്നില്ല (മാതൃകകൾക്കപ്പുറം സ്വയാർജ്ജിത നിപുണത രൂപപ്പെടുന്നില്ല) എന്നർത്ഥം.



malankaralibrary.com

2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ, അധ്യാപകവൃത്തിയിൽ ഏർപ്പെടുമ്പോഴുള്ള ന്യൂനത അവർ പ്രത്യക്ഷമായി ഒന്നും പഠിച്ചവരാവണമെന്നില്ല. പഠിപ്പിക്കപ്പെടലിന് വിധേയമായവരാണെന്ന് എന്നതാണ്. ലഭിച്ച അറിവിനെ പകർത്തപ്പെടുക മാത്രമാണ് അവർ ചെയ്യുന്നത്.

തത്വശാസ്ത്രങ്ങൾ കലയായി പഠിക്കുമ്പോഴാണ് ന്യൂനതകൾ പരിഹരിക്കപ്പെടുന്നത്. കലയായി പഠിക്കുമ്പോഴുള്ള ഗുണങ്ങളായി അദ്ദേഹം പറയുന്നത്-

1. ഭാവനയ്ക്ക് കലയിൽ വലിയ സ്ഥാനമുണ്ട്.

2. അതിന്റെ അസംസ്കൃത പദാർത്ഥങ്ങൾ, സ്വന്തം ജീവിതാനുഭവം, തന്നെയായിരിക്കും.

3. അതുകൊണ്ടുതന്നെ, അതിൽ നിന്നുള്ള പ്രകാശത്തിന് ജീവിത സമസ്യകളെ പ്രതിഫലപ്പിക്കാനുള്ള ഊർജ്ജമുണ്ടായിരിക്കും.

അധ്യാപനമെന്നത്, വിദ്യാർത്ഥികളെ സ്വയമേ ചിന്തിക്കുവാനും പ്രായോഗിക ജീവിതത്തിന് പ്രാപ്തരാക്കാനുമുള്ള കഴിവ് ആർജ്ജിക്കുക എന്നതാണ്. അങ്ങനെ നോക്കുമ്പോൾ, ഫാ. സിറിയക് ഏലിയാസ് കണിച്ചായ് എന്ന അധ്യാപകൻ തന്റെ അധ്യാപന ജീവിതത്തിൽ 100% വിജയിച്ചു എന്നുതന്നെ നമുക്ക് അഭിമാനത്തോടെ പറയാം. വിജയം എന്നത് ആപേക്ഷികമാണെങ്കിലും, ഫാ.സിറിയകിനെപ്പോലുള്ള അധ്യാപകർ കൊളുത്തിത്തന്ന ജീവിതവെളിച്ചം മങ്ങാതെ ഞങ്ങളുടെ ജീവിതത്തിൽ ഇന്നും നിലനിൽക്കുന്നുവെന്ന് ഈ അധ്യാപകനോട് വന്നു പറയുന്ന വിദ്യാർത്ഥികൾ കുറച്ചൊന്നുമല്ല; ഏറെ എന്നർത്ഥം.

അതിനുപറ്റിയ ചില മാതൃകകൾ നൽകുകയാണ് ക്ലാസ്മുറിയിലെ പഠിപ്പിക്കലിന്റെ ഉദ്ദേശം. ഉദാഹരണത്തിന് കണക്ക് പഠിക്കന്നത് ക്ലാസിലല്ല, ജീവിതത്തിലാണ്. ഒരു മനുഷ്യന് പ്രായോഗിക ജീവിതത്തിന് വേണ്ട കണക്കാണ് അവൻ പഠിച്ചു തുടങ്ങേണ്ടത്. ഇത്തരത്തിലുള്ള ഒരുപാടു ചിന്തകളെ തനതായ രൂപത്തിൽ ഉദാഹരണത്തിലൂടെ അച്ചൻ അവതരിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഓർമ്മകളെ ത്രസിപ്പിക്കാൻ, തത്വശാസ്ത്രങ്ങളെ കലയായി സ്വീകരിക്കുക എന്നതാണ് ഏറ്റം അഭികാമ്യമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം അമ്പതുവർഷത്തിനപ്പുറമുള്ള തന്റെ അധ്യാപനജീവിതത്തിലെ പരീക്ഷണനിരീക്ഷണ ഫലങ്ങളാണ്.



malankaralibrary.com

അദ്ദേഹത്തിന്റെ അധ്യാപനരീതി ആധുനിക കാലഘട്ടത്തിലെ അധ്യാപകരും അനുവർത്തിക്കേണ്ടത് അനിവാര്യമാണ്. പഠിപ്പിക്കാനുള്ള വിഷയം ആദ്യം അധ്യാപകൻ മനനം ചെയ്യണം. അത്തരത്തിലുള്ള മനനത്തിലൂടെ തന്റെ ഉള്ളൽ ആത്മസംഘർഷം സൃഷ്ടിക്കുകയും അതിനെ പോയിന്റ്സ് ആയി രൂപാന്തരപ്പെടുത്തുകയും ചെയ്തിരുന്നു.

ക്ലാസ്മുറിയിൽ പ്രവേശിക്കുന്ന അച്ചൻ ക്ലാസിന്റെ തുടക്കംമുതൽ ബോർഡിൽ ഓരോ ബിന്ദുക്കൾ രേഖപ്പെടുത്തുകയും, ഓരോ അഭിപ്രായങ്ങളും, ബിന്ദുക്കളോടെ സംയോജിപ്പിപ്പിക്കുകയും ക്ലാസിന്റെ അവസാനമാകുമ്പോഴേക്കും അതൊരാശയമായി രൂപപ്പെടുത്തുകയും ചെയ്യും. പഠിപ്പിക്കൽ വിദ്യാർത്ഥികളിൽ സംശയ ദൂരീകരണമല്ല സൃഷ്ടിക്കേണ്ടത്, ജ്ഞാനത്തിന്റെ വിത്തുവിതയ്ക്കലാകണം, പിന്നീടാണ് അത് പാകപ്പെടേണ്ടത് എന്ന അഭിപ്രായക്കാരനായിരുന്നു ഫാ.സിറിയക് കണിച്ചായ്.

**3. ചിന്താപ്രവാഹം വാക്കിലും എഴുത്തിലും**

സ്വതസിദ്ധമായ ഭാഷയിൽ കാര്യങ്ങൾ അവതരിപ്പിക്കുവാനുള്ള അനിതരസാധാരണമായ കഴിവ് സിറിയക്കച്ചന്റെ പ്രത്യേകതയാണ്. ആപ്തവാക്യ രചയിതാവ് എന്ന നിലയിൽ, വ്യക്തിമുദ്ര പതിപ്പിച്ച പുരോഹിതനാണ് സിറിയക് കണിച്ചായ്. എസ്.എച്ച് സമൂഹത്തിന് അദ്ദേഹം നൽകിയ ആപ്തവാക്യമാണ് (motto): 'സ്നേഹായ ഗാനായ ച രക്ഷണായ' എന്നത്.

ലോകമാകുന്ന സാഗരത്തിൽ ഒഴുകി നടക്കുന്ന ഹംസം എന്ന പ്രതീകം. ദൈവത്തിന്റെ ദൂത് അറിയിക്കുന്ന, ഒന്നിനാലും ബന്ധിതനാവാത്ത, ലോകത്തെ ചിറകുകളിലേറ്റി പറുന്നുപോകുന്ന ദൈവശാസ്ത്രം.

സി.എം.സി. സിസ്റ്റേഴ്സിനായി മലമുകളിൽ നിന്നും ഒഴുകി വരുന്ന സംസാര സാഗരത്തിൽ ജലപ്രവാഹം ഇതിൽ 'മല' എന്നത് പ്രാർത്ഥനയായും ഒഴുകി വരുന്ന ജലം ശക്തി പ്രവാഹമായും പ്രതീകവൽച്ചിരിക്കുന്നു.

നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആപ്തവാക്യങ്ങൾ ഉണ്ടാക്കി കൊടുത്തിട്ടുണ്ട് കണിച്ചായ് അച്ചൻ. അതിനൊരു ഉദാഹരണമാണ് പുല്ലൂരിലെ സെന്റ് സേവ്യേഴ്സ് സ്കൂളിന്റെ മോട്ടോ: "ജ്ഞാനേന സർവ്വ സർവ്വേശ്വര ഭക്തിഃ" എന്നത്.



malankaralibrary.com

ഭാരതീയ പ്രതീകങ്ങൾ ക്രിസ്തീയ സന്യാസത്തിന് ഉപയോഗിക്കാൻ പ്രേരിച്ചതിലും അച്ചന്റെ പങ്ക് ചെറുതല്ല.

ജനമനസുകളിൽ പതിഞ്ഞിട്ടുള്ള നിരവധി ഭക്തിഗാനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതിയതും ബഹു.ജസ്റ്റിൻ പനക്കലച്ചൻ സംവിധാനം ചെയ്ത് യേശുദാസ് ആലപിച്ചതുമായ "ആരതി ആരതി ആരാധന" എന്ന ഗാനം വലിയൊരളവിൽ ജനസ്വീകാര്യത ലഭിച്ചിട്ടുള്ള ഒന്നാണ്.

ചിരി ചിന്തകളിലേക്ക് പ്രവഹിക്കുമ്പോഴാണ് വാക്കുകളുടെ തീവ്രത ബോധ്യപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ ഭാരതീയ ദർശനങ്ങളിലൂടെയുള്ള ചിന്താപ്രവാഹം വാക്കിലും എഴുത്തിലും അനുവർത്തിച്ചു എന്നത് അച്ചനെ ഒരു ദാർശനികനാക്കുന്നു.

യഥാർത്ഥ കലാകാരന്മാരേക്കാൾ അല്പജ്ഞാനികളാണ് ഇന്ന് സമൂഹത്തിൽ ഏറിയ പങ്കും, അത്തരക്കാരെ തന്റെ സ്വതസിദ്ധമായ നർമ്മരസത്തിലൂടെ അച്ചൻ കളിയാക്കുന്നുണ്ട്. അതിന് ഉത്തമ ഉദാഹരണമായി സംസ്കൃത കാവ്യകാരനായ ഭർത്തൃഹരിയുടെ കവിശകലം ഉദ്ധരിച്ചുകൊണ്ട്

"സാഹിത്യസംഗീത കലാവിഹീന
സാക്ഷാൽ പശു"

സാഹിത്യവും സംഗീതവും കലയില്ലാതെ പഠിച്ചാൽ മൃഗതുല്യമാണെന്നർത്ഥം.

"പുച്ഛ വിഷാണാഹീന"
ഈ പശുവിന് വാലും കൊമ്പും ഇല്ല.
തൃണം ന ഖാദനപിജീവമാനം"
ഈ പശു പുല്ല് തിന്നാതെ ജീവിക്കുന്നുണ്ട്.
"തത് ഭാഗധേയം പരമം പശൂനാം"

ഇവ പുല്ല് തിന്നാതെ ജീവിക്കുന്നതുകൊണ്ട് മറ്റു പശുക്കളുടെ കാര്യം പരമഭാഗ്യത്തിലാണ്.

**ഉപസംഹാരം**

2012-ൽ തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി വേളയിൽ തന്റെ ജീവിതസാഫല്യമായി അദ്ദേഹം ദേവമാതാ ബുള്ളറ്റിനിൽ എഴുതിയിട്ടുള്ള ഏതാനും വരികൾ ശ്രദ്ധേയമാണ്:



malankaralibrary.com

സി.എം.ഐ. സഭയിൽ ചേർന്നതുമൂലം എനിക്കു ലഭിച്ച നാനാവിധ അനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനമായി ഞാൻ കരുതുന്നത് മൂന്നെണ്ണമാണ്.

1. എന്റെ ആത്മാവിന്റെയും ശക്തിയുടെയും പരിമിതികൾക്കുള്ളിലാണെങ്കിലും, ദൈവത്തെക്കുറിച്ച് കുറച്ചുകൂടി അധികമായി ഗ്രഹിക്കാനും ആ അറിവ് നിരവധി പേർക്ക്, പ്രത്യേകിച്ച് വൈദികർക്കും സന്യസ്തർക്കും പരിശീലന ഭവങ്ങളിലുള്ളവർക്കും, പകർന്നു കൊടുക്കാനും എനിക്ക് അവസരം ഉണ്ടായി. ദൈവിക-സന്യസ്തജീവിതം സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഈ ഭാഗ്യം എനിക്കു ലഭിക്കുമായിരുന്നുവോ എന്ന് എനിക്ക് തീർച്ചയില്ല.

2. നല്ലോരളവോളം ദരിദ്രനായി ജീവിക്കാൻ ദൈവം എന്നെ അനുഗ്രഹിച്ചു. അതിന്റെ ഫലമായി ഞാനുമായി ബന്ധപ്പെട്ട നിരവധി ദരിദ്രരെ സഹായിക്കാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യമുണ്ടാകാനും ദൈവം എന്നെ അനുഗ്രഹിച്ചു.

3. ദൈവത്തിന്റെ അനുഗ്രഹത്താൽ ദൈവം എനിക്കു നൽകിയ സമയം എന്ന ദൈവദാനത്തെ, കഴിയുന്നത്ര നഷ്ടപ്പെടുത്താതെ, ദൈവത്തിനുവേണ്ടിയും മറ്റുള്ളവരുടെ നന്മക്കുവേണ്ടിയും പ്രയോജനപ്പെടുത്താൻ ദൈവം എന്നെ സഹായിച്ചു.

ഇതിനെല്ലാം ദൈവത്തോടും സി.എം.ഐ സഭയോടും നിങ്ങളെല്ലാവരോടും ഞാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

ജീവചക്രമെന്ന തന്റെ വിഭാവനയെ സ്വജീവിതത്തിൽ അനുവർത്തിച്ച കണിച്ചായ് അച്ചൻ ജന്മംകൊണ്ടും കർമ്മംകൊണ്ടും ഔന്നത്യത്തിലാണ്. ഭക്തി ജ്ഞാനകർമ്മയോഗിയായി ജീവിച്ച്, പഠിച്ച്, പ്രവർത്തിച്ച് സഭാതലത്തിലും സമൂഹത്തിലും അനുരണനം സൃഷ്ടിച്ച ഒരു സന്യാസ വൈദികനാണ് ബഹു.കണിച്ചായ് അച്ചൻ. അദ്ദേഹത്തിന്റെ ജീവിതകർമ്മ മേഖല ഓരോ മനുഷ്യനും ജീവിതാവബോധം സൃഷ്ടിക്കുന്നതോടൊപ്പം നല്ലൊരു സമൂഹജീവിയാവാനും പ്രാപ്തനാക്കും.

പ്രകൃതിയെ അറിയുന്ന, മനുഷ്യനെ അറിയുന്ന കണിച്ചായ് അച്ചൻ നമുക്ക് മുന്നിൽ അവതരിപ്പിച്ച ജീവിതദർശനമാണ് അത്.



malankaralibrary.com

## Bibliography

1. R. G. Collingwood's Philosophy of History, 2. Sannyasa, 3. സമീപനങ്ങൾ, 4. സന്യാസ സമീക്ഷ, 5 ദർശനധാര, 6. സന്യാസ ഭാഷ്യം, 7. വിചാരദർശനം, 8. ധ്യാനനിലയം, 9. ആത്മദർശനം, 10. ധ്യാനം: അനുഭവവും അഭ്യാസവും, 11. ധ്യാനം സിദ്ധിയും സാധനയും, 12. ധ്യാനസോപാനം, 13. ക്രിസ്തോപാസന, 14. ധ്യാനസാധന, 15.ധ്യാനസായൂജ്യം, 16. ധ്യാനധന്യത, 17. ധ്യാനയോഗം, 18. സന്യാസ കഥാസാധന, 19. സന്യാസി പറഞ്ഞ കഥകൾ, 20. സന്യാസ സ്വാരസ്യം, 21. സന്യാസ സരണി, 22. സന്യാസ സാഹോദര്യം, 23. സന്യാസിയും ധ്യാനവും, 24. സന്യാസ സാധനകൾ, 25. സന്യാസ സൗശീല്യം, 26. സന്യാസ സന്തോഷം, 27. സന്യാസം: സിദ്ധി, സാധ്യം, സാധന, 28. യേശുനാമം, 29. സന്യാസയോഗം, 30. റിലീജിയസ് മിസ്റ്റിസിസം, 31. ആശ്രമമ്രശമം, 32. മിസ്റ്റിസിസം, 33. വാഴ്ത്തി ചാവറയച്ചന്റെ യേശുദർശനയോഗം: ഭാരതീയ പരിപ്രേക്ഷ്യത്തിൽ.

ആഗോളതലത്തിൽ ഒരു സ്പിരിച്ചൽ ക്ലാസിക്കായി അറിയപ്പെടുന്ന 'ഫിലോക്കാലിയ' എന്ന പ്രശസ്തഗ്രന്ഥം ഡോ.ചെറിയാൻ ഫിലിപ്പിന്റെ രക്ഷാധികാരത്തിൽ അഞ്ച് വാല്യങ്ങളിലായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ അതിന്റെ ജനറൽ എഡിറ്ററായി സിറിയക് കണിച്ചായ് അച്ചൻ ചെയ്ത നിസ്തുല സേവനം പ്രത്യേകം എടുത്തു പറയേണ്ടതാണ്.



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

മലയാളത്തിലെ സാമൂഹികവും രാഷ്ട്രീയവും മതപരവും സാംസ്കാരികവുമായ സവിശേഷതകളോട് കാലാനുഗതമായി പ്രതികരിക്കാനും ഭാവാത്മകമായി പ്രത്യുത്തരിക്കാനും ഇവിടത്തെ ക്രൈസ്തവർ വ്യക്തിപരമായും സംഘാതമായും നടത്തുന്ന ധൈഷണിക യത്നങ്ങളാണ് കേരള ദൈവശാസ്ത്രത്തിന് ഊടും പാവും നല്കുന്നത്. മതം, രാഷ്ട്രീയം, സാമൂഹികജീവിതം, കല, സാഹിത്യം, ഭാഷ തുടങ്ങിയ സംസ്കാരത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിലും പരിണതികളിലും അനുഭവിച്ചറിഞ്ഞ ഈശ്വരന്റെ ഇംഗിതങ്ങളെ മൂല്യവത്തായി വ്യാഖ്യാനിച്ച പന്ത്രണ്ട് ക്രിസ്തീയ ചിന്തകരെ പരിചയപ്പെടുത്തുകയാണ് ഡോ.മത്തായി കടവിൽ എഡിറ്റു ചെയ്ത 'കേരള ക്രിസ്തീയ ചിന്തകർ' എന്ന ഗ്രന്ഥം... രണ്ടാം വത്തിക്കാൻ കൗൺസിലാനന്തര കാലഘട്ടത്തിൽ കേരളക്കരയിൽ ജീവിച്ച ഏതാനും ദൈവ ശാസ്ത്രപണ്ഡിതരുടെ ജീവിതത്തിലെ നാൾവഴികൾ, പ്രവർത്തനങ്ങൾ, ചിന്താപദ്ധതികൾ എന്നിവ വിവരിക്കുന്ന ഈ ഗ്രന്ഥം കേരള ദൈവശാസ്ത്രത്തിനുള്ള ഒരാമുഖ പഠനം എന്ന നിലയിൽ സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും.

ഡോ. വിൻസെന്റ് കുണ്ടുകുളം
(പ്രസിഡന്റ്, ഇൻഡ്യൻ തിയോളജിക്കൽ അസോസിയേഷൻ)

KTA Publication - 3

malankaralibrary.com